# ദൈവവിജ്ഞാനീയം

## ഒരാമുഖപഠനം

ഫാദർ ഹില്ലാരിയോൻ സി.എം.ഐ., എം.എ.

# ദൈവവിജ്ഞാനീയം

## ഒരാമുഖപഠനം

ഫാദർ ഹില്ലാരിയോൻ സി. എം. ഐ., എം. എ.

ARYA PALA
10049

No. 21
Denha Services
Vidyanagar, Manganam
Kottayam–686018
1988

**Daivavignaneeyam, Oramukhapadhanam**
(An Introduction the Theology) Malayalam

*Author*

Rev. Fr. Hillarion CMI, M. A.
St. Antony's Monastery
Alwaye - 683 101

M/230.08
HIL

*A Publication of*

Denha Services, Vidyanagar, Manganam,
Kottayam 686 018, Kerala, India

*Printed at*

St. Joseph's Press,
Mannanam

Price Rs. 15.00

Right reserved

**Nihil Obstat**

Fr. Antony Kamukumpallil

**Imprimatur**

† Mar Joseph Powathil
Archbishop of Changanacherry
6-1-1988.

# പ്രസ്താവന

ദൈവവിജ്ഞാനീയം ദൈവത്തിൻെറ ശാസ്ത്രമാണ്, ദൈവത്തെയും മനുഷ്യന് അവിടുത്തോടുള്ള ബന്ധത്തേയുംകുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണ്. അതിമാത്രം വിശിഷ്ടമായ ഈ വിജ്ഞാനീയമാകട്ടെ ഭൂമുഖത്തുള്ള വ്യത്യസ്ത മതങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത രൂപഭാവങ്ങളോടുകൂടിയവയത്രേ. വിവിധ ക്രിസ്തീയ സഭകളിൽപോലും ഈ വൈജ്ഞാനിക വ്യത്യാസം പ്രത്യക്ഷപ്പെടുന്നുണ്ട്. ചില സിദ്ധാന്തങ്ങളിൽ ഇവയെല്ലാം യോജിക്കുന്നുണ്ടെങ്കിലും മററുചിലതിൽ വിഭിന്നമായ നിലപാടുകളാണ് ഇവ സ്വീകരിച്ചുപോരുന്നത്. സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തു ഒരു മതസംഘടനയേ സ്ഥാപിച്ചിട്ടുള്ളു. ഈ സംഘടനയുടെ ദൈവവിജ്ഞാനീയം സുസ്ഥവും അവികലവുമായി നാം പഠിക്കുന്നതു് അവിടുന്ന് സ്ഥാപിച്ച ഏക സത്യസഭയായ കത്തോലിക്ക സഭയിൽനിന്നു മാത്രമാണ്. പ്രസ്തുത കത്തോലിക്ക ക്രൈസ്തവ ദൈവവിജ്ഞാനീയത്തെക്കുറിച്ചുള്ള ഒരു ആമുഖപഠനമത്രേ ഈ പുസ്തകത്തിലെ ഉള്ളടക്കം.

തിരുസഭയോടൊത്തു ചിന്തിക്കാത്ത നമ്മുടെ ചില പണ്ഡിതമ്മന്യർ ദൈവശാസ്ത്രമണ്ഡലത്തിൽ ചില പാളിച്ചകാംക്കും ചിന്താക്കുഴപ്പങ്ങാംക്കും വഴിതെളിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഇക്കൂട്ടർ സൃഷ്ടിച്ചിരിക്കുന്ന വിപത്തിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ടു് കുറെ മുൻപ് ''ദൈവവിജ്ഞാനീയത്തിലെ ആധുനിക പ്രതിസന്ധി'' എന്നൊരു പുസ്തകം ഞാൻ പ്രസിദ്ധപ്പെടുത്തി – ഇതിനെ ഹാർദ്ദമായി സ്വാഗതം ചെയ്ത പല രൂപതാദ്ധ്യക്ഷന്മാരും, വൈദികരും അവൈദികരുമായ പണ്ഡിതന്മാരും, വേറൊരു പുസ്തകം നമ്മുടെ ദൈവശാസ്ത്രവും അതിൻെറ വിവിധ ശാഖകളും പ്രതിപാദ്യമാ

ക്കിക്കൊണ്ടു് എഴുതുകയാണെങ്കിൽ അതു് ദൈവശാസ്ത്ര പഠിതാക്കൾക്കു് അതീവം ഉപകാരപ്രദമായിരിക്കുമെന്നു് പറയുകയുണ്ടായി. ഇവരുടെ ആദരോപേതമായ പ്രോത്സാഹനവും നിർദ്ദേശവുമാണു് ഈ പുസ്തകം രചിക്കുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ഇതിൽ നമ്മുടെ ദൈവവിജ്ഞാനീയത്തിൻെറ സ്വഭാവം അതിൻെറ ഉറവിടമാകുന്ന ദൈവാവിഷ്കരണം, ദൈവാവിഷ്കരണത്തിൽ അന്തർഹിതമായിരിക്കുന്ന സത്യങ്ങൾ നമ്മിലേക്കു് പ്രവഹിപ്പിക്കുന്ന ചാലുകൾ അവയെ സംരക്ഷിക്കുന്ന തിരുസഭയുടെ അദ്ധ്യാപനാധികാരം, ദൈവശാസ്ത്രത്തിനു് ലിററർജിയിലുള്ള പ്രത്യേക സ്ഥാനം, തത്ത്വശാസ്ത്രത്തോടുള്ള ബന്ധം എന്നിവ ആദ്യമായി പ്രതിപാദിക്കപ്പെടുന്നു. മാത്രമല്ല ദൈവവിജ്ഞാനീയ വിഭാഗീകരണത്തിൽ, അതിനുള്ള പാശ്ചാത്യ സ്വഭാവത്തോടൊപ്പം അതിൻെറ പൗരസ്ത്യസ്വഭാവവിശേഷങ്ങളും സുപ്രധാനരായ പ്രാചീന പൗരസ്ത്യ ദൈവശാസ്ത്രപണ്ഡിതന്മാരും പ്രത്യേകം പരിഗണിക്കപ്പെടുന്നുണ്ടു്. പൗരസ്ത്യദൈവവിജ്ഞാനീയം പാശ്ചാത്യമായതിൽനിന്നു് സാരാംശത്തിൽ ഒട്ടും വിഭിന്നമല്ലെങ്കിലും ഇതിൽ ദൃശ്യമാകുന്ന ചില ഊന്നലുകളും പൗരസ്ത്യ ദൈവശാസ്ത്രജ്ഞന്മാരുടെ വൈജ്ഞാനിക സംഭാവനകളും, പൗരസ്ത്യസഭാജ്ഞാനത്തിൽ കൂടുതൽ വ്യുല്പത്തി സമ്പാദിക്കുവാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പ്രത്യേകം പഠനാർഹമാണെന്നു് പറയേണ്ടതില്ലല്ലൊ.

സൈദ്ധാന്തികം, ധാർമ്മികം, സുകൃതയോഗാഭ്യാസപരം, മൗതികം, അജപാലകം, മതപ്രബോധകം എന്നിത്യാദി ദൈവശാസ്ത്രശാഖകളുടെ ഉള്ളടക്കം വളരെ ഹ്രസ്വമായിട്ടേ ഞാൻ നൽകിയിട്ടുള്ളു. ഇതെല്ലാം അദ്ധ്യേതാക്കൾക്കു് അദ്ധ്യാപകർ വിശദീകരിച്ചുകൊടുക്കേണ്ടതാണു്. നമ്മുടെ എല്ലാ പ്രവൃത്തികളും പ്രാൎത്ഥനയോടുകൂടിയതായിരിക്കണമെങ്കിൽ കൂടുതൽ ന്യായത്താൽ നമ്മുടെ ദൈവവിജ്ഞാനീയത്തിൻെറ അദ്ധ്യാപനവും അദ്ധ്യ

യനവും പ്രാത്ഥനയോട്ട് അവഗാഢം സംബദ്ധമായിരിക്കണമെന്നുള്ള ഉദ്ബോധനത്തോടുകൂടി ഈ പുസ്തകം ഉപസംഹരിക്കുന്നതു് സമുചിതമാണല്ലോ.

നമ്മുടെ ദൈവവിജ്ഞാനീയ വിദ്യാർത്ഥികൾക്ക് പ്രത്യേകം സഹായകമായ ഈ പുസ്തകം രചിക്കുന്നതിനു് എന്നെ പ്രോത്സാഹിപ്പിച്ച് അതിമാത്രം സഹായിച്ച എൻെറ ഒരു പൂവ്വ കലാലയ വിദ്യാത്ഥിയും പൗരസ്ത്യ ദൈവശാസ്ത്രപണ്ഡിതനുമായ റവ. ഡോ. വർഗ്ഗീസ് പാത്തികുളങ്ങരയ്ക്കും ഇതിൻെറ പ്രസിദ്ധീകരണഭാരം വഹിച്ച ദനഹാ സേവന സംഘാംഗങ്ങൾക്കും ഈ പുസ്തകത്തിൻെറ മുദ്രണം ഇത്ര ഭംഗിയായി പൂർത്തിയാക്കിയ മാന്നാനം സെൻറ് ജോസഫ്സ് പ്രസ്സ് അധികാരികൾക്കും എൻെറ ഹാർദ്ദമായ കൃതജ്ഞത ഞാൻ അർപ്പിക്കുന്നു.

ദൈവവിജ്ഞാനീയപഠനം നടത്തുന്നവരെ പ്രത്യേകം അനുസ്മരിച്ചുകൊണ്ടു് എഴുതിയ ഈ പുസ്തകം അല്പമെങ്കിലും അവരെ സഹായിക്കുമെങ്കിൽ ഗ്രന്ഥകാരൻ കൃതാത്ഥനായി. എന്നെ പ്രകാരാന്തരേണ സഹായിച്ചിട്ടുള്ള എല്ലാവക്കും കൃതജ്ഞതാനിർഭരമായ എൻെറ കൂപ്പുകൈ.

ഫാ. ജെ. ഹിലാരിയോൻ സി. എം. ഐ.

വി. അന്തോനീസിൻെറ ആശ്രമം,
ആലുവാ.
1 – 1 – 1988

# ഉള്ളടക്കം


പേജ്

| | | |
|---|---|---|
| | പ്രസ്താവന | iii |
| | അവതരണം | 1 |
| 1 | ദൈവവിജ്ഞാനീയം | 3 |
| 2 | ഥിയോഗൊണിയും ഥിയോസൊഫിയും | 7 |
| 3 | ക്രൈസ്തവ ദൈവവിജ്ഞാനീയം | 11 |
| 4 | വിശ്വാസത്തിൻെറ വിജ്ഞാനീയം | 15 |
| 5 | ദൈവവിജ്ഞാനത്തിൻെറ ഉറവിടം—<br>ദൈവാവിഷ്ക്കരണം | 21 |
| 6 | ദൈവാവിഷ്ക്കരണത്തിൻെറ ചാലകംം—<br>A. വിശുദ്ധ ഗ്രന്ഥം B. വിശുദ്ധ പാരമ്പര്യം,<br>C. തിരുസഭയുടെ അദ്ധ്യാപനാധികാരം<br>D. ദൈവവിജ്ഞാനീയവും ആരാധനക്രമവും | 24 |
| 7 | ദൈവവിജ്ഞാനീയം ഒരു ശാസ്ത്രമോ? | 36 |
| 8 | ദൈവവിജ്ഞാനീയവും തത്ത്വശാസ്ത്രവും | 42 |
| 9 | തത്ത്വശാസ്ത്രവും ദൈവശാസ്ത്രജ്ഞരും | 29 |
| 10 | തത്ത്വശാസ്ത്ര ശാഖകംം<br>A. യുക്തിശാസ്ത്രം B. അതിബൗദ്ധിക ശാസ്ത്രം<br>C. നൈതികശാസ്ത്രം, D. പ്രകൃത്യനുസൃത<br>ദൈവശാസ്ത്രം | 55 |
| 11 | ദൈവവിജ്ഞാനീയ വിഭാഗീകരണം | 66 |
| 12 | പാശ്ചാത്യ ദൈവവിജ്ഞാനീയം<br>A. അഗസ്റ്റിനിസം B. സ്കൊളാസ്റ്റിസിസം<br>1 വി. ആൻസലെം 2 വി. ആൽബെർട്ട്<br>3 വി. ബൊനെവെഞ്ചുര 4. വി. തോമസ്<br>അകവീനാസ്— തോമിസം | 70 |
| 13 | മററു ചില ഇസ്സങ്ങംം— സ്കോട്ടിസം,<br>മൊളീനിസം, കോൺഗ്രൂയിസം,<br>സിൻക്രെററിസം | 98 |

14 പൗരസ്ത്യ ദൈവവിജ്ഞാനീയം 109
ചില പൗരസ്ത്യദൈവവൈജ്ഞാനികർ 115
A. വി. എഫ്രേം, B. അഫ്രാററസ്
C. ജെറുസലേമിലെ വി. സിറിൽ
D. വി. ജോൺ ക്രിസൊസ്റ്റോം.
E. മൊപ്സുഏസ്റ്റിയായുടെ തെയോദോർ.
F. കൃതകനാമകനായ ഡയൊനീഷ്യസ്.
G. വി. ജോൺ ഡമഷീൻ
15 സ്ഥാപകവും നിരൂപകവും 133
A സ്ഥാപക ദൈവവിജ്ഞാനീയം
B. നിരൂപക ദൈവവിജ്ഞാനീയം.
16 ദൈവവിജ്ഞാനീയ ശാഖകർ 138

## സൈദ്ധാന്തിക ദൈവവിജ്ഞാനീയം

1. ദൈവ വൈജ്ഞാനിക നിഗമനങ്ങർ
2. സൈദ്ധാന്തിക വസ്തുതകർ.
3. യുക്തിബോധത്തിൻെറ സത്യങ്ങർ.
മൗലിക ദൈവവിജ്ഞാനീയം
17 ധാർമ്മിക ദൈവവിജ്ഞാനീയം 154
18 സുകൃതയോഗാഭ്യാസ ദൈവവിജ്ഞാനീയം 165
19 മൗതിക ദൈവവിജ്ഞാനീയം 173
20 അജപാലക ദൈവവിജ്ഞാനീയം 180
21 മതപ്രബോധക ദൈവവിജ്ഞാനീയം 187
22 മററു ചില ദൈവവിജ്ഞാനീയ വീക്ഷണങ്ങർ 195
A. ബൈബിളിക ദൈവവിജ്ഞാനീയം
B. പ്രത്യാശയുടെ ദൈവവിജ്ഞാനീയം
C. സാമൂഹിക ദൈവവിജ്ഞാനീയം
23 ദൈവവിജ്ഞാനീയവും പ്രാർത്ഥനയും 206

# അവതരണം

നിരവധി ഭൗതികശാസ്ത്രങ്ങൾ മുളയെടുത്തു് വളർന്നുകൊണ്ടിരിക്കുന്ന കാലമാണിതു്. എന്നാൽ അവയെക്കാളൊക്കെ ഉൽകൃഷ്ടവും മഹനീയവും ആവശ്യകവുമായ ഒന്നാണു് ദൈവവിജ്ഞാനീയം. കാരണം സർവ്വ ചരാചരങ്ങളുടെ ആദികാരണവും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിൻെറ ശാസ്ത്രമാണിതു്, ശരീരം മാത്രമല്ല അനശ്വരാത്മാവുമുള്ള, പ്രപഞ്ചത്തിൻെറ മകുടമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യനും അവൻെറ സർവ്വവുമായ ദൈവവും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ വിജ്ഞാനീയം ഭൂമുഖത്തുള്ള വിവിധ മതങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്ത രൂപഭാവങ്ങളോടുകൂടിയവയാണു്. പ്രസ്തുത വ്യത്യസ്ത ദൈവവിജ്ഞാനീയങ്ങളിലൂടെ ഈ മതങ്ങളെല്ലാം മനുഷ്യൻെറ വിവിധ പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടുപിടിക്കുവാൻ പരിശ്രമിക്കുന്നുണ്ടെന്നു് നമുക്കറിയാം. "പൂർവ്വകാലങ്ങളിലെപ്പോലെ ഇന്നും മനുഷ്യഹൃദയത്തെ അത്യന്തം ഇളക്കിമറിക്കുന്ന നിഗൂഢ രഹസ്യങ്ങളുണ്ടു്. എന്താണീ മനുഷ്യൻ? ജീവിതത്തിൻെറ അർത്ഥം എന്തു്? നന്മതിന്മകൾ എന്തു്? ദുഃഖങ്ങൾ എവിടെനിന്നുത്ഭവിക്കുന്നു? അവയുടെ ലക്ഷ്യം എന്തു്? യഥാർത്ഥമായ ആനന്ദത്തിലേക്കു് നയിക്കുന്ന മാർഗ്ഗം ഏതു്? മരണം, വിധി, മരണാനന്തര പ്രതിഫലം എന്നിവകൊണ്ടു് എന്താണു് വിവക്ഷിക്കുന്നതു്? നമ്മുടെ അസ്തിത്വത്തെത്തന്നെ ആവരണം ചെയ്തിരിക്കുന്ന അന്തിമവും അവാച്യവുമായ രഹസ്യം എന്തു്? നാം എവിടെനിന്നു വരുന്നു? എവിടേയ്ക്കു് പോകുന്നു? മനുഷ്യജീവിതത്തെ വീർപ്പുമുട്ടിക്കുന്ന ഇത്തരം വിഷമപ്രശ്നങ്ങൾക്കെല്ലാം വിശദീകരണം തേടി മനു

ഷ്യൻ വിവിധ മതങ്ങളെ അഭയംഗമിക്കുന്നു''[a] ''ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായിട്ടുള്ള യാതൊന്നിനേയും കത്തോലിക്കാസഭ തിരസ്കരിക്കുന്നില്ല. മററു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽനിന്നു് പല കാര്യങ്ങളിലും വ്യത്യസ്തങ്ങളാണു്. .... തീർച്ചയായും ''മാർഗ്ഗവും, സത്യവും ജീവനും'' (യോഹ. 14:6) ആയ ക്രിസ്തുവിനെയാണു് തിരുസഭ പ്രഘോഷിക്കുന്നതും എന്നും പ്രഘോഷിക്കേണ്ടതും. ക്രിസ്തുവിലാണു് മനുഷ്യർ മതാത്മകജീവിതത്തിന്റെ സമ്പൂർണ്ണത കണ്ടെത്തുന്നതു്. ദൈവം സമസ്തവും തന്നോടു് രമ്യപ്പെടുത്തിയിട്ടുള്ളതും ക്രിസ്തുവിൽതന്നെയത്രേ'' (2 കൊറി. 5:18–19) [b] രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മേലേ ഉദ്ധൃതമായ പ്രഖ്യാപനങ്ങളിൽനിന്നു്, തിരുസഭ ഇതര മതങ്ങളെ ബഹുമാനത്തോടുകൂടിയാണു് പരിഗണിക്കുന്നതെങ്കിലും, അവരുടെ സ്ഥാപകനായ ക്രിസ്തുവിലാണു്, അവിടുന്നു് സ്ഥാപിച്ച ആ സഭയിലാണു്, അവിടുത്തെ പ്രബോധനങ്ങൾ അവികലമായി ഉൾക്കൊള്ളുന്ന അവരുടെ ദൈവവിജ്ഞാനീയത്തിലൂടെയാണു് മതാത്മകമായ സമ്പൂർണ്ണതയും ജീവിതസാക്ഷാൽക്കാരവും മനുഷ്യനു് പ്രാപിക്കുവാൻ സാധിക്കുന്നതെന്നുള്ള വസ്തുത സുവിദിതമാകുന്നുണ്ടല്ലോ. അതുകൊണ്ടാണു് ക്രൈസ്തവ ദൈവവിജ്ഞാനീയം, പ്രത്യേകിച്ചു് കത്തോലിക്ക ദൈവവിജ്ഞാനീയം ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യമാക്കിയിരിക്കുന്നതു്.

---

(a) അക്രൈസ്തവ മതങ്ങൾ n. 2
(b) Ibid n. 2

# 1

# ദൈവവിജ്ഞാനീയം

ക്രൈസ്തവ കത്തോലിക്ക ദൈവവിജ്ഞാനീയത്തെ കുറിച്ചുള്ള പ്രതിപാദനത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ദൈവവിജ്ഞാനീയത്തിന്റെ സാമ്പ്രദായിക സ്വഭാവം എന്താണെന്നു് അറിയേണ്ടിയിരിക്കുന്നു. സാമാന്യ അർത്ഥത്തിൽ ദൈവവിജ്ഞാനീയം അഥവാ ''Theology'' ദൈവത്തിന്റെ ശാസ്ത്രമാണു്. ദൈവം എന്നർത്ഥമുള്ള ''ഥേയോസ'' (theos), പഠനം അഥവാ ശാസ്ത്രം എന്നർത്ഥമുള്ള ''ലോഗോസ്'' (logos) എന്നീ ഗ്രീക്കുപദങ്ങൾ ചേർന്നുണ്ടായ ഒരു സംയുക്ത പദമാണു് ''ഥെയൊളൊഗിയ'' (theologia). പ്രാചീന യവനന്മാർ ഉപയോഗിച്ചിരുന്ന പ്രസ്തുത പദത്തിന്റെ വാച്യാർത്ഥം ''ദൈവത്തിന്റെ വചനം'' (ലോഗോസ് എഫിഥെയോ) അഥവാ ദൈവത്തെക്കുറിച്ചുള്ള വിജ്ഞാനം എന്നാണു്. ''ഥെയൊളൊഗിയ''യുടെ മേല്പറഞ്ഞ അർത്ഥത്തിലാണു് "theology", ''ദൈവവിജ്ഞാനീയം'', ''ദൈവശാസ്ത്രം'' എന്നീ പദങ്ങൾ നമ്മൾ ഉപയോഗിച്ചുപോരുന്നതു്.

മനുഷ്യനു് അതീതനായ ഒരു പരാശക്തിയെക്കുറിച്ചുള്ള അവബോധം എല്ലാ മനുഷ്യർക്കും എക്കാലവും ഉണ്ടായിരുന്നു. പ്രാക്തനാവിഷ്കരണത്തിലൂടെ (primitive revelation) സംസിദ്ധമായിരുന്ന പ്രസ്തുത ഈശ്വരാവബോധം പൗരാണിക മനുഷ്യരെ, തങ്ങളുടെ നിയന്ത്രണത്തിനു് അതീതമായ പ്രകൃതിശക്തികളുടെ പൂജയിലേക്ക് ആനയിച്ചു. ഇവയെ ''ദൈവങ്ങളാ''യി അവർ പരിഗണിച്ചുതുടങ്ങി. അങ്ങനെ ഓരോരുത്തരുടേയും

ഭക്ത്യാദരവികാരങ്ങൾക്കും അഭിരുചികൾക്കും അനുസൃത മായി നിരവധി ദേവന്മാരും ദേവികളും ''ഈശ്വര മനുഷ്യബന്ധ''ത്തിൽ പ്രത്യക്ഷപ്പെട്ടു. കാല്പനികരായ ഇത്തരം മൈഥിക (mythic) ''ദേവീദേവന്മാരെക്കുറിച്ചുള്ള പ്രതിപാദന''ത്തിനു് പ്ലേറോയും (428–348 B. C.) [a], സ്വയം പ്രവർത്തിക്കുന്ന പരാശക്തിയോട്ടു് വിശ്വത്തെ ഒട്ടാകെ ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്ന ദർശനത്തിനു് (philosophy) അരിസ്റ്റോട്ടിലും (384–322 B. C.)[b] ''ഥെയൊളൊഗിയ'' എന്ന ഗ്രീക്കുപദം നൽകുകയുണ്ടായി.

പേഗൻ ദേവീദേവന്മാരോട്ടു് ബന്ധപ്പെട്ടിരുന്ന പ്രസ്തുത പദപ്രയോഗം ആദിമക്രിസ്ത്യാനികൾക്കു് തികച്ചും അരോചകമായിരുന്നു. പണ്ഡിതനും ഗ്രന്ഥകർത്താവുമായ ഓരിജെൻ (185–254) ആണു് സത്യദൈവത്തെക്കുറിച്ചുള്ള വിജ്ഞാനം എന്ന അർത്ഥത്തിൽ ഈ പദം ആദ്യമായി ഉപയോഗിച്ചതു്. വ്യവസ്ഥവൽകൃതമായ ദൈവവിജ്ഞാനീയത്തിൻെറ (systematic theology) ഒരു സ്ഥാപകൻകൂടിയാണു് ഈ ക്രിസ്തീയ പണ്ഡിതൻ. എന്നിട്ടും പാശ്ചാത്യപിതാക്കന്മാരുടെ ഇടയിൽ ഇതിനു് അത്ര പ്രചാരം സിദ്ധിച്ചില്ല. ഹിപ്പോയുടെ മെത്രാനും ''പ്രസാദവരത്തിൻെറ വേദപാരംഗതൻ'' (Doctor of grace) എന്ന അപരാഭിധാനത്താൽ പ്രകീർത്തിതനുമായ വി. അഗസ്റ്റിൻ (354—430)ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയവിജ്ഞാനം മുഴുവനും അർത്ഥമാക്കുന്നതിനു് ക്രിസ്തീയ 'സിദ്ധാന്തം' അഥവാ 'തത്ത്വം'(doctrine)എന്നപദമാണു് സ്വീകരിച്ചുകാണുന്നതു്. ശതാബ്ദങ്ങൾക്കുശേഷം ക്രിസ്തീയാദ്ധ്യാപനം മുഴുവൻേറയും ക്രമനിബദ്ധമായ പര്യവേക്ഷണം എന്ന അർത്ഥത്തിൽ ആദ്യമായി ''ദൈവവിജ്ഞാനീയ'' പദം ഉപയോഗിച്ചതു് ഫ്രഞ്ചു് ദാർശനികനും ദൈവവൈജ്ഞാനികനുമായ പീററർ അബെലാർഡു് (1079–1142)

(a) Republic 379 A.
(b) Metaphysics 1026 2.

ആണ്. പതിമൂന്നാം നൂററാണ്ടിലെ പ്രസിദ്ധ ദൈവശാസ്ത്രജ്ഞന്മാക്ക് പ്രിയംകരമായിരുന്നതു് ''വിശുദ്ധ സിദ്ധാന്തം അഥവാ വിജ്ഞാനം'' എന്നിത്യാദി പദസമുച്ചയങ്ങളാണ്. വി. തോമസ് അകചീനാസ്‌തന്നെയും വളരെ ദുർലഭമായിട്ടേ ദൈവവിജ്ഞാനീയം എന്ന പദം ആധുനികാത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളു. ദൈവശാസ്ത്രത്തെ ദർശനശാസ്ത്രത്തിൽനിന്നു് വിവേചിച്ച് ആവിഷ്കൃതസത്യത്തിൻെറ ശാസ്ത്രമായി പരിഗണിച്ച് പ്രതിപാദിച്ചു തുടങ്ങിയതു് പ്രധാനമായും ''മഹാ സംയോഗകൻ'' (the great synthesizer) എന്നു് പ്രകീത്തിതനും വേദപാരംഗതനും മതപ്രബോധകക്കും ദൈവശാസ്ത്രാദ്ധ്യാപകക്കും ഒരുത്തമ മാതൃകയായി കത്തോലിക്കാസഭയാൽ പ്രഖ്യാപിതനുമായ വി. തോമസ് അകചീനാസ് (1225–1274) ആണ്. അതിനുശേഷം ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന ''ദൈവവിജ്ഞാനീയം'' എന്ന പദംകൊണ്ടു് അത്ഥമാക്കിയിട്ടുള്ളതു് ആവിഷ്കൃത ദൈവവചനത്തിൻെറ ശാസ്ത്രം, ദൈവികവിശ്വാസത്താൽ ഉദ്ദീപ്തമായ, ദൈവാവിഷ്കരണം ഉൾക്കൊള്ളുന്ന സത്യങ്ങളെക്കുറിച്ച് മാനുഷികയുക്തിയുടെ സഹായത്തോടുകൂടി നടത്തുന്ന ക്രമവൽകൃതമായ വികസ്വരപ്രതിപാദനം (methodical elaboration) എന്നത്രേ.

ദൈവവിജ്ഞാനീയത്തിൻെറ ഏററവും വിസ്‌തൃതവും പരിഗ്രാഹിയുമായ അത്ഥത്തിൽ, ദിവ്യയാഥാത്ഥ്യത്തേയും ലോകത്തോടുള്ള അവിടുത്തെ ബന്ധത്തേയും കുറിച്ച് പ്രതിപാദിക്കുന്ന ശിക്ഷണമായതുകൊണ്ടു്, ദൈവത്തേയോ അവിടുത്തോടു് സംബദ്ധമായ പ്രശ്നങ്ങളേയോ അധികരിച്ചുള്ള സയുക്തികമായ ഒരു പര്യവേക്ഷണമായതുകൊണ്ടു്, ഇതു് ദാർശനിക ദൈവവിജ്ഞാനീയം എന്നു് വിളിക്കപ്പെടാവുന്നതാണെന്നു് ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. ഈ അത്ഥത്തിൽ ദൈവശാസ്ത്രം ഒരു മതത്തോടു് ബന്ധപ്പെട്ടിരിക്കണമെന്നില്ലെന്നും അവർ പറയുന്നു. എന്നാൽ പല പണ്ഡിതന്മാരും ദൈവവിജ്ഞാനീയത്തെ മതത്തിൻെറ ബൗദ്ധികമായ

ആശയപ്രകാശനത്തോട്ട് സംബദ്ധമായും കാലാനുസൃതമായും പരിഗണിക്കുകയും അങ്ങനെ അതിനെ നിർവ്വചിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഹൈന്ദവം, യഹൂദ്യം, ക്രൈസ്തവം, കാത്തോലികം, മഹമ്മദീയം, അനതിനിയമബദ്ധം (liberal), ദാർശനികം, പ്രാചീനം, മദ്ധ്യകാലീനം, ആധുനികം, സമകാലികം മുതലായ നാമവിശേഷങ്ങൾ പ്രത്യേക താല്പര്യത്തിൻേറയോ, സമീപനത്തിൻേറയോ മണ്ഡലങ്ങൾ സൂചിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ഇന്ന് പല ദൈവവൈജ്ഞാനികരും തങ്ങളുടെ പ്രത്യേക വിശ്വാസത്തേയോ സമർപ്പണത്തേയോ സൂചിപ്പിക്കുന്നതിനുവേണ്ടി യാതൊരു നാമവിശേഷപദവും പ്രയോഗിക്കാതെ ദൈവശാസ്ത്രം എന്ന വെറും പദം ഉപയോഗിക്കുന്ന സമ്പ്രദായം സർവ്വസാധാരണമായിത്തീർന്നിട്ടുണ്ട്. ഏതൊരു ലോകമതവിജ്ഞാനീയത്തിലും, ദൈവം സ്വയം മനുഷ്യരൂപത്തിൽ ആവിഷ്കൃതമായ വ്യക്തിത്വമുള്ള ഒരു സത്യമായി പരിഗണിക്കപ്പെടുന്നതായും മാനവചരിത്രത്തിൽ അവിടുന്ന് ഒരു പ്രത്യേക പദ്ധതിയ്ക്കോ ആദേശത്തിനോ അനുസൃതമായി പ്രത്യക്ഷപ്പെടുന്നതായും അവിടുത്തോടു സംബദ്ധമായ സംഭവവികാസങ്ങൾ മനുഷ്യവിരചിതങ്ങളായ ലിഖിതങ്ങളിൽ നമുക്ക് വായിക്കാവുന്നതായും നാം കാണുന്നുണ്ട്. പ്രസ്തുത ലിഖിതങ്ങളിൽ ഓരോ മതത്തിൻേറയും സ്വന്തമായ പ്രത്യയശാസ്ത്രമാണ് അന്തർഹിതമായിരിക്കുന്നത്.

# 2

# 'ഥിയോഗൊണി'യും 'ഥിയോസൊഫിയും'

സത്യത്തിൻെറയും നന്മയുടെയും പവിത്രതയുടെയും ചില ശകലങ്ങൾ ലോകമതങ്ങളുടെ വിജ്ഞാനീയങ്ങളിലെല്ലാം നമുക്ക് കാണുവാൻ സാധിക്കുന്നുണ്ടെങ്കിലും ഥെയോസ് (Theos) എന്ന ദൈവപദത്തോട് സംബന്ധമായി പ്രത്യക്ഷപ്പെട്ടിട്ടുള്ള Theogony—യോ Theo-sophy—യോപോലുള്ള പ്രത്യയശാസ്ത്രങ്ങൾ, Theology യുടെ നിഷ്കൃഷ്ടാത്ഥത്തിൽ ഒട്ടും, സ്വീകാര്യമല്ലെന്നുള്ള സംഗതി ആരംഭത്തിൽത്തന്നെ നാം ഓർത്തിരിക്കേണ്ടതാണ്.

## ഥിയോഗൊണി

ദേവോൽപത്തിശാസ്ത്രം എന്ന് നിർവ്വചിക്കപ്പെടാവുന്ന ഥിയോഗൊണി എന്താണ്? 'ദേവന്മാരുടെ ജനനം' എന്ന അത്ഥമുള്ള "theogonia" എന്ന ഗ്രീക്ക പദത്തിൽനിന്നാണ് ഇംഗ്ലീഷ് പദമായ "theogony" യുടെ ഉത്ഭവം, ദേവന്മാരുടെ ഉൽപത്തിയെക്കുറിച്ചുള്ള വിവരണം അഥവാ കഥാകഥനം എന്നാണ്ഇതിൻെറ വിവക്ഷ. ഇതിനു് ഏക ദൈവത്തിൽ കേന്ദ്രീകൃതമായ ദൈവവിജ്ഞാനീയത്തോട് യാതൊരു ബന്ധവുമില്ല. ഇത്തരം ഐതിഹാസികമായ വിവരണങ്ങൾ പല പ്രാക്തന ജനവിഭാഗങ്ങളും വികസിപ്പിച്ചിട്ടുണ്ട്. ഇവയെ വിശ്വോൽപത്തിയുടെ ചരിത്രത്തോട്ട് അവർ ബന്ധപ്പെടുത്തുകയും ചെയ്യുന്നു. ഈ പ്രത്യയ ശാസ്ത്രത്തെക്കുറിച്ച് പ്രഥമവും ഏററവും പ്രാമാണികവുമായ വിവരം നമുക്ക്

ലഭിക്കുന്നതു് ബി. സി. എട്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്കു കവിയായ ഹെസിയോഡിൻെറ (Hesiod) 'Theogonia' എന്ന കൃതിയിൽനിന്നാണു്. ഇതിൽ സൃഷ്ടിക്കു് മുൻപുണ്ടായിരുന്ന അനന്ത ശൂന്യത (chaos) ബഹിരാകാശം (space) ഭൂമി (earth) എന്നിവയിൽ നിന്നാരംഭിച്ചു് തുടന്നുവരുന്ന ദേവന്മാരുടെ വംശാവലി അദ്ദേഹം വിവരിക്കുന്നു. ദൈവത്തിനോ അവിടുത്തെ സൃഷ്ടികമ്മത്തിനോ ഇതിൽ സ്ഥാനമില്ല. അദ്ദേഹത്തിൻെറ വിവരണത്തിലുള്ള ചില വിശേഷ ഭാവങ്ങൾ മെസൊപ്പൊട്ടാമിയൻ ഇതിഹാസത്തിലെ പ്രാചീന വിവരണങ്ങളിൽനിന്നു് അദ്ദേഹം എടുത്തിട്ടുള്ളതാണെന്നത്രേ ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. ഗ്രീക്കു ദേവോൽപത്തി ശാസ്ത്രങ്ങൾ ജനസമൂഹത്തിൻെറ വികാരങ്ങൾക്കനുസൃതമായി, സ്വന്തം വിഭാവനകളേയും അഭ്യൂഹങ്ങളേയും അടിസ്ഥാനമാക്കി വിരചിതമായവയാണു്. പില്ക്കാലത്തു് പൗരസ്ത്യവിഷയങ്ങളോടു് ബന്ധപ്പെട്ടു് നാനാത്ഥകവും സങ്കീണ്ണവുമായ ദേവോൽപത്തി ശാസ്ത്രങ്ങളും പ്രാദുർഭവിച്ചു.

## ഥിയോസൊഫി

എന്താണീ ഥിയോസൊഫി? ഇതിനെ യോഗാനുഭൂതേശ്വരജ്ഞാനം എന്നോ, ആത്മപ്രകാശിത ദൈവജ്ഞാനവാദം എന്നോ വിവത്തനംചെയ്യാവുന്നതാണു്. ദൈവികസത്ത ആവിഷ്കാരത്തിലല്ല പ്രത്യുത അനുഭവത്തിലും അന്തരാവബോധത്തിലുമാണു് അധിഷ്ഠിതമായിരിക്കുന്നതെന്നു് വാദിക്കുന്ന ഒരു മതപ്രതിഭാസമാണിതു്. പരമസത്തമായുള്ള പ്രകൃത്യനുസൃതമായ ഐക്യത്തിൽനിന്നു് ഉളവാകുന്ന ജ്ഞാനോദയം സഹജബോധമായി സംഭവിക്കുന്നു. അതായതു് ബുദ്ധി എടുത്തുകാണിക്കുന്ന യുക്തിപ്രയോഗത്തിൻെറ സഹായംകൂടാതെ ആ പരമസത്തത്തെക്കുറിച്ചുള്ള വിജ്ഞാനം സമ്പൂർണ്ണമായി സമ്പാദിക്കുവാൻ സാധിക്കുന്നു എന്ന അദ്ധ്യാപനമാണിതു്. അന്തർവത്തിത്വവാദത്തോടു് (immanence theory)

സംബന്ധമായ ഈ പ്രത്യയശാസ്ത്രം പ്രാചീനലോകത്തി ലെ പ്രത്യേകിച്ച് ഭാരതത്തിലെ ഹൈന്ദവ, ബുദ്ധമത ശാസ്ത്രങ്ങളിൽനിന്നും മന്ത്രവാദത്തിൽനിന്നുപോലും പല ആശയങ്ങളും സ്വീകരിച്ചിട്ടുണ്ട്. നിരീശ്വരത്വത്തിൻെറ പ്രബോധനങ്ങൾപോലും സ്വീകാര്യമായി പരിഗണി ക്കുന്ന ഈ പ്രസ്ഥാനത്തിനു് ദൈവവും ദൈവവിജ്ഞാ നീയവുമായി അത്ര ബന്ധമൊന്നുമില്ലെന്നു് നമുക്കു് മന സ്സിലാക്കാമല്ലൊ.

വ്യക്തിത്വമുള്ള ഒരു ദൈവത്തിൻെറ ആശയം ഥി യോസൊഫി സ്വീകരിക്കുന്നില്ല. ഇതു് വിശ്വദേവതാ വാദത്തിൽനിന്നാണു് (pantheism) ആരംഭിക്കുന്നതു് എന്നുപോലും പറയാം. ദൈവംതന്നെ സൃഷ്ടിയുടെ ഒരു ഭാഗമാണുപോലും ഈ വാദക്കാരുടെ ദൃഷ്ടിയിൽ![a] ദൈവം ദുർവിജ്ഞേയനാണെന്നും ഇവർ പറയുന്നു. മനു ഷ്യാത്മാവിൻെറ പരിണാമവും മനുഷ്യൻെറ പുനർജന്മ വും ഈ മതാഭാസത്തിൻെറ കേന്ദ്രസിദ്ധാന്തങ്ങളാണു്. ആനി ബെസൻറാകട്ടെ ക്രിസ്തുവിനെ ബുദ്ധൻെറ പുനര വതരണമായിപ്പോലും പരിഗണിക്കുന്നു. മാഡം ബ്ലവ ററ്സ്കിയും (Blavatsky), കേണൽ ഓൾകോട്ടും (Olcott) കൂടി 1875—ൽ സമാരംഭിച്ച ഈ ചിന്താപദ്ധതിയെ ശ്രീമതി ആനി ബെസൻറും (Mrs. Annie Besant) ഒരു മുൻ ആംഗ്ലിക്കൻ വൈദികനായിരുന്ന ലെഡ് ബീ ററരും (Lead Beater) മുന്നോട്ടുനയിച്ചു. ലെഡ് ബീററർ കത്തോലിക്കാസഭയുടെ ലിററർജിയിൽനിന്നു് ചില ആരാധനാരൂപങ്ങൾ കടമെടുത്തു് ഥിയോസൊഫിയോ ടു് കൂട്ടിച്ചേർത്തു്, ''ലിബറൽ കത്തോലിക്കാസഭ'' എന്ന

---

(a) R. K. Macmaster; Theosophy.

പേരിൽ ഒരു പുതിയ പ്രസ്ഥാനത്തിന് തുടക്കംകുറിച്ചു. ഇതിന് കത്തോലിക്കാസഭയോട് യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല, നിഷിദ്ധങ്ങളും വിശ്വദേവതാപരവുമായ പല സിദ്ധാന്തങ്ങളും ഉൾക്കൊള്ളുന്നതും ഏകദൈവത്തിന്റെ അസ്തിത്വവും മനുഷ്യവ്യക്തിയുടെ അമരത്വവും നിഷേധിക്കുന്നതുമായ ഈ ചിന്താപ്രസ്ഥാനത്തെ, 1919ൽ അന്നത്തെ വിശ്വാസസത്യസംരക്ഷണസംഘം, പതിനഞ്ചാം ബെനഡിക്ട് മാപ്പാപ്പായുടെ അംഗീകരണത്തോടുകൂടി, അസ്വീകാര്യമായി പ്രഖ്യാപിക്കുകയും ഥിയോസൊഫിക്കാരുടെ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനോ ഇവരുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനോ പാടില്ലെന്ന് നിശ്ചയിക്കുകയുംചെയ്തു.

## 3

# ക്രൈസ്തവദൈവവിജ്ഞാനീയം

പ്രധാന പ്രതിപാദ്യമായ ''ക്രൈസ്തവ ദൈവവിജ്ഞാനീയം'' കൂടുതൽ നിയതമായ അർത്ഥത്തിൽ ''കത്തോലിക്കാ ക്രൈസ്തവദൈവവിജ്ഞാനീയം'' എന്താണെന്നു് ഇവിടെ അറിയേണ്ടിയിരിക്കുന്നു. ഇതു് ആവിഷ്കൃതമായ ദൈവവചനത്തിൻെറ ശാസ്ത്രമാണു്. അതായതു്, വെളിപാടിലൂടെ മനുഷ്യനു് സുജ്ഞാതനായിത്തീർന്നിട്ടുള്ള ദൈവത്തേയും പ്രത്യേകിച്ച് മനുഷ്യനായി അവതരിച്ച ദൈവമായ ക്രിസ്തുവിനേയും അവിടുത്തോടുള്ള മൂർത്തമായ ബന്ധത്തിൽ വർത്തിക്കുന്ന മനുഷ്യൻെറ നിത്യസൗഭാഗ്യോന്മുഖമായ കർത്തവ്യങ്ങളേയുംകുറിച്ചുള്ള ശാസ്ത്രീയ പ്രതിപാദനമാണു്. ദൈവമായ ക്രിസ്തു സ്ഥാപിച്ച ഏക മതസമൂഹം കത്തോലിക്കാസഭയായതുകൊണ്ടു് അവളുടെ ദൈവവിജ്ഞാനീയമാണു് അവികലമായ ക്രൈസ്തവദൈവവിജ്ഞാനീയം. ക്രിസ്തുമതം ധാർമ്മികതത്ത്വങ്ങളുടെ വെറുമൊരു സമാഹാരമല്ല, അതൊരു മതാത്മകമായ സ്ഥാപനമാണു്. ദൈവമനുഷ്യബന്ധത്തിനു് രൂപവും ഭാവവും നൽകുന്ന സ്വാഭാവാതീതമായ ഒരു സംഘടനയാണു്. പ്രസ്തുത മതസംഘടനയായ കത്തോലിക്കാസഭയുടെ ദൈവശാസ്ത്രസിദ്ധാന്തങ്ങളിൽനിന്നു് വ്യത്യസ്തമോ അവയ്ക്കു് കടകവിരുദ്ധമോ ആയവ പഠിപ്പി

ച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവസമൂഹങ്ങൾ ഇന്ന് അത്ര വിരളമല്ലല്ലൊ. അതുകൊണ്ടാണ് ക്രൈസ്തവദൈവവിജ്ഞാനീയത്തോട് ''കത്തോലിക്ക'' എന്ന വിശേഷണവും സംബന്ധിപ്പിച്ചിരിക്കുന്നത്. ദൈവത്തോടും മനുഷ്യനായി അവതരിക്കുവാനിരുന്ന ''വചന''ത്തോടും മനുഷ്യനുണ്ടായിരിക്കേണ്ട സുസ്ഥമായ ബന്ധത്തെക്കുറിച്ചുള്ള പല സത്യങ്ങളും പ്രമാണങ്ങളും 'യാഹ്‌വേ'തന്നെ പഴയ ഉടമ്പടിയിലെ പ്രവാചകന്മാരിലൂടെ ആവിഷ്കരിച്ചിട്ടുണ്ട്. ആ ദൈവംതന്നെയാണ് ക്രിസ്തു. അവിടുന്ന് പല സിദ്ധാന്തങ്ങൾ നേരിട്ടും പുതിയ ഉടമ്പടിയുടെ രചയിതാക്കളായ തൻെറ പ്രേഷ്ഠ ശിഷ്യന്മാരിലൂടെയും വെളിപ്പെടുത്തിക്കൊണ്ട് പഴയ ഉടമ്പടിയിലെ ദൈവവിജ്ഞാനീയത്തെ സമ്പൂർണ്ണമാക്കിത്തീർത്തു. ആവിഷ്കൃതമായ പ്രസ്തുത സത്യങ്ങൾ പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥത്തിലും പാരമ്പര്യത്തിലുമാണ് അന്തർഹിതമായിരിക്കുന്നത്. ഇവയെല്ലാം തിരുസ്സഭയുടെ പ്രമാദരഹിതമായ അദ്ധ്യാപനാധികാരത്താൽ അംഗീകൃതവുമായിരിക്കണമെന്നുള്ളതു് നമ്മുടെ ദൈവവിജ്ഞാനീയത്തിൻെറ അവികലതയ്ക്കു് അവശ്യം ആവശ്യകമാണുതാനും. ''ദൈവാവിഷ്കൃതസത്യങ്ങളെ വിശ്വാസത്തിൻെറ വെളിച്ചത്തിൽ—ദൈവാവിഷ്കൃതമെന്ന നിലയിൽ കൈകാര്യംചെയ്യുന്ന ശാസ്ത്രമാണ് ദൈവവിജ്ഞാനീയം. തന്നിമിത്തം ദൈവാവിഷ്കൃതമൂലങ്ങളിൽനിന്ന്—വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യത്തിലുംനിന്ന്—തന്നെയാണ് അതു് പ്രധാനമായി വാദമുഖങ്ങൾ സ്വീകരിക്കുന്നതു്. അപ്പസ്തോലന്മാരുടെ മരണത്തോടുകൂടി ദൈവാവിഷ്കരണം പരിപൂർത്തിയിലെത്തിയെന്നതു് സഭയുടെ പ്രബോധനമാണ്''(a). പ്രസ്തുത

(a) D. 2020 f.

സത്യങ്ങൾ തിരുസ്സഭയ്ക്കു് ഭരമേല്പിക്കപ്പെട്ടിരിക്കുകയാണെന്നുള്ള വസ്തുത പ്രത്യേകം ഓർത്തിരിക്കേണ്ടതത്രേ.

അഞ്ചാം ശതാബ്ദത്തിൻെറ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന ഡയൊനീഷ്യസ് (Dionysius the Areopagite) ഇദ്ദേഹം മൗതികവും സഭാസംബദ്ധവുമായ പല വിശിഷ്ടകൃതികളുടെയും കർത്താവാണു്— വിശുദ്ധ ഗ്രന്ഥത്തിൽ അന്തർഹിതമായ ആദ്ധ്യാത്മികശാസ്ത്രത്തെ ദൈവവിജ്ഞാനീയമായും ദൈവനിവേശിതരായ ഗ്രന്ഥകാരന്മാരെ ദൈവവൈജ്ഞാനികരുമായിട്ടാണു് ചിത്രീകരിക്കുന്നതു്. പിന്നീടു് ക്രിസ്തുമതത്തിൽ ദൈവവിജ്ഞാനീയത്തിനു് സുനിയതമായ അർത്ഥം ലഭിച്ചുതുടങ്ങി. അങ്ങനെ ഗ്രീക്കു് സഭാപിതാക്കന്മാർ സ്വീകരിച്ചിരുന്ന അർത്ഥമനുസരിച്ചു് ''പരിശുദ്ധ ത്രിത്വത്തിലെ വ്യക്തികളുടെ ദൈവികസ്വഭാവത്തെക്കുറിച്ചു് പ്രത്യേകമായി പ്രതിപാദിക്കുന്ന പഠനമാണു്'' ദൈവവിജ്ഞാനീയം. ചില പൗരസ്ത്യ ക്രൈസ്തവചിന്തകന്മാരുടെ അഭിപ്രായമനുസരിച്ചു് ഇതു് ഏററവും വിശിഷ്ട ശാസ്ത്രമാണു്. ദൈവികാരുപിയുടെ പ്രകാശനഫലവും ഏററവും ഉദാത്തമായ പ്രാർത്ഥനാവസ്ഥയുമാണു്. വി. അഗസ്റ്റിനെപ്പോലുള്ള സഭാപിതാക്കന്മാരുടേയും അബെലാർഡിനെപ്പോലുള്ള പ്രശസ്ത പണ്ഡിതന്മാരുടേയുമൊക്കെ കാലം കഴിഞ്ഞു് മുൻപു് പറഞ്ഞിട്ടുള്ളതുപോലെ വി. തോമസ് അക്വീനാസിൻെറ ''ദൈവശാസ്ത്രസംഗ്രഹം'' (Summa Theologica) പ്രസിദ്ധമായതോടു കൂടിയാണു്, ക്രൈസ്തവ ദൈവവിജ്ഞാനീയത്തിനു് നാം ഇന്നു മനസ്സിലാക്കുന്ന വിധത്തിൽ അർത്ഥപൂർണ്ണിമയും വ്യക്തതയും ലഭിക്കുവാൻ ഇടയായതു്.

ഒരാധുനിക ദൈവശാസ്ത്രപണ്ഡിതനായ ഐവ്സ് കോംഗാർ, ഓ. പി. പറയുന്നതുപോലെ നമ്മുടെ ദൈവശാസ്ത്രം ''ദൈവത്തെക്കുറിച്ചുള്ള യുക്തിയുക്തമായ ആഖ്യാനമാണു്.... ആവിഷ്കൃത സത്യങ്ങളെ യുക്തിപൂർവ്വം വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ക്രമവല്ക്കരിക്കുകയും ചെയ്യുന്ന വിജ്ഞാനസമുച്ചയമാണു്.... ദൈവവിജ്ഞാ

നീയം വെളിപാടിന്റെ ദൈവത്തെയും ദൈവത്തോടുള്ള മനുഷ്യന്റെ അകേവലമായ ബന്ധത്തിൽ അവനെയും കുറിച്ച് പഠിക്കണം''(b). വേറൊരാധുനിക ദൈവശാസ്ത്രജ്ഞനായ കാൾ റാനറിന്റെ വാക്കുകളും ഉദ്ധാര്യങ്ങളാണ്. ''ദൈവവിജ്ഞാനീയം ദൈവത്തിന്റെ വചനം ശ്രവിക്കുന്നു. ദൈവവചനമാകട്ടെ മനുഷ്യനെ വിധിച്ചും രക്ഷിച്ചുംകൊണ്ട് അവനോട് മുഴുവനായും ബന്ധപ്പെട്ടിരിക്കുന്നു. അക്കാരണത്താൽ അതിന് കേവലം താത്ത്വികമായ, അസ്തിത്വാത്മകമായി സംബദ്ധമാകാത്ത ഒരു ശാസ്ത്രമായിരിക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല''(c). അനന്തജ്ഞാനിയും അപരിമേയനുമായ ദൈവം പ്രകൃത്യനുസൃതമായ ആവിഷ്കരണത്തിലൂടെ മാത്രമല്ല, പ്രകൃത്യതീതമായതിലൂടെയും നിരവധി സത്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ചിലത് മനുഷ്യബുദ്ധിക്ക് അതീതമാണെങ്കിലും അതിനു ഒട്ടുംതന്നെ വിരുദ്ധമല്ല. ഇത്തരം രഹസ്യങ്ങളും (mysteries) കത്തോലിക്കാ ക്രൈസ്തവവിജ്ഞാനീയം നമ്മുടെ വിശ്വാസത്തിനും പഠനത്തിനും അനുവർത്തനത്തിനുമായി സമർപ്പിക്കുന്നുണ്ട്. അതുകൊണ്ടാണ് ഇത് വിശ്വാസത്തിന്റെ വിജ്ഞാനീയം എന്ന് വിളിക്കപ്പെടുന്നത്.

---

(b) Ives Congar; A History of Theology.

(c) Karl Rahner; Theology–Sacramentum Mundi.

# 4

# വിശ്വാസത്തിൻെറ വിജ്ഞാനീയം

നമ്മുടെ ദൈവവിജ്ഞാനീയത്തിനും വിശ്വാസത്തിനും തമ്മിൽ അവഗാഢമായ ഒരു ബന്ധമാണുള്ളത്. ഇത് യഥാർത്ഥത്തിൽ അധിഷ്ഠിതമായിരിക്കുന്നത് അതിസ്വാഭാവികമായ വിശ്വാസത്തിലാണ്; ആവിഷ്കൃതമായ സത്യങ്ങളിലുള്ള വിശ്വാസത്തിലാണ്. അതുകൊണ്ടത്രേ ഇത് വിശ്വാസത്തിൻെറ വിജ്ഞാനീയം എന്നു വിളിക്കപ്പെടുന്നത്. എന്താണീ വിശ്വാസം? ദൈവത്തോടുള്ള മനുഷ്യാത്മാവിൻെറ ആസംഗം (adhesion) അഥവാ ഒട്ടിച്ചേരൽ ആണിത്. മനുഷ്യനെ തന്നിലേക്ക് ആനയിക്കുവാൻ ദൈവം അവനു നൽകുന്ന അതിസ്വാഭാവിക ദാനമാണിത്. ഏതാദൃശവിശ്വാസത്തിനുള്ള പ്രേരകകാരണം ദൈവത്തിൻെറ അവികലമായ സമ്പൂർണ്ണ സത്യതയും ഇതിൽനിന്നു തിരുസഭയ്ക്കു ലഭിച്ചിട്ടുള്ള പ്രമാദരഹിതമായ അദ്ധ്യാപനാധികാരികതയും തന്നെ. ഇത് കേവലം വൈയക്തികമായ അഭിനിവേശനമോ, ഉദ്ഭാസനമോ (illuminism) അല്ല പ്രത്യുത വിശുദ്ധ ഗ്രന്ഥത്തിൻെറ കർത്താവും പാരമ്പര്യത്തിൻെറ പ്രചോദകനും തിരുസഭയുടെ അദ്ധ്യാപനാധികാരത്തിൻെറ ആധാരവുമായ ക്രിസ്തുവിലുള്ള വിശ്വാസമാണ്. പ്രസ്തുത വിശ്വാസം, അവിടത്തോട് അവശ്യം സംബദ്ധമായ വിവിധ സത്യങ്ങളും സിദ്ധാന്തങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ഇവയെല്ലാമാണ് ക്രിസ്തുവിനോടുകൂടി സദാ വർത്തിക്കുകയും, ഭരിക്കുകയും, പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന തി-

രുസഭ നമുക്കു് പ്രദാനംചെയ്യുന്നതു്. അതുകൊണ്ടു് ഒരു സമ്പൂർണ്ണ ക്രിസ്തീയ വിശ്വാസി, തിരുസഭ അവളുടെ ദൈവവിജ്ഞാനീയത്തിലൂടെ പഠിപ്പിക്കുന്നതെല്ലാം വിശ്വസിച്ചേ മതിയാവൂ. ദൈവാവിഷ്കൃതസത്യങ്ങളിൽ ഏതെങ്കിലും ഒന്നു് നിഷേധിക്കുന്നവൻ മററുള്ളവയെല്ലാം വിശ്വസിക്കുന്നുവെന്നു് ഏററുപറഞ്ഞാലും തൻെറ വിശ്വാസം മുഴുവനായും നഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്. ദൈവം തിരുസഭയെ ഭരമേല്പിച്ചിരിക്കുന്ന സത്യങ്ങളെല്ലാം വിശ്വസിക്കുന്നവർക്കു മാത്രമേ കത്തോലിക്കക്രൈസ്തവ ദൈവവിജ്ഞാനീയം സ്വായത്തമാക്കുവാൻ സാധിക്കുകയുള്ളു.

വിശ്വാസം ദൈവവിജ്ഞാനീയത്തിൻെറ അവശ്യഘടകമാണെങ്കിലും ദൈവവിജ്ഞാനീയം വിശ്വാസത്തിനു് ആധാരമായ ഒരാവശ്യമാണെന്നു് വരുന്നില്ല. പക്ഷെ വിശ്വാസം സ്വീകരിക്കുവാൻ മനുഷ്യരെ അതു് സന്നദ്ധരാക്കുന്നുണ്ടു്. ദൈവവിജ്ഞാനീയം "വിശ്വാസത്തെ ഉല്പാദിപ്പിച്ചു് പരിപോഷിപ്പിക്കുകയും പ്രതിരോധിച്ചു് ശക്തിപ്പെടുത്തുകയും ചെയ്യും."(a) "ഗ്രഹിക്കുന്നതിനുവേണ്ടി വിശ്വസിക്കുക" (b) എന്നിങ്ങനെ വി. അഗസ്റ്റിൻ പ്രസ്താവിച്ചിട്ടുള്ളതു് എത്രയോ സാർത്ഥകമാണു്. ദൈവവിജ്ഞാനീയം വിശ്വാസത്താൽ ഉദ്ദീപ്തമായ മനുഷ്യബുദ്ധിയുടെ ശാസ്ത്രീയ പ്രവർത്തനമായതുകൊണ്ടു് വിശ്വാസം ദൈവവിജ്ഞാനീയത്തെ ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗമായി ആശ്രയിക്കുന്നില്ല. പ്രത്യുത ദൈവവിജ്ഞാനീയം ദൈവികദാനമായ സ്വാഭാവാതീത വിശ്വാസത്തെ ആശ്രയിക്കുകയത്രേ ചെയ്യുന്നതു്. ദൈവവിജ്ഞാനീയം വിശ്വാസത്തിനു് വഴിയൊരുക്കുകയും അതിനെ ദൃഢീകരിക്കുകയും ചെയ്യുമ്പോൾ വിശ്വാസം ദൈവവിജ്ഞാനീയത്തെ ഉല്പാദിപ്പിക്കുകയും കരുപ്പിടിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണു് വി. ആൻസലെം

---

(a) St. Augustine: De Trinitate.
(b) ,, : Sermo 43; 7,6.

ഇങ്ങനെ പ്രസ്താവിക്കുന്നതു്, ''വിശ്വസിക്കുന്നതിനു വേണ്ടി ഗ്രഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രത്യുത ഗ്രഹിക്കുന്നതിനുവേണ്ടി ഞാൻ വിശ്വസിക്കുന്നു. ഒരു കാര്യത്തെക്കുറിച്ച് എനിക്കു് നിശ്ചയമുണ്ടു്. വിശ്വസിച്ചു കൊണ്ടു് ആരംഭിക്കുന്നില്ലെങ്കിൽ ഒരിക്കലും ഞാൻ വിജ്ഞാനം സമ്പാദിക്കുകയില്ല.''[a] ശരിയാണു്, ചില രഹസ്യങ്ങൾ വിശ്വാസംവഴി ഒരു കണ്ണാടിയിലൂടെ എന്നോണം അവ്യക്തമായിട്ടാണു് നാം കാണുന്നതു്. പക്ഷേ നട്ടുച്ചയ്ക്കു് ആകാശത്തു് ആലേഖനം ചെയ്യപ്പെട്ടുന്നവയേക്കാൾ കൂടുതൽ ദൃഢമായി നാം അവ സ്വീകരിക്കുന്നു. കാരണം വഞ്ചകനല്ലാത്തവനും വഞ്ചിതനാകാത്തവനും തിരുസഭയിലൂടെ നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്നവനുമായ ദൈവംതന്നെയാണു് നമ്മുടെ വിശ്വാസത്തിൻെറ അന്തിമാധാരം.

വിശ്വാസത്തിൻെറ പ്രകരണം ദൈവവിജ്ഞാനീയ വിചിന്തനത്തിൽനിന്നു് വ്യതിരിക്തമാണു്. സാരാംശത്തിൽ വിശ്വാസം, സ്വയം ആവിഷ്കരിക്കുന്ന ദൈവത്തിനു് നാം നൽകുന്ന മുഗ്ദ്ധവും അവിതർക്കിതവുമായ സമ്മതിയത്രേ. ദൈവവിജ്ഞാനീയം തദീയമായി പരിഗണിക്കപ്പെട്ടമ്പോൾ, അതു്, വിശ്വാസം സമ്മതിച്ച് സ്വീകരിക്കുന്നതിനെക്കുറിച്ചുള്ള മനസ്സിൻെറ സ്വാഭാവികമായ ഒരു പ്രയത്നമാണെന്നു് നമുക്കു കാണാം. ദൈവവിജ്ഞാനീയം ഒരു മാനുഷികശിക്ഷണമാണു്. അതു് വിശ്വാസത്തിലൂടെ മനുഷ്യമനസ്സിനു മുൻപിൽ പ്രത്യക്ഷപ്പെടുന്ന സത്യങ്ങളിൽ സ്ഥിതിചെയ്യുന്നു. മനുഷ്യമനസ്സാകട്ടെ പ്രസ്തുത സത്യങ്ങൾ ഗ്രഹിക്കുവാൻ പരിശ്രമിക്കുന്നു എന്നേയുള്ളു. ഏതാനും തത്ത്വങ്ങളോ സത്യങ്ങളോ ഗ്രഹിച്ച് സ്വീകരിക്കുന്ന മനുഷ്യബുദ്ധിയുടെ പ്രവർത്തനം മാത്രമല്ല വിശ്വാസം. ബുദ്ധിയോ ഇച്ഛാശക്തിയോ മാത്രമല്ല സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു് നാം കൊടുക്കേണ്ടിയിരിക്കുന്ന അനുസരണംവഴി നമ്മുടെ

(a) St. Anselm: Proslogion.

വ്യക്തിത്വം മുഴുവനും അവിടുത്തേയ്ക്കു് നാം സമപ്പിക്കുന്നു. ഈ സമ്പൂർണ്ണ സമർപ്പണമാണു് വിശ്വാസം. ''ഇങ്ങനെയുള്ള വിശ്വാസം ഉണ്ടാകണമെങ്കിൽ ദൈവത്തിൻെറ മുൻകൂട്ടിയുള്ള പ്രേരകവരപ്രസാദവും പരിശുദ്ധാത്മാവിൻെറ ആന്തരിക സഹായവും ആവശ്യകമാണു്. .... ഈ പരിശുദ്ധാത്മാവുതന്നെയാണു് ദിവ്യദാനങ്ങളാൽ വെളിപാടിനെക്കുറിച്ചുള്ള അറിവു് കൂടുതൽ ഗാഢമാക്കാൻ വേണ്ടി നമ്മുടെ വിശ്വാസം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതു്.''[a]

എങ്കിലും ദൈവദാനമായ വിശ്വാസം ചിന്തിക്കുവാൻ കഴിവുള്ളതും ചിന്തിച്ചു വികസിക്കേണ്ടതുമായ മനുഷ്യബുദ്ധിയുടെ പ്രവർത്തനത്തെ ദൈവശാസ്ത്രപഠനത്തിൻെറ കാര്യത്തിൽ ഒട്ടുംതന്നെ നിസ്സാരമാക്കുന്നില്ല. ജി. കെ. ചെസ്റ്റർട്ടൻെറ വാക്കുകൾ പ്രകൃതത്തിൽ സ്മരണീയമാണു്. ''ഒരു നൂറു വഷങ്ങൾക്കുമുൻപു് ഒരു ഗണം സ്വതന്ത്രചിന്തകർ റോമിനെ യുക്തിയുടെ ബദ്ധശത്രുവെന്നു് മുദ്രകുത്തി അപലപിച്ചിരുന്നു. ഇന്നാകട്ടെ മിക്ക സ്വതന്ത്രചിന്തകരും യുക്തിയിൽനിന്നുതന്നെ വളരെ അകന്നുപോകുന്നു. അവരിൽ പ്രധാനമായ ജി. ബെർണാർഡ്ഷാ ഈ അടുത്ത കാലത്തു് ഇങ്ങനെ പറയുകയുണ്ടായി, കത്തോലിക്കാസഭയോടു യാതൊരുവിധത്തിലും യോജിക്കുവാൻ വഴി കാണുന്നില്ല. കാരണം അതിൻെറ അമിതമായ യുക്തിവാദമാണു്.''[b] പക്ഷെ നമുക്കറിയാവുന്നതുപോലെ കത്തോലിക്കാ സഭ മനുഷ്യബുദ്ധിക്കും യുക്തികൾക്കും അവ അർഹിക്കുന്നതിലധികം പ്രാധാന്യം നൽകു

(b) ദൈവാവിഷ്കരണം n. 5.

(a) God and Intelligence Fulton sheen; Introduction Image Books p. 7.

ന്നില്ല എന്നേയുള്ളു. പ്രസ്തുത ബുദ്ധി അതിൻെറ പരിധി ക്കപ്പുറത്തേയ്ക്കു് കടന്നു് സ്വാഭാവാതീതമായ വിശ്വാസ ത്താൽ ആനീതവും അങ്ങനെ ഉദാത്തീകൃതവും രൂപാന്ത രീകൃതവുമായ ഒന്നായിത്തീരുകയത്രേ ചെയ്യുന്നതു്. വി ശ്വാസത്താൽ ഉദ്ദീപ്തമായ ബുദ്ധിക്കേ ദൈവവിജ്ഞാ നീയത്തിലെ ആവിഷ്കൃത സത്യങ്ങൾ സമ്യക്കായി ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. നേത്രങ്ങൾക്കു് ദൂരദർശി നി എന്നപോലെയാണു് മനുഷ്യബുദ്ധിക്കു വിശ്വാസം. വിശ്വാസം ബുദ്ധിയെ അതിൻെറ സ്വാഭാവിക പരി ധിക്കുപരിയായി ഉയർത്തി ദൈവികസത്യത്തിൻെറ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. ഒരു ശാസ്ത്രം എന്ന നില യിൽ ദൈവവിജ്ഞാനീയം ബുദ്ധിയെ, യുക്തിയെ അവ ഗണിക്കാതെ വിശ്വാസത്തെ മുൻകൂട്ടി പരിഗണിക്കുന്നു, ആശ്രയിക്കുന്നു. ഈ അർത്ഥത്തിലാണു് സഭാപിതാക്ക ന്മാർ ''ദൈവവിജ്ഞാനീയം വിശ്വാസത്തിന്മേൽ നിർ മ്മിക്കപ്പെടുന്നു''(a), ''വിശ്വാസം ബുദ്ധിയെ ആരായു ന്നു''(b) എന്നൊക്കെ പ്രസ്താവിച്ചിട്ടുള്ളതു്. 1980 സെ പ്റ്റംബർ 13–ാം തീയതിയിൽ സമ്മേളിച്ച എട്ടാമ ത്തെ അന്തർദ്ദേശീയ തൊമിസ്റ്റിക്കു് കോൺഗ്രസ്സിനെ അഭിസംബോധനം ചെയ്തുകൊണ്ടു് രണ്ടാം ജോൺപോൾ മാർപ്പാപ്പാ ചെയ്ത പ്രഭാഷണത്തിലെ ചില ഭാഗങ്ങൾ ഇവിടെ പ്രത്യേകം ഉദ്ധാര്യമായി തോന്നുന്നു. ''വിശ്വാ സം മാനുഷിക പ്രജ്ഞയുടെ മൂല്യങ്ങളെ ശ്രേഷ്ഠവും വ്യ തിരിക്തവും സർവ്വോൽകൃഷ്ടവുമായ രീതിയിൽ ഉൾ ക്കൊള്ളുന്നുണ്ടു്. അതുകൊണ്ടു് വിശ്വാസത്തോടു് ചേർ ച്ചയില്ലായ്മയിൽ വർത്തിക്കുവാൻ യുക്തിക്കു് സാദ്ധ്യ മല്ല........ യുക്തിയുടെ സത്യം സൃഷ്ടികളിൽനിന്നു് ദൈ

---

(a) Clement of Alexandria.

(b) Anselm

വത്തിലേക്കു് പ്രത്യാഗമിക്കുന്നു. വിശ്വാസത്തിൻെറ സത്യമാകട്ടെ ദൈവത്തിൽനിന്നു് നേരിട്ടു് അവരോഹണം ചെയ്യുകയും മനുഷ്യനിലേക്കു് ചെന്നു ചേരുകയും ചെയ്യുന്നു.... യുക്തി വിശ്വാസത്താൽ പ്രകാശിതവും ദൃഢീകൃതവുമായി തീരുന്നതോടൊപ്പം ഉത്തരവാദിത്വം പ്രാപിക്കുകയും ചെയ്യുന്നു. യുക്തി വിശ്വാസത്തിൻെറ തന്നെ ഒരു വിശ്വസ്ത സുഹൃത്തായിത്തീരുന്നു. മാത്രമല്ല വിശ്വാസം മാനുഷിക യുക്തിയുടെ ചക്രവാളാതിർത്തിയെ അത്യധികമായി വിസ്തീർണ്ണമാക്കുകയും ചെയ്യുന്നുണ്ടു്.''(a) ''ആവിഷ്കരണത്തിലും ബുദ്ധിയിലും കൂടി ദൈവത്തേയും ദൈവാശ്രിത വസ്തുക്കളേയും കുറിച്ചു് പ്രതിപാദിക്കുന്നശാസ്ത്രം'' എന്നു് താങ്കറെ ബോഡു് നമ്മുടെ ദൈവവിജ്ഞാനീയത്തെ നിർവചിക്കുന്നതു് എത്രയോ സാത്ഥകമാണു്.

---

(a) Eighth International Thomistic Congress

5

# ദൈവവിജ്ഞാനീയത്തിൻെറ ഉറവിടം ദൈവാവിഷ്കരണം

മനുഷ്യരാശിയുടെ സ്രഷ്ടാവും പരമപരിപാലകനു മായ ദൈവത്തെക്കുറിച്ചുള്ള സത്യങ്ങളുടെ യുക്തിയുക്ത മായ പ്രതിപാദനമാണല്ലൊ ദൈവവിജ്ഞാനീയം. പ്ര സ്തുത സത്യങ്ങളുടെ ഉറവിടം ദൈവികാവിഷ്കരണമത്രേ (divine revelation). ദൈവികാവിഷ്കരണത്തിൽ സി ദ്ധാന്തങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിലും അതു് വെറും സി ദ്ധാന്തങ്ങളുടെ സമാഹാരമോ ചെയ്യാവുന്നതും ചെയ്യരു താത്തതും തമ്മിൽ വിവേചിച്ച് കാണിക്കുന്ന ധാർമ്മിക നിയമങ്ങളുടെ സമുച്ചയമോ അല്ല, പ്രത്യുത സ്വയം വെ ളിപ്പെടുത്തി മനുഷ്യരോടു സംസാരിക്കുന്ന ദൈവത്തി ൻെറ അവരോടുകൂടിയുള്ള സഹവാസമാണു്. അതു് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൻെറ ആരം ഭമത്രേ. ദൈവം അപരിമിതനാണു്. മനുഷ്യനോ കേവ ലം പരിമിതൻ. അവനു് ദൈവത്തെ വേണ്ടത്ര ഗ്രഹി ക്കുക സാദ്ധ്യമല്ല. അതുകൊണ്ടു് ദൈവംതന്നെ സ്വയം അവനു് വെളിപ്പെടുത്തിക്കൊടുത്തു. ആ പരസ്യ വെളി പാടിനെ, അതായതു് എല്ലാവരും അവശ്യം സ്വീകരി ക്കേണ്ട സത്യങ്ങൾ ഉൾക്കൊള്ളുന്ന വെളിപ്പെടുത്തലിനെ യാണു്, മറിച്ച് ചില സിദ്ധവ്യക്തികൾക്കു് ലഭിക്കാ റുള്ള രഹസ്യ വെളിപാടിനെയല്ല — പരസ്യ ദൈവികാ വിഷ്കരണംകൊണ്ടു് നാം പ്രകൃതത്തിൽ വിവക്ഷിക്കുന്ന തു്. സാർവ്വത്രികമായ പരസ്യ ദൈവാവിഷ്കരണത്തിൻെറ

പൂർത്തീകരണമായിരുന്ന ക്രിസ്തു.(a) ക്രിസ്തുവിൻെറ പ്രേഷ്ഠ ശിഷ്യനായ യോഹന്നാൻശ്ലീഹായുടെ മരണത്തോടെ പ്രസ്തുത പരസ്യ വെളിപാടുകൾ സമാപിക്കുകയുംചെയ്തു.

ദൈവാവിഷ്കരണത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതു് പ്രത്യേകം പഠനാർഹമാണ്. നന്മസ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവം സ്വയം വെളിപ്പെടുത്താനും നമുക്ക അജ്ഞാതമായ അവിടുത്തെ തിരുവിഷ്ടം നമ്മെ അറിയിക്കാനും തിരുമനസ്സായി. (എഫേ. 1:9) .... ഈ ദൈവാവിഷ്കരണംവഴി അദൃശ്യനായ ദൈവം (കൊളോ. 1:15; 1 തിമോ. 1:17) അവിടുത്തെ സ്നേഹത്തിൻെറ പാരമ്യത്തിൽനിന്ന് മനുഷ്യരോട്ട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും അവരുടെ മദ്ധ്യേ വസിക്കുകയും ചെയ്യുന്നു .... ഈ വെളിപാടുവഴി ദൈവത്തെക്കുറിച്ചും മനുഷ്യരക്ഷയെക്കുറിച്ചുമുള്ള അഗാധ സത്യങ്ങൾ ക്രിസ്തുവിൽ നിതരാം പ്രസ്പഷ്ടമാകുന്നു. ക്രിസ്തുവാണ് എല്ലാ ദൈവികവെളിപാടിൻെറയും മദ്ധ്യസ്ഥൻ. അതേസമയം അതിൻെറ പൂർണ്ണതയും അവിടുന്നുതന്നെ(b) ആരംഭത്തിലെതന്നെ ദൈവം ആദിപിതാക്കൾക്ക് സ്വയം വെളിപ്പെടുത്തി .... പിന്നീട് ദൈവം അവിടുന്ന് നിശ്ചയിച്ചിരുന്ന സമയത്തു് അബ്രാഹത്തെ വിളിച്ചു അദ്ദേഹത്തിൽക്കൂടി ഒരു വലിയ ജനപദത്തെ കരുപ്പിടിക്കാൻ അവിടുന്നു കരുതിയിരുന്നു. ഈ ജനപദത്തെ പൂർവ്വപിതാക്കൾവഴിയും പിന്നീട് മൂശയും പ്രവാചകന്മാരും വഴിയും അവിടുന്ന് പഠിപ്പിച്ചു(c) പ്രവാചകന്മാർവഴി നാനാവിധത്തിൽ പല സ്ഥലങ്ങളിലും സംസാരിച്ചശേഷം ഈ അവസാനനാളുകളിൽ അവിടുന്ന് നമ്മോടു് തൻെറ പുത്രൻ മുഖേന സംസാരിച്ചിരിക്കുന്നു: (എബ്രാ. 1:1—2) .... ''മാംസം ധരിച്ച വചനമായ യേശുക്രിസ്തു .... ദൈവത്തിൻെറ വാക്കുകൾ

(a) (എബ്രാ. 1:1–5).
(b) ദൈവാവിഷ്കരണം n. 2.
(c) Ibid n. 3.

നമ്മോടു പറയുകയും (യോഹ. 3:34) പിതാവേകിയ പരിത്രാണപദ്ധതി പൂർത്തീകരിക്കുകയും ചെയ്യുന്നു''. (യോഹ. 5:36; 1 യോഹ. 4) .... ''അതുകൊണ്ടു് നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ പുനരാഗമനംവരെ നാം മറെറാരു പുതിയ പരസ്യ വെളിപാടു് പ്രതീക്ഷിക്കേണ്ടതില്ല'' (1 തിമോ. 6:14; 2:13). .... ''മനുഷ്യബുദ്ധികഠ് എല്ലാ വസ്തുക്കളുടേയും ആരംഭവും അവസാനവുമായ ദൈവത്തെ സൃഷ്ടവസ്തുക്കളിലൂടെ അസന്ദിഗ്ദ്ധമായി അറിയുവാൻ കഴിയും'' (റോമ. 1:20). എങ്കിലും ദൈവികവെളിപാടുവഴിയാണു് മനുഷ്യബുദ്ധികഠ് സ്വതവെ ഗ്രാഹ്യങ്ങളായ മതസത്യങ്ങഠംതന്നെയും എല്ലാവരും എളുപ്പത്തിലും ഉറപ്പായും കലർപ്പില്ലാതെയും മനുഷ്യവംശത്തിൻെറ ഇപ്പോഴത്തെ സ്ഥിതിയിൽ അറിയുന്നതു്. (d) ഈ ക്രിസ്തീയവെളിപാടിൻെറ കൈമാററൽ അപ്പസ്തോലന്മാരിലും അവരുടെ പിൻഗാമികളിലും സഭാപിതാക്കന്മാരിലുംകൂടി നിറവേറി. മനുഷ്യരാശിയുടെ ആരംഭം മുതൽ യോഹന്നാൻശ്ലീഹായുടെ മരണം വരെ തുടർന്നുപോന്ന പരസ്യാവിഷ്കരണത്തിലൂടെ നമുക്കു് ലഭിച്ചിട്ടുള്ള ദിവ്യസത്യങ്ങഠം പഴയതും പുതിയതുമായ ഉടമ്പടികഠം ഉഠംക്കൊള്ളുന്ന ബൈബിളിലും വാചികവും ലിഖിതവുമായ പാരമ്പര്യത്തിലുമാണു് അന്തർഹിതമായിരിക്കുന്നതു്.

---

d) ദൈവാവിഷ്കരണം n. 6.

# 6

# ദൈവികാവിഷ്കരണത്തിൻെറ ചാലുകൾ

വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും ദൈവാവിഷ്കരണത്തിൻെറ ചാലുകളാണ്. ഈ തോട്ടുകളിലൂടെയത്രേ ദൈവവിജ്ഞാനീയത്തിലെ പ്രതിപാദ്യങ്ങളായ ആവിഷ്കൃതസത്യങ്ങൾ നമ്മിലേക്കു ഒഴുകിവരുന്നതു്. "ഇങ്ങനെ നോക്കുമ്പോൾ വിശുദ്ധഗ്രന്ഥവും പാരമ്പര്യവും തമ്മിൽ സുദൃഢമായ ബന്ധവും വിനിമയവും ഉണ്ടെന്നു കാണാം. എന്നാൽ അവ രണ്ടിൻേറയും ഉത്ഭവം ഒരേ ഒരു ദിവ്യ ഉറവിടത്തിൽനിന്നാണ്. ഒരുവിധത്തിൽ രണ്ടും ഒന്നായി ചേർന്നു് ഒരേ ലക്ഷ്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. കാരണം പരിശുദ്ധാത്മപിയുടെ നിവേശനത്താൽ ദൈവവചനം ലിഖിതരൂപത്തിലേക്കു് പകത്തിയിരിക്കുന്നതുകൊണ്ടു് വിശുദ്ധ ഗ്രന്ഥം ദൈവത്തിൻെറ വചസ്സാണ്. അതേസമയം കത്താവായ ക്രിസ്തുവും പരിശുദ്ധാത്മാവും അപ്പസ്തോലന്മാരെ ഏല്പിച്ചിട്ടുള്ള ദൈവവചനം, അവരുടെ പിൻഗാമികൾക്കു് പാരമ്പര്യം വഴി തീർത്തും കലപ്പില്ലാതെ ലഭിക്കുന്നു.... അതുകൊണ്ടു് വിശുദ്ധ ഗ്രന്ഥവും പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദരത്തോടുംകൂടി നാം സ്വീകരിച്ചുവണങ്ങേണ്ടതാണ്"[a]. ഇവ രണ്ടിനോടും തിരുസ്സഭയുടെ അദ്ധ്യാപനാധികാരത്തിനു് ഗാഢവും അപരിത്യാജ്യവുമായ ബന്ധമുണ്ടെന്നുള്ള സംഗതി നാം സദാ ഓത്തിരിക്കണം. എന്നാൽ പതിനാറാം നൂററാണ്ടിലെ മതനവീകരണത്തി

---

(a) ദൈവാവിഷ്കരണം n. 9.

ൻെറ പുരസ്കർത്താക്കൾ ദൈവാവിഷ്ക്കരണം മുഴുവനും അതു് ഉൾക്കൊള്ളുന്ന എല്ലാ ദൈവവൈജ്ഞാനികസത്യങ്ങളും വിശുദ്ധഗ്രന്ഥത്തിൽ മാത്രം അന്തസ്ഥിതമാണെന്നും പാരമ്പര്യവും സഭയുടെ അദ്ധ്യാപനാധികാരവുമൊക്കെ അനാവശ്യകമാണെന്നും ശഠിച്ചു. ഈ പ്രോട്ടസ്റ്റൻറു് വാദത്തിനെതിരായി ത്രെന്തോസ് സൂനഹദോസും (1545–1563) ഒന്നാം വത്തിക്കാൻ സൂനഹദോസും (1869–1870) നടത്തിയ ആധികാരികപ്രഖ്യാപനം രണ്ടാം വത്തിക്കാൻ സൂനഹദോസ് (1962–1965) ആവർത്തിച്ചുറപ്പിക്കുകയുണ്ടായി.

## A. വിശുദ്ധഗ്രന്ഥം

വിശുദ്ധഗ്രന്ഥത്തിനു് ''ബൈബിൾ'' എന്ന ഇംഗ്ലീഷ് പദമാണു് ഇന്നു സാധാരണ നാം ഉപയോഗിച്ചുപോരുന്നതു്. ഈ പദം പുസ്തകം എന്നർത്ഥമുള്ള ബിബ്ലിയോൻ (Biblion) എന്ന ഗ്രീക്കുപദത്തിൻെറ തൽഭവമാണു്. ദൈവനിവേശിതങ്ങളായി തിരുസ്സഭയാൽ അംഗീകൃതമായ 46 പഴയനിയമപുസ്തകങ്ങളും 27 പുതിയനിയമപുസ്തകങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥസഞ്ചയമാണിതു്.

**പഴയ ഉടമ്പടിയിലെ പുസ്തകങ്ങളിൽ** നരവംശത്തിൻെറ ദൈവസംബദ്ധമായ രക്ഷാകരചരിത്രത്തിലെ ആദ്യഭാഗമാണു് നാം കാണുന്നതു്. ''....ഒന്നാമതായി അബ്രാഹത്തോടും (ഉല്പ. 15:18) പിന്നീടു മൂശവഴി ഇസ്രായേൽ ജനത്തോടും ദൈവം ഒരു ഉടമ്പടിയിൽ ഏർപ്പെട്ടു (പുറ. 24:8). താൻ നേടിയെടുത്ത ഈ ജനത്തിനു് വാക്കാലും പ്രവൃത്തിയാലും ജീവിക്കുന്ന ഏക സത്യദൈവമായി അവിടുന്നു് സ്വയം വെളിപ്പെടുത്തി. മാത്രമല്ല പ്രവാചകർവഴി ദൈവം അവരോടു് സംസാരിച്ചുകൊണ്ടു് അവിടുത്തെ വഴികളെക്കുറിച്ചുള്ള അവരുടെ ജ്ഞാനം കൂടുതൽ സ്പഷ്ടവും അഗാധവുമായിത്തീർന്നു....'' രക്ഷാകരപദ്ധതിയുടെ സംവിധാനം ''പഴയനിയമത്തിലെ പുസ്തകങ്ങളിൽ ദൈവത്തിൻെറ വചനമായി നിലകൊ

ള്ളുന്നു. അതുകൊണ്ടത്രേ ദൈവനിവേശിതങ്ങളായ ഈ പുസ്തകങ്ങൾക്ക് ശാശ്വതമൂല്യം ലഭിച്ചിരിക്കുന്നത്''(a). ''പഴയ ഉടമ്പടിയിലെ പുസ്തകങ്ങൾ ക്രിസ്തു സമാരംഭിച്ച രക്ഷയുടെ കാലത്തിനുമുമ്പ് ജീവിച്ചിരുന്ന മനുഷ്യരുടെ പരിതഃസ്ഥിതികൾക്കനുസൃതമായി അവർക്ക് ദൈവത്തേയും മനുഷ്യരേയുംകുറിച്ചുള്ള ജ്ഞാനം നൽകിയിരുന്നു.... ഈ പുസ്തകങ്ങളിൽ വെറും കാലികവും അപൂർണ്ണവുമായ ചിലതുണ്ടെന്നിരുന്നാലും ഇവ യഥാർത്ഥ ദൈവികപ്രബോധനസമ്പ്രദായം പ്രകാശിപ്പിക്കുന്നുണ്ട്.... ദൈവത്തെക്കുറിച്ചുള്ള വിശിഷ്ടമായ പ്രബോധനങ്ങളുടെ ഒരു കലവറയത്രേ ഇവ. മനുഷ്യജീവിതത്തെക്കുറിച്ച് രക്ഷാകരമായ ജ്ഞാനം ഇവയിൽനിന്ന് ലഭ്യമാണെന്നു മാത്രമല്ല ഇവ അതിവിശിഷ്ടമായ ഒരു പ്രാർത്ഥനാസഞ്ചയവുമാണ്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ രക്ഷണീയരഹസ്യം ഇവയിൽ ഒളിഞ്ഞുകിടപ്പുണ്ട്''(b).

''വിശ്വസിക്കുന്നവർക്കെല്ലാം രക്ഷയ്ക്കു ദൈവശക്തിയായ ദൈവത്തിന്റെ വചനം (റോമ. 1:16) **പുതിയ ഉടമ്പടിയുടെ ലിഖിതങ്ങളിൽ** അത്യുൽകൃഷ്ടമായി പ്രകാശിക്കുകയും അദൃഷ്ടമായ അതിന്റെ ശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നു.... ദൈവത്തിന്റെ രാജ്യം ക്രിസ്തു ഭൂമിയിൽ സ്ഥാപിച്ചു. തന്റെ വാക്കാലും പ്രവൃത്തിയാലും പിതാവിനേയും തന്നെത്തന്നെയും വെളിപ്പെടുത്തി. തന്റെ മരണം, പുനരുത്ഥാനം, മഹത്വപൂർണ്ണമായ സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ പ്രേക്ഷണം എന്നിവ വഴിയായി തന്റെ ദൗത്യം അതിന്റെ പൂർണ്ണതയിൽ അവിടുന്ന് എത്തിച്ചു.... ക്രിസ്തുവിന്റെ സമക്ഷം മാത്രമേ സനാതനജീവന്റെ വചസ്സുകൾ ഉള്ളു(യോഹ. 6:68). ഈ രഹസ്യം അപ്പസ്തോലന്മാർക്കും പ്രവാചകന്മാർക്കും പരിശുദ്ധാത്മാവിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതുപോലെ ഇതര തലമുറകൾക്കൊന്നും അവതരിപ്പിക്കപ്പെട്ടിരുന്നില്ല

(a) ദൈവാവിഷ്കരണം n. 14.
(b) Ibid n. 15.

(എഫേ. 3:4–6)(a).... വിശുദ്ധഗ്രന്ഥസമുച്ചയത്തിൽ പ്രത്യേക പ്രാധാന്യം അർഹിക്കുന്നതു് സുവിശേഷങ്ങളാണെന്നതു് സുവിദിതമാണു്. കാരണം മനുഷ്യനായി അവതരിച്ച വചനമായ നമ്മുടെ രക്ഷകൻെറ ജീവിതവും പ്രബോധനവും സംബന്ധിച്ച പ്രമുഖ സാക്ഷ്യങ്ങളാണവ.... അവയാണു് നമ്മുടെ വിശ്വാസത്തിൻെറ അസ്ഥിവാരം. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ നാലു സുവിശേഷങ്ങളാണവ''(b). ''നാലു സുവിശേഷങ്ങൾക്കും പുറമെ പുതിയ ഉടമ്പടിയിൽ വേറെയും കാനോനികലിഖിതങ്ങളുണ്ടു്. അവയാണു് പരിശുദ്ധാത്മാവിൻെറ നിവേശനത്താൽ എഴുതപ്പെട്ട പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും മററു് അപ്പസ്തോലിക ലിഖിതങ്ങളും.... അവ ക്രിസ്തുനാഥനെക്കുറിച്ചുള്ള സാക്ഷ്യം ഉപരിദൃഢീകരിക്കുകയും അവിടുത്തെ യഥാർത്ഥ പ്രബോധനം കൂടുതൽ വ്യക്തമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു''(c). ''അതുകൊണ്ടു് ദൈവവിജ്ഞാനീയത്തിൻെറ ആത്മാവു് വിശുദ്ധഗ്രന്ഥപഠനമായിരിക്കട്ടെ''(d).

ദൈവികാവിഷ്കരണത്തിൻെറ ഒരു നീർച്ചാലായ വിശുദ്ധ ഗ്രന്ഥത്തിലെ രക്ഷാകരസന്ദേശം പ്രമാദരഹിതമാണു്. ഭൗതികശാസ്ത്രമോ ചരിത്രമോ പഠിപ്പിക്കുകയല്ല വിശുദ്ധ ഗ്രന്ഥത്തിൻെറ ലക്ഷ്യം. അതുകൊണ്ടു് ആധുനിക ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ നിഷ്കൃഷ്ടമായ വീക്ഷണത്തിൽ, ദുർലഭം ചില ശാസ്ത്രീയ ന്യൂനതകളും ചരിത്രപരമായ അകൃത്യതകളും ബൈബിളിൽ കാണാവുന്നതാണു്. പക്ഷേ അതുവഴി പഠിപ്പിക്കുന്ന രക്ഷാകരസത്യങ്ങളിൽ ഒരിക്കലും തെററുണ്ടാകയില്ല. വി. തോമസ് അകവീനാസ് പറയുന്നതുപോലെ Any knowledge which is profitable to salvation may

(a) Ibid n. 17.
(b) Ibid n. 19.
(c) ദൈവാവിഷ്കരണം n. 20.
(d) Ibid n. 24

be the object of prophetic inspiration. But things which cannot affect our salvation do not belong to inspiration. ''നമ്മുടെ രക്ഷയെ ബാധിക്കുവാൻ സാധ്യമല്ലാത്ത സംഗതികൾ ദൈവനിവേശനത്തിൽ ഉൾപ്പെടുന്നില്ല.''(a)

## B. വിശുദ്ധ പാരമ്പര്യം

വിശുദ്ധ പാരമ്പര്യം സഭയിലെ വെറും സംഭവപരമ്പരയല്ല, പ്രമാദരഹിതയായ അവളുടെ ജീവിതംതന്നെയാണിതു്. ആപ്പസ്തോലന്മാരിലും ക്രിസ്തുശിഷ്യരിലും ആപ്പസ്തോലിക സഭാപിതാക്കന്മാരിലുംകൂടി അവിച്ഛിന്നമായി നിലനിന്നുപോരുന്ന സിദ്ധാന്തങ്ങളാണു് പാരമ്പര്യംകൊണ്ടു് പ്രധാനമായി വിവക്ഷിക്കപ്പെടുന്നതു്. വിശ്വാസാധിഷ്ഠിതമായ തത്ത്വസംഹിതകൾ മാത്രമല്ല ഇവയെ പ്രദ്യോതിപ്പിക്കുന്ന ആരാധനക്രമവും, ആചാരാനുഷ്ഠാനങ്ങളും നിയമങ്ങളും പാരമ്പര്യം ഉൾക്കൊള്ളുന്നുണ്ടു്. ഈശോമിശിഹാ ചെയ്തതും പറഞ്ഞതുമായ എല്ലാ കാര്യങ്ങളും സുവിശേഷങ്ങളിലോ മററു പുതിയ നിയമഭാഗങ്ങളിലോ രേഖപ്പെടുത്തിയിട്ടില്ല. ''എന്നാൽ ഈശോ ചെയ്ത മററനേകം കാര്യങ്ങളുണ്ടു്. അവയെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകംതന്നെ മതിയാവുകയില്ലെന്നു് ഞാൻ കരുതുന്നു'' (യോഹ. 21. 15) എന്നാണല്ലൊ വിശുദ്ധ യോഹന്നാൻ പ്രസ്താവിക്കുന്നതു്.

ക്രിസ്തുവിൻെറ പ്രവർത്തനങ്ങളും പ്രബോധനങ്ങളും വായ്മൊഴിയായിട്ടാണു് ആദ്യം പ്രചരിച്ചിരുന്നതു്, ചുരുക്കം ചിലതു് വരമൊഴിയായും പ്രചരിച്ചിരുന്നു. പിന്നീടത്രേ പ്രസ്തുത പാരമ്പര്യങ്ങൾക്കനുസൃതമായി സുവിശേഷങ്ങളും മററും എഴുതപ്പെട്ടതു്. മാത്രമല്ല വിശുദ്ധ ഗ്രന്ഥത്തിൻെറ ദൈവനിവേശനം തെളിയിക്കുന്നതുതന്നെ പാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണല്ലൊ. അ

---

(a) St. Thomas, "On Truth", Q. 12, A. 2, C.

ത്തുകൊണ്ടൊക്കെയത്രേ, ഒരർത്ഥത്തിൽ വിശുദ്ധ പാരമ്പര്യം ലിഖിതമായ വിശുദ്ധ ഗ്രന്ഥത്തേക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നുവെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതുപോലെ ''സഭയിൽ അംഗീകൃതമായിരിക്കുന്ന വിശുദ്ധ ലിഖിതങ്ങളുടെ പട്ടിക മുഴുവനും ഇതേ പാരമ്പര്യംവഴിയാണു് അറിയുന്നതു്. മാത്രമല്ല ഈ പാരമ്പര്യംവഴിതന്നെ അവ വിശുദ്ധ ലിഖിതങ്ങളെ കൂടുതൽ ഗാഢമായി ഗ്രഹിക്കുകയും സജീവമാക്കിപ്പകർത്തുകയും ചെയ്യുന്നു.''(a)

ദൈവത്തെ മുഖാമുഖം ദർശിക്കുക എന്ന ''ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി വിശുദ്ധ ലിഖിതങ്ങളിൽ പ്രത്യേകവിധം രേഖപ്പെടുത്തിയിട്ടുള്ള അപ്പസ്തോലന്മാരുടെ പ്രസംഗം ലോകാവസാനംവരെ തുടരെയുള്ള പ്രബോധകരുടെ പിന്തുടർച്ചവഴി അഭംഗുരം നിലനിർത്തുക ഒരാവശ്യമായിരുന്നു. തന്മൂലം അപ്പസ്തോലന്മാർ തങ്ങൾ സ്വീകരിച്ചതെല്ലാം വിശ്വാസികളെ ഏല്പിച്ചുകൊണ്ടു് ഈ പാരമ്പര്യങ്ങളെ മുറുകെപ്പിടിക്കാൻ അവരെ നിഷ്കർഷിക്കുകയുണ്ടായി. വാങ്മൂലരൂപത്തിലോ ലിഖിതരൂപത്തിലോ ലബ്ധമായ പാരമ്പര്യമെല്ലാം (2 തെസ്സ. 2:15) അവർ കാത്തുസൂക്ഷിക്കുകയും ആത്യന്തികമായി ഏല്പിക്കപ്പെട്ടിരുന്ന വിശ്വാസത്തിനുവേണ്ടി യുദ്ധംചെയ്യുകയും വേണം (യൂദ. 3). അപ്പസ്തോലന്മാർ നൽകിയ പാരമ്പര്യത്തിൽ, ദൈവജനത്തിൻെറ വിശുദ്ധ ജീവിതത്തിനും വിശ്വാസാഭിവൃദ്ധിയ്ക്കും ആവശ്യകമായതെല്ലാം അടങ്ങിയിട്ടുണ്ടു്. ഇങ്ങനെ തൻെറ പ്രബോധനത്തിലും ജീവിതത്തിലും ആരാധനയിലും തലമുറ തലമുറയായി സഭ തന്നെത്തന്നേയും തൻെറ വിശ്വാസത്തേയും എന്നും നിലനിർത്തുകയും എല്ലാ തലമുറകൾക്കുമായി പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.''(b)

---

(a) ദൈവാവിഷ്കരണം n. 8

(b) Ibid. n. 8.

വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും അന്തർഹിതമായിരിക്കുന്ന ദൈവവചനമാണ് ദൈവ വിജ്ഞാനീയത്തിന്റെ ആധാരമെന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. ''വിശുദ്ധ പാരമ്പര്യങ്ങളോട്ട് ചേർന്ന് അക്ഷയമായ ഒരടിസ്ഥാനം എന്ന നിലയിൽ വർത്തിക്കുന്ന ലിഖിതമായ ദൈവവചനമാണ് ദൈവവിജ്ഞാനീയത്തിന്റെ ആധാരം. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുവാകുന്ന രഹസ്യത്തിൽ ആവിഷ്കൃതമായ സത്യത്തെ പരിശോധിക്കുന്നതുവഴി ദൈവവിജ്ഞാനീയം ഇതേ ദൈവ വചനത്താൽ ഉറപ്പിക്കപ്പെടുകയും എന്നും യുവചൈതന്യമുററതായിരിക്കുകയും ചെയ്യുന്നു.''[a] കാരണം ''അവരം (സഭ) വിശുദ്ധ പാരമ്പര്യത്തോടൊപ്പം വിശുദ്ധ ഗ്രന്ഥത്തെ തന്റെ വിശ്വാസത്തിന്റെ പരമ മാനദണ്ഡമായി സദാ പരിഗണിച്ചിട്ടുണ്ടെന്നു മാത്രമല്ല എന്നും പരിഗണിക്കുകയും ചെയ്യും.''[b]

## C തിരുസഭയുടെ അദ്ധ്യാപനാധികാരം

വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലുമുള്ള സത്യങ്ങളും തത്വങ്ങളും അവികലമായി നമുക്ക് വ്യാഖ്യാനിച്ചു തരുന്നതു് തിരുസഭയുടെ പ്രമാദരഹിതമായ അദ്ധ്യാപനാധികാരമാണ് (magisterium). പ്രസ്തുത സത്യങ്ങളും തത്വങ്ങളുമാണല്ലോ നമ്മുടെ ദൈവ വിജ്ഞാനീയത്തിൽ പ്രതിപാദിക്കപ്പെടുന്നതു്. അതുകൊണ്ടു് ഈ അധികാരത്തിനു് ദൈവവിജ്ഞാനീയത്തോടുള്ള ബന്ധവും അതിലുള്ള സുപ്രധാനസ്ഥാനവും അനായാസം നമുക്ക് മനസ്സിലാക്കാവുന്നതത്രേ. വിശ്വാസത്തേയും ധാർമ്മികതയേയും സംബന്ധിച്ച കാര്യങ്ങളിൽ സമീപസ്ഥവും സാർവ്വത്രികവുമായ മാനദണ്ഡം തിരുസഭയുടെ പവിത്രമായ പ്രബോധനമാണെന്നു് പന്ത്രണ്ടാം

(a) Ibid n. 24.
(b) Ibid n. 21.

പീയൂസ് മാർപാപ്പാ വ്യക്തമായി പറഞ്ഞിട്ടുണ്ട്. തിരുസ്സഭ സാധാരണവും അസാധാരണവുമായ അദ്ധ്യാപനം വഴിയാണ് മേല്പറഞ്ഞ കാര്യങ്ങളിൽ പ്രമാദരഹിതമായ സിദ്ധാന്തങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രത്യേക സഹായത്തോടുകൂടി നമുക്ക് പകർന്നുതരുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുന്നതുപോലെ ''ദൈവികവചനം ലിഖിതമായി ലഭിച്ചതായാലും പാരമ്പര്യമായി കിട്ടിയതായാലും അതിനെ ആധികാരികമായി വ്യാഖ്യാനിക്കേണ്ട ചുമതല ജീവിക്കുന്ന അദ്ധ്യാപനാധികാരത്തിനുമാത്രം നൽകപ്പെട്ടിട്ടുള്ള ഒന്നാകുന്നു. ഈ അധികാരം ഈശോമിശിഹായുടെ നാമത്തിൽ അവർ കൈകാര്യം ചെയ്യുന്നു. ദൈവാവിഷ്കൃതങ്ങളാണെന്ന് അദ്ധ്യാപനാധികാരം പഠിപ്പിക്കുന്നതെല്ലാം വിശ്വാസത്തിന്റെ ഏക കലവറയിൽനിന്ന് എടുത്തിട്ടുള്ളവയാണ്.''(a)

വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും വിശ്വാസത്തിന്റെ അകന്ന മാനദണ്ഡമാണ് (remote rule of faith). റോമാ മാർപ്പാപ്പായിലും അദ്ദേഹത്തോടൊത്ത് പ്രബോധനം നിർവഹിക്കുന്ന മെത്രാന്മാരുടെ സംഘത്തിലും നിക്ഷിപ്തമായിരിക്കുന്ന തിരുസഭയുടെ അദ്ധ്യാപനാധികാരം വിശ്വാസത്തിന്റെ ഏററവും അടുത്ത മാനദണ്ഡമത്രേ (proximate rule of faith). വിശ്വാസസന്മാർഗ്ഗസംബദ്ധമായ സത്യങ്ങളുടെ ധർമ്മസാരിത്വത്തെക്കുറിച്ച് ((orthodoxy) വിധിച്ച് നിർണ്ണയിച്ച് നമ്മുടെ ദൈവവിജ്ഞാനീയത്തെ അവികലമായി സംരക്ഷിക്കുന്നതിനുള്ള അധികാരവും ഉത്തരവാദിത്വവും മാർപ്പാപ്പായ്ക്കും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മെത്രാന്മാർക്കുമാണുള്ളത്. അതുകൊണ്ട് നിഷ്കൃഷ്ടാർത്ഥത്തിൽ അവരാണ് തിരുസ്സഭയുടെ ഔദ്യോഗിക ദൈവശാസ്ത്രാദ്ധ്യാപകർ, മററുള്ളവർക്കെല്ലാം പരമമായ ഈ അധികാരത്തോട് സഹായകമായ ബന്ധ

---

(a) ദൈവാവിഷ്ക്കരണം. n. 10.

മേയുള്ളു. പരമോന്നതമായ ഈ അധികാരത്തിനെതിരായി ശബ്ദമുയർത്തി വിശുദ്ധ ഗ്രന്ഥവും അതിൻെറ സ്വകാര്യവ്യാഖ്യാനവും മാത്രം ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതിമാനമായി സ്വീകരിച്ച ലൂഥറിൻെറയും അദ്ദേഹത്തിൻെറ അനുയായികളുടെയും പ്രബോധനഫലമായിട്ട് പരസ്പരവിരുദ്ധമായ വിശ്വാസസിദ്ധാന്തങ്ങളോടുകൂടിയ നിരവധി വ്യത്യസ്ത സഭാവിഭാഗങ്ങൾ മുളയെടുത്തതായി നമുക്കറിയാം. വിശുദ്ധ ഗ്രന്ഥത്തിൻെറ പഠനവും വ്യാഖ്യാനവും മനുഷ്യരാശിയുടെ ഭൂരിഭാഗത്തിനും അതീവം ദുഷ്കരമായിരിക്കെ സൈദ്ധാന്തികമായ ഏകത്വത്തിൽ അധിഷ്ഠിതമായിരിക്കേണ്ട ദൈവവിജ്ഞാനീയത്തിന് സുനിശ്ചിതമായ ഒരധികാരവും നേതൃത്വവും എത്രമാത്രം ആവശ്യകമാണെന്ന് ഇതിൽനിന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണല്ലൊ. വിശ്വസിക്കുന്നതിനായി സുവിശേഷം തിരുസ്സഭ സമർപ്പിക്കുന്നില്ലെങ്കിൽ അതിനെ താൻ ഒട്ടും സ്വീകരിക്കുകയോ അതിൽ വിശ്വാസം അപ്പിക്കുകയോ ചെയ്യുകയില്ലെന്ന് ബുദ്ധിരാക്ഷസനായ വിശുദ്ധ അഗസ്റ്റിൻ സുധീരം പ്രഖ്യാപിച്ചതിൻെറ കാരണവും ദൂരെയെങ്ങും ആരായേണ്ട ആവശ്യമില്ല. ഒരർത്ഥത്തിൽ തിരുസ്സഭയുടെ ഈ അദ്ധ്യാപനാധികാരം പാരമ്പര്യത്തിൻെറ തന്നെ ഒരു ഭാഗമാണെന്നു പറയാം. പക്ഷെ അതിൻെറ വെറുമൊരു ഭാഗമല്ല, അതിലുള്ള ഏററവും ക്രിയാത്മകമായ ഒരു ഘടകം തന്നെയാണ്. ഇതു പാരമ്പര്യത്തെ മുൻപോട്ടു നയിക്കുകയും, അതിലും വിശുദ്ധ ഗ്രന്ഥത്തിലുമുള്ള സത്യങ്ങൾക്ക് പ്രാമാണികവും പ്രമാദരഹിതവുമായ വ്യാഖ്യാനവും അദ്ധ്യവസാനവും നൽകികൊണ്ട് വിശ്വാസസംഹിതയുടെ ഏകത്വവും ദൈവവിജ്ഞാനീയത്തിൻെറ വളർച്ചയും പരിരക്ഷിക്കുകയും ചെയ്യുന്നു.

ദൈവം ആവിഷ്കരിച്ചിട്ടുള്ള മതതത്ത്വസംഹിത തിരുസഭയുടെ അദ്ധ്യാപനാധികാരത്താൽ നിയന്ത്രിക്കപ്പെടുമ്പോൾ അതിനെ സ്വാതന്ത്ര്യവിനാശകമായ ഒരു ബന്ധനമായി ചില ''അഭിനവദൈവശാസ്ത്രജ്ഞന്മാർ''

പരിഗണിക്കുന്നുണ്ടാവാം. എന്നാൽ പ്രസ്തുത അധികാരത്താൽ നിയന്ത്രിതമാകുമ്പോഠം, വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യത്തിലും അന്തർഹിതമായ നമ്മുടെ മതസിദ്ധാന്തങ്ങഠംക്ക് പ്രമാദരാഹിത്യവും, നമ്മുടെ സത്യാവബോധത്തിന്ന് അതിമാനുഷികമായ സുരക്ഷിതത്വവും നമ്മുടെ അഭിപ്രായപ്രകാശനത്തിന്ന് അവികലമായ സ്വാതന്ത്ര്യവുമാണ് ലഭിക്കുന്നതു്.

അതുകൊണ്ട് സമാഹരിച്ചു പറയുകയാണ്. കത്തോലിക്കാ ക്രൈസ്തവ ദൈവവിജ്ഞാനീയത്തിന്ന് ആധാരികമായ ഒരുറവിടമേയുള്ളു. അതാണ് ദൈവികാവിഷ്കരണം. ഈ വെളിപാടിലുള്ള സത്യങ്ങളാകട്ടെ നമ്മിലേയ്ക്കു് പ്രവഹിക്കുന്നതു് വിശുദ്ധ ഗ്രന്ഥത്തിലും വിശുദ്ധ പാരമ്പര്യത്തിലും കൂടിയത്രേ. ഈ സത്യങ്ങഠം നിയതവും നിസ്സംശയവുമായി നാം ഗ്രഹിക്കുന്നതു് കത്തോലിക്കാസഭയുടെ സജീവവും പ്രമാദരഹിതവുമായ അദ്ധ്യാപനാധികാരത്തിന്റെ വ്യാഖ്യാനത്തിലൂടെയാണുതാനും. പാരമ്പര്യത്തിന്റെ വക്താക്കളായ ചില സഭാപിതാക്കന്മാരുടെ കൃതികളിൽ വളരെ ദുർലഭമായി പ്രമാദങ്ങഠം കടന്നുകൂടിയിട്ടുണ്ടെങ്കിലും അവയിൽനിന്ന് സത്യസിദ്ധാന്തങ്ങളെ വേർതിരിച്ച് നമ്മുടെ വിശ്വാസത്തിനും പഠനത്തിനുമായി സമർപ്പിക്കുന്നതു് തിരുസഭയുടെ മേല്പറഞ്ഞ അദ്ധ്യാപനാധികാരമാണ് ''ഇവയിൽനിന്നെല്ലാം ഒരുകാര്യം വ്യക്തമാണ്. വിശുദ്ധ പാരമ്പര്യവും വിശുദ്ധ ഗ്രന്ഥവും തിരുസഭയുടെ അദ്ധ്യാപനാധികാരവും ദൈവത്തിന്റെ അതിവിശിഷ്ടമായ സംവിധാനത്തിൽ അപരിത്യാജ്യമായ വിധത്തിൽ പരസ്പരം ബന്ധിതങ്ങളാണ്. തന്മൂലം ഒന്ന് മറ്റൊന്നിൽനിന്ന് വേർപെട്ടുനിൽക്കുക സാദ്ധ്യമല്ല. പ്രത്യുത എല്ലാം ഒരുമിച്ച്, എന്നാൽ ഓരോന്നും സ്വന്തം രീതിയിൽ ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ആത്മരക്ഷ കൈവരുത്തുവാൻ ഫലപ്രദമായി സഹായിക്കുന്നു''.[a] അ

---

a) ദൈവാവിഷ്കരണം n. 10.

തുകൊണ്ട് തിരുസഭയുടെ ആധികാരിക പ്രഖ്യാപനങ്ങൾ ആദരപൂർവ്വം സ്വീകരിച്ച് നമുക്ക് അനുസരിക്കാം. അപ്പോൾ നമ്മുടെ ദൈവവിജ്ഞാനീയാദ്ധ്യാപനവും അദ്ധ്യയനവും സുസ്ഥിരവും സുകരവുമായിരിക്കും.

## D. ദൈവവിജ്ഞാനീയവും ആരാധനക്രമവും

ദൈവവിജ്ഞാനീയവും ആരാധനക്രമവും (liturgy) പരസ്പരം ആശ്രയിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്ന മതഘടകങ്ങളായിട്ടാണ് കത്തോലിക്കാസഭയിൽ, പ്രത്യേകിച്ച് പൗരസ്ത്യ സഭാവിഭാഗത്തിൽ എക്കാലത്തും പരിഗണിക്കപ്പെട്ടു പോന്നിട്ടുള്ളത്. വ്യാപകമായ അർത്ഥത്തിൽ, അതായത്, വിശുദ്ധഗ്രന്ഥം, ആദ്ധ്യാത്മികജീവിതം, ലിററർജി എന്നിവയുടെ ഒരു പഠനമായി ദൈവവിജ്ഞാനീയത്തെ നാം വീക്ഷിക്കുമ്പോൾ ഈ വസ്തുത സുവ്യക്തമാകുന്നതാണ്. ലിററർജിക്ക് സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തോട് ഒരു പ്രത്യേക ബന്ധമുണ്ട്. ''പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമമാണ്'' – Lex orandi, lex credendi – A criterion of prayer is a criterion of faith'' — എന്നതു് പ്രസിദ്ധമായ ഒരാപ്തവാക്യമത്രേ. സത്യസിദ്ധാന്തം പ്രകാശിപ്പിക്കുന്ന സുപ്രധാനമായ ഒരുപകരണമാണ് ലിററർജി എന്ന സംഗതി പ്രസ്തുത പ്രാമാണികവാക്യം സുവ്യക്തമാക്കുന്നുണ്ട്. ദൈവാരാധനാകർമ്മങ്ങളിലൂടെയാണ് വിശ്വാസികളുടെ ഒരു സമൂഹം തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കുന്നതു്. ഉദാഹരണമായി ക്രിസ്തുവിന്റെ വ്യക്തിത്വവും അവിടുന്ന് ഗാഗുൽത്തായിൽ സമർപ്പിച്ച ബലിയുടെ അർത്ഥവും കർബാനബലിയുടെ കർമ്മാനുഷ്ഠാനങ്ങളും അതിൽ വായിക്കപ്പെടുന്ന പ്രാർത്ഥനകളും ഇതര പാഠ്യങ്ങളും സുവിശദമാക്കുന്നുണ്ട്. "Ineffabilis Deus"

(Dec. 8, 1854) എന്ന തൻെറ വിശ്വലേഖനത്തിൽ ഒൻ പതാം പീയൂസ് മാപ്പാപ്പാ പ. കന്യകാമറിയത്തിൻെറ അമലോത്ഭവസിദ്ധാന്തം ആദരിച്ച് വിശദീകരിക്കുന്നതിനു പലപ്പോഴും ലിററർജിയിലുള്ള വാക്യങ്ങളാണു് ഉദ്ധരിക്കുന്നതു്. ലിററർജി തിരുസഭയുടെ അദ്ധ്യാപനത്തിൻെറ ഒരു ഉറവിടമാണെങ്കിലും അതു് പ്രഘോഷിക്കുന്ന യാഥാർത്ഥ്യങ്ങൾ കൂടുതൽ ഗാഢമായി ഗ്രഹിക്കുന്നതിനുവേണ്ടി നാം ദൈവവിജ്ഞാനീയത്തിലേയ്ക്കു് അനുസാരമായി തിരിയേണ്ടിയിരിക്കുന്നു എന്നുള്ളതു് അനിഷേദ്ധ്യമായ ഒരു സംഗതിയാണു്. (a) പൗരസ്ത്യ ദൈവവിജ്ഞാനീയത്തിൽ ലിററർജിക്കു് നൽകപ്പെട്ടിരിക്കുന്ന സുപ്രധാന സ്ഥാനത്തിൻെറ യുക്തിയുക്തത മേൽപ്രസ്താവിച്ചതിൽനിന്നു് സുവ്യക്തമാകുന്നുണ്ടല്ലോ.

---

a) J. J. Von Allmen, Worship: Its Theology and Practice (1965) C. Vagaggini, Theological Dimensions of the Liturgy (tr. L. Doyle, 1959).

# 7

# ദൈവവിജ്ഞാനീയം ഒരു ശാസ്ത്രമോ?

നമ്മുടെ ദൈവവിജ്ഞാനീയം ഒരു യഥാർത്ഥ ശാസ്ത്ര മാണ്. Science എന്ന ആംഗ്ലേയ പദത്തിനു സമാന മായ മലയാള പദമാണ് ശാസ്ത്രം അഥവാ വിജ്ഞാ നീയം. ഇന്നു സാമാന്യമായി പദാർത്ഥപരമായ, പ്രകൃ തിവിഷയകമായ വിജ്ഞാനീയത്തിന്റെ (physical science) അർത്ഥത്തിലാണ് ''സയൻസ്'' എന്ന പദം പലരും ഉപയോഗിച്ചുപോരുന്നതു്. എന്നാൽ നിഷ്കൃ ഷ്ടാർത്ഥത്തിൽ ഇതു് വെറും പ്രകൃതിവിഷയകമായ വി ജ്ഞാനീയം മാത്രമല്ല, സ്വയം വിശദമായ സത്യങ്ങ ളിലും തത്ത്വങ്ങളിലുംനിന്നുള്ള അനുമാനങ്ങളെ ആശ്ര യിച്ച് നാം നേടുന്ന സിദ്ധാന്തങ്ങളുടെ ആസൂത്രിതവും വ്യവസ്ഥവൽകൃതവുമായ ഏതൊരു വിജ്ഞാനീയവു മാണ്. അതുകൊണ്ടു് ഇന്ദ്രിയഗോചരമല്ലാത്ത പ്രകൃത്യ തീത സിദ്ധാന്തങ്ങളുടെ ക്രമവൽകൃതമായ പ്രതിപാദനം ഉൾക്കൊള്ളുന്ന ദൈവവിജ്ഞാനീയം ഒരു യഥാർത്ഥ ശാസ്ത്രമാണ്. നമുക്കു് ദൃശ്യമായ സർവ്വ ചരാചരങ്ങളു ടേയും ആദികാരണമായ ദൈവത്തെക്കുറിച്ച്, നമുക്കു് അദൃശ്യമായവയുടേയും സ്രഷ്ടാവും പരിപാലകനുമായ അവിടുത്തോടുള്ള മനുഷ്യബന്ധത്തെക്കുറിച്ച് ചില സത്യ ങ്ങൾ നമ്മുടെ ബുദ്ധിപ്രയോഗത്തിലൂടെ നമുക്കു് ഗ്രഹി ക്കുവാൻ സാധിക്കുന്നുണ്ടു്. യുഗാരംഭത്തിൽ മനുഷ്യനു് ദൈവം സ്വയം വെളിപ്പെടുത്തി. സമയത്തിന്റെ പൂർ ത്തിയിൽ അവിടുന്നു് ക്രിസ്തുവായി അവതരിച്ച് സുസ്ഥ മായ ദൈവമനുഷ്യബന്ധത്തിനും മനുഷ്യന്റെ നിത്യ

രക്ഷയ്ക്കും ആവശ്യകമായ സത്യങ്ങളെല്ലാം വ്യക്തമായി പഠിപ്പിച്ചു. ദൈവാവിഷ്കൃതമായ പ്രസ്തുത സത്യങ്ങളിൽനിന്നു് ലഭിച്ചിട്ടുള്ള സിദ്ധാന്തങ്ങൾക്കനുസൃതവും വ്യവസ്ഥവൽകൃതവുമായ ഒരു വിജ്ഞാനഭണ്ഡാഗാരമാണു് നമ്മുടെ ദൈവവിജ്ഞാനീയം. മാത്രമല്ല, ശാസ്ത്രം അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിൽ ഏകാത്മകമായ ഒരു വിഷയത്തെക്കുറിച്ച് ക്രമാനുസൃതമായി നിർമ്മിക്കപ്പെടുന്ന വിജ്ഞാനത്തിന്റെ അംഗഘടനയായിട്ടാണല്ലോ– A system of methodically worked-out knowledge about a unitary object– ഇന്നു് പരിഗണിക്കപ്പെടുന്നതു്. ഈ അർത്ഥത്തിലും നമ്മുടെ ദൈവവിജ്ഞാനീയം ഒരു ശാസ്ത്രമാണു്. കാരണം മനുഷ്യസംബന്ധനായ ദൈവമത്രേ ഏകാത്മകമായ പ്രസ്തുത വിഷയം. ഈ വിഷയത്തിനു് അനുയോഗ്യവും ക്രമാനുഗതവുമായ പ്രക്രിയ ഇതിനെ ഉപയോഗിക്കുകയും തൽഫലമായി ലഭിക്കുന്ന നിഗമനങ്ങളെ സിദ്ധാന്തസംഹിതയിൽ സംയോജിപ്പിക്കുകയും ചെയ്യുന്നു.

ക്രൈസ്തവ ദൈവവിജ്ഞാനീയം പ്രകൃത്യതീതസത്യങ്ങളെക്കുറിച്ചുള്ള പ്രതിപാദനമാണെങ്കിലും ഇതു് ബുദ്ധിമത്തായ ഒരു മാനുഷിക ശിക്ഷണമോ വിനിയമനമോ (intellectual discipline) ആണെന്നുള്ള വസ്തുത നിഷേധിക്കാവുന്നതല്ല. ആദിമശതകങ്ങൾ മുതൽ, ക്രൈസ്തവ ദൈവശാസ്ത്രപണ്ഡിതന്മാർ, വിശ്വാസസംബദ്ധമായ ദത്തതത്ത്വങ്ങൾ (data), സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടിട്ടുള്ള ഉപാത്തങ്ങൾ, തത്ത്വശാസ്ത്രജ്ഞന്മാരുടെ പ്രത്യേകിച്ച് ഗ്രീക്കു് ദാർശനികരുടെ വികലസിദ്ധാന്തങ്ങൾക്കു് വിരുദ്ധവും അവയ്ക്കു് ഉപരിയുമായ ഒരു വിശ്വവീക്ഷണം നൽകുന്നതായി അഭിപ്രായപ്പെട്ടിരുന്നു. അതുകൊണ്ടാണു്, ഓരിജെന്റെ അദ്ധ്യാപകനും ക്രിസ്ത്യൻ പ്ലേറേറാണിസ്ററുമായ അലക്സാൻഡ്രിയായിലെ വിശുദ്ധ ക്ലെമെൻറ് (C. 150 – C. 215) ക്രിസ്തുവിന്റെ അദ്ധ്യാപനം സാർവ്വത്രികവും ഗ്രീക്കുദർശനത്തെ അതിശയിക്കുന്നതുമായ ഒരു ശാസ്ത്ര

മാണെന്നുള്ള അത്ഥത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുള്ളതു് ''യഥാത്ഥ ഗുരു നമ്മെ പഠിപ്പിക്കുന്നു. ഇനിയും ഏതൊരു സ്ഥലവും നമുക്കു് ആഥെൻസും ഗ്രീസുമാണു്.''(a) ക്രിസ്തുമതന്യായവാദികളുടെ (Apologists) കാലം തുടങ്ങി സഭാപിതാവായ വിശുദ്ധ അഗസ്റ്റിനിൽക്കൂടി (354–430) മാദ്ധ്യമിക കാലഘട്ടംവരെ, വിശ്വാസസിദ്ധാന്തങ്ങളെക്കുറിച്ചുള്ള പ്രതിപാദനങ്ങളിൽ ക്രൈസ്തവപണ്ഡിതന്മാർ മാനുഷിക തത്ത്വശാസ്ത്രവിജ്ഞാനം ഉപയോഗിച്ചിരുന്നു. സ്വാഭാവിക ന്യായങ്ങളും ശാസ്ത്രീയാന്വേഷണങ്ങളും ദൈവികവെളിപാടിനെക്കുറിച്ചുള്ള പഠനത്തിൽ ഉപയോഗിക്കണമെന്നു് സഭയുടെ ആരംഭദശയിൽത്തന്നെ നമ്മുടെ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരുന്നു. മനുഷ്യൻ ചിന്തിക്കുന്ന വ്യക്തിയാണല്ലൊ, അതുകൊണ്ടു് പര്യവേക്ഷണത്തിനുള്ള അവൻെറ ആഗ്രഹം വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള യുക്തിപൂർവ്വമായ വിചിന്തനത്തിനു് അവനെ പ്രേരിപ്പിക്കുക സ്വാഭാവികമാണു്. ക്രിസ്തുമതത്തിൻെറ ജനനാബ്ദത്തിൽ അനാഗതരെ (pagans) ക്രിസ്ത്യാനികളാക്കുവാൻ ആഗ്രഹിച്ചു പ്രവർത്തിച്ചിരുന്ന അന്നത്തെ ക്രിസ്ത്യാനികൾക്കു്, അനാഗതർ ഉന്നയിച്ചിരുന്ന സംശയങ്ങൾക്കും എതിർന്യായങ്ങൾക്കും തക്ക പ്രത്യുത്തരങ്ങൾ നൽകേണ്ട ആവശ്യം അനുഭവപ്പെട്ടിരുന്നു. അതുകൊണ്ടു് സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടിരുന്ന തത്ത്വങ്ങളെ ആധാരമാക്കി ക്രൈസ്തവസിദ്ധാന്തങ്ങളേയും പേഗനിസ്റ്റു് തത്ത്വങ്ങളേയും പരസ്പരം ബന്ധിക്കുന്ന ഒരു ശാസ്ത്രീയ പ്രതിപാദനരീതി ആവശ്യകമായിത്തീർന്നു. ക്രിസ്തീയമായ പ്രസ്തുത പ്രതിപാദനസമ്പ്രദായമാണു് പ്രാചീന ക്രൈസ്തവസഭയിലെ മതസമർത്ഥകരായ പണ്ഡിതന്മാർ (അപ്പോളെജിസ്ററുകൾ) സ്വീകരിച്ചിരുന്നതു്. അതുകൊണ്ടു് നമ്മുടെ ദൈവവിജ്ഞാനീയം ആരംഭം മുതൽ ഒരു ശാസ്ത്രമായിരുന്നു, അതു് യുക്തിയുക്തമായ ഒരു ശാസ്ത്രമായിത്തന്നെ വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

---

a) Protreptikos – 112.

മാദ്ധ്യമിക കാലഘട്ടത്തിലാണ് ഇതര ബൗദ്ധിക ശിക്ഷണങ്ങളോടുള്ള ബന്ധത്തിൽ, ദൈവവിജ്ഞാനീയത്തിന്റെ ജീവനാഡിയായ വിശ്വാസത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള വിചിന്തനവും അതിന്റെ വികസനവും പ്രതിപാദ്യമാക്കിയ ജ്ഞാനമീമാംസ (epistemology) പൂർണ്ണരൂപം കൊണ്ടതു്. വിശ്വാസസംബദ്ധമായ രക്ഷയ്ക്കു് പ്രാധാന്യം നൽകുന്ന ചിന്താഗതി മദ്ധ്യയുഗത്തിനു മുൻപും ഉണ്ടായിരുന്നു. അതുകൊണ്ടാണ് വിശുദ്ധരായ പീററർ ഡാമിയനും (1007–1072) ബെർണാർഡും (1091–1153) മററും രക്ഷയുടെ ശാസ്ത്രമായ (science of salvation) നമ്മുടെ ദൈവവിജ്ഞാനീയം, മാനുഷിക കണ്ടുപിടുത്തങ്ങളുടെ വെറും യുക്തിപരമായ നിയമങ്ങളാൽ അളക്കപ്പെടരുതെന്നു് പറഞ്ഞിരുന്നതു്. എന്നാൽ, ദൈവവിജ്ഞാനീയത്തിന്റെ ഏക മാനദണ്ഡം ദൈവവചനവും അതിന്റെ ലക്ഷ്യം വിശുദ്ധീകരണവുമാണെങ്കിലും ഇതിനെ ഒരു ശാസ്ത്രമായി പരിഗണിക്കാമെന്നു് വിശുദ്ധ ആൻസലവും (1033–1109) അബെലാർഡും (1079–1142) മററും ശക്തിയുക്തം വാദിച്ചിട്ടുണ്ട്. കാരണം വിശ്വസിക്കുന്ന മനസ്സും ചിന്തിക്കുന്ന മനസ്സും സത്യംതന്നെയായ ഏക ദൈവത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യനും മാനുഷികശക്തികളും ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കണമല്ലൊ. അതുകൊണ്ട് യുക്തിപൂർവ്വമായ വിചിന്തനത്തിൽ പ്രകടിതമാകുന്ന വിശ്വാസംതന്നെയാണ് നമ്മുടെ ദൈവവിജ്ഞാനീയം എന്നുപോലും പറയാവുന്നതാണ്.

ദൈവവിജ്ഞാനീയത്തിന്റെ ശാസ്ത്രീയ സ്വഭാവത്തെക്കുറിച്ചുള്ള പ്രശ്നം സമ്പൂർണ്ണമായി പരിഹൃതമായതു് മദ്ധ്യകാലീനനായ വി. തോമസ് അക്വീനാസിന്റെ (1225–1274) ആഗമനത്തോടുകൂടിയാണ്: ''ദൈവവിജ്ഞാനീയത്തിന്റെ സംഗ്രഹം'' – ''Summa Theologiae'' എന്ന തന്റെ ബൃഹത്ഗ്രന്ഥത്തിലെ ആദ്യപ്രതിപാദനംതന്നെ ദൈവവിജ്ഞാനീയത്തിന്റെ ശാസ്ത്രീയ സ്വഭാവത്തെക്കുറിച്ചത്രേ. ഇദ്ദേഹം ''അക്രൈസ്തവക്കെ

തിരായ സിദ്ധാന്തസംഗ്രഹം'' — ''Summa Contra Gentiles'' എന്ന കൃതിയിലൂടെ എല്ലാ അക്രൈസ്തവരോടും പ്രത്യേകിച്ച് സ്പെയിനിലുണ്ടായിരുന്ന മഹമ്മദീയരോടും യഹൂദന്മാരോടുമുള്ള മതപരമായ വാദപ്രതിവാദങ്ങളിൽ ക്രിസ്ത്യാനികളെ ശാസ്ത്രീയമായി വളരെ സഹായിച്ചിട്ടുണ്ട്. ''പവിത്രസിദ്ധാന്ത''ത്തിനു് ലഘൂകരിക്കപ്പെടാൻ ആവാത്ത സ്വന്തം തത്വങ്ങൾ, സാവയവമായ ഏകത്വം, വ്യതിരിക്തമായ വിഷയം ആദരണീയമായ അതിൻെറ നിഗമനങ്ങൾക്കുള്ള ആശ്രയന്യായങ്ങൾ എന്നിവ ഉണ്ടെന്നു് ഈ വേദപാരംഗതൻ വാദിച്ചു് സ്ഥാപിക്കുന്നുണ്ട്. മാത്രമല്ല, വിശ്വാസശാസനങ്ങളെ ആസ്പദിച്ചുള്ള പരിചിന്തനത്തിൻെറ ഫലമായിട്ടു് പരിണമിക്കുന്ന പഠനത്തിലൂടെ ലഭ്യമാകുന്ന വിജ്ഞാനമായി ദൈവവിജ്ഞാനീയത്തെ പരിഗണിക്കുന്ന ഈ സിദ്ധപണ്ഡിതൻ അതിൻെറ സമ്പൂൎണ്ണ ശാസ്ത്രീയപ്രകൃതി വിശദീകരിച്ചു് സ്ഥിരീകരിക്കുന്നുമുണ്ട്. ഇങ്ങനെ ഇദ്ദേഹത്തിൻെറ ദൃഷ്ടിയിൽ നമ്മുടെ ദൈവവിജ്ഞാനീയം, സിദ്ധാന്തങ്ങളുടെ പരസ്പര സംബദ്ധമായ വികസനത്തിലുള്ള സൎവ്വവ്യാപകമായ വിശ്വാസത്തിൻെറ സമ്മതിയിലൂടെ ദൃഢീകരിക്കപ്പെടുന്ന ''ദൈവത്തിൻേറയും അനുഗൃഹീതരുടേയും ഒരു ശാസ്ത്ര''മായി — Science of God and the Blessed—തീരുന്നു.

എന്നാൽ നമ്മുടെ ദൈവവിജ്ഞാനീയം, ഗണിതശാസ്ത്രം, രസതന്ത്രം, ജ്യോതിഷം, ഊർജതന്ത്രം എന്നിത്യാദി ശാസ്ത്രങ്ങൾപോലെ വെറും അനുഭവമാത്രമായ ഒരു ശാസ്ത്രമല്ല. അതു് ദൈവാവിഷ്കൃതമായ സത്യങ്ങളുടെ പരസ്പര സംബദ്ധമായ വികസനത്തിലുള്ള സൎവ്വവ്യാപകമായ വിശ്വാസത്തിൻെറ സമ്മതിയിലൂടെ ദൃഢീകരിക്കപ്പെടുന്ന ഒരു വിജ്ഞാനീയമാണു്. പ്രസ്തുത സത്യങ്ങളിൽ, നമ്മുടെ ബുദ്ധിക്കു് അതീതമെങ്കിലും അതിനു വിരുദ്ധമല്ലാത്ത രഹസ്യങ്ങളും (Mysteries) ഉണ്ടു്. ഏതാദൃശരഹസ്യങ്ങൾ നാം വിശ്വസിച്ചു് സ്വീകരിക്കുന്നതുകൊണ്ടു് നമ്മുടെ ദൈവവിജ്ഞാനീയത്തിൻെറ ശാ

സ്ത്രീയസ്വഭാവത്തിന്ന് ഒട്ടും കുറവ് വരുന്നില്ല. കാരണം ക്രിസ്തുവാണ് അവ വെളിപ്പെടുത്തിയിട്ടുള്ളത്. ക്രിസ്തുവാകട്ടെ സത്യംതന്നെയായ ദൈവമാണ്. ദൈവത്തിന് അസത്യമോ അദ്ധസത്യമോ നമ്മുടെ വിശ്വാസത്തിനായി ആവിഷ്കരിക്കുവാൻ സാധ്യമല്ല(a). അതുകൊണ്ട് രഹസ്യങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ ദൈവവിജ്ഞാനീയം യുക്തിയുക്തമായ ഒരു ശാസ്ത്രമാണ്, ദൈവത്തിൻെറ ഏററവും ഉൽകൃഷ്ടമായ ജ്ഞാനത്തിൻെറ വെളിച്ചത്തിൽ വ്യവസ്ഥാപിതമായ ഒരു യഥാത്ഥ ശാസ്ത്രമാണ്.

ചുരുക്കത്തിൽ നമ്മുടെ ദൈവശാസ്ത്രത്തിൻെറ പ്രഥമവും ഏററവും പ്രധാനവുമായ വിഷയം ദൈവമാണ്. അതു് ഏററവും ഉദാത്തമാണല്ലൊ. ദൈവത്തിൻെറ പ്രമാദരഹിതമായ ജ്ഞാനത്തിൽ അധിഷ്ഠിതമായ ഈ വിജ്ഞാനീയത്തിന്ന് ഏററവും വിശിഷ്ടമായ നിശ്ചിതത്വമുണ്ട്. ഇതിൻെറ പ്രായോഗിക ലക്ഷ്യം നിത്യഭാഗ്യമാണ്. ഇതാണല്ലൊ മനുഷ്യരാശിയുടെ ആത്യന്തികമായ ഉദ്ദിഷ്ടലക്ഷ്യവും. അതുകൊണ്ട് മാനുഷിക ക്ഷേമത്തിൻെറ മൗലികവും ആത്യന്തികവുമായ പ്രശ്നങ്ങളോട് ബന്ധപ്പെട്ടിരിക്കുന്ന ഈ വിജ്ഞാനീയത്തെ ശാസ്ത്രങ്ങളുടെയെല്ലാം രാജ്ഞിയായി പരിഗണിക്കുന്നതിൽ യാതൊരു യുക്തിഭംഗവുമില്ല.

---

(a) S. Th. I, 1, 2.

# 8

# ദൈവവിജ്ഞാനീയവും തത്ത്വശാസ്ത്രവും

ശാസ്ത്രങ്ങളുടെയെല്ലാം രാജ്ഞിയായ ദൈവവിജ്ഞാനീയം ബുദ്ധിയുടെ വ്യാപാരത്തിലൂടെ നാം സമാർജ്ജിക്കുന്ന ഇതര ശാസ്ത്രങ്ങളോട് പ്രകാരന്തരേണ സംബദ്ധാണ്. ദൈവവിജ്ഞാനീയത്തിന്റെ സേവകഘടകങ്ങളായി പരിഗണിക്കപ്പെടാവുന്ന സുസ്ഥമായ ബൗദ്ധികവിജ്ഞാനശാഖകളിൽ ഏററവും പ്രധാനമായതു് തത്ത്വശാസ്ത്രം (Philosophy) ആണെന്നു പറയാം. ദൈവശാസ്ത്രത്തിനു് തത്ത്വശാസ്ത്രത്തോടുള്ള ബന്ധത്തെക്കുറിച്ച് വിശുദ്ധ തോമസ് അകവീനാസ് പ്രസ്താവിക്കുന്നതു് പ്രത്യേകം ശ്രദ്ധേയമത്രേ. ''ദൈവവിജ്ഞാനീയത്തിനു ഒരളവിൽ തത്ത്വശാസ്ത്രത്തെ അവലംബിക്കാം, അനുപേക്ഷണീയമായതുകൊണ്ടല്ല, പ്രത്യുത അതിന്റെ പാഠങ്ങൾ കൂടുതൽ സ്പഷ്ടമാക്കുന്നതിനുവേണ്ടിയാണ്. കാരണം അതു തത്ത്വങ്ങൾ സ്വീകരിക്കുന്നതു് മററു ശാസ്ത്രങ്ങളിൽനിന്നല്ല, മറിച്ച് ആവിഷ്കരണംവഴി നേരിട്ടു ദൈവത്തിൽനിന്നത്രേ. അതുകൊണ്ടു് ഉന്നത വിജ്ഞാനശാഖകൾ എന്ന നിലയിൽ അതു് മററു ശാസ്ത്രങ്ങളെ ആശ്രയിക്കുന്നില്ല. പ്രത്യുത അവയെ കീഴടക്കി വിജ്ഞാനശാഖകൾ എന്ന നിലയിലും ''ദാസി'' എന്ന നിലയിലുമത്രേ ഉപയോഗിക്കുന്നതു്.'' [a] വിശ്വാസത്തിലൂടെ മനുഷ്യനെ തന്നിലേക്കു് നയിക്കുന്ന ദൈവം നമുക്കു് നൽകിയിരിക്കുന്ന ദൈവവിജ്ഞാനീയം ദൈവികമാ

---

a) Summa I q. 1 a, 5 ad 2,

ണെങ്കിലും ഇതിൽ മാനുഷികബുദ്ധിയുടെ യുക്തിയുക്തമായ വ്യാപാരവും ഉള്ളതുകൊണ്ടു് ഇതു മാനുഷികവുമാണു്. അക്കാരണത്താൽ നമ്മുടെ ബുദ്ധിയുടെ പ്രവത്തനഫലമായി നാം സമാർജ്ജിക്കുന്നവയും ദൈവശാസ്ത്രത്തിലെ നിഗമനങ്ങളം സ്വീകരിക്കുന്നതിനു് നമ്മെ സഹായിക്കുന്നവയുമായ മറെറല്ലാ മാനുഷിക ശാസ്ത്രങ്ങളുമായി ഇതിനു സുസ്ഥമായ ഒരു ബന്ധം പുലർത്താവുന്നതത്രേ. ആവിഷ്കൃതസത്യങ്ങളെ ദാർശനിക തത്ത്വങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നതാണു് ദൈവശാസ്ത്രം എന്നുപോലും ചിലർ അഭിപ്രായപ്പെടുന്നതിൻെറ അത്ഥം ദൂരെയെങ്ങും ആരായേണ്ടതില്ല.

എന്താണീ തത്ത്വശാസ്ത്രം അഥവാ ദശ്നം; സ്നേഹം എന്നത്ഥമുള്ള 'phileo', ബോധജ്ഞാനം എന്നത്ഥമുള്ള 'sophia' എന്നീ ഗ്രീക്കു പദങ്ങളിൽനിന്നുണ്ടായിട്ടുള്ള ഒരു സംയുക്ത ഇംഗ്ലീഷ് പദമാണു് 'philosophy'. വിജ്ഞാനസ്നേഹം—love of wisdom—എന്നത്രേ ഇതിൻെറ വാച്യാത്ഥം. ഇതിനു സമാനമായി നാം ഉപയോഗിച്ചു പോരുന്ന മലയാള പദമാണു് തത്ത്വശാസ്ത്രം അഥവാ ദർശനം, അസ്തിത്വമുള്ളതോ വിചിന്തിതമോ ആയ വസ്തുതകളുടെ, അത്യുന്നതമോ (highest) ആത്യന്തികമോ (ultimate) ആയ കാരണങ്ങളെ ആസ്പദമാക്കി സ്വാഭാവിക ന്യായങ്ങളിലൂടെ നാം സമ്പാദിക്കുന്ന സുനിശ്ചിതവും സുവ്യക്തവുമായ ഒരു വിജ്ഞാനീയം അഥവാ തത്ത്വമീമാംസയാണിതു്. ഇതു് അസ്തിത്വമുള്ള ഏതിൻെറയും അന്തിമ മൂലതത്ത്വങ്ങളുടെ വിശദീകരണത്തിനായുള്ള ഒരു ബൗദ്ധികയത്നശാസ്ത്രമാണു്. ഈ ദാർശനികശാസ്ത്രത്തിനു് ഗ്രീക്കുകാരുടെ ചിന്താമണ്ഡലത്തിൽ, സോക്രട്ടീസ് (470–399 B. C) പ്ളേറോ (427–347 B.C) അരിസ്റ്റോട്ടിൽ (384–322 B. C) എന്നീ സുപ്രസിദ്ധ താത്ത്വികരുടെ പ്രയത്നഫലമായി വളരെ ഉന്നതമായ ഒരു പദവി ലഭിക്കുകയുണ്ടായി. ഇവക്കു് മുൻപും പിൻപും വിവിധങ്ങളായ തത്ത്വശാസ്ത്രാഭിപ്രായങ്ങളം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. താഴ്ന്നഗണത്തിലുള്ള ശാസ്ത്രങ്ങളം,

ഉദാഹരണമായി യാന്ത്രികവിദ്യ(mechanics) രസതന്ത്രം (chemistry) മുതലായവ അവയുടെ തത്ത്വങ്ങൾ ഇതര ശാസ്ത്രങ്ങളിൽനിന്നു സ്വീകരിക്കുന്നു. തത്ത്വശാസ്ത്രമാകട്ടെ അതിൻെറ തത്ത്വങ്ങൾ മററു ശാസ്ത്രങ്ങളിൽനിന്നു് സ്വീകരിക്കുന്നില്ല. ഇതു് ഒരു ഉണ്മയെ അഥവാ സത്തത്തെ (being) അതായിട്ടുതന്നെ പരിഗണിക്കുന്നു. വസ്തുക്കളുടെ സ്വഭാവത്തെ അവയുടെ ഏററവും വിസ്തൃതമായ അവസ്ഥയിൽ അതായതു് ഉണ്മയെ തദീയമായോ, ബുദ്ധിപ്രയോഗത്തിൻെറ വിഷയമായോ, ക്രമവൽകൃതമായി പരിഗണിക്കുന്നു. പ്രത്യേകം ശ്രദ്ധാർഹമായ ഒരു സംഗതി തത്ത്വശാസ്ത്രം പ്രകൃതിയുടെ പ്രകാശത്തിൽനിന്നു മാത്രമേ യുക്തിവാദം ചെയ്യുന്നുള്ളു എന്നതാണു്. അതിനു ദൈവവിജ്ഞാനീയത്തിനുള്ളതുപോലെ, വിശ്വാസത്തോടോ ദൈവാവിഷ്കരണത്തോടോ നേരിട്ടുള്ള ബന്ധമൊന്നുമില്ല. ഉദാഹരണമായി അതു് ദൈവത്തിൻെറ പ്രവൃത്തികളിൽനിന്നു് അവിടുത്തെ അസ്തിത്വം അഥവാ ഉണ്മ തെളിയിക്കുന്നുണ്ടെങ്കിലും മനുഷ്യബുദ്ധിക്കു് തികച്ചും അതീതമായ ത്രിത്വത്തിൻെറ സിദ്ധാന്തംപോലുള്ള രഹസ്യങ്ങളെ അതു് പരിശോധിക്കുകയോ ആരായുകയോ ചെയ്യുന്നില്ല.

ദൈവവിജ്ഞാനീയവും തത്ത്വശാസ്ത്രവും രണ്ടു വ്യതിരിക്തമായ മാനുഷിക ചിന്താനുശാസനങ്ങളാണു്. ഈ വ്യതിരിക്തത ദൈവശാസ്ത്രം തത്ത്വശാസ്ത്രത്തെ വിനിയോഗിക്കുന്ന രീതിയിലാണു് പ്രത്യേകം ദൃശ്യമാകുന്നതു്. തത്ത്വശാസ്ത്രത്തിൻെറ എല്ലാ വിഭാഗങ്ങളിലും, അതിലുള്ള വിഷയങ്ങളെ, മാനുഷികപ്രജ്ഞയുടെ പ്രകൃത്യനുസൃതമായ ശക്തിക്കു്, അവ സ്വയം വെളിപ്പെടുത്തുന്നതുപോലെ അതു് പരിഗണിക്കുന്നു. ദൈവശാസ്ത്രമാകട്ടെ ഉദ്യുക്തമായിരിക്കുന്നതു് ദിവ്യമായി ആവിഷ്കരണീയമായ [a] സംഗതികളിലാണു്. അതായതു്, വിശ്വാസം ദൈവികാവിഷ്കരണത്തിനു് സമ്മതി നൽ

(a) Th. Aq. S. T. la, 1.3.

കുന്നതിനനുസൃതമായി, ദൈവത്തേയും മനുഷ്യനേയും അവർ തമ്മിലുള്ള പരസ്പര ബന്ധത്തേയും കുറിച്ചു ഇതു് പ്രതിപാദിക്കുന്നു. ''ഗ്രഹിക്കുന്ന'' ദൈവശാസ്ത്രപരമായ ക്രിയയിൽനിന്നു് വ്യതിരിക്തമായിരിക്കുന്ന വിശ്വാസത്തിൻെറ 'സമ്മതി''യാണു് ദൈവവിജ്ഞാനീയത്തെ ആന്തരികമായി ക്ലിപ്തപ്പെടുത്തുന്നതു്. ദൈവം വെളിപ്പെടുത്തുന്നതു് സത്യമാണോ എന്നല്ല പ്രത്യുത അതു് എങ്ങനെ സത്യമായിരിക്കുന്നു എന്നു ചോദിക്കുകയത്രേ ദൈവവിജ്ഞാനീയത്തിൻെറ ലക്ഷ്യം. തത്ത്വശാസ്ത്രപരമായ പ്രയുക്തികളുടെ സ്വീകരണം പ്രസ്തുത ലക്ഷ്യത്തിൻെറ പ്രാപ്തിയെ സഹായിച്ചു സാധിപ്പിക്കുന്നുണ്ടു് എന്നേയുള്ളു.

തത്ത്വശാസ്ത്രത്തെ സമ്പൂർണ്ണമാക്കുന്നതു് ദൈവവിജ്ഞാനീയമാണെങ്കിലും, രണ്ടിലും പാണ്ഡിത്യം സിദ്ധിച്ചവർക്കു് വെറും സാങ്കല്പികമായ വൈരുദ്ധ്യങ്ങളെ അനുരഞ്ജിപ്പിക്കുന്നതിനു് സാധിക്കുന്നതാണു്. ദൈവാവിഷ്കൃതമായ കത്തോലിക്ക ക്രൈസ്തവ ദൈവവിജ്ഞാനീയ പഠനത്തിൽ പല ദാർശനിക തത്ത്വങ്ങളും അതീവം ഉപകാരപ്രദമാണു്. തത്ത്വശാസ്ത്രം നമ്മുടെ മതത്തിൻെറ മൗലിക തത്ത്വങ്ങളെ, ഉദാഹരണമായി, ദൈവത്തിൻെറ അസ്തിത്വം, മതത്തിൻെറ വാസ്തവികത, ആവശ്യകത ക്രിസ്തുമതത്തിൻെറ സത്യത മുതലായവ സമർത്ഥിക്കുന്നുണ്ടെന്നു മാത്രമല്ല അതു് ഉപമകളും സാദൃശ്യങ്ങളുംവഴി വിശ്വാസസത്യങ്ങളെ കൂടുതൽ സുഗ്രഹമാക്കുകയും ഇവയ്ക്കെതിരായ ആക്ഷേപങ്ങളെ ഖണ്ഡിക്കുന്നതിനു് നമ്മെ സഹായിക്കുകയും ചെയ്യുന്നുണ്ടു്. മാത്രമല്ല ദൈവവിജ്ഞാനീയത്തിലെ സിദ്ധാന്തങ്ങൾ വ്യക്തമാക്കുന്നതിനുതകുന്ന സംജ്ഞകളോ പ്രമേയവാക്യങ്ങളോ തത്ത്വശാസ്ത്രത്തിൽ നമുക്കു് കണ്ടെത്താവുന്നതുമത്രേ. ഉദാഹരണമായി സാരാംശവും (essence) അസ്തിത്വവും (existence) വ്യതിരിക്തങ്ങളാണെന്നുള്ള താത്വിക സിദ്ധാന്തം, ക്രിസ്തുവിലെ അദ്വൈതമായ ഏകതയും (unique oneness) പരിമിതവും അപരിമിതവുമായ സാരാംശ

ങ്ങൾ തമ്മിലുള്ള വ്യത്യാസവും വിശദീകരിക്കുവാൻ ഒരു ദൈവവൈജ്ഞാനികനെ ഇതു് സഹായിക്കുന്നുണ്ടു്. അതുപോലെതന്നെ അരിസ്റ്റോട്ടിലിയൻ ദർശനത്തിലെ സത്തയും (substance) സഹജ ഗുണങ്ങളായ ആഗന്തുകങ്ങളും (accidents) തമ്മിലുള്ള വ്യതിരിക്തത, കർബാനയിൽ അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരവും രക്തവുമായി, ക്രിസ്തുവായി മാറുന്ന സത്താപരിവർത്തനം (Transubstantiation) എന്ന രഹസ്യത്തെ വിശദമാക്കുവാൻ പോരുന്നതാണു്. സ്വഭാവം (nature), വ്യക്തി (Person), മുഖ്യകാരണം (Principal cause) ഉപകരണ കാരണം (Instrumental cause), പ്രവൃത്തി (act), ശീലം (habit) എന്നിത്യാദി പ്രതിഭാസങ്ങളെ കുറിച്ചുള്ള ദാർശനിക വ്യാഖ്യാനങ്ങൾ നമ്മുടെ ധാർമ്മിക ദൈവവിജ്ഞാനീയത്തിലെ (moral theology) സുപ്രധാന സംഗതികളുടെ ഗ്രഹണത്തിന്നു് എത്രമാത്രം സഹായകമാണെന്നു് നമുക്കറിയാമല്ലൊ.

സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായ യവന ദാർശനികരുടേയും ഇതര വിജാതീയ തത്ത്വമീമാംസകരുടേയും നേതൃത്വത്തിൽ മുളയെടുത്തു് വളർന്ന തത്ത്വശാസ്ത്രം ആത്മാവിൻെറ അമൂർത്ത സ്വഭാവം, ദൈവത്തിൻെറ അസ്തിത്വം മുതലായ മൗലിക സത്യങ്ങൾ സ്ഥാപിച്ചു് സ്ഥിരീകരിച്ചുകൊണ്ടു് വിശ്വാസത്തിന്നു് വഴി തെളിക്കുന്നു. ഈ ശാസ്ത്രത്തിന്നു് ദൈവാവിഷ്കൃതങ്ങളായ പ്രത്യേക സത്യങ്ങൾ തെളിയിക്കുവാൻ സാധിക്കുകയില്ലെങ്കിലും അവ ബുദ്ധിക്കും യുക്തിക്കും ഒട്ടും വിരുദ്ധമല്ലെന്നു് കാണിക്കുവാൻ സാധിക്കുന്നുണ്ടു്. തത്ത്വശാസ്ത്രത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും സത്യങ്ങൾ പരസ്പരം സ്പർശിക്കുമ്പോൾ, ആവശ്യം ഉദിക്കുന്നെങ്കിൽ, വിശ്വാസത്തിൻെറ കൂടുതൽ ഉന്നതവും കൂടുതൽ സുനിശ്ചിതവുമായ സത്യങ്ങൾകൊണ്ടു് തത്ത്വശാസ്ത്രജ്ഞൻ തൻെറ നിഗമനങ്ങൾ തിരുത്തേണ്ടതാണു്. ''ദൈവശാസ്ത്രത്തിൽ അവാസ്തവമായിട്ടുള്ളതു് തത്ത്വശാസ്ത്രത്തിൽ വാസ്തവമായിരിക്കുവാൻ സാദ്ധ്യമല്ല'' എന്ന

 തു് സാൎത്ഥകമായ ഒരു സ്കോളാസ്റ്റിക്ക് ആപ്തവാക്യമാണു്. ദൈവത്താൽ ഉദ്ദീപ്തമായ മനുഷ്യന്റെ ബുദ്ധി ദൈവിക സത്യത്തിലേക്കും വിശ്വാസത്തിലേക്കും അവനെ നയിക്കുന്നതുകൊണ്ടു്, സ്വാഭാവിക ബുദ്ധിയുടെ വെളിച്ചത്തിൽ പ്രവൎത്തിക്കുകയും വിജ്ഞാനാന്വേഷണം നടത്തുകയും ചെയ്യുന്ന തത്വശാസ്ത്രം ഇതരശാസ്ത്രങ്ങളെപ്പോലെ, പ്രകാരാന്തരേണ ദൈവവിജ്ഞാനീയത്തെ സഹായിക്കുന്നുവെന്നു് നിസ്സംശയം പറയാവുന്നതത്രേ. ഇക്കാരണത്താലാണു് തത്വശാസ്ത്രം'' ദൈവവിജ്ഞാനീയത്തിന്റെ ദാസി''–Ancilla Theologiae–Handmaid of Theology എന്നു് വിളിക്കപ്പെടുന്നതു്.

ദൈവശാസ്ത്രത്തിനും തത്വശാസ്ത്രത്തിനും തമ്മിൽ നിയതമായ ഒരു ബന്ധമുണ്ടെന്നു് പറയാറുള്ളതിന്റെ കാരണം ഈ രണ്ടു ശാസ്ത്രങ്ങളിലുമുള്ള ദൈവത്തിന്റെ സ്ഥാനമത്രേ. സത്യവാനും സത്യവാദിയുമായ (true and truthful) ദൈവം വിശ്വാസത്തിന്റെ ഒരു പൂൎവ്വഭാവനയാണു്. ഈ ദൈവം മാനുഷിക മനസ്സിനു് സ്വീകാര്യമായതും വിശ്വാസം സ്വീകരിച്ചിട്ടുള്ളതുമായ സത്യങ്ങളുടെ സ്വാഭാവിക ഗുണത്തിന്റെ ഉറവിടമാണു്. ഈ ബോദ്ധ്യത്തിൽനിന്നത്രേ തത്വശാസ്ത്രത്തിന്റെ സത്യങ്ങളും വിചാരങ്ങളും അധിഷ്ഠിതമായിരിക്കുന്നതും. മദ്ധ്യശതകങ്ങളിൽ ഈ രണ്ടു വിജ്ഞാനീയ പ്രസ്ഥാനങ്ങൾ തമ്മിലുള്ള പരസ്പരബന്ധം ഓരോന്നിന്റെയും അഭിവൃദ്ധിക്കും പുരോഗമനത്തിനും കാരണമായിത്തീൎന്നു. പ്രത്യേകിച്ച് സ്കോളാസ്റ്റിക്ക് ചിന്തയുടെ വിവിധ രൂപങ്ങളിൽ. അടുത്ത കാലത്തു് പുതിയ ദൈവവിജ്ഞാനീയ ചിന്താഗതികളും രീതികളും പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും, റോമൻ കത്തോലിക്ക ദൈവവിജ്ഞാനീയത്തിനു് മദ്ധ്യശതക ദൈവശാസ്ത്രത്തിന്റെ ചൈതന്യം അതിന്റെ രൂപത്തിലും ഉള്ളടക്കത്തിലും തുടൎന്നു പോകുന്നതിനുള്ള പ്രവണതയും ഉദ്ദേശ്യവും ഇപ്പോഴും ഉണ്ടെന്നുതന്നെ പറയാം.

എങ്കിലും ഒരു സംഗതി നാം പ്രത്യേകം ഓത്തിരിക്കണം. അരിസ്റ്റോട്ടിലിയൻ ദർശനത്തെ വിശുദ്ധ തോമസ് അകപീനാസും സ്കൊളാസ്റ്റിക്കുകളും ക്രൈസ്തവദൈവവിജ്ഞാനീയത്തോട് ബന്ധിച്ച് അതിൽ പ്രയുക്തമാക്കിയതുമൂലം പ്രസ്തുത ദർശനത്തിൻെറ സ്വാധീനത്തിലാണ് പാശ്ചാത്യദൈവശാസ്ത്രം കഴിഞ്ഞ നൂററാണ്ടുകളിലൂടെ വികസിച്ചിട്ടുള്ളതു്. പക്ഷെ നമ്മുടെ ദൈവവിജ്ഞാനീയം ഏതെങ്കിലും ഒരു പ്രത്യേക ദർശനത്തോട് അവശ്യം നിബദ്ധമായിരിക്കണമെന്നില്ല. വസ്തുനിഷ്ഠമായ ദൈവാവിഷ്കരണത്തിലും പ്രസ്തുത ആവിഷ്കരണം മനുഷ്യരാശിക്ക് പകർന്നുകൊടുക്കുന്നതിനുവേണ്ടി ദൈവമായ ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടെന്നും ഈ സഭയ്ക്ക് പ്രമാദരഹിതമായ അദ്ധ്യാപനാധികാരം നല്കിയിട്ടുണ്ടെന്നുമുള്ള സത്യങ്ങളിലുമാണ് കത്തോലിക്കാ ക്രൈസ്തവദൈവവിജ്ഞാനീയം അധിഷ്ഠിതമായിരിക്കുന്നതു്. അതുകൊണ്ട് വികലമായ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ദാർശനികശാസ്ത്രത്തോട് പൊരുത്തപ്പെട്ടു കഴിയുവാൻ നമ്മുടെ ദൈവശാസ്ത്രത്തിന് ഒട്ടുംതന്നെ സാദ്ധ്യമല്ല എന്നേയുള്ളു.

# 9

# തത്ത്വശാസ്ത്രവും ദൈവശാസ്ത്രജ്ഞരും

തത്ത്വശാസ്ത്രം ദൈവശാസ്ത്രത്തിന്റെ ദാസിയായി ഇന്നു് പരിഗണിക്കപ്പെടുന്നുണ്ടെങ്കിലും ക്രിസ്തുമതത്തിന്റെ ആരംഭദശയിൽ പല ദൈവശാസ്ത്രപണ്ഡിതന്മാരും ഇതിനെ അത്ര സ്വാഗതംചെയ്തിരുന്നില്ല. കാരണം അതിന്റെ പേഗൻ നിറവും മണവുമായിരുന്നു. നമ്മുടെ പുതിയനിയമത്തിൽത്തന്നെ തത്ത്വശാസ്ത്രം ഒരു പ്രാവശ്യമേ പരാമർശിക്കപ്പെടുന്നുള്ളു. അതും നിഷിദ്ധമായ അർത്ഥത്തിലാണുതാനും. ശ്ലീഹന്മാരിൽവച്ചു് ഏററവും വലിയ പണ്ഡിതനായിരുന്ന വി. പൗലോസ് കൊളോസ്സുസുകാർക്കുള്ള തന്റെ ലേഖനത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. ''മിശിഹായോടു് യോജിക്കാത്തതും പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങൾക്കും മാനുഷികപാരമ്പര്യത്തിനും മാത്രം ചേർന്നതുമായ വ്യർത്ഥപ്രലോഭനത്തിനും തത്ത്വശാസ്ത്രത്തിനും ആരും നിങ്ങളെ ഇരയാക്കാതിരിക്കാൻ ശ്രദ്ധിക്കണം'' (കൊളോ. ii:8) ഇരണേവൂസ് (c. 125–c. 202)[a] തെർത്തുല്യൻ (c. 150–230)[b] മുതലായ സഭാപിതാക്കന്മാരും, ടാസിയൻ (c. 120–c. 172)[c] ഹെർമിയാസ് (മൂന്നാം ശതാബ്ദം)[d] തുടങ്ങിയ വിശ്വാസസംരക്ഷകരും (Apologists) തത്ത്വശാസ്ത്രത്തെ ശത്രുമായി പരിഗണിച്ചിരുന്നു. അന്തിയോക്കിയായിലെ

---

(a) "Ad. Haer." ii, 14, 2, PG, vii, 750; ii, 25, 5; ii, 14. 5.
(b) "Praeser." 7, PL, ii 19.
(c) Discourse to the Greeks.
(d) Mockery of the Pagan Philosophers.

തിയോഫിലസ് (രണ്ടാം ശതാബ്ദം) ഇതിനെ കുററപ്പെടുത്തുന്നതോടൊപ്പം അല്പം സ്തുതിക്കുകയും ചെയ്യുന്നുണ്ട്. ബേസിൽ (330–379) പൊതുവായി തത്ത്വശാസ്ത്രത്തോടുള്ള തൻെറ അനിഷ്ടം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ജസ്റ്റിൻ (c. 100–165) ഓരിജെൻ (232–254) മുതലായ ചില ദൈവശാസ്ത്രപണ്ഡിതന്മാർ ക്രിസ്തുവിജ്ഞാനീയത്തിന്ന് അനുകൂലമായ ചില ആശയങ്ങൾ അതിൽ കണ്ടെത്തുന്നുണ്ട്.

1200–ാമാണ്ടോടുകൂടി അരിസ്റ്റോട്ടിലിൻെറ ഐന്ദ്രികവും (physical) അതീന്ദ്രിയവുമായ (metaphysical) വിഷയങ്ങളെ ആസ്പദിച്ചുള്ള കൃതികളുടെ വിവൎത്തനങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയെങ്കിലും ഇവയ്ക്കെതിരായി സഭയിൽ ശബ്ദം ഉയൎന്നു. മൂന്നാം ഇന്നെസെൻറ് മാപ്പാപ്പായുടെ (1198–1216) ആജ്ഞയനുസരിച്ച് പേപ്പൽ പ്രതിനിധിയായിരുന്ന കാർഡിനൽ റോബെർട്ട് (Robert of Bourcon) അരിസ്റ്റോട്ടിലിൻെറ പ്രസ്തുത കൃതികളുടെ ഉപയോഗം 1215–ൽ നിരോധിച്ചു[a]. ഈ ഡിക്രി ഒൻപതാം ഗ്രിഗറി മാപ്പാപ്പാ (1227–1241) ലഘൂകരിച്ചു. ഒടുവിൽ അഞ്ചാം ഉർബൻ മാപ്പാപ്പാ (1362–1370) പ്രസ്തുത ഡിക്രി പ്രായോഗികമായി അസാധുവാക്കി. ഇതോടുകൂടി അരിസ്റ്റോട്ടിലിൻെറ തത്ത്വശാസ്ത്രം പാശ്ചാത്യരാജ്യങ്ങളിൽ പ്രത്യേകം ശ്രദ്ധാർഹമായിത്തീൎന്നു, നമ്മുടെ ദൈവവിജ്ഞാനീയത്തോട് ബന്ധപ്പെടുകയുംചെയ്തു. ഫ്രാൻസീസ്കൻ സഭാംഗമായ ഹേയിൽസിലെ അലക്സാണ്ടർ (1185–1245)–ഇദ്ദേഹമാണ് മദ്ധ്യശതകങ്ങളിൽ തിരുസ്സഭയാൽ അംഗീകൃതമായി വികസിച്ച് "സ്കൊളാസ്റ്റിസിസം" എന്ന നാമത്തിൽ പ്രസിദ്ധമായിത്തീൎന്ന കത്തോലിക്കാ ദൈവശാസ്ത്രത്തിൻെറയും തത്ത്വശാസ്ത്രത്തിൻെറയും നിഷ്കൃഷ്ടാൎത്ഥത്തിലുള്ള സ്ഥാപകൻ–അരിസ്റ്റോട്ടിലിൻെറ താത്ത്വികസിദ്ധാന്തങ്ങൾ അനുസരിച്ച് അഗസ്റ്റിൻ, ആൻസെലം, വി. വിക്ടറിൻെറ ഹ്യൂഗോ എന്നിവരുടെ ദൈവവൈജ്ഞാനികചിന്തകൾ

(a) Fleury xxvii, 39.

വിസ്തൃതമായി വിശദീകരിക്കുന്നുണ്ട്. മഹാനായ വിശുദ്ധ ആൽബെർട്ട് (1206–1280) വിശുദ്ധ തോമസ് അക്വീനാസ് (1225–1274), ഡൺസ് സ്കോട്ടസ് (1256–1308) എന്നിവർ ദൈവശാസ്ത്രപരമായി ചില കാര്യങ്ങളിൽ വ്യത്യസ്ത അഭിപ്രായമുള്ളവരായിരുന്നെങ്കിലും ഇവരെല്ലാവരുംതന്നെ അരിസ്റ്റോട്ടിലിയന്മാരായിരുന്നു. ഇവർ വിശ്വാസസംബദ്ധമായ കാര്യങ്ങളിൽ തിരുസ്സഭയുടെ തീരുമാനങ്ങൾ പരമോന്നതമായി പരിഗണിച്ചിരുന്നെങ്കിലും മാനുഷിക ധിക്ഷണയുടെ വലിയ പ്രതിനിധിയായി അരിസ്റ്റോട്ടിലിനെയാണ് സ്വീകരിച്ചിരുന്നത്. ആധുനിക തത്ത്വശാസ്ത്രത്തിൻെറ പിതാവ് എന്നുപോലും വിളിക്കപ്പെടാവുന്ന ഡെക്കാർട്ടിൻെറ (Rene Descartes, 1596–1617) കാലംവരെ അരിസ്റ്റോട്ടീലിയൻ തത്ത്വശാസ്ത്രത്തിനു് തിരുസ്സഭയിൽ ഗണനീയമായ ഒരു സ്ഥാനമുണ്ടായിരുന്നു. സ്വാരെസ്സിനെപ്പോലുള്ള (Suarez 1548–1617) ഈശോസഭാംഗങ്ങളായ ദൈവശാസ്ത്രജ്ഞന്മാർ, വിശുദ്ധ തോമസ് അകവീനാസിനും ഡൺസ് സ്കോട്ടസിനും മദ്ധ്യേ ചിന്തിച്ചിരുന്നെങ്കിലും, തത്ത്വശാസ്ത്രീയകാര്യത്തിൽ അരിസ്റ്റോട്ടിലിൻെറ അനുഗാമികളായിരുന്നു എന്നതു് പ്രത്യേകം പ്രസ്താവ്യമാണ്. ഡെക്കാർട്ടിനുശേഷം കത്തോലിക്കാ ദൈവവൈജ്ഞാനികരുടെ ഇടയിൽ സ്കൊളാസ്റ്റിക്ക് തത്ത്വശാസ്ത്രത്തിനു് കുറെ അധഃപതനം സംഭവിച്ചു. എന്നിരുന്നാലും, ''തൊമിസ്റ്റിക്ക്'' എന്നും വിളിക്കപ്പെട്ടിരുന്ന പ്രസ്തുത തത്ത്വശാസ്ത്രം 19–ാം ശതാബ്ദത്തിൻെറ മദ്ധ്യത്തോടുകൂടി തിരുസ്സഭയിൽ പുനരുജ്ജീവനം പ്രാപിച്ചു. അതിനുള്ള പ്രധാനകാരണം സ്കൊളാസ്റ്റിക്ക തത്ത്വശാസ്ത്രവും പില്കാലസഭയുടെ സൈദ്ധാന്തികമായ അദ്ധ്യവസാനങ്ങളിൽ അവർ ഉപയോഗിച്ചിരുന്ന ഭാഷയും തമ്മിൽ ദൃഢമായ ഒരു ബന്ധവും ചേർച്ചയും ഉണ്ടായിരുന്നുവെന്നുള്ളതാണ്. മാത്രമല്ല പ്രസ്തുത ദർശനം സ്വീകരിക്കുന്നതിൽ കത്തോലിക്കാ സിദ്ധാന്തങ്ങൾക്ക് നിർണ്ണീതമായ ഭദ്രതയും വ്യക്തമായ സുരക്ഷിതത്ത്വവും അനുഭവപ്പെടുകയും ചെയ്തിരുന്നു. ''അഭിനവ സ്കൊളാസ്റ്റിക്ക''

കളുടെ കൃതികളിൽ ഏററവും പ്രസിദ്ധമായിത്തീൎന്നതു് ലിബെരത്തോരെ (Liberatore 1810–1892). സാൻസെവരീനോ (Sanseverino 1811–1865) എന്നിവരുടേതാണു്. ഇവരേക്കാറം കൂടുതൽ പ്രശസ്തനായിത്തീർന്ന ക്ലെവ്റററ്ജെൻ (Kleutgen 1811–1883) വിശുദ്ധ തോമസ് അകചീനാസിൻെറ ദാൾനികതത്ത്വങ്ങളെ ആദരിച്ചുകൊണ്ടു് സുദീർഘമായി എഴുതിയിട്ടുണ്ടു്. ഈ പണ്ഡിതവിശുദ്ധൻെറ തത്ത്വശാസ്ത്രം പതിമൂന്നാം ലിയോ മാപ്പാപ്പാ "Aeterni Patris" എന്ന വിശ്വലേഖനത്തിലൂടെ അംഗീകരിക്കുക മാത്രമല്ല അതു് സെമ്മിനാരികളിൽ പഠിപ്പിക്കുന്നതിനു് നിർബന്ധിക്കുകകൂടി ചെയ്തു. ഇദ്ദേഹത്തിൻെറ അഭിപ്രായമനുസരിച്ചു് ദൈവവിജ്ഞാനീയത്തിൽ തത്ത്വശാസ്ത്രത്തിനു് ത്രിവിധ കൎത്തവ്യങ്ങളാണു് നിർവ്വഹിക്കുവാനുള്ളതു്. (1) വിശ്വാസത്തിനു് കളമൊരുക്കുക. (2) ദൈവശാസ്ത്രത്തിനു് യഥാൎത്ഥ ശാസ്ത്രത്തിൻെറ ഭാവരൂപങ്ങറം നൽകുക. (3) വിശ്വാസത്തെ ആദരിച്ചു് സംരക്ഷിക്കുക. വിശ്വാസാദരണസംരക്ഷണകാര്യത്തിൽ തത്ത്വശാസ്ത്രത്തിനുള്ള സ്ഥാനത്തെക്കുറിച്ചു്, അലക്സാണ്ഡ്രിയായിലെ ക്ലെമൻറിൻെറ (c. 150–c. 215) വാക്കുകറം ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ പറയുന്നു. ''ഗ്രീക്കു് തത്ത്വചിന്തയുടെ സഹായം സത്യത്തെ ശക്തമാക്കുന്നില്ല; എന്നാൽ അതു് എപ്രകാരം ന്യായാഭാസവാദികളുടെ (sophists) എതിർവാദങ്ങളെ ദുർബലമാക്കുകയും സത്യത്തിനെതിരായ ആക്രമണങ്ങളെ തട്ടിത്തകൎക്കുകയും ചെയ്യുന്നുവോ തദനുസരണം അതു് മുന്തിരിച്ചെടിയുടെ (വിശ്വാസത്തിൻെറ) പ്രാകാരവും ആവരണവുമെന്നു് ശരിയായും വിളിക്കപ്പെടുന്നു. സഭാശത്രുക്കറം തങ്ങളുടെ എതിർവാദങ്ങറം തത്ത്വശാസ്ത്രത്തിൽനിന്നാണു് കടമെടുക്കുന്നതു്. എങ്കിൽ, ദൈവികപഠനത്തിൻെറ കാവൽഭടന്മാരും തങ്ങളിൽ അൎപ്പിതമായ ആവിഷ്കൃതസത്യങ്ങളെ ഉയൎത്തിക്കാണിക്കുവാൻ, സംരക്ഷിക്കുവാൻ തത്ത്വശാസ്ത്രത്തെത്തന്നെ ഉപയോഗപ്പെടുത്തണം''[a].

---

(a) Clement of Alexandria, Stromata 1, 20

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകളും ഇവിടെ ഉദ്ധാര്യമാണ്. ''ആകയാൽ, ഒരൊററ ക്രിസ്ത്യാനിയും, അയാരം ദൈവശാസ്ത്രജ്ഞനോ തത്ത്വചിന്തകനോ ആയിരിക്കട്ടെ, പുതുമയുടെ പരിവേഷമണിഞ്ഞു് അനുദിനം പ്രത്യക്ഷപ്പെടുന്ന എന്തിനേയും ആശ്ലേഷിക്കാതിരിക്കട്ടെ. പ്രത്യുത, ജാഗ്രതാപൂർണ്ണമായ ശ്രദ്ധയോടും വിവേചനപൂരിതമായ വിധിയോടുംകൂടി അതിനെ പരിശോധിച്ചുനോക്കണം. അല്ലാത്തപക്ഷം, അയാരം, ഇതഃപര്യന്തം വിശ്വസിച്ചിരുന്ന സത്യത്തെ കളഞ്ഞുകുളിക്കുകയോ, വിഷലിപ്തമാക്കുകയോ ചെയ്യുമെന്നു മാത്രമല്ല സ്വവിശ്വാസത്തിന് വലുതായ അപകടവും നാശവും വരുത്തിവെയ്ക്കുകയും ചെയ്യും''(a)

ദൈവശാസ്ത്രപഠനത്തെ സഹായിക്കുന്ന സുസ്ഥമായ തത്ത്വശാസ്ത്രപഠനത്തിന്റെ ആവശ്യകതയെക്കുറിച്ചു് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതും പ്രത്യേകം സ്മരണീയമാണ്. ''തത്ത്വശാസ്ത്രജ്ഞന്മാരുടെ വിജ്ഞാനംകൊണ്ടും അവരം (സഭ) ഇതിനെ (ക്രിസ്തുവിന്റെ സന്ദേശത്തെ) വ്യക്തമാക്കുവാൻ ശ്രമിക്കുന്നുണ്ടു്.... ഇപ്രകാരം ആവിഷ്കൃതസത്യങ്ങരം ആഴമായി അറിയുവാനും നന്നായി ഗ്രഹിക്കുവാനും കൂടുതൽ യുക്തമായരീതിയിൽ അവതരിപ്പിക്കുവാനും നമുക്കു് കഴിയും.''(b) ''മനുഷ്യനേയും ലോകത്തേയും ദൈവത്തേയുംകുറിച്ചു് അഗാധവും സമഗ്രവുമായ അറിവു് സമ്പാദിക്കുവാൻ പ്രാപ്തരാകത്തക്കവിധത്തിൽ വിദ്യാർത്ഥികരംക്കു് തത്ത്വശാസ്ത്രജ്ഞാനം പ്രദാനംചെയ്യണം. ''ശാശ്വത തത്ത്വശാസ്ത്ര (perenial philosophy) സമ്പത്തിൽ അവർ ഉറച്ചുനില്ക്കേണ്ടതാണ്.... വിവിധ തത്ത്വശാസ്ത്രസംഹിതകളുടെ അടിസ്ഥാനതത്ത്വങ്ങരം ഗ്രഹിക്കുവാൻ തക്കവിധം വിദ്യാർത്ഥികളെ തത്ത്വശാസ്ത്രചരിത്രം പഠിപ്പിക്കണം. തദ്വാരാ അവയിൽ സത്യമായിട്ടുള്ളതു് സ്വീകരിക്കുവാനും അബദ്ധസിദ്ധാന്തങ്ങളുടെ അടിയൊഴുക്കുകളെ ആരാ

---

(a) Humani generis 1950
(b) സഭ ആധുനികലോകത്തിൽ n. 44.

ഞ്ഞറിയുവാനും യുക്തിപൂർവ്വം ഖണ്ഡിക്കുവാനും അവർ പ്രാപ്തരാക്കുകയും വേണം.... വിശ്വാസത്തിൻെറ ദിവ്യ പ്രകാശത്തിൽ ദൈവശാസ്ത്രം വിശകലനംചെയ്യുന്ന രക്ഷ ണീയരഹസ്യങ്ങളും തത്ത്വശാസ്ത്രവിഷയങ്ങളും തമ്മിലു ള്ള ബന്ധം ദർശിക്കുവാൻ വിദ്യാർത്ഥികളെ സഹായിച്ചേ മതിയാകൂ''(a).

ദൈവവിജ്ഞാനീയവും മറെറതൊരു പ്രകൃത്യനു സൃതശാസ്ത്രവും, ഓരോന്നിൻെറയും മണ്ഡലത്തിൽ വ്യാ പരിക്കുകയാണെങ്കിൽ ഇവ തമ്മിൽ യാതൊരു പരസ്പര വൈരുദ്ധ്യവും ഉണ്ടാകയില്ല. തത്ത്വശാസ്ത്രത്തിനു് വി ശ്വാസത്തിൻെറ മാനദണ്ഡമായിരിക്കുവാൻ സാദ്ധ്യമല്ല. കാരണം മനുഷ്യബുദ്ധി ദൈവികാവിഷ്കരണത്തിനു് വിധേയമായിരിക്കേണ്ടതാണു്. വിശ്വാസമത്രേ പ്രമാദ രഹിതമായ മാർഗ്ഗദർശി. തത്ത്വശാസ്ത്രത്തിനു് മാനുഷിക സത്യങ്ങളുടെ മണ്ഡലത്തിൽപോലും അബദ്ധം സംഭവി ക്കാവുന്നതാണു്. ദൈവികരഹസ്യങ്ങളിൽ വ്യാപരിക്കു മ്പോൾ ഇതിനുള്ള സാദ്ധ്യത കൂടുതലത്രേ. വിശുദ്ധ പ ത്താം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ പ്രകൃതത്തിൽ പ്രത്യേകം ഉദ്ധാര്യമാണു്. 'ദൈവവിജ്ഞാനീയം ക്രി സ്ത്യാനികളെ അവരുടെ വിശ്വാസത്തിൽ ഉറപ്പിക്കുന്നു. കത്തോലിക്ക സഭ വിശ്വസിക്കുകയും പരസ്യമായി അനുവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളെപ്പററി ഒരൊ ററ കത്തോലിക്കനും, അവ സത്യമല്ല എന്നപോലെ വാ ഗ്വാദം നടത്തുകയില്ല. ഒരേ വിശ്വാസത്തെ എപ്പോഴും ആലിംഗനം ചെയ്തും സ്നേഹിച്ചുകൊണ്ടു് അവയ്ക്കനുസൃത മായി ജീവിച്ചു് ആവിന്നിടത്തോളം വിനയാന്വിതനാ യി. അവൻ അവയുടെ കാരണങ്ങളെ അന്വേഷിക്കുന്നു. അവനു് അവയെ ഗ്രഹിക്കുവാൻ കഴിയുന്നെങ്കിൽ ദൈ വത്തിനു് കൃതജ്ഞത പ്രകടിപ്പിക്കട്ടെ. അതിനു് അവ അശക്തനാണെങ്കിൽ, അതൃപ്തനാകാതെ ദൈവസന്നിധി യിൽ ബഹുമാനപുരസ്സരം ശിരസ്സ് നമിക്കട്ടെ.''(b)

---

(a) വൈദികപരിശീലനം n. 15.

(b) Dictionary of the Bible.

# 10

# തത്ത്വശാസ്ത്രശാഖകൾ

ദൈവവിജ്ഞാനീയത്തിൻെറ സേവികയായ തത്ത്വശാസ്ത്രത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇതിൻെറ വിവിധ ശാഖകളും നമ്മുടെ പഠനത്തിൽ ഉൾപ്പെടുത്തുന്നതു് ആവശ്യകവും ഉപകാരപ്രദവുമായി തോന്നുന്നു. യുക്തിശാസ്ത്രം (logic), അതിഭൗതികശാസ്ത്രം (metaphysics), നൈതികശാസ്ത്രം (ethics) എന്നിവയും ചില പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് പ്രകൃത്യനുസൃതമായ ദൈവശാസ്ത്രവും (theodicy) തത്ത്വശാസ്ത്രത്തിൻെറ ശാഖകളായി പരിഗണിക്കപ്പെടുന്നുണ്ട്.

## A. യുക്തിശാസ്ത്രം (Logic)

യുക്തിശാസ്ത്രം വിജ്ഞാനത്തിൻെറ അടിസ്ഥാന തത്ത്വങ്ങളേയും ആശയങ്ങളുടെ ഇടയ്ക്കുള്ള അനുക്രമത്തേയും കുറിച്ച് പ്രതിപാദിക്കുന്നു. ഈ ന്യായദർശനം അഥവാ ഹേതുശാസ്ത്രം യുക്തിയുക്തമായി ചിന്തിക്കുന്നതിനു് നമ്മെ സഹായിക്കുന്നതുകൊണ്ടു് തത്ത്വശാസ്ത്രത്തിൻെറ തന്നെ ആധാരിക ശാഖയാണു്. ഇതിൽ ഒരു വ്യതിരേകം ദൃശ്യമാണു്. ഇതു് formal, material എന്നീ യുക്തിശാസ്ത്രങ്ങൾ തമ്മിലുള്ളതത്രേ. ബാഹ്യമണ്ഡലങ്ങളിൽനിന്നു് ലഭ്യമാകുന്ന സാധനവസ്തുക്കളുടെ യഥാർത്ഥത സ്വീകൃതമായി പരിഗണിക്കുകയും, പ്രസ്തുത വസ്തുതകളുടെ വിനിയോഗവും വികസനവും വ്യവസ്ഥപ്പെടുകയും ചെയ്യുന്ന മനസ്സിൻെറ വ്യാപാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതാണു് formal logic അഥവാ വ്യവഹാരാനുരൂപമായ യുക്തിശാസ്ത്രം. നമുക്കു് ലഭിച്ചിട്ടുള്ള സാ

ധനവസ്തുതകളുടെ യഥാർത്ഥതയെ സുനിശ്ചിതമാക്കുന്ന വ്യാപാരങ്ങളേയും അവ വെളിപ്പെടുത്തുന്ന ബാഹ്യയാഥാർത്ഥ്യങ്ങളോടുള്ള അവയുടെ അനുരൂപതയേയും കുറിച്ച് പ്രതിപാദിക്കുന്നതാണ് material logic അഥവാ ഭൂതാത്മകമായ യുക്തിശാസ്ത്രം. ഈ വ്യതിരേകം കണക്കിലെടുത്ത്, യുക്തിശാസ്ത്രത്തിൻെറ സ്ഥാപകനായ അരിസ്റ്റോട്ടിലിനോട് യോജിച്ചുകൊണ്ട് വിശുദ്ധ തോമസ് അക്വീനാസ് ഇതിനെ ഖണ്ഡിതമായ വിചിന്തനത്തിൻെറ ശാസ്ത്രവും കലയുമാണെന്ന് ഇങ്ങനെ നിർവചിക്കുന്നു. ''യുക്തിശാസ്ത്രം പ്രമാദമോ കുഴപ്പമോ വൈഷമ്യമോ കൂടാതെ സത്യത്തെ ആരായുന്നതിൽ പുരോഗമിക്കുന്നതിനു് മനുഷ്യനെ കഴിവുള്ളവനാക്കുന്ന ബുദ്ധിയുടെ പ്രവർത്തനത്തിൻെറ ശാസ്ത്രവും കലയുമാണ്.'' ദൈവവിജ്ഞാനീയം, ആവിഷ്കൃതസത്യങ്ങളുടെ സംവിധാനത്തിനും വിശദീകരണത്തിനും യുക്തിശാസ്ത്രത്തിൻെറ നിയമങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. അതിമാത്രം ഉപകാരപ്രദമായ ഈ തത്ത്വശാസ്ത്രശാഖയിലെ ഒരു പ്രധാന ഘടകമാണ് "syllogism" എന്ന ഇംഗ്ലീഷിൽ പറയപ്പെടുന്ന ത്രിപാദന്യായം. ഇതിനു് മുഖ്യോപക്ഷേപം (major), അവരോപക്ഷേപം (minor), നിഗമനം (conclusion) എന്നിങ്ങനെ മൂന്നു പാദങ്ങളുണ്ട്. ഉദാഹരണമായി,

എല്ലാമനുഷ്യരും ബുദ്ധിജീവികളാണ്,
ജോസഫ് ഒരു മനുഷ്യനാണ്,
അതുകൊണ്ട് ജോസഫ് ഒരു ബുദ്ധിജീവിയാണ്.

ഏതാദൃശമായ ത്രിപാദന്യായങ്ങളിലൂടെ നമ്മുടെ ദൈവശാസ്ത്രത്തിലെ പല സിദ്ധാന്തങ്ങളും യുക്തിപൂർവ്വം നമുക്ക് സ്ഥിരീകരിക്കാവുന്നതത്രേ. യുക്തിശാസ്ത്രവും, വിജ്ഞാനത്തിൻെറ ആധാരത്തേയും വിന്യാസത്തേയും കുറെ ഉന്നതമായി സ്പർശിക്കുന്ന ജ്ഞാനമീമാംസയും (epistemology) അനന്യമായി പരിഗണിക്കപ്പെടാമെന്നും, യുക്തിശാസ്ത്രം അതിൻെറ വ്യാപകമായ വ്യവസ്ഥയിൽ, ജീവസത്ത്വശാസ്ത്ര (ontology) ത്തിൽനിന്നോ അതീ

ന്ദ്രിയാത്മജ്ഞാനവിദ്യയിൽനിന്നോ (metaphysics) അത്ര വിഭിന്നമല്ലെന്നുപോലും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. മാനസിക പ്രക്രിയകളിലെ ഉള്ളടക്കങ്ങളുടെ വ്യക്തതയും ക്രമവും സമ്പാദിച്ച് അവയെ സുരക്ഷിതമാക്കുന്നതിനുവേണ്ടി മാത്രം പ്രസ്തുത ഉള്ളടക്കങ്ങളുടെ സത്യത്തെക്കുറിച്ചുള്ള വിന്യാസങ്ങളെ പഠനവിഷയമാക്കുന്ന യുക്തിശാസ്ത്രത്തിന് ദാർശനികശാസ്ത്രത്തിൽ മാത്രമല്ല ദൈവവിജ്ഞാനീയത്തിലുമുള്ള ആധാരികമായ പ്രാധാന്യം ഒരിക്കലും അവഗണിക്കാൻ പാടുള്ളതല്ല.

## B. അതിബൗദ്ധികശാസ്ത്രം (Metaphysics)

അതീന്ദ്രിയാത്മജ്ഞാനവിദ്യ, ആന്വീക്ഷികശാസ്ത്രം എന്നൊക്കെ സംജ്ഞാതമായ ഈ ദർശനവിഭാഗം, പ്രപഞ്ചാതീതവും ആത്മതത്ത്വസംബദ്ധവുമായ അതീന്ദ്രിയശാസ്ത്രമാണ്. സ്ഥൂലവസ്തുക്കളേയും അനാത്മിക സംഗതികളേയും (physical things) കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ പ്രതിപാദനത്തിനുശേഷം അദ്ദേഹം രചിച്ച കൃതികൾക്ക്, അവ പ്രസാധനം ചെയ്ത പ്രസിദ്ധ പണ്ഡിതനായ അന്ത്രോനിക്കുസ് (Andronicus of Phodus – C. 70 B. C.) ആദ്യമായി നൽകിയ നാമമാണ് പ്രപഞ്ചാതീത തത്ത്വശാസ്ത്രം എന്നർത്ഥമുള്ള ''മെററഫിസിക്സ്'' എന്ന പദം. ഇതിന്റെ വാച്യാർത്ഥം സ്ഥൂലവസ്തുക്കൾക്കുശേഷം അഥവാ അവയ്ക്കപ്പുറത്ത് (after or beyond physical things) എന്നാണ്. ഐന്ദ്രികാനുഭവത്തിനപ്പുറത്തുള്ള സത്ത്വത്തെ അഥവാ ഉൺമയെ (being) സംബന്ധിച്ച് പ്രതിപാദിക്കുന്ന ഈ തത്ത്വശാസ്ത്രവിഭാഗം സാർവ്വത്രികം (general) എന്നും പ്രത്യേകം (special) എന്നും രണ്ടായി വിഭജിക്കപ്പെടാറുണ്ട്. ''സാർവ്വത്രികമായതു്, സത്വത്തെ തദീയമായും, ഏകത്വം, സത്യം, നന്മ, സാരാംശങ്ങൾ (substances) ആഗന്തുകങ്ങൾ (accidents), വിശേഷഭാവം (quality) പരിമാണം (quantity), പരസ്പര ബന്ധം, വിവിധ കാരണങ്ങൾ എന്നിവയെക്കുറിച്ചും പ്രതിപാ

ദിക്കുന്നു. ഇതിനെ ചിലർ സത്ത്വമീമാംസ (ontology) എന്നു വിളിക്കാറുണ്ട്. പ്രത്യേകമായതു് ലോകം, മനുഷ്യാത്മാവ് മുതലായവയത്രേ അതിൻെറ പ്രതിപാദന പരിധിയിൽ ഉൾപ്പെടുത്തുന്നതു്. ഈ വിഭാഗീകരണത്തിനനുസൃതമായി ചിന്തിക്കുന്ന പണ്ഡിതന്മാരാണ്, യൗക്തിക മനഃശാസ്ത്രവും, പ്രകൃത്യനുസൃതമായ ദൈവശാസ്ത്രവും അതിബൗദ്ധികശാസ്ത്രത്തിൽ അന്തർഹിതമാണെന്ന് അഭിപ്രായപ്പെടുന്നതു്. മററു ശാസ്ത്രങ്ങൾ വ്യത്യസ്ത വസ്തുക്കളുടെ സ്ഥൂലസ്വഭാവം കണക്കിലെടുക്കുമ്പോൾ ''മെററഫിസിക്സ്'' നിഷ്കർഷമായ നിർണ്ണയങ്ങളിൽനിന്നു് വേർപെട്ട് ഒരു സത്വത്തെ മാത്രം തദീയമായി പരിഗണിക്കുന്നു. അതുകൊണ്ടാണ് അരിസ്റ്റോട്ടിൽ ഇതിനെ ''science of being as being'' എന്നു് നിർവചിച്ചിട്ടുള്ളതു്.

## C. നൈതികശാസ്ത്രം (Ethics or Moral Philosophy)

നൈതികശാസ്ത്രം അഥവാ ആചാരധർമ്മശാസ്ത്രം നമ്മുടെ ദൈവവിജ്ഞാനീയത്തോട് ഗാഢബന്ധമുള്ള ഒരു തത്ത്വശാസ്ത്രശാഖയാണ്. ഇതു് മനുഷ്യൻെറ പ്രകൃത്യനുസൃതമായ ലക്ഷ്യത്തോട് അവനെ ബന്ധപ്പെടുത്തി അവൻെറ വ്യക്തിപരവും സാമൂഹികവുമായ സദാചാരവർത്തനത്തിൻെറ നിയമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ജീവിതസ്പർശിയായ ഒരു പ്രായോഗികശാസ്ത്രമാണ്. മാനുഷികപ്രവൃത്തികളുടെ പ്രകൃത്യനുസൃതമായ ധാർമ്മികതയെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണിതു്. അതായതു് പ്രകൃത്യതീതമായ ആവിഷ്കൃതസത്യത്തിൻെറ വെളിച്ചത്തിലല്ല പ്രത്യുത വെറും മാനുഷിക യുക്തിയുടെ വെളിച്ചത്തിൽ മനുഷ്യൻെറ ധാർമ്മികപ്രവൃത്തികളെ, വ്യക്തിപരമായ പെരുമാററത്തെ ഇതു് പ്രധാനമായി പരിഗണിക്കുന്നു. മനുഷ്യൻെറ യൗക്തിക സ്വഭാവത്തോടും ദൈവത്തിൻെറ പ്രജ്ഞയോടുമുള്ള ബന്ധത്തിൽ മനുഷ്യൻെറ ബോധപൂർവ്വമായ സ്വതന്ത്ര പ്രവൃത്തികളത്രേ

ഈ തത്ത്വശാസ്ത്രവിഭാഗത്തിൽ പ്രതിപാദിക്കപ്പെടുന്നതു്. മനുഷ്യൻെറ ഇച്ഛാശക്തിയുടെ (will) സ്വാതന്ത്ര്യവും, അവൻെറ സ്രഷ്ടാവും അന്ത്യവും സമ്മാനദാതാവുമായ ദൈവത്തിൻെറ അസ്തിത്വവും ഈ ശാസ്ത്രത്തിൻെറ ഏററവും പ്രധാനവും അടിസ്ഥാനപരവുമായ തത്ത്വങ്ങളാണു്. ദൈവമാണു് ധാർമ്മികതയ്ക്കുള്ള ഉറപ്പു്; സ്വതന്ത്രമായ ഇച്ഛാശക്തി കൂടാതെ നല്ലതോ തീയതോ ആയ ഏതെങ്കിലും നൈതികപ്രവൃത്തി ചെയ്യുന്നതിനു് മനുഷ്യനു് സാദ്ധ്യമല്ല, അവനു് ഉത്തരവാദിത്വമുണ്ടായിരിക്കയില്ല; സുകൃതമോ, പാപമോ, സുകൃതയോഗ്യതയോ (merit) ഉണ്ടായിരിക്കയില്ല. നന്മചെയ്യുന്നതിനും തിന്മ പരിവജ്ജിക്കുന്നതിനുമുള്ള മനുഷ്യൻെറ കേവലമായ കടപ്പാടു മാത്രമല്ല അവൻ നല്ല ധാമ്മിക വ്യക്തിയായി ജീവിച്ച് തൻെറ അസ്തിത്വത്തിൻെറ സ്വാഭാവിക ലക്ഷ്യം പ്രാപിക്കുന്നതിനു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ എന്തു് ചെയ്യണമെന്നും ഈ ശാസ്ത്രശാഖ കാണിച്ചുകൊടുക്കുന്നു. അതുകൊണ്ടത്രേ ഇതു് പ്രായോഗികവും സദാചാരനിർദ്ദേശകവുമാണെന്നു് കരുതപ്പെടുന്നതു്. മനുഷ്യൻെറ അനുദിന ജീവിതത്തിൽ സ്വീകരിക്കേണ്ട സ്വാഭാവിക നിയമങ്ങളുടെ സ്ഥിരീകരണവും അവയുടെ പ്രായോഗിക സമാഹരണവുമാണു് ഇതിൻെറ സുപ്രധാന ലക്ഷ്യം. വൈയക്തികമോ, സാമൂഹികമോ, സാമ്പത്തികമോ, രാഷ്ട്രീയമോ, അന്താരാഷ്ട്രീയമോ ആയ സ്വതന്ത്ര മാനുഷിക പ്രവൃത്തികളുടെ പൊതുവായ എല്ലാ വശങ്ങളും നൈതികശാസ്ത്രത്തിൻെറ പരിധിക്കുള്ളിലുണ്ടു്. ഇവയെല്ലാം ധാർമ്മിക നിയമത്താൽ ക്രമവൽക്കരിക്കപ്പെടുകയും സുസ്ഥിരമായ യൗക്തിക പ്രകൃതിയോടും ദൈവത്തിൻെറ വ്യവസ്ഥാപിതമായ ധാർമ്മിക ക്രമത്തോടും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു.

നൈതികശാസ്ത്രം (1) സാർവ്വത്രികം അഥവാ താത്ത്വികം (2) പ്രത്യേകം അഥവാ പ്രയുക്തം എന്നിങ്ങനെ രണ്ടായി വിഭാഗിക്കപ്പെടാറുണ്ടു്. ''സാർവ്വത്രിക'' വിഭാഗം പ്രകൃത്യാനുസൃതമായ യുക്തിയുടെ വെളിച്ച

ത്തിൽ, ധാർമ്മികതയുടെ സ്വഭാവം അതായത് മാനു ഷികപ്രവൃത്തികളിൽ അന്തർഹിതമായിരിക്കുന്ന നന്മയു ടേയോ തിന്മയുടേയോ മാനദണ്ഡം മുതലായവ അന്വേ ഷിച്ച് കണ്ടുപിടിക്കുന്നു. ''പ്രത്യേക'' വിഭാഗമാകട്ടെ മനുഷ്യന്റെ വിവിധ സാഹചര്യങ്ങളേയും വ്യത്യസ്ത സ്ഥിതിവിശേഷങ്ങളേയും കണക്കിലെടുത്തുകൊണ്ട് അ വയോടു അനുദിനപ്രവർത്തനങ്ങളെ സംബന്ധിപ്പിച്ച് അവയുടെ സ്വഭാവം നിശ്ചയിക്കുന്ന തത്ത്വങ്ങളേയും നി യമങ്ങളേയും കുറിച്ച് പ്രത്യേകമായും പ്രായോഗികമായും പ്രതിപാദിക്കുന്നു. വിശുദ്ധ അഗസ്റ്റിന്റെ ചിന്താധാരക ളുടെ സംക്രമണമൂലം മദ്ധ്യശതകങ്ങളിൽ പ്രസിദ്ധമായി ത്തീർന്നനൈതികശാസ്ത്രവുംഅരിസ്റ്റോട്ടീലിയനിസത്തിൽ അധിഷ്ഠിതമായ വിശുദ്ധ തോമസ് അക്വീനാസിന്റെ ധാർമ്മികദർശനവും നമ്മുടെ ദൈവശാസ്ത്രവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രത്യേകം പഠനാർഹമാണ്.

സാർവ്വത്രികവും പ്രത്യേകവുമായ നൈതികശാസ്ത്രവി ഭാഗങ്ങളിൽ സാധാരണയായി പ്രതിപാദിക്കപ്പെടാറുള്ള വിഷയങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. സൃഷ്ടി കർമ്മത്തിലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം, മനുഷ്യസൗഭാ ഗ്യത്തിന്റെ സ്വഭാവം, അതിന്റെ ലക്ഷ്യങ്ങൾ, വസ്തു നിഷ്ഠമായ ധാർമ്മികനന്മ, ധാർമ്മിക നിയമത്തിന്റെ ഉത്ഭവവും സ്വഭാവവും; പ്രകൃത്യാനുസൃതമായ നിയമത്തി ന്റെ സാർവ്വത്രികതയും അചാല്യതയും; മനുഷ്യന്റെ വൈയക്തികമായ അവകാശങ്ങളും കർത്തവ്യങ്ങളും; ദൈ വത്തോടുള്ള മനുഷ്യന്റെ കടമകൾ; മനസ്സിനോടും ശരീ രത്തോടുമുള്ള മനുഷ്യന്റെ അവകാശങ്ങൾ, വിശ്വത്തി ലുള്ള മനുഷ്യന്റെ സ്ഥാനം; മനസ്സിനോടും ശരീരത്തോ ടുമുള്ള അവന്റെ കടമകൾ, ഇതര മനുഷ്യരോടുള്ള കർ ത്തവ്യങ്ങൾ, രാഷ്ട്രം, രാഷ്ട്രത്തിനു പൗരനോടും, പൗരനു രാഷ്ട്രത്തോടുള്ള കടമകൾ, അവകാശങ്ങൾ, നിഷ്ഠുരക നായ സ്വേച്ഛാധിപതിക്കോ തന്റെ ഭരണകൂടത്തിനോ എതിരായി നയിക്കാവുന്ന പ്രക്ഷോഭണത്തിനുള്ള അവ കാശവും അതിനെ ന്യായീകരിക്കാവുന്ന കാരണങ്ങളും

വ്യവസ്ഥകളും; അന്താരാഷ്ട്രീയമായ അവകാശങ്ങളും കടമകളും നിയമങ്ങളും സ്ഥാപരസ്വത്തിന്മേലുള്ള വ്യക്തിപരമായ അവകാശം, അതിൻെറ വിതരണം, കമ്മ്യൂണിസം, സാമൂഹിക പരിഷ്കരണത്തിനുള്ള രാഷ്ട്രത്തിൻെറ കടമ, കുടുംബം, കുടുംബവേതനം, ജീവിതവേതനം, കുടുംബബന്ധങ്ങൾ, ഒരു പൗരൻെറ വിദ്യാഭ്യാസം, പ്രാചീനവും ആധുനികവുമായ അടിമത്തങ്ങൾ, മുതലാളിത്തം, യഥാൎത്ഥ പ്രജായത്തഭരണം, സൎവ്വരാജ്യസംഘടന.

## D. പ്രകൃത്യനുസൃത ദൈവശാസ്ത്രം (Theodicy or Natural Theology)

നമ്മുടെ ദൈവവിജ്ഞാനീയത്തോട്, ഏററവും കൂടുതൽ ബന്ധമുള്ള ഒരു തത്ത്വശാസ്ത്രശാഖയാണ്, ''Theodicy'' അഥവാ ''Natural Theology'' എന്നൊക്കെ ഇംഗ്ലീഷിൽ സുജ്ഞാതമായ പ്രകൃതിദൈവശാസ്ത്രം. ഇതു് ദൈവത്തെക്കുറിച്ചുള്ള തത്ത്വശാസ്ത്രമാണ് (Philosophy of God) ദൈവാവിഷ്കരണത്തിൽ അധിഷ്ഠിതവും വിശ്വാസത്തോട് സംബദ്ധവുമായ പ്രകൃത്യാതീത ദൈവവിജ്ഞാനീയത്തിൽനിന്ന് ഇതു് വ്യതിരിക്തമാണ്. കാരണം, ഇതു് പ്രകൃത്യതീതമായ വിശ്വാസത്താൽ സഹായിക്കപ്പെടാതെ, മനുഷ്യബുദ്ധിയുടെ ശക്തികളെ മാത്രം ആശ്രയിച്ചുകൊണ്ട് ദൈവത്തിൻെറ അസ്തിത്വത്തേയും അവിടുത്തെ ഗുണവിശേഷങ്ങളേയും സംബന്ധിച്ചുള്ള നിഗമനങ്ങളിലേയ്ക്കു് നമ്മെ നയിക്കുന്ന ദർശനപരമായ ഒരന്വേഷണമത്രേ. കത്തോലിക്ക—പ്രോട്ടസ്റ്റൻറ് വിചിന്തനങ്ങൾ തമ്മിൽ സംയോജിപ്പിക്കുന്നതിനു ശ്രമിക്കുകയും ട്രെൻറ് സൂനഹദോസിൻെറ ഡിക്രികൾ പ്രോട്ടസ്റ്റൻറുകാർക്കും സ്വീകാര്യമാണെന്ന് വാദിക്കുകയുംചെയ്ത പ്രസിദ്ധ ജൎമ്മൻ തത്ത്വശാസ്ത്രജ്ഞനായ ലൈനിച്ച് G. W. Leibniz (1646–1716) ദൈവത്തിൻെറ പരിപാലനയിൽ അന്തർഹിതമായിരിക്കുന്ന നന്മയെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരുപന്യാസം 1710–ൽ പ്രസിദ്ധപ്പെടുത്തി. ഇതിലാണ് ''ഥിയോഡിസി''

എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. (a) ലോകത്തിൽ തിന്മ സംഭവിക്കുവാൻ അനുവദിക്കുന്ന ദൈവത്തിനു് എതിരായി ഉയർന്ന വിതണ്ഡാവാദങ്ങളെ ഖണ്ഡിച്ചു് അവിടുത്തെ നന്മയും നീതിയും സർവ്വശക്തിയും വിശദീകരിച്ചു് അവിടുത്തെ പരിപാലനയുടെ വൈശിഷ്ട്യം സ്ഥാപിക്കുന്ന ഒരു ശാസ്ത്രമാണിതു്. മനുഷ്യൻ തൻെറ സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുന്നതുകൊണ്ടാണു് തിന്മയുണ്ടാകുന്നതു്. ദൈവം മനുഷ്യസ്വാതന്ത്ര്യത്തെ നശിപ്പിച്ചു് തിന്മ തടയുന്നില്ല എന്നേയുള്ളു.

അത്യുന്നതവും ദൈവികവുമായ ഒരു വ്യക്തിത്വത്തെക്കുറിച്ചുള്ള പ്രാചീന ദാർശനികരുടെ, പ്രത്യേകിച്ചു് പ്ലേറേറായുടെയും അരിസ്റ്റോട്ടിലിൻെറയും സിദ്ധാന്തീകരണങ്ങൾ പ്രകൃത്യനുസൃതമായ ദൈവവിജ്ഞാനീയത്തിൻെറ ഉദാഹരണങ്ങളായി ഉദ്ധരിക്കപ്പെടാറുണ്ടു്. എന്നാൽ ക്രിസ്തീയ ചിന്തയിൽ ഈ ദർശനവിഭാഗത്തിനുള്ള ഒരാധാരം സുവ്യക്തമായിത്തീർന്നതു് മദ്ധ്യശതകങ്ങളിലാണു്. ആ കാലഘട്ടത്തിലത്രേ, പ്രകൃതിയും പ്രസാദവരവും, സ്വഭാവാതീതമായ സഹായം കൂടാതെ മനുഷ്യനു് ഗ്രഹിക്കാവുന്ന സത്യങ്ങളും ദൈവികാവിഷ്കരണത്തിലൂടെ മാത്രം ഗ്രഹിക്കാവുന്ന സത്യങ്ങളും തമ്മിലുള്ള വിഭിന്നത സുവ്യക്തമായി തീർന്നതു്. ഏററവും കൃത്യമായി പ്രസ്തുത വ്യതിരിക്തത ഉന്നയിച്ചതു് വിശുദ്ധ തോമസ് അക്വീനാസാണു്. സാധാരണ അനുഭവങ്ങളിൽ നിന്നു് സംജാതമാകുന്ന വസ്തുതകളുടെ വെളിച്ചത്തിൽ യുക്തിപൂർവ്വമായ പരിചിന്തനത്തിലൂടെ ദൈവത്തിൻെറ അസ്തിത്വത്തെക്കുറിച്ചുള്ള സുനിശ്ചിതമായ നിഗമനത്തിൽ എത്തിച്ചേരാമെന്നു്, അതു് തെളിയിക്കുവാൻ സാദ്ധ്യമാണെന്നു് ഏററവും ദൃഢമായി അദ്ദേഹം പ്രസ്താവിച്ചു. ഏതാദൃശതെളിവുകൾ തൻെറ പഞ്ചമാർഗ്ഗങ്ങളിൽ കൂടി ഈ പണ്ഡിതസിദ്ധൻ ഉന്നയിച്ചിട്ടുണ്ടു്.(b) സൃഷ്ട

(a) Essais de theodicee sur La conte de Dieu.

(b) Five ways. Th. Aq. st. 1 a, 2, 1-3

വസ്തുക്കളിൽ ദൃശ്യമാകുന്ന(1) ചലനം (motion) (2) കാരണവും കാര്യവും (Cause and effect) (3) ആവശ്യംഭവങ്ങളല്ലാത്തവയുടെ സ്ഥിതി (Contingency)(4) പൂർണ്ണതയുടെ പദവികരം (gradation of perfection) (5) ക്രമസംവിധാനം (order) എന്നീ പ്രതിഭാസങ്ങളിൽ അധിഷ്ഠിതമായിട്ടാണ് അദ്ദേഹം പ്രസ്തുത പഞ്ചന്യായങ്ങരം ഉന്നയിക്കുന്നതു്. ഈ ന്യായമാർഗ്ഗങ്ങളുടെയെല്ലാം അടിസ്ഥാനമായിരിക്കുന്നതു് ഏതൊരു പരിണാമത്തിന്റെയും പിന്നിൽ പ്രവർത്തിക്കുന്ന നിമിത്ത കാരണതപമാണ് (causality) അഥവാ കാര്യകാരണതത്ത്വമാണ്. (1) ചലിക്കുന്ന വസ്തുക്കരംക്കെല്ലാം ആത്യന്തികമായി മററൊന്നിനാലും ചലിപ്പിക്കപ്പെടാത്ത (unmoved mover) ഒരു പ്രഥമ ചലന കർത്താവുണ്ടായിരിക്കണം. ഈ ചലന കർത്താവാണ് ദൈവം. (2) കാരണം (cause) ഇല്ലാതെ കാര്യം (effect) ഉണ്ടാകയില്ല. അതുകൊണ്ടു് എല്ലാ കാരണങ്ങരംക്കും ആത്യന്തികമായി ഒരു കാരണമുണ്ടായിരിക്കണം. പ്രസ്തുത കാരണം കാരണരഹിതമായ കാരണം (uncaused cause) ആയിരിക്കണം. അതാണ് ദൈവം. (3) അസ്തിതപത്തിന് സാദ്ധ്യതയുണ്ടെങ്കിലും അവശ്യം ഉണ്ടായിരിക്കണം എന്ന് പറയുവാൻ വഹിയാത്തവ, അവശ്യംഭവങ്ങളല്ലാത്തവ (contingent) എപ്പോഴും ഒരു യാഥാർത്ഥ്യമെങ്കിൽ ഒരിക്കലും ഒന്നുമില്ലായിരുന്നു എന്നുവരും. അതുകൊണ്ടു് അവശ്യംഭവമായ സ്വയംഭൂവായ ഒന്നിന്റെ അസ്തിത്വം സമ്മതിച്ചേ തീരൂ. അതാണ് ദൈവം. (4) പദാർത്ഥങ്ങളുടെ ഗുണങ്ങളിൽ ഏററക്കുറച്ചിലുള്ളതായി നാം കാണുന്നു. കുറഞ്ഞ ഗുണമുള്ളവ കൂടുതൽ ഗുണമുള്ളവയിൽനിന്നു് സ്വീകരിക്കുന്നു. ഇവയെല്ലാം മറേറതെങ്കിലും ഒന്നിൽനിന്നു് സ്വീകരിക്കാതെ സ്വയം സമ്പൂർണ്ണമായിരിക്കുന്ന ഒരു സത്തത്തിൽനിന്നു് സ്വീകരിക്കുന്നു. അതുകൊ ണ്ടു് സകല പദാർത്ഥങ്ങളുടെയും നന്മയ്ക്കും പരിപൂർണ്ണതയ്ക്കും ആധാരമായ എന്തോ ഒന്നുണ്ടായിരിക്കണം. അതാണ് ദൈവം(5) ബുദ്ധിയില്ലാത്ത പ്രകൃതിവസ്തുക്കരംപോലും ഏതെങ്കിലും ഒരു ലക്ഷ്യത്തെ ലാക്കാക്കി, ഒരു ക്രമസംവിധാനത്തിന

നുസൃതമായി പ്രവർത്തിക്കുന്നതായി നാം കാണുന്നു. അതുകൊണ്ടു യാദൃച്ഛികമായിട്ടല്ല ഉദ്ദിഷ്ടമായിട്ടാണ് ഒരു പരമമായ ബുദ്ധിയുടെ പ്രവർത്തനഫലമായിട്ടാണ് അവ പ്രവർത്തിക്കുന്നത്. ബുദ്ധിരഹിതമായവസ്തു് ലക്ഷ്യംവച്ചു പ്രവർത്തിക്കുക സാദ്ധ്യമല്ലല്ലൊ. ആകയാൽ ഇവയെയെല്ലാം ഇവയുടെ ലക്ഷ്യത്തിലേക്കു നയിക്കുന്ന ബുദ്ധിമാനായ ഒരു സംവിധാതാവുണ്ടു്. അദ്ദേഹമാണ് ദൈവം.

വിജ്ഞാനത്തിന്റെ ഉറവിടം അഥവാ പ്രാരംഭ ഘടകം ബുദ്ധി മാത്രമല്ലാതെ മറെറാന്നുമല്ലെന്നും യുക്തി കൊണ്ടു തെളിയിക്കാവുന്നതുമാത്രമേ വിശ്വസിക്കാനാവൂ എന്നും വിവദിക്കുന്ന യുക്തിവാദത്തിന്റെയും (nationa-lism), ജ്ഞാനത്തിന്റെ ഉദ്ഗമനസ്ഥാനം വിശ്വാസമല്ലാതെ മറെറാന്നുമല്ല, ദൈവാവിഷ്കരണത്തിൽ കൂടിയല്ലാതെ യാതൊന്നും ഗ്രഹിക്കുവാൻ മനുഷ്യനു് സാദ്ധ്യമല്ല എന്നൊക്കെ ശഠിക്കുന്ന വിശ്വാസസർവ്വവാദത്തിന്റെയും (fideism) അബദ്ധങ്ങളിൽനിന്നു് നമ്മെ സംരക്ഷിച്ചുകൊണ്ടു്, ദൈവാസ്തിത്വം ഗ്രഹിക്കുന്നതിനു് മനുഷ്യമനസ്സിനു് സാദ്ധ്യമാണെന്നു് ഒന്നാം വത്തിക്കാൻ സൂനഹദോസു് (1869–1870) പ്രഖ്യാപിച്ചിട്ടുമുണ്ടു്(a). എന്നിരുന്നാലും ഒരാധുനിക പ്രോട്ടസ്റ്റൻറ് ദൈവശാസ്ത്രജ്ഞനായ കാറം ബാർത്തും (1886–1968) മററും, തിരുസ്സഭയുടെ സ്വീകൃതമായ അദ്ധ്യാപനത്തിനെതിരായി ശബ്ദം ഉയർത്തിക്കൊണ്ടു്, മനുഷ്യനു് അവന്റെ ദുഷ്ടതമൂലം തന്റെ സ്വാഭാവിക ശക്തികൾകൊണ്ടു് ദൈവത്തെ അറിയുവാൻ ഒട്ടും സാധിക്കുകയില്ല, ക്രിസ്തുവിലൂടെ ലഭിച്ചിട്ടുള്ള ആവിഷ്ക്കരണം വഴിയായി മാത്രമേ അവിടുത്തെ അറിയുവാൻ സാധിക്കുകയുള്ളു എന്നു വാദിക്കുന്നു. ഈ കാര്യം നമ്മുടെ ‘‘അഭിനവ’’പണ്ഡിതന്മാരും ദൈവവിജ്ഞാനീയ പഠിതാക്കളും പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്.

---

(a) D. 3026.

മനുഷ്യയുക്തിയിൽ അധിഷ്ഠിതമായി ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കുന്നതിന് സാദ്ധ്യമാണെന്നിരുന്നാലും പ്രസാദവരത്തിൻെറ അഭാവത്തിൽ പ്രസ്തുത ജ്ഞാനത്തിനുവേണ്ടി മനുഷ്യൻ അനുഭവിക്കുന്ന പ്രയാസങ്ങരം അത്ര വിരളമല്ല. ഈ സംഗതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ''ഹ്യൂമാനി ജേനെരിസ്'' (1950) എന്ന തൻെറ വിശ്വലേഖനത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുകൊണ്ട് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കുന്നതിൽ ബുദ്ധിപ്രയോഗത്തിനുള്ള മൂല്യം ഒട്ടും കുറയുന്നില്ല എന്ന വസ്തുത നാം വിസ്മരിക്കരുത്. പ്രശസ്ത ദൈവവൈജ്ഞാനികനായ ഷാൻ ഡനിയേലു അഭിപ്രായപ്പെടുന്നതുപോലെ ബുദ്ധിശക്തിയെ സംശയിക്കുകയോ അതിനെ നിരാകരിക്കുകയോ ചെയ്യുന്ന മതത്തോളം ആപൽക്കരമായി മറെറാന്നുമില്ലതന്നെ.

ചുരുക്കത്തിൽ, പ്രാപഞ്ചികസത്തകളുടെ അസ്തിത്വത്തിൽനിന്ന് അപരിമിതസത്തയായ ദൈവത്തിലേക്കുള്ള പര്യന്വേഷണപരമായ ഒരു പ്രയത്നമാണ് പ്രകൃത്യനുസൃതമായ ദൈവവിജ്ഞാനീയം. ഇതു് പ്രപഞ്ചത്തിൽനിന്നു് സംലബ്ധമാകുന്ന യാഥാർത്ഥ്യങ്ങളുടെ കാര്യകാരണങ്ങരം അപഗ്രഥനംചെയ്തു് ഒടുവിൽ സച്ചരാചരങ്ങളുടേയും അസ്തിത്വത്തിൻെറ ആധാരികകാരണമായ ദൈവത്തിലേയ്ക്കു നമ്മെ ആനയിക്കുന്നതുകൊണ്ട് ''ഥിയോഡിസി'' നമ്മുടെ ദൈവശാസ്ത്രപഠനത്തെ എത്രമാത്രം സഹായിക്കുന്നുണ്ടെന്നു് നമുക്കു മനസ്സിലാക്കാവുന്നതാണു്. ഈ തത്ത്വശാസ്ത്രശാഖ ആരംഭിക്കുന്നതു് മനുഷ്യനിൽനിന്നാണു്, നമ്മുടെ ദൈവവിജ്ഞാനീയമാകട്ടെ ദൈവത്തിൽനിന്നാണു്, അവിടുത്തെ ആവിഷ്കരണത്തിലുള്ള വിശ്വാസത്തിൽനിന്നാണു് ആരംഭിക്കുന്നതു്. വിശ്വാസം പ്രകൃത്യനുസൃതവും പ്രകൃത്യതീതവുമായ വിജ്ഞാനീയങ്ങളെ പരസ്പരം ബന്ധിക്കുന്ന ഒരു സുവർണ്ണശൃംഖലയത്രേ.

# 11

# ദൈവവിജ്ഞാനീയ വിഭാഗീകരണം

സുസ്ഥമായ തത്ത്വശാസ്ത്രശാഖകളുടെ ദാസികാദസേവനം സ്വീകരിച്ച് വികസിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ദൈവവിജ്ഞാനീയം, മാർപ്പാപ്പായുടെ പരമാധികാരത്തിനു വിധേയമായി ഭൂമുഖത്തു വർത്തിക്കുന്ന കത്തോലിക്കാസഭയുടെ വിവിധ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം സാരാംശത്തിൽ ഏകമാണ്, അനന്യമാണ്. കാരണം തിരുസ്സഭ വിവിധ റീത്തുകളോടുകൂടിയ ഒരു സമൂഹമാണെങ്കിലും അവളുടെ ദൈവവിജ്ഞാനീയത്തിന്റെയെല്ലാം ഉറവിടമായ ക്രിസ്തുവിൽനിന്നു് പഠിച്ചിട്ടുള്ള സനാതനസത്യങ്ങളും തത്ത്വങ്ങളും ഒരിക്കലും അവൾ ഉപേക്ഷിച്ചിട്ടില്ല, അവയിൽ ഒന്നുപോലും വ്യത്യസ്തമായി പഠിപ്പിക്കുവാൻ അവൾക്കു സാദ്ധ്യവുമല്ല. എന്നിരുന്നാലും പൗരസ്ത്യദേശമായ പലസ്തീനായിൽ ജന്മമെടുത്തു് പാശ്ചാത്യദേശങ്ങളിലേക്കും വ്യാപിച്ച ക്രിസ്തുവിന്റെ സഭ, കാലാന്തരത്തിൽ സംഭവിച്ച രാഷ്ട്രീയ വിഭജനത്തിനനുസൃതമായി, പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വ്യതിരിക്തമായി പരിഗണിക്കപ്പെട്ടുതുടങ്ങി. പ്രസ്തുത പരിഗണനയനുസരിച്ച് പാശ്ചാത്യസഭാവിഭാഗത്തിൽ വളൎന്ന ദൈവവിജ്ഞാനീയത്തെ പാശ്ചാത്യം (Western) എന്നും പൗരസ്ത്യസഭാവിഭാഗത്തിൽ വികസിച്ചതിനെ പൗരസ്ത്യം (Oriental or Eastern) എന്നും നമ്മുടെ സഭാപണ്ഡിതന്മാർ വിവേചനോപേതമായി വിഭാഗിക്കാറുണ്ടു്. വിഭിന്നതയല്ല പ്രത്യുത ഊന്നലുകളിലുള്ള പ്രത്യേകതയാണു് ഈ ദൈവശാസ്ത്രവിഭാഗീകരണത്തിൽ നാം ദർശിക്കുന്നതും ദർശിക്കേണ്ടതും എന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണു്.

ക്രിസ്തുവിൻെറ സഭ സ്ഥാപിതമായതു് പൗരസ്ത്യനാടായ പലസ്തീനയിലാണു്. അതിൻെറ ദൃശ്യതലവനായി നിയമിതനായ വിശുദ്ധ പത്രോസ് ഓർശ്ലേമിൽ ആരംഭിച്ച പ്രേഷിതപ്രവൎത്തനം തുടർന്നു് സിറിയായിലെ റോമൻ തലസ്ഥാനമായിരുന്ന അന്തിയോക്കിയായിൽ വന്നു് അവിടെ തൻെറ ഒരു അപ്പസ്തോലികാഗ്രാസനം സ്ഥാപിച്ചു. അനന്തരം 42—ാമാണ്ടിൽ അദ്ദേഹം റോമൻ സാമ്രാജ്യത്തിൻെറ തലസ്ഥാനമായിരുന്ന റോമാനഗരത്തിൽ വന്നു. അവിടെ തൻെറ പരമാധികാര സിംഹാസനം ഉറപ്പിച്ചു്, അതിനെ തിരുസ്സഭയുടെ ഭരണകേന്ദ്രമാക്കിക്കൊണ്ടു് സഭാസേവനം നിർവ്വഹിച്ചുപോന്നു. അതിനിടയ്ക്കു് വിശുദ്ധനാടായ പാലസ്തീനായിലേയ്ക്കു് പ്രേഷിതജോലികൾവേണ്ടി പോകുകയും 51—ാം വത്സരത്തിൽ ഓർശ്ലേമിൽ സമ്മേളിച്ച ഒരു സൂനഹദോസിൽ ആദ്ധ്യക്ഷംവഹിക്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം വീണ്ടും റോമായിലേയ്ക്കു വരുകയും അവിടെവച്ചു് റോമൻ ചക്രവൎത്തിയായിരുന്ന നീറോയുടെ കാലത്തു് 67—ാമാണ്ടിൽ, രക്തസാക്ഷിയായി മരിക്കുകയുംചെയ്തു. വിശുദ്ധ പത്രോസിൻെറ അനന്തരഗാമികളായ മാർപ്പാപ്പാമാർ തിരുസഭയെ ഭരിച്ചു തുടങ്ങിയതോടെ അവരം പാശ്ചാത്യരാജ്യങ്ങളിലേയ്ക്കും വ്യാപിച്ചു വളൎന്നു. ഡയോക്ലീഷ്യൻ റോമൻ ചക്രവർത്തിയായിരുന്ന കാലത്തു് (284—305) സ്ഥാപിതമായ ചതുർത്ഥാംശാധിപത്യത്തോടുകൂടി (Tetrarchy) തൻെറ സാമ്രാജ്യം പാശ്ചാത്യം പൗരസ്ത്യം എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു. എന്നാൽ പ്രസ്തുത വിഭജനം പൂർവ്വാധികം സുദൃഢമായിതീർന്നതു് റോമൻ ചക്രവൎത്തിയായിരുന്ന തെയൊഡോഷ്യസ് പ്രഥമൻെറ മരണശേഷം 395—ൽ അദ്ദേഹത്തിൻെറ മകനായ അർക്കാഡിയൂസ് സാമ്രാജ്യത്തിലെ പൗരസ്ത്യഭാഗത്തിൻെറയും തൻെറ അനുജനായി ഹൊണോരിയൂസ് പാശ്ചാത്യഭാഗത്തിൻെറയും അധിപന്മാരായി അവരോധിക്കപ്പെട്ടതോടുകൂടിയാണു്. ഈ വിഭജനത്തിൻെറ അതിരു് ഇററലിയും ഗ്രീസും തമ്മിൽ വേർതിരിക്കുന്ന ഒന്നായിരുന്നു. (More precisely along

the Sava, Drina and Zeta rivers down to the city of Budva and to the Adriatic Sea.)

പ്രസ്തുത അതിർത്തിരേഖയ്ക്ക് പടിഞ്ഞാറുള്ള ദേശങ്ങളെല്ലാം ലത്തീൻ അഥവാ പാശ്ചാത്യസഭയിലും അതിന് കിഴക്കുള്ളവയെല്ലാം പൗരസ്ത്യസഭയിലും ഉൾപ്പെട്ടതായി പരിഗണിക്കപ്പെട്ടു തുടങ്ങി. പ്രാചീന സഭയിൽ ഉണ്ടായിരുന്ന റോമാ, അലക്സാൺട്രിയാ, അന്തിയോക്കിയ (Antioc) എന്നീ പാത്രിയാക്കീസാധിപത്യങ്ങൾ (Patriarchates) കൂടാതെ കോൺസ്റ്റാൻറിനോപ്പിൾ, ഓർശ്ലേം (Jerusalem) എന്നീ പാത്രിയാക്കീസാധിപത്യങ്ങളും പിന്നീട് സ്ഥാപിതമായി. റോമാ ഒഴിച്ചുള്ള മററു നാലു സഭാധിപത്യസ്ഥാപനങ്ങളും പൗരസ്ത്യസഭയിൽ പെട്ടവയാണ്. പൗരസ്ത്യമായ സഭാവിഭാഗങ്ങളും റീത്തുകളുമെല്ലാം മേല്പറഞ്ഞ പൗരസ്ത്യസഭാധിപത്യസ്ഥാനങ്ങളിൽനിന്നു് വളർന്നുവന്നിട്ടുള്ളവയത്രേ. കൂടാതെ റോമൻ സാമ്രാജ്യത്തിന് പുറത്ത് പെഷ്യായിലും ആർമീനിയായിലുമുള്ള സഭകളും ഈ സഭാ വിഭാഗങ്ങളിൽ ഉൾപ്പെടുന്നുണ്ട്. ഇന്നു് പൗരസ്ത്യസഭയേക്കാൾ വളരെയധികം അംഗസംഖ്യയുള്ളതു് പാശ്ചാത്യസഭയ്ക്കാണ്. 78,23,80,000 അംഗങ്ങൾ പാശ്ചാത്യസഭയ്ക്കുള്ളപ്പോൾ 1,20,00,000 ഓളം അംഗങ്ങളേ പൗരസ്ത്യസഭയ്ക്കുള്ളു. ലോകത്തിലെ ആകെ ജനസംഖ്യ 79,43,80,000 ആണ്.

മുൻപ് പറഞ്ഞിട്ടുള്ളതുപോലെ തിരുസഭയിലെ വിഭാഗീകരണത്തിനനുസൃതമായി, പാശ്ചാത്യവും പൗരസ്ത്യവുമായ ദേശീയ കുടുംബങ്ങളിലെ വിശ്വാസികളുടെ ഭാഷ, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, ദൈവശാസ്ത്രജ്ഞന്മാരുടെ ചിന്താധാരകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് പ്രത്യേകമായ ആശയാനുരൂപണങ്ങളോടും ഊന്നലുകളോടുംകൂടി പാശ്ചാത്യം, പൗരസ്ത്യം എന്നീ ദൈവവിജ്ഞാനീയങ്ങളും ആവിർഭവിച്ചു. പക്ഷെ സാർവ്വത്രികകത്തോലിക്കദൈവവിജ്ഞാനീയത്തിൽനിന്നു് സാരാംശപരമായി ഇവ ഒട്ടുംതന്നെ വിഭിന്നമല്ല. കാരണം നമ്മുടെ ദൈവവിജ്ഞാനീയത്തിലെ ആധാരിക സിദ്ധാ

ന്തങ്ങളെല്ലാം വിവിധ കാലഘട്ടങ്ങൾക്കും, ദേശങ്ങൾക്കും സംസ്കാരങ്ങൾക്കും അതീതമാണ്. സാരാംശപരമായി ഏകമായ ഈ ദൈവശാസ്ത്രം പാശ്ചാത്യരും പൗരസ്ത്യരുമായ ദൈവശാസ്ത്രജ്ഞന്മാരുടെ ചിന്താധാരകളിലൂടെയാണ് വളൻ വികസിച്ചിട്ടുള്ളതു്. അതുകൊണ്ടത്രേ തിരുസഭ ഇവരുടെ സേവനങ്ങളെ അഭിനന്ദിച്ചുകൊണ്ടിരിക്കുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതുപോലെ ''തിരുസഭ ........ തന്റെ മക്കളെ ദൈവിക വചസ്സുകൾകൊണ്ടു് പരിപോഷിപ്പിക്കുവാൻ .... ആഗ്രഹിക്കുന്നു. അതേ കാരണത്താൽതന്നെയാണ് പാശ്ചാത്യരും പൗരസ്ത്യരുമായ വിശുദ്ധ പിതാക്കന്മാരുടെ കൃതികളേയും പൂജ്യമായ ആരാധനക്രമത്തേയും പഠിച്ചറിയുവാൻ സഭ എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നതു്'' (ദൈവാവിഷ്കരണം n. 23). ''സഭയിൽ ഉണ്ടാകാമെന്നു് പറഞ്ഞ ആ നാനാത്ഥം ദൈവശാസ്ത്രപഠനങ്ങളെ പ്രകാശിപ്പിക്കുന്നതിലുള്ള വൈവിധ്യത്തിലും ഉണ്ടായിരിക്കാവുന്നതാണ്. ആവിഷ്കരണത്തെ സംബന്ധിച്ചുള്ള പഠനങ്ങളിൽ കിഴക്കും പടിഞ്ഞാറും അവലംബിക്കുന്ന മാർഗ്ഗങ്ങൾ വ്യത്യസ്തങ്ങളാണ്. ദൈവത്തെ സംബന്ധിച്ച സത്യത്തിന്റെ അറിവിലും അതിന്റെ ഏററുപറച്ചിലിലും അവർ വിവിധ പന്ഥാക്കളിലൂടെ തന്നെയാണ് മുന്നേറിയതു്. ചിലപ്പോൾ ഒരു പാരമ്പര്യം മറെറാന്നിനെ അപേക്ഷിച്ച് ആവിഷ്കൃതരഹസ്യങ്ങളിലെ ചില വശങ്ങൾ കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാൻ സഹായിച്ചെന്നുവരാം. അല്ലെങ്കിൽ കൂടുതൽ കാര്യക്ഷമമായ വിധത്തിൽ അതിനെ അവതരിപ്പിച്ചിട്ടുണ്ടെന്നുവരാം, അതിലത്ഭുതത്തിനവകാശമില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ വൈവിധ്യമാൻ ഈ ദൈവശാസ്ത്രാവതരണങ്ങളെ പരസ്പരവിരുദ്ധങ്ങളായി ചിത്രീകരിക്കാതെ മിക്കപ്പോഴും പരസ്പരപൂരകങ്ങളായി കണക്കാക്കണം .... അവർ (പൗരസ്ത്യസഭാസന്താനങ്ങൾ) പാശ്ചാത്യപാരമ്പര്യത്തെ പിൻചെല്ലുന്ന അവരുടെ സഹോദരങ്ങളുമായി പൂണ്ണമായ ഐക്യത്തിലാണ് വത്തിക്കുന്നതു്'' (എക്യുമെനിസം n. 17).

# 12

# പാശ്ചാത്യദൈവവിജ്ഞാനീയം

## (Western Theology)

പാശ്ചാത്യ ദൈവവിജ്ഞാനീയം, ചില വൈദാന്തികാശയങ്ങളിലും സിദ്ധാന്തങ്ങളിലുമുള്ള പാശ്ചാത്യ സഭാവിഭാഗത്തിന്റെ പ്രത്യേക ഊന്നലുകളോടുകൂടിയ (emphasis) കത്തോലിക്ക ക്രൈസ്തവ ദൈവവിജ്ഞാനീയംതന്നെയാണ്. ദിവ്യാവിഷ്കരണത്തിന്റെ ആധാരമായി സ്വീകരിക്കപ്പെട്ടിട്ടുള്ള ദത്തതത്ത്വങ്ങളിൽ നിന്ന് (data) ആരംഭിച്ച്, നിയമവും ബുദ്ധിയുടെ യത്നവും പ്രത്യേകം ഉപയോഗിച്ച് വികസിച്ചിട്ടുള്ള ദൈവിക സംഗതികളുടെ ഒരു ശാസ്ത്രമാണിത്. ഈ ദൈവശാസ്ത്രം ദൈവത്തേയും മനുഷ്യന് അവിടുത്തോടുള്ള ബന്ധത്തേയും കുറിച്ച് കൂടുതൽ വിശിഷ്ടമായ സാങ്കേതികജ്ഞാനം സമ്പാദിക്കുന്നതിന് ശ്രമിക്കുന്നു എന്നേയുള്ളു. പ്രസ്തുത ഉദ്ദേശ്യം സാധിക്കുന്നതിനുവേണ്ടി, ചില സംഗതികളിലുള്ള യൗക്തികമായ സമാനത അഥവാ അനുരൂപത, പരിമിതവും (finite) അപരിമിതവും (infinite) ആയവ തമ്മിലുള്ള അനുപാതം (proportionality) അഥവാ സംയോജനബന്ധം എന്നിവ പാശ്ചാത്യ ദൈവവിജ്ഞാനീയം പ്രത്യേകം ഉപയോഗിക്കുന്നുണ്ട്. മാനുഷിക ബുദ്ധിയുടെ പരിമിതികളെ (limitations) കുറിച്ചുള്ള ബോദ്ധ്യത്തോടുകൂടിയാണെങ്കിലും, അപരിമിതമായവ ഗ്രഹിക്കുന്നതിനുവേണ്ടി സൃഷ്ടമായ പരിപൂർണ്ണതകളുടെ നിർമ്മാണാത്മകമായ ഉപയോഗം ഇതു് തിരഞ്ഞെടുക്കുന്നു. കാരണം ഇവയുടെ കർത്താവും ഹേതുഭൂതനുമായ ദൈവത്തെത്തന്നെ ഇവ പ്രതിഫലിപ്പിക്കു

ന്നുണ്ട്. പ്രകൃത്യനുസൃത സത്യവും ദിവ്യാവിഷ്കരണവും തമ്മിൽ യാതൊരു പരസ്പര വൈരുദ്ധ്യവും ഇല്ലെന്നുള്ളത് പാശ്ചാത്യ ദൈവശാസ്ത്രത്തിലെ ഒരടിസ്ഥാന തത്വമാണ്. മേല്പറഞ്ഞവ തമ്മിലുള്ള പൊരുത്തത്തെക്കുറിച്ച്, സ്കൊളാസ്റ്റിക്ക് ദൈവവിജ്ഞാനീയത്തിന്റെ പിതാവ് എന്നു സാധാരണമായി വിളിക്കപ്പെടുന്ന പാശ്ചാത്യ വേദപാരംഗതനായ വിശുദ്ധ ആൻസെലവും (St· Anselm of Canterbury C. 1033–1109) വേറൊരു പ്രശസ്ത പാശ്ചാത്യ വേദപാരംഗതനായ വിശുദ്ധ തോമസ് അക്വീനാസും (1225–1274) പ്രസ്തുത തത്വത്തെ പരാമർശിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പതിമൂന്നാം ശതാബ്ദത്തിൽ സംഭവിച്ച സ്കൊളാസ്റ്റിസിസത്തിന്റെ വളർച്ചയോടുകൂടി ദൈവവിജ്ഞാനീയത്തിലെ പാശ്ചാത്യാഭിമുഖ്യം ക്രിസ്തുവിജ്ഞാനീയത്തിലേക്ക് (Christology), ദൈവവും മനുഷ്യനുമായ ക്രിസ്തുവിൽ കേന്ദ്രീകൃതമായ ദൈവശാസ്ത്രത്തിലേക്ക് തിരിഞ്ഞു. ക്രിസ്തു, തന്റെ മൗതികശരീരമായ തിരുസഭയുടെ കേന്ദ്രവും സമ്പൂർണ്ണമായ വൃത്തപരിധി (total circumference) യുമായി പ്രത്യേകം പ്രതിപാദിക്കപ്പെട്ടുതുടങ്ങി. മേല്പറഞ്ഞ പാശ്ചാത്യകേന്ദ്രീകരണമനുസരിച്ച്, വർത്തമാനവും ഭാവിയും തമ്മിലുള്ള സംഘർഷം തിരുസഭയ്ക്ക് നന്നായി അനുഭവവേദ്യമാകുന്നുണ്ടെങ്കിലും അവളുടെ സുപ്രധാന താല്പര്യം ഭാവിസംബദ്ധമായ വർത്തമാനത്തിലാണ്

[illegible]ശ്ചാത്യ ദൈവവിജ്ഞാനീയത്തിൽ —
[illegible]രീതിയ[illegible]പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. വിവിധ തത്വദർശനങ്ങളെ ആധാരമാക്കി വിശ്വാസസത്യങ്ങൾക്ക് ബൗദ്ധികമായ വിശദീകരണങ്ങൾ നൽകിക്കൊണ്ട് ആവിർഭവിച്ച പ്രസ്തുത പ്രതിപാദനസരണികൾ പുതിയ സത്യങ്ങൾ ഒന്നുംതന്നെ അവതരിപ്പിക്കുന്നില്ല. പ്രത്യുത [illegible] ആവിഷ്കൃതസത്യങ്ങളേയോ അവയിൽനിന്ന് നിഗ്ഗമിക്കുന്ന സിദ്ധാന്തങ്ങളേയോ ഇവ കൂടുതൽ വ്യക്തമാക്കുക മാത്രമാണ് ചെയ്യുന്നത്. അഭിപ്രായാന്തരങ്ങ

ളോടുകൂടിയ പ്രസ്തുത ചിന്താസരണികളിൽ പ്രത്യേകം പഠനാർഹമാണ് ''അഗസ്റ്റിനിസം'', ''സ്കൊളാസ്റ്റിസിസം'', ''തോമിസം'', ''സ്കോട്ടിസം'', ''മൊളീനിസം'', ''കൊൺഗ്രൂയിസം'', ''സിൻക്രെററിസം'' എന്നിവ.

## A. അഗസ്റ്റിനിസം

വിവിധ ചിന്താസരണികളുടെ വ്യാഖ്യാനങ്ങളിൽ നിന്ന് ലഭിച്ച വികസനത്തിനനുസൃതമായി, തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും വളർന്നുവന്ന വിശുദ്ധ അഗസ്റ്റിൻെറ (354–430) പ്രത്യേക ചൈതന്യവും പ്രവണതയും ഉൾക്കൊള്ളുന്ന ഒരു വൈജ്ഞാനിക പദ്ധതിയാണ് ''അഗസ്റ്റിനിസം'' അഥവാ ''അഗസ്റ്റിനിയനിസം''. ഹിപ്പോയുടെ മെത്രാനായിരുന്ന വിശുദ്ധ അഗസ്റ്റിൻ സാർവ്വത്രികസഭയുടെ പ്രശസ്തനായ ഒരു പിതാവും (Father of the Church) പാശ്ചാത്യസഭാവിഭാഗത്തിൽ പ്രത്യേകിച്ച് ഏററവുംവലിയ സ്വാധീനശക്തി ചെലുത്തിയിരുന്ന പ്രഗൽഭനായ ഒരു ദൈവശാസ്ത്രജ്ഞനുമായിരുന്നു. ഇദ്ദേഹം പ്രസാദവരത്തിൻെറ വേദപാരംഗതൻ ''(Doctor of grace) എന്നു വിളിക്കപ്പെടുന്നു. ആദ്യം മാണിക്കേയൻ ഭൗതികവാദബദ്ധമായ അബദ്ധങ്ങൾ സ്വീകരിച്ചുവെങ്കിലും പിന്നീട് അവയെല്ലാം പരിത്യജിച്ച് ഒരു വലിയ ദൈവ[illegible]റിയും തിരുസഭാപ്രബോധനങ്ങളുടെ അവരോധകനുമായിത്തീർന്ന [illegible] ഹിഷൻ സഭയുടെ സൂനഹ[illegible]ളും സുപ്രധാനമായ ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ഇന്നും ഇദ്ദേഹത്തിൻെറ ദൈവവൈജ്ഞാനിക ചിന്തകൾ തിരുസഭയുടെ അദ്ധ്യാപനാധികാരത്തെ സഹായിച്ചുകൊണ്ടാണിരിക്കുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖകളിൽ ഉദ്ധരിക്കപ്പെടുന്ന സഭാപിതാക്കന്മാരുടേയും വേദപാരംഗതരുടേയും ഗണത്തിൽ ഏററവും അധികമായി പ്രത്യക്ഷപ്പെടുന്നതു് വിശുദ്ധ

അഗസ്റ്റിനാണ്. തിരുസഭയെ സംബന്ധിച്ച കൊൺസ്റ്റിററ്യൂഷനിൽതന്നെ ഇരുപത്തിയഞ്ച് പ്രാവശ്യത്തോളം ഈ സഭാപിതാവിൻെറ ആശയങ്ങൾ ഉദ്ധരിക്കപ്പെട്ടുണ്ട്.[a]

'Confessions' എന്ന തൻെറ സ്വയംകൃതചരിത്രത്തിലൂടെ ലോകപ്രസിദ്ധനായിതീർന്ന ഈ പണ്ഡിത വിശുദ്ധൻ നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ പ്രത്യേകം ശ്രദ്ധേയമാണ് നമ്മുടെ വിശ്വാസ സിദ്ധാന്തങ്ങളുടെ വ്യാഖ്യാനമായ ''വിശ്വാസവും വിശ്വാസപ്രമാണവും'' – "Faith and the Creed"–, പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പ്രതിപാദനമായ ''ത്രിത്വം''– "The Trinity"–, സ്വാർത്ഥസ്നേഹത്താൽ രൂപവൽകൃതവും, ദൈവനിന്ദനത്തോളം എത്തുന്നതുമായ മാനുഷികസമൂഹവും, സ്വയം നിന്ദനത്തിലേക്കു നമ്മെ നയിക്കുന്ന ദൈവസ്നേഹത്താൽ രൂപവൽകൃതമായ ദൈവികജനസമൂഹവും തമ്മിലുള്ള അന്തരങ്ങൾ വിവരിച്ചുകൊണ്ട്, അനാഗത (pagan) മതത്തിൻെറ വൈകല്യവും ക്രിസ്തുമതത്തിൻെറ വൈശിഷ്ട്യവും വ്യക്തമാക്കുന്ന ''ദൈവത്തിൻെറ നഗരം'' – "City of God" എന്നിത്യാദി കൃതികൾ. ''ദൈവത്തിൻെറ നഗരം'' തത്വശാസ്ത്രം, സത്യമതസമർത്ഥനം, ധാർമ്മികത, വേദസത്യവ്യാഖ്യാനം എന്നിവ ഉൾക്കൊള്ളുന്നവയെങ്കിലും, ''മണിക്കേയിസം'' ''ഡൊനാററിസം'' ''പെലജിയാനിസം'' എന്നീ വി[illegible]കൃതികളിലാണ് ക്രിസ്തീയസിദ്ധാന്തങ്ങളുടെ പ്രതിപാദനം അധികമായി നാം കാണുന്നത്. ഇവ കൂടാതെ നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള വിശുദ്ധ അഗസ്റ്റിൻ 240 ദൈവശാസ്ത്രപ്രധാനമായ കത്തുകളുടെയും 500–ലധികം ദൈവാലയ പ്രസംഗങ്ങളുടെയും കർത്താവുമാണ്. ''അനവരതമായ നിലനില്പിൻെറ ദാനം''

---

a) R. P. Russel; Encyclopedic Dictionary of Religion.

"The Gift of Perseverance", ''വിശുദ്ധരുടെ അഗ്രിമനിർണ്ണയം''— "Pre destination of the saints" എന്നീ കൃതികളിൽ പ്രസാദവരത്തിന്റെ സൗജന്യദാനസ്വഭാവവും വിശ്വാസത്തിന്റെ ആരംഭവും പ്രത്യേകം ഇദ്ദേഹം പ്രതിപാദിക്കുന്നുണ്ട്.

പ്രമാണയുക്തമായ അഗസ്റ്റിനിസം, വിശ്വാസത്താൽ ഉദ്ദീപ്തമായ ബുദ്ധികൊണ്ട് പ്രത്യേകിച്ച് അഭിനവ പ്ലേറ്റോണിസത്തിന്റെ (Neo-Platonism) ദാർശനിക തത്ത്വങ്ങളുടേയും രീതികളുടേയും സഹായത്തോടുകൂടി, ആവിഷ്കൃതസത്യങ്ങൾ ക്രമപ്രവൃദ്ധമായി ഗ്രഹിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയ ക്രിസ്തീയസിദ്ധാന്തപ്രതിപാദനമാണെന്ന് പറയാം. ഇതിൽ വിശ്വാസവും യുക്തിയും ദൈവവിജ്ഞാനീയത്തിന്റെ വ്യതിരിക്തവും അവിഭേദ്യവുമായ ഘടകങ്ങളായി പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നു.

അഗസ്റ്റിനിസത്തിലെ പ്രത്യേക ദൈവവൈജ്ഞാനിക പ്രതിപാദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

## വിശ്വാസത്തിന്റെ പ്രാഥമ്യം

വിശുദ്ധ അഗസ്റ്റിന്റെ ചി[illegible]ൽ അന്തിമവും പരമപ്രധാനവുമായ അ[illegible]കപ്രാമാണ്യം ക്രിസ്തുവാണ്. ആവിഷ്ക[illegible]സത്യത്തിൽനിന്ന് വ്യത്യസ്തമല്ലാ[illegible] (428–347 B.C.) [illegible] ധിഷ്ഠിതമായ മാനുഷികയുക്തിക്ക് അതർഹിക്കുന്ന സ്ഥാനമുണ്ട്. ദൈവം ഉണ്മയുടെ കാരണമായും, സത്യത്തിന്റെ ഉറവിടമായും ധാർമ്മികജീവിതത്തിന്റെ ആത്യന്തിക മാനദണ്ഡമായും സാർവ്വത്രികമായി പരിഗണിക്കപ്പെടുന്നു.

## ദൈവവും ആത്മാവും

ഇദ്ദേഹത്തിന്റെ സൈദ്ധാന്തിക പരിചിന്തനത്തിന് ദൈവകേന്ദ്രിതമായ സ്വഭാവമാണുള്ളത്. പ്രസ്തുത

സ്വഭാവമാണ് ആത്മാവിനെക്കുറിച്ചുള്ള തന്റെ പ്രത്യേക്ഷശ്രദ്ധയുടെ കാരണവും. അതോടൊപ്പം എന്തുകൊണ്ട് ആത്മാവും ദൈവവും മാനുഷികപര്യന്വേഷണത്തിന്റെ രണ്ടു സുപ്രധാന വിഷയങ്ങളായി തീർന്നിരിക്കുന്നു എന്ന സംഗതിയും വിശദമാക്കുന്നത്. ആത്മാവിന്റെ ആദ്ധ്യാത്മിക സ്വഭാവം ദൈവവുമായുള്ള കൂടുതലായ അടുപ്പത്തിലേക്ക് അതിനെ ആനയിക്കുന്നതുകൊണ്ടത്രേ അതിന്റെ ആത്മജ്ഞാനത്തിലുള്ള പുരോഗതി ദൈവത്തെക്കുറിച്ചുള്ള അതിന്റെ ജ്ഞാനാഭിവൃദ്ധി അളന്നു നിശ്ചയിക്കുന്നത്. ആന്തരികാനുഭവത്തിന്റെ ഈ അതിബൗദ്ധികശാസ്ത്രം (metaphysics), അഗസ്റ്റിനിസത്തിനു അതിന്റെ വ്യതിരിക്തചിഹ്നമായ അന്തർഭാവം (interiority) പ്രദാനം ചെയ്യുന്നു. ആത്മാവ് ദൈവത്തിന്റെ ഛായയാണ് എന്ന സത്യം ത്രിത്വൈക ദൈവത്തെക്കുറിച്ചുള്ള വിശ്വാസ്സവും പ്രമാണയുക്തവുമായ പ്രതിഫലനം മാത്രമല്ല ആദ്ധ്യാത്മികജീവിതബദ്ധമായ ദൈവശാസ്ത്രത്തിന്റെതന്നെ മൂലാധാരവുമാണ്.

## ജ്ഞാനപ്രകാശനം

ബൗദ്ധികജ്ഞാനത്തിന്റെ അന്തിമവും സുവ്യക്തവുമായ ഉറവിടം ആത്മാവിന്റെ ഉള്ളിലാണ് കണ്ടെത്തേണ്ടത്. അതിന്റെ ആദ്ധ്യാത്മികസ്വഭാവം, സൃഷ്ടമല്ലാത്തതും സ്വയംസ്ഥിതവുമായ ദൈവത്തിന്റെ വെളിച്ചത്തിലുള്ള ഭാഗഭാഗിത്വ[illegible] പ്ര[illegible]
[illegible]
ദൈവവിജ്ഞാനീയത്തിൽനിന്നു വേർപെട്ടുള്ളതും അതിനോട് ബന്ധമില്ലാത്തതുമായ സ്വതന്ത്രതത്ത്വശാസ്ത്രമില്ല. മനുഷ്യന്റെ ഇച്ഛാശക്തി (will) ബുദ്ധിയേക്കാൾ (intellect) ശ്രേഷ്ഠവും അഗ്രിമവുമാണ്. അക്കാരണത്താൽ ദൈവാഭിമുഖദർശനഭാഗ്യം, ബുദ്ധിപരമായ അനുചിന്തനത്തിന്റെ പ്രവർത്തനത്തിലൂടെയല്ല, മനുഷ്യന്റെ ഏറ്റവും ഉന്നതമായ സ്നേഹാനന്ദിതശക്തിയാലാണ് സാധിതമാകുന്നത്. ദൈവത്തെക്കുറിച്ചുംമററും കൂടുതൽ ഉന്ന

തമായ വിജ്ഞാനരൂപങ്ങൾ സമ്പാദിക്കുന്നതിനു് ഒരു പ്രത്യേക ദൈവികപ്രകാശനം ആത്മാവിനു് ആവശ്യകമാണു്.

**പ്രസാദവരം**

ഭോഗാസക്തി (concupisence) ജന്മപാപത്തിന്റെ ഫലമോ ശിക്ഷയോ മാത്രമല്ല വ്യക്തിപരമായ പാപത്തിന്റെ ഉറവിടവുമാണു്. ജ്ഞാനസ്നാനത്തിനുശേഷവും അതു് മനുഷ്യനിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് ദൈവനിയമം പരിപൂർണ്ണമായും പരിണതമായും അനുസരിക്കുന്നതിനു് അവനു് സാധിക്കുകയില്ല. നല്ല പ്രവൃത്തികൾ ചെയ്യുന്നതിനു് മനുഷ്യനെ പ്രാപ്തനാക്കുന്നതിനുവേണ്ടി അവനു് നൽകപ്പെടുന്ന നീതി അതായതു് ദൈവത്തോടും മനുഷ്യരോടുമുള്ള കടമകൾ പ്രകടമാക്കുന്ന നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഒരുവന്റെ സുകൃതാവസ്ഥ അഥവാ വിശുദ്ധി, അവനിലുള്ള ഭോഗാസക്തി മൂലം അപൂർണ്ണമായി സ്ഥിതിചെയ്യുന്നു. അതു് വേറൊരു നീതികൊണ്ടു്, ക്രിസ്തുവിന്റെ നീതികൊണ്ടു് പൂരിപ്പിക്കപ്പെടണം. നിത്യജീവൻ അർഹിച്ചു് സമ്പാദിക്കുന്നതിനു് ഇതാവശ്യകമാണു്. ക്രിസ്തുവിന്റെ ഈ പ്രസാദവരം പ്രയുക്തമാകുന്നതു്, ക്രിസ്തുവിന്റെ മൗതികശരീരശിരസ്സായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിനും ശരണപ്പെടുന്നതിനും ഒരുവനെ പ്രാപ്തനാക്കുന്നതും പൂർവവുമാ[illegible] (previous) [illegible] ലഭ്യമാകുന്ന പ്രസ്തുത മൗതികശരീരത്തിന്റെ അംഗത്വത്തിലൂടെയാണതാനും.

നീതിയുടെ ആദി വസ്ഥ, അഗ്രിമനിർണ്ണയം, ഫലപ്രദായകമായ പ്രസാദവരത്തിന്റെ ആവശ്യകത അതിന്റെ സ്വഭാവം, അതിനു് മനുഷ്യന്റെ സ്വാതന്ത്ര്യമായ ഇച്ഛാശക്തിയോടുള്ള ബന്ധം, വൈകല്യപരിഹാരത്തിനുള്ള ഔഷധാത്മകമായ (medicinal) പ്രസാദവരത്തിന്റെ ആവശ്യകത, മാനുഷികാസ്തിത്വരഹസ്യത്തിനുള്ള

പ്രത്യുത്തരം കണ്ടുപിടിക്കുന്നതിൽ ബുദ്ധിയുടെമേലുള്ള വിശ്വാസത്തിന്റെ ഉപരിപ്രാധാന്യം, ദൈവത്തിന്റെ അസ്തിത്വം മാത്രമല്ല ഒരു മനുഷ്യന്റെ വൈയക്തികമായ അനന്യതയും (personal identity) ഉൾക്കൊള്ളുന്ന യാഥാർത്ഥ്യം പൂർണ്ണമായി ഗ്രഹിക്കുന്ന കാര്യത്തിൽ വിശ്വാസത്തിനുമാത്രമുള്ള കഴിവ് എന്നിത്യാദി പ്രതിപാദ്യങ്ങളിലാണ് ആധുനിക അഗസ്റ്റിനിസം ഊന്നിനില്ക്കുന്നതെന്നുപറയാം. വിശുദ്ധ അഗസ്റ്റിന്റെ ചിന്തകൾ സ്വീകരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസ് അവതരിപ്പിക്കുന്ന പ്രബോധനങ്ങൾ കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരുമായുള്ള സംഭാഷണത്തിനു് പുതിയ മാനങ്ങളും സാദ്ധ്യതകളും പ്രദാനം ചെയ്യുന്നുണ്ടെന്നുള്ളതാണ് പല കത്തോലിക്കാ പണ്ഡിതന്മാരുടേയും അഭിപ്രായം.

## അഗസ്റ്റീനിയൻ ആദ്ധ്യാത്മികത

ഇതും പ്രകൃതത്തിൽ പ്രത്യേകം പ്രതിപാദനാർഹമായി തോന്നുന്നു. അഗസ്റ്റീനിയൻ സന്യാസസഭയുടെ നിയമാവലിയിലും, വിശുദ്ധന്റെ ദൈവാലയ പ്രസംഗങ്ങളിലും ഇതര കൃതികളിലുംനിന്നു് ഇദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ദൈവശാസ്ത്രതത്ത്വങ്ങൾ ഇങ്ങനെ സമാഹരിക്കാം. 1) ദൈവവിജ്ഞാനീയംതന്നെ പ്രധാനമായി സ്നേഹത്തിലേക്ക് വിന്യസ്തമായ ഒരു ശാസ്ത്രമാണ്. 2) സിദ്ധാന്തവും ഭക്തിയും സംയുക്തമായി പരിഗണിക്കപ്പെടണം 3) ദൈവത്തോടുള്ള മനുഷ്യന്റെ സമാഗമത്തിൽ (encounter) പ്രസാദവരത്തിനാണ് പ്രാമുഖ്യവും ഏററവും വലിയ പ്രാധാന്യവുമുള്ളതു് 4) മനുഷ്യരക്ഷയുടേയും (ആദ്ധ്യാത്മികാഭിവൃദ്ധിയുടേയും) ക്രമത്തിൽ ക്രിസ്തുവിന്റെയും അവിടുത്തെ മൗതികശരീരത്തിന്റെയും കേന്ദ്രസ്ഥാനത്തിനാണ് പ്രാധാന്യം നൽകേണ്ടതു്.

അഗസ്റ്റീനിയൻ ആദ്ധ്യാത്മികത പരിചിന്താത്മക വും പ്രായോഗികവുമായ തത്ത്വങ്ങരം ഉറംക്കൊള്ളുന്നതാണു്. പരിചിന്താത്മകമായതിൻെറ അടിസ്ഥാനലക്ഷണം ആന്തരികത (interioness) ആണു്. അതായതു് ലോകത്തിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടു് നേടേണ്ട വിജ്ഞാനസമ്പാദനത്തിനുള്ള യത്നവും, പ്രത്യേകിച്ചു് പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള സ്നേഹമസൃണമായ അനുചിന്തനത്തിലൂടെ സാധിതമാകേണ്ട ആന്തരികജീവിതത്തിനുള്ള നമ്മുടെ ആത്മസമപ്പ്ണവുമാണതു്. പ്രായോഗിക തത്ത്വമനുസരിച്ചുള്ള ആദ്ധ്യാത്മികത, പരിപൂണ്ണമായ പൊതുജീവിതമാണു്, സ്നേഹത്തിൻെറ ഒരു വിശുദ്ധ സമൂഹ ജീവിതംതന്നെയാണു്. ഈ ആശയം ''ഒരാത്മാവും ഒരു ഹൃദയവും ദൈവത്തിലേക്കു്''– "anima una et cor unum ad Deum"– One soul and one heart towards God– എന്ന വിശുദ്ധ അഗസ്റ്റിൻെറ ആപ്തവാക്യത്തിൽ സംഗ്രഹിക്കപ്പെടാവുന്ന ഒരു ജീവിതമാണു്. മേല്പറഞ്ഞ രണ്ടു വീക്ഷണങ്ങളും സ്നേഹത്തിൽ ഊന്നിനില്ക്കുന്നവയത്രേ[a]

## B. സ്കൊളാസ്ററിസിസം

scholasticus എന്ന ലത്തീൻ പദത്തിൽ നിന്നോ, schole എന്ന ഗ്രീക്ക പദത്തിൽ നിന്നോ രൂപംകൊണ്ടിട്ടുള്ളതാണു് സ്കൊളാസ്റ്റിസിസം. ''സ്കൊളാസ്റ്റിക്കുസി'' ൻെറ അത്ഥം അദ്ധ്യാപകൻ എന്നും 'സ്കൊളെയുടേതു്' വിദ്യാലയം എന്നുമാണു്. മദ്ധ്യശതകങ്ങളിൽ കൃത്യമാ

---

a) A. J. Ennis; Augustinian Spirituality Encyclopedic Dictionary of Religion.

യിപറഞ്ഞാൽ 9-ാം ശതാബ്ദം മുതൽ 15-ാം ശതാബ്ദംവരെ ക്രിസ്തീയ ദൈവശാസ്ത്രവും പാശ്ചാത്യദേശങ്ങളിൽ പഠിപ്പിച്ചിരുന്ന അദ്ധ്യാപകർ ''സ്കോളാസ്റ്റിക്കുകൾ'' എന്നു വിളിക്കപ്പെട്ടിരുന്നു. ഇവരുടെ പാണ്ഡിത്യത്തിലൂടെ വളർന്നു് വികസിച്ച ചിന്താധാരകളുടെ സമുച്ചയമോ പദ്ധതിയോ ആണു് 'സ്കോളാസ്റ്റിസിസം എന്ന പദം കൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്. എഡ്വിൻ കൈസർ പറയുന്നതുപോലെ ''സ്കോളാസ്റ്റിക്കു് ദൈവശാസ്ത്രം ദൈവികസത്യത്തെത്തന്നെ പ്രതിപാദിക്കുകയും അതിനെ ഗ്രഹിക്കുന്നതിനും വിശദീകരിക്കുന്നതിനും യത്നിക്കുകയും ചെയ്യുന്നു. വിശ്വാസവിഷയങ്ങളിൽ നിന്നു്ഇതു് നിഗമനങ്ങൾ സ്വീകരിക്കുന്നു; അവയിൽ നിഗൂഢമോ അവ്യക്തമോ ആയവയെ ഇതു് സുസ്പഷ്ടമാക്കുകയും ചെയ്യുന്നു: ദാർശനികസത്യങ്ങളുടേയും മററും സഹായത്തോടുകൂടെ ദൈവവൈജ്ഞാനികമണ്ഡലത്തെ ഇതു് വിസ്തൃതമാക്കുന്നു'' (a) നിഷ്കൃഷ്ടമായ യുക്തിശാസ്ത്ര നിയമാനുസാരമാണു് ( rigorous logical formalism ) ഇതിൻെറ പ്രത്യേക ലക്ഷണം. ഇതു് വിശ്വാസത്തിൻെറയും യുക്തിയുടെയും ഒരു സങ്കലനമാണു്. തത്ത്വശാസ്ത്രങ്ങളുടെ സഹായത്തോടുകൂടെ ദൈവശാസ്ത്ര സിദ്ധാന്തങ്ങളുടെ അന്തരാർത്ഥത്തെ ഗഹനമായി വിശദീകരിക്കുകയും നിഗമനങ്ങൾ സ്വീകരിക്കുകയും യൗക്തികമായി അവയെക്കുറിച്ചു് പ്രതിപാദിക്കുകയും അങ്ങനെ വികസിതമായ ജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്യുന്ന ഒരു ദൈവവിജ്ഞാനീയ പ്രസ്ഥാനമാണിതു്. മദ്ധ്യശതകങ്ങളിലെ ദൈവശാസ്ത്രജ്ഞരിൽ പലരും, തത്ത്വശാസ്ത്രത്തിൻെറ വെളിച്ചത്തിൽ കത്തോലി

a) Edwin g. Kaiser: Sacred Doctrine, 1958

ക്ക ക്രൈസ്തവ തത്വങ്ങളെ ഏകീകരിക്കുന്നതിനും ആക്കും അവയെ സുഗ്രാഹ്യമാക്കുന്നതിനും വിശദീകരിക്കുന്നതിനുമാണ് പരിശ്രമിച്ചതു്. യൂണവേഴ്സിററി പോലു ള്ള പൊതു സ്ഥാപനങ്ങളിലാണ് ഏതാദൃശ പരിശ്രമങ്ങരം ആരംഭിച്ചതു്. സ്കോളാസ്റ്റിക്ക് ദൈവശാസ്ത്രജ്ഞന്മാർ എന്ന പേരു് അവർക്കു് ലഭിക്കാനുള്ള കാരണവും ഇതു തന്നെയത്രേ.

സ്കോളാസ്റ്റിക്ക് ദൈവശാസ്ത്രം സ്വതഃസ്ഥാപിതവും (positive) പരിചിന്താത്മകവുമായ (speculative) ദൈവവിജ്ഞാനീയവിഭാഗങ്ങളുടെ ധന്യമായ ഒരു സംയോജനമാണ്. ഏതെല്ലാം സത്യങ്ങളാണ് ആവിഷ്കൃതമായിട്ടുള്ളതെന്നു് സ്ഥാപിക്കുക മാത്രമല്ല, ദർശനത്തിന്റെ (philosophy) തത്വങ്ങളുടെ സഹായത്തോടു കൂടി, പ്രസ്തുത സത്യങ്ങരം കൂടുതൽ പരിപൂർണ്ണമായി ഗ്രഹിക്കുന്നതിനുള്ള യത്നത്തിൽ ഇതു് പുരോഗമിക്കുകയും ചെയ്യുന്നു. ഇതിലും കൂടുതലായി എതിരാളികളുടെ, പ്രത്യേകിച്ച് യഹൂദർ, വിജാതീയർ (pagans) പാഷണ്ഡികർ, ആധുനിക യുക്തിവാദികരം എന്നീ തിരുസഭാവിരോധികളുടെ വാദങ്ങരംക്കും ഭത്സനങ്ങരംക്കും എതിരായി നമ്മുടെ വിശ്വാസസത്യങ്ങരം ആദരിച്ച് സ്ഥിരീകരിക്കുക തങ്ങളുടെ പ്രത്യേക കർത്തവ്യമായി സ്കോളാസ്റ്റിക്ക് ദൈവശാസ്ത്രജ്ഞന്മാർ പരിഗണിച്ച് പ്രവത്തിച്ചിട്ടുണ്ടു്. ഇക്കാരണത്താൽ തന്നെയാണ്, ഇവരെ വിശ്വാസമാകുന്ന കുടുംബസമ്പത്തിന്റെ സംരക്ഷകരായി കണ്ടുകൊണ്ടു് മാർപാപ്പാമാർ സ്കോളാസ്റ്റിക്ക് ദൈവശാസ്ത്രത്തെ ഉദാരമായി പ്രശംസിച്ചിട്ടുള്ളതു്.

അരിസ്റ്റോട്ടിലിയൻ തത്ത്വ ശാസ്ത്രത്തെ ക്രിസ്തുമതത്തോടു് അവഗാഢമായി ബന്ധിച്ചുകൊണ്ടു് വളന്ന ഈ

ദൈവവിജ്ഞാനീയ പ്രസ്ഥാനം പതിമൂന്നാം നൂററാണ്ടിലാണ് ഏററവും പ്രശസ്തമായിതീന്നതു്. ''സ്കൊളാസ്റ്റിക്ക് ദൈവവിജ്ഞാനീയത്തിൻെറ പിതാവ്'' എന്നു സാധാരണമായി വിളിക്കപ്പെടാറുള്ള കാൻറർബറിയിലെ വിശുദ്ധ ആൻസെലമിനുശേഷം (C. 1033–1109) ഇതിൻെറ പ്രധാന പുരസ്കർത്താക്കളായി വിരാജിച്ചിട്ടുള്ളതു് മഹാനായ വിശുദ്ധ ആൽബർട്ടു് (C. 1206–1280), വിശുദ്ധ ബൊനവെഞ്ചുര (1221–1274) വിശുദ്ധ തോമസ് അകചീനാസ് (1225–1274), ഡൺസ് സ്കോട്ടസ് (1270–1308) എന്നിവരാണ്. തിരുസഭ ഈ ദൈവവിജ്ഞാനീയത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. സ്കൊളാസ്റ്റിക്ക് ദൈവശാസ്ത്രജ്ഞന്മാരേയും അവരുടെ അനുയായികളേയും അവക്കെതിരായി ഉയന്നിട്ടുള്ള ആരോപണങ്ങളിൽ നിന്നു് തിരുസഭാധികാരം സംരക്ഷിച്ചിട്ടുള്ളതിൻെറ കാരണവും ദൂരെയെങ്ങും ആരായേണ്ടകാര്യമില്ല. [a] പില്ക്കാലത്തു് കുറെ തളന്നുപോയ ഈ ദൈവശാസ്ത്ര പ്രസ്ഥാനത്തെ പതിമൂന്നാം ലിയോ മാർപ്പാപ്പാ 1879–ൽ ''Aeterni Patris'' എന്ന തൻെറ വിശുദ്ധ ലേഖനത്തിലൂടെ പൂർവ്വാധികം പ്രോത്സാഹിപ്പിച്ചു് ശക്തിപ്പെടുത്തുകയുണ്ടായി.

### 1. വിശുദ്ധ ആൻസലെം (1033–1109)

(St Anselm of Canterbury) 1098–ൽ ബാരി (Bari) യിൽ സമ്മേളിച്ച കൗൺസിലിൽവച്ചു്, പരിശുദ്ധാത്മാവ് പുത്രനില്വംനിന്നു്, ''Filioque'' പുറപ്പെടുന്നു എന്ന സത്യം ഉൾക്കൊള്ളുന്ന വിശ്വാസപ്രമാണം ഗ്രീക്കുകാർക്കെതിരായി ആദരിച്ചു് വാദിക്കുകയുണ്ടായി. ''എന്തുകൊണ്ടു് ദൈവം മനുഷ്യനായി'',

(a) Bullarium Romanum, ed. Taurinem 8, 1009–1010; Pius X, Encyl, 'pascendi' Ass 40 (1907) 636.

''Cur Deus Homo'' എന്ന തൻെറ വിശിഷ്ട കൃതിയിൽ ക്രിസ്തുവിൻെറ പാപപരിഹാര പ്രവൃത്തിയെക്കുറിച്ച് സമത്ഥമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ സമത്ഥനം ഇങ്ങനെ സമാഹരിക്കാം. മനുഷ്യപാപത്തിനു വസ്തുനിഷ്ഠമായ പരിഹാരം ആവശ്യകമായിരുന്നു. പാപത്തിൻെറ തിന്മ അനന്തമായതുകൊണ്ട് അനന്തനായ ദൈവത്തിനു മാത്രമേ ഈ പരിഹാരം സമ്പൂർണ്ണമായി നിർവഹിക്കുന്നതിനു സാധിക്കുകയുള്ളു. എന്നാൽ പാപം മനുഷ്യൻ ചെയ്തതുകൊണ്ട് മനുഷ്യൻ തന്നെ അതിനു പരിഹാരം ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട് മനുഷ്യനായി അവതരിച്ച ദൈവത്തിനു, ക്രിസ്തുവിനു മാത്രമേ അതു സാധിക്കുമായിരുന്നുള്ളു, കുരിശിൽ മരിച്ചുകൊണ്ടു അവിടുന്നു് അതു് നിർവഹിച്ചു. വിശുദ്ധ അഗസ്റ്റിനും വിശുദ്ധ തോമസ് അകവീനാസിനും ഇടയ്ക്കുള്ള ഏററവും വലിയ പാശ്ചാത്യ ദൈവശാസ്ത്രജ്ഞനായ ഇദ്ദേഹം വിശ്വാസവും മനുഷ്യയുക്തിയും തമ്മിലുള്ള പൊരുത്തത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. അരിസ്റ്റോട്ടിലിൻെറ dialectics– നിരാധാരാനുമാനങ്ങളേയും കേവല സിദ്ധാന്തങ്ങളേയും യൗക്തികമായ വിചിന്തനത്തിനു വിധേയമാക്കുന്ന ശാസ്ത്രം–, ആദ്യമായി നമ്മുടെ ദൈവ ശാസ്ത്രത്തിലേക്കു് പ്രവേശിപ്പിച്ചതു് ഈ ദൈവശാസ്ത്രജ്ഞനാണ്. ഇതു് മതസത്യസമത്ഥനത്തിനു വേണ്ടിയായിരുന്നുതാനും. തത്ത്വശാസ്ത്രത്തിലുണ്ടായിരുന്ന ഇദ്ദേഹത്തിൻെറ താല്പര്യം തന്നെ കേവലം മതപരമായിരുന്നു. വിശുദ്ധ അഗസ്റ്റിൻെറ ചൈതന്യം ദൈവശാസ്ത്രത്തിലേയ്ക്കു് വീണ്ടും പ്രവേശിപ്പിച്ച ഈ പണ്ഡിതൻ, അദ്ദേഹത്തോടൊത്തു്, ക്രിസ്തുമതം സാർവ്വത്രികമായ യൗക്തിക ജ്ഞാനത്തെ (universal rational knowledge) അനുകൂലിക്കുന്നുവെന്നും, പ്ലേറോയുടെ

ആദർശവാദത്തിൽനിന്നു് അതായതു് ആദർശങ്ങളാംക്കനു സൃതമായി ജീവിക്കുവാനുള്ള പ്രവണതയിൽനിന്നു് വീക്ഷിക്കുമ്പോഠം ക്രിസ്തുമതമാണു് ഏററവും ഉന്നതമായ സത്യമെന്നും ഇദ്ദേഹം സമത്ഥിക്കുന്നു. ക്രിസ്തു നിവ്വഹിച്ച പാപപരിഹാരത്തിൻെറ സിദ്ധാന്തം ആദ്യമായി ശാസ്ത്രീയ ചർച്ചയ്ക്കു് വിഷയമാക്കിയതു് ഇദ്ദേഹമത്രേ. (a)

## 2. മഹാനായ വിശുദ്ധ ആൽബെർട്ടു്(1206–1280)

ഒരു ഡൊമിനിക്കൻ സന്യാസിയായിരുന്ന ഈ വേദപരാംഗതൻ 1260—ൽ റാററിസ്ബണിലെ മെത്രാനായി ഉയത്തപ്പെട്ടു, 1274—ൽ ലിയോൺസിൽ സമ്മേളിച്ച സൂനഹദോസിൽ ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ സംബന്ധിച്ചു് ചർച്ചകഠം നടത്തി. പ്രകൃതിശാസ്ത്രജ്ഞനും തത്ത്വശാസ്ത്രജ്ഞനും എല്ലാററിലും ഉപരിയായി പ്രഗത്ഭ ദൈവവൈജ്ഞാനികനുമായിരുന്ന ഇദ്ദേഹം വിശുദ്ധ തോമസ് അക്വീനാസിൻെറ ഗുരുവായിരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. സ്കൊളാസ്റ്റിസിസത്തിൻെറ ഒരു സ്ഥാപകനായി പരിഗണിക്കപ്പെടുന്ന ഈ വേദപാരംഗതൻ, പ്രകൃതിശാസ്ത്രത്തിലെ തൻെറ കണ്ടുപിടുത്തങ്ങളെ തത്ത്വശാസ്ത്രത്തോടും തത്ത്വശാസ്ത്രത്തെ ദൈവശാസ്ത്രത്തോടും പൊരുത്തപ്പെടുത്തുവാൻ പരിശ്രമിച്ചിട്ടുണ്ടു്.പതിമൂന്നാം ശതാബ്ദത്തിൽ പുനരുജ്ജീവനം പ്രാപിച്ച അരിസ്റ്റോട്ടിലിയനിസത്തെ ഇദ്ദേഹം ദൈവശാസ്ത്രമണ്ഡലത്തിലേക്കു് പ്രവേശിപ്പിച്ചു് അതിനെ പരിപോഷിപ്പിച്ചു. വിശ്വാസസംബദ്ധമായകാര്യങ്ങളിൽ യുക്തി എങ്ങനെ പ്രയോഗിക്കാമെന്നു് ഇദ്ദേഹം വിശദമാക്കി. പീററർ ലൊംബാർ

---

(a) R. W. Southern St. Anselm and His Biographer (1903) J. Clayton, St. Anselm (1933) J. Mcintrye, St. Anselm and His Critics (1954)

ഡിൻെറ അഭിപ്രായങ്ങളുടെ വ്യാഖ്യാനം പൂർത്തിയാ യിട്ടില്ലാത്ത ദൈവ വിജ്ഞാനീയ സംഗ്രഹം (Summa Theologiae) അപേറോസിനു എതിരായ പ്രബന്ധം, സൃ ഷ്ടിവിജ്ഞാനീയ സംഗ്രഹം (Summa de Creaturis എന്നിവ ഇദ്ദേഹത്തിൻെറ ചില പ്രസിദ്ധ കൃതികളാ ണു്.

## 3. വിശുദ്ധ ബൊനെവെന്തുര (C 1221—1274)

സ്കൊളാസ്റ്റിസിസത്തിൻെറ വേറൊരു പുരസ്കർത്താ വായ വി. ബൊനെവെന്തുര ഒരു ഫ്രാൻസിസ്ക്കൻ സഭാംഗമായിരുന്നു. ഇദ്ദേഹം പില്ക്കാലത്തു് അൽബാ നോയുടെ മെത്രാനും കർദ്ദിനാളുമായി ഉയർത്തപ്പെട്ടു, ര ണ്ടാം ലിയോൺസ് സൂനഹദോസിൽ (1274) – ഈ കൗൺസിലാണു് വിഭക്തമായിരുന്ന പൗരസ്ത്യസഭകളു ടെ റോമാസഭയുമായുള്ള താല്ക്കാലികമായ പുനരൈക്യം സാധിച്ചതു് – പത്താം ഗ്രിഗരി മാർപാപ്പായുടെ വല ത്തു വശത്തിരുന്നു് സൂനഹദോസിൻെറ നടപടികളിൽ ഇദ്ദേഹം പങ്കെടുത്തു. ദൈവവിജ്ഞാനീയത്തിൽ ഇദ്ദേഹ ത്തിനു് ഏററവും പ്രിയംകരനായ പ്രാമാണിക വ്യക്തി വിശുദ്ധ അഗസ്റ്റിൻ ആയിരുന്നു. ഇദ്ദേഹത്തിൻെറ ദൈവശാസ്ത്ര ചിന്തകളിൽ വിശ്വാസവും യുക്തിയും കണ്ടു മുട്ടുന്നുണ്ടു്. "സെറാഫിക് വേദപാരംഗതൻ" എന്നുവിളി ക്കപ്പെടുന്ന ഈ സ്കൊളാസ്റ്റിക്ക് പണ്ഡിതൻെറ പ്രത്യേക ചിന്തകൾ ഇങ്ങനെ സമാഹരിക്കാം. മററു പല ദൈവശാ സ്ത്രജ്ഞന്മാരേക്കാളും വളരെ അധികമായി ഇദ്ദേഹം വിശു ദ്ധ ഗ്രന്ഥത്തെ തൻെറ പ്രതിപാദനങ്ങളിൽ ഉപയോ ഗിക്കുന്നു. പാരമ്പര്യത്തോടും ഇദ്ദേഹം അതിമാത്രം ഒട്ടി ച്ചേരുന്നുണ്ടു്. ഇല്ലായ്മയിൽനിന്നു് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന

ലോകം അതിൻെറ അന്തിമകാരണമായ ദൈവത്തിലേക്കു തന്നെ പിന്തിരിയണം. ഒരു പ്രതിമ അതിൻെറ മുൻമാതൃകയെ എന്നവണ്ണം ലോകം ദൈവത്തെ പ്രതിഫലിപ്പിക്കുന്നു. സൃഷ്ടസത്യത്തെക്കുറിച്ചുള്ള അനുചിന്തനത്തിലൂടെ മനുഷ്യസൃഷ്ടി ദൈവത്തിലേക്കു് ഉയരുന്നു. ഈ അനുചിന്തനത്തിൽ ബുദ്ധിക്കു് അതീതമായി ദൈവിക പ്രകാശത്താൽ അവൻ സഹായിക്കപ്പെടുന്നു. ഈ മൗതിക പണ്ഡിതൻെറ ദൈവവിജ്ഞാനീയം പ്രധാനമായും ക്രിസ്തു കേന്ദ്രിതമാണു്. എല്ലാ വസ്തുക്കളും ദൈവത്തിൻെറ വചനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നു; ക്രിസ്തുവാണു് നമ്മുടെ മാതൃക. ക്രിസ്തുവിനെക്കുറിച്ചുള്ള അനുധ്യാനത്തിലൂടെയത്രേ നാം മൗതികമായ ഐക്യത്തിൻെറ ഉച്ചിയിലേക്കും ദൈവാഭിമുഖ ദർശനത്തിലേക്കും നയിക്കപ്പെടുന്നതു്. ക്രിസ്തുവിൽ കൂടിയാണു് എല്ലാ വിജ്ഞാനവും നമുക്കു് ലഭിക്കുന്നതു് – medium omnium scientiarum. ''ദൈവത്തിലേക്കുള്ള മനസ്സിൻെറ യാത്ര'' ''കലകളുടെ ദൈവവിജ്ഞാനീയത്തിലേക്കുള്ള പരിവർത്തനം'' ''ആത്മഗതം'', ''ത്രിവിധമാർഗ്ഗം'' എന്നിവ ഇദ്ദേഹത്തിൻെറ പ്രശസ്തകൃതികളിൽ ചിലതാണു്.

## 4. വിശുദ്ധ തോമസ് അകചീനാസ്

### തോമിസം

ഒരു ഡൊമിനിക്കൻ സന്യാസസഭാംഗമായ വിശുദ്ധ തോമസ് അകചീനാസി (c. 1225–1274) ൻെറ ദാർശനികവും ദൈവശാസ്ത്രപരവുമായ പഠനങ്ങളെ അടിസ്ഥാനതത്ത്വങ്ങളായി സ്വീകരിച്ച് പതിമൂന്നാം ശതാബ്ദം മുതൽ വളർന്നു് വികസിച്ചിട്ടുള്ളതും ഇന്നോളം തിരുസഭ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു സ്കോളാസ്റ്റിക്ക് ചിന്താപദ്ധതിയാണു് ''തോമിസം''.

വിവിധ ദൈവശാസ്ത്രപരിഷത്തുകളുടെ (schools) മുൻപന്തിയിൽതന്നെ നിലകൊള്ളുന്ന തോമിസം ഇന്നു മുഖ്യമായും വ്യാപകമായും ഒരു ദൈവവിജ്ഞാനീയ പദ്ധതിയായിട്ടാണ് പരിഗണിക്കപ്പെടുന്നത്. "Thomism is primarily a theology though this cannot be understood without its philosophy(a)" "St. Thomas was a theologian before all else"(b).

പത്തൊമ്പതാം ശതാബ്ദത്തോടുകൂടി അല്പം തളർന്നു പോയ തോമിസത്തെ, വിശുദ്ധ തോമസ് അകവീനാസിന്റെ പദ്ധതിയ്ക്കനുസൃതമായ ദൈവശാസ്ത്രപഠനത്തെ, പതിമൂന്നാം ലിയോ മാർപാപ്പാ (1878–1903) പ്രസിദ്ധപ്പെടുത്തിയ "Aeterni Patris" എന്ന തന്റെ വിശ്വലേഖനത്തിലൂടെ, തിരുസഭയിൽ പുനർജീവിപ്പിച്ചു. അതിനുശേഷമുള്ള തൊമിസ്റ്റിക്ക് വിജ്ഞാനീയത്തെ ചിലർ അഭിനവ തോമിസം (Neo – Thomism) എന്നും വിളിക്കാറുണ്ട്. പത്താം പീയൂസ് മാർപാപ്പാ (1903 – 1914) "Doctoris Angelci" എന്ന തന്റെ സ്വകീയ കായിതം (Motu proprio) വഴി ഈ ദൈവദൂതസന്നിഭനായ വേദപാരംഗതന്റെ സിദ്ധാന്തവൈശിഷ്ട്യം പ്രസ്പഷ്ടമായി പ്രഖ്യാപിച്ചു. അതിനുശേഷം പതിനഞ്ചാം ബെനെഡിക്റ്റ് മാർപാപ്പാ (1914 – 1922) തന്റെ മുൻഗാമികളുടെ പ്രബോധനങ്ങളെ ആവർത്തിക്കുകയാണുണ്ടായത്. പതിനൊന്നാം പീയൂസ് മാർപാപ്പായാകട്ടെ (1922 –1939) "Studiorum Ducem" എന്ന

---

a) T. Gilby Thomism, Encylopedic Dictionary of Religion

b) T. C. Obrien St. Thomas Aquinas; Ibid

വിശുദ്ധ ലേഖനത്തിലൂടെ ഈ ദൈവശാസ്ത്രവിശാരദ ൻെറ അസാധാരണമായ സിദ്ധാന്തവൈശിഷ്ട്യത്തേയും തിരുസഭയിൽ അതിനുള്ള പ്രാമാണ്യത്തേയും കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. രണ്ടാംവത്തിക്കാൻ സൂനഹദോസ് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ ശാസ്ത്രീയഗവേഷണംവഴി ശാസ്ത്രവും വിശ്വാസവും എങ്ങനെ ഒരേ സത്യത്തിലേക്ക് നയിക്കുന്നുവെന്ന് ഗ്രഹിക്കുവാൻ നമുക്ക് സാധിക്കുന്നുവെന്ന് പറഞ്ഞശേഷം ''ഈ പഠനത്തിൽ സഭാപണ്ഡിതന്മാരുടെ പ്രത്യേകിച്ച് വിശുദ്ധ തോമസ് അകചീനാസിൻെറ പാദമുദ്രകളെ അനുഗമിക്കേണ്ടതാണ്'' (വിദ്യാഭ്യാസം n. 10) എന്നും പ്രസ്താവിക്കുന്നു. വൈദിക പരിശീലനത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ സൈദ്ധാന്തിക ദൈവശാസ്ത്രപഠനത്തെക്കുറിച്ച് പ്രതിപാദിക്കുന്നിടത്തു് സൂനഹദോസ് ''ഇതിലെല്ലാം വിശുദ്ധ തോമസ് അകചീനാസ് ആയിരിക്കട്ടെ മാർഗ്ഗദർശകൻ'' (വൈദികപരിശീലനം n. 16) എന്നും വ്യക്തമായി പ്രബോധിപ്പിക്കുന്നു. എന്നിരുന്നാലും ഈ സൂനഹദോസിനു ശേഷം വളർന്നുകൊണ്ടിരിക്കുന്ന വിവിധ ചിന്താസരണികൾ മൂലം ഇദാനീന്തന ദൈവവിജ്ഞാനീയത്തിൽ ഒരു ബഹുത്വം (Theological pluralism) സംജാതമായിട്ടുണ്ടെന്നു പറയാം.

പീററർ ലൊംബാർഡ് വിരചിച്ച ഒരു പ്രാമാണിക ദൈവശാസ്ത്രഗ്രന്ഥമായ "Book of sentences" എന്ന കൃതിയുടെ വ്യാഖ്യാനം, സ്പെയിനിലെ വിജാതീയരായ മഹമ്മദീയരുടേയും യഹൂദരുടേയും വിതണ്ഡാവാദങ്ങൾക്കെതിരായി നമ്മുടെ സിദ്ധാന്തങ്ങൾ സ്ഥാപിക്കുന്ന "Summa Contra Gentiles", സഭാപിതാക്കന്മാരുടെ കൃതികളെക്കുറിച്ചുള്ള വിജ്ഞാനം പ്രകടമാക്കുന്ന "Catena Aurea", ദാർശനികവും വിശുദ്ധ ഗ്രന്ഥസംബദ്ധവുമായ

വ്യാഖ്യാനങ്ങൾ, 16–ാം ശതാബ്ദം മുതൽ റോമൻ കത്തോലിക്ക സഭയിലെ ഏററവും പ്രാമാണിക ദൈവശാസ്ത്ര പാഠപുസ്തകമായി പരിഗണിക്കപ്പെട്ടു പോരുന്നു. ''ദൈവവിജ്ഞാനീയ സംഗ്രഹം''– ''Summa Theologiae, Questiones Disputatae എന്നിത്യാദി കൃതികളിൽ വിശുദ്ധ തോമസ് അക്വീനാസിൻെറ ദൈവശാസ്ത്ര പാണ്ഡിത്യം നമുക്ക് ദർശിക്കാവുന്നതാണ്.

അരിസ്റ്റോട്ടീലിയൻ തത്ത്വശാസ്ത്രത്തെ ദൈവശാസ്ത്രത്തിൻെറ സേവികയായി ഉപയോഗിച്ചുകൊണ്ട് ഈ മഹാ സംയോഗകൻ – Great Synthesizer – തൻെറ വിജ്ഞാനീയത്തിൻെറയെല്ലാം അടിസ്ഥാനമായി പരിഗണിച്ചതു് കൃത്യവും ശക്യതയും (act and potency) തമ്മിലുള്ള യഥാർത്ഥ വ്യതിരിക്തതയാണ്. അതായതു് സംഭാവ്യതയുടെ സ്ഥിതിയിലുള്ള ഒന്നിനു് ആ സ്ഥിതിയിൽനിന്നു് യഥാർത്ഥ അസ്തിത്വമുള്ള ഒന്നിൻെറ ഇടപെടൽ അഥവാ മദ്ധ്യവർത്തനം കൂടാതെ അസ്തിത്വാവസ്ഥയിലേക്ക് തരണം ചെയ്യുവാൻ സാധ്യമല്ല എന്ന തത്ത്വമാണ്. പ്രസ്തുത തത്ത്വം തൻെറ ദാർശനിക ശാസ്ത്രത്തിൽ മാത്രമല്ല ദൈവശാസ്ത്രത്തിലും പ്രയുക്തമാക്കിക്കൊണ്ട്ചിന്തയുടെ പരിപൂർണ്ണമായ ഏകതാനതയും ദൃഢസന്ധിയും(Harmony and solidarity) പ്രത്യേകം ഉൾക്കൊള്ളുന്ന ഒരു പദ്ധതി ഇദ്ദേഹം കെട്ടിപ്പടുത്തു. തോമിസത്തിൻെറ ആധാരിക തത്ത്വം ഉണ്മയുടെ പ്രാഥമ്യം (primacy of being) ആണെന്നും പറയാം. ദൈവത്തിലുള്ള അസ്തിത്വത്തിൻെറയും സാരാംശത്തിൻെറയും അനന്യത (identity) അഥവാ അഭേദാവസ്ഥ, സൃഷ്ടവസ്തുക്കളിൽ ഇവ തമ്മിലുള്ള വ്യത്യാസം, കാര്യങ്ങളായ സൃഷ്ടികൾക്ക പരമകാരണമായ ദൈവത്തിലുള്ള ആശ്രയ

ത്വം, ഇതര വസ്തുക്കളും വസ്തുതകളും തമ്മിലുള്ള കാര്യകാരണ ബന്ധം, സത്തയും ആഗന്തുകങ്ങളും (substance and accidents) തമ്മിലുള്ള വ്യതിരേകം, ചലന തത്ത്വത്തിൽനിന്നു് തെളിയുന്ന ദൈവാസ്തിത്വം, ദൈവവിജ്ഞാനീയം ദൈവവചനത്താൽ സജീവമാക്കപ്പെടുന്നു, അതു് എല്ലാററിലും ഉപരിയായി ദൈവത്തിലും ദൈവത്തിനുവേണ്ടിയും ഉള്ളതാണു് എന്ന സിദ്ധാന്തങ്ങൾ പ്രസാദവരത്തിൻെറ ആന്തരികമായ ഫലദായകത്വം, പ്രസാദവരവും മനുഷ്യ പ്രകൃതിയും, വിശ്വാസവും മനുഷ്യബുദ്ധിയും തമ്മിലുള്ള ഒരുമ അഥവാ പൊരുത്തം, എന്നിങ്ങനെയുള്ള അനേകം പ്രമേയങ്ങൾ ഇദ്ദേഹത്തിൻെറ ദൈവവൈജ്ഞാനികമായ പ്രതിപാദനത്തിൽ ഉൾപ്പെടുന്നുണ്ടു്. ഈ വേദപാരംഗതൻെറ ഏററവും വലിയ കൃതിയായ ''ദൈവവിജ്ഞാന സംഗ്രഹം'' ദൈവശാസ്ത്രപരമായ ചിന്തകളുടെ ഏററവും വലിയ വിപുലീകരണമാണെന്നു പറയാം. അരിസ്റ്റോട്ടീലിയനിസം സ്വീകരിച്ചുകൊണ്ടു് വിശുദ്ധ തോമസ് വികസിപ്പിച്ച ദൈവവിജ്ഞാനീയം ഈ ലോകത്തിൽ വേരൂന്നിയിട്ടുള്ളതാണെങ്കിലും, പ്രധാനമായി ദൈവത്തിൻെറ വചനം സ്വീകരിച്ച് അതിനാൽ സജീവീകൃതമാക്കപ്പെടുന്ന ഒന്നാണു്, സൃഷ്ടികളിൽനിന്നു് സ്രഷ്ടാവിലേക്കു് ഉദ്ഗമിക്കുന്ന ഒരു വിജ്ഞാനീയമാണു്. ഇദ്ദേഹത്തിൻെറ ദൈവശാസ്ത്രം എല്ലാററിലും ഉപരിയായി ദൈവത്തിലും അവിടുത്തെ പ്രതിമാത്രവും വ്യവസ്ഥാപിതമായ ഒന്നത്രേ. ദൈവത്തിൻെറ പ്രസാദവരം മനുഷ്യപ്രകൃതിയുടെ അവകാശത്തിനു് അതീതമായ ദൈവത്തിൻെറ വെറുമൊരു ദാനമാണു്. മനുഷ്യപ്രകൃതിയോടാകട്ടെ അവിടുന്നു് യാതൊരു ബലപ്രയോഗവും (violence) നടത്തുന്നുമില്ല. പ്രസാദവരവും മനുഷ്യപ്രകൃതിയും, വിശ്വാസവും ബുദ്ധിവൃത്തിയും, സഹോദരസ്നേഹവും (agape) ജന്മസിദ്ധമായ ആസക്തികളും തമ്മിലുള്ള യോജ്യതയും പൊരുത്തവും ഇദ്ദേഹത്തിൻെറ ദൈവവിജ്ഞാനീയത്തിലെ പ്രധാന പ്രതിപാദ്യ വിഷയമാണു്. കാലാന്തരത്തിൽ വികസിച്ച ഒരു പ്രമേയമത്രേ ദിവ്യപ്രസാദവരത്തിൻെറ ഫലദായ

കത്വം. എല്ലാ അസ്തിത്വത്തേയും പ്രവൃത്തിയേയും സംബ ന്ധിച്ച ദൈവത്തിന്റെ സാർവ്വത്രികമായ കാരണത്വ ത്തിനുള്ളിൽ (causality) പ്രവർത്തിക്കുന്ന ഒന്നായിട്ടാ ണ് മനുഷ്യന്റെ ഇച്ഛാശക്തി പരിഗണിക്കപ്പെടുന്നതു്. ഇദ്ദേഹത്തിന്റെ ദർശനശക്തി രക്ഷാകര ചരിത്രത്തിലേ ക്കും വിശ്വാസം പ്രദാനം ചെയ്യുന്ന അസ്തിത്വാത്മകമായ മാനത്തിലേക്കും ആഴമായി ഇറങ്ങുന്നുണ്ട്. സാരാംശവും അസ്തിത്വവും (essence and existence) തമ്മിലുള്ള വ്യതിരേകത്തിൽ അധിഷ്ഠിതമായ ഈ വേദപാരംഗത ന്റെ ദൈവവിജ്ഞാനീയം വചനം മാംസമായി മാന വചരിത്രത്തിലേക്കു പ്രവേശിക്കുന്ന പ്രമേയത്തെക്കുറി ച്ചും പ്രതിപാദിക്കുന്നുണ്ട്. ദൈവം മാത്രമാണ് കേവലം സ്വയം തഥ്യനായവൻ. അവിടുത്തെ അനന്തമായ അതീ ന്ദ്രിയത്വംമൂലമാണ് മററുള്ള വസ്തുക്കളെ സൃഷ്ടിക്കുന്നതി ന് അവിടുത്തേയ്ക്കു് സാധിക്കുന്നതു്. സൃഷ്ടികൾ, വസ്തു ക്കളും ചിഹ്നങ്ങളും എന്ന നിലയിൽ യഥാർത്ഥമാണ്. പരിശുദ്ധാത്മാവിന്റെ ഏഴു ദാനങ്ങളും ഒരസ്തിത്വാവ സ്ഥയാണ്. കാരണം പുത്രനും പരിശുദ്ധാത്മാവും ദൈ വജനത്തിലേയ്ക്കു് അയയ്ക്കപ്പെട്ടിരിക്കുന്നു. അവരിൽ അ വർ വാസം ഉറപ്പിച്ചിരിക്കുന്നു. ദൈവരാജ്യം നമ്മുടെ ഉള്ളിലുണ്ടെന്നിരുന്നാലും അതിന്റെ മഹത്വത്തിൽ നാം ഇനിയും ആഹ്ലാദിക്കേണ്ടതായിട്ടാണിരിക്കുന്നതു്

സുപ്രസിദ്ധ യവന ദാർശനികനായ അരിസ്റ്റോട്ടി ലിന്റെ കാലംമുതലുള്ള വിവിധ ശാസ്ത്രങ്ങളിൽ അന്തർ ഹിതമായിരുന്ന തത്ത്വങ്ങൾ തിരഞ്ഞെടുത്തു് ശേഖരി ച്ച്, മാനുഷിക വിജ്ഞാനത്തിന്റെ, പ്രത്യേകിച്ച് തത്ത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ബൃഹ ദ്ഗ്രഹമായ സമന്വയം അഥവാ ഉദ്ഗ്രഥനം സാധിതമാക്കി എന്നതാണ് ഈ ''മഹാസംയോജകന്റെ'' ഏററവും വലിയ വൈജ്ഞാനിക നേട്ടവും തോമിസത്തിന്റെ മുഖ്യമായ സ്വഭാവവൈശിഷ്ട്യവും. തന്റെ കാലഘട്ട ത്തിൽ പ്രസിദ്ധമായിരുന്ന ശാസ്ത്രങ്ങളെ ഇണക്കി സമീ കരിച്ച്, ശാസ്ത്രീയമായി നിസ്സംശയം സ്ഥാപിക്കപ്പെ ട്ടിട്ടുള്ളവയും, വെറും താത്ത്വികമോ, പരിചിന്താത്മകമോ,

തെളിയിക്കപ്പെട്ടിട്ടില്ലാത്തവയോ, പലപ്പോഴും അബദ്ധ സമ്മിശ്രിതമോ ആയതും തമ്മിൽ അവധാനപൂർവ്വമായ ഒരു വിവേചനം നാം തോമിസത്തിൽ ദർശിക്കുന്നുണ്ട്: ചിന്തയും ജീവസ്ഥിതിയും (being), വിശ്വാസവും വിജ്ഞാനവും, ആത്മീയവും ഭൗതികവുമായ സത്തയുടെ സ്വഭാവം, ദൈവത്തിൻെറ അസ്തിത്വവും അന്തസാരവും (essence), ദൈവിക ബുദ്ധിയും സൃഷ്ടസത്തകളുടെ പ്രകൃതിനിയമവും, മനുഷ്യൻെറ ആത്മാവും അമർത്ത്യതയും, അവൻെറ ബുദ്ധിയും ഇച്ഛാശക്തിയും, വിജ്ഞാനസമ്പാദന മാർഗ്ഗങ്ങളായ പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും, നൈതികശാസ്ത്രം (ethics) രാഷ്ട്രീയവും സാമൂഹികവുമായ തത്ത്വശാസ്ത്രം, പരിശുദ്ധ ത്രിത്വം (Trinity), ദൈവത്തിൻെറ വിശേഷഗുണങ്ങൾ, മാലാഖമാർ സ്വർഗ്ഗം, പ്രസാദവരം, മനുഷ്യാവതാരം, കൂദാശകൾ, — എന്നിത്യാദി വിഷയങ്ങളെക്കുറിച്ചെല്ലാം വിശുദ്ധ തോമസ് അതിമാത്രം ഉൽകൃഷ്ടവും വിദഗ്ദ്ധവുമായ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ടത്രേ ഇദ്ദേഹത്തിൻെറ കാലത്തിനുശേഷവും അംഗീകൃതരായ എല്ലാ ദാർശനികരും ദൈവവൈജ്ഞാനികരും ഈ വേദപാരംഗതൻെറ അഭിപ്രായങ്ങൾ മതിച്ച് മാനിച്ച് പ്രസ്തുത വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്.

എന്നിരുന്നാലും പരിശുദ്ധ കന്യകാമറിയത്തിൻെറ അമലോത്ഭവത്തിന് എതിരായ അഭിപ്രായമാണ് നമ്മുടെ വേദപാരംഗതൻ പുലർത്തിയിരുന്നത്.(a) മാതാവ് തൻെറ ജനനത്തിനു മുൻപ് അസാധാരണമായി ശുദ്ധീകരിക്കപ്പെട്ടു എന്നു മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളു. ഉത്ഭവപാപത്തിൻെറയും ക്രിസ്തു നിർവ്വഹിച്ച മനുഷ്യപരിത്രാണത്തിൻെറയും സാർവ്വത്രിക സ്വഭാവത്തെക്കുറിച്ചുള്ള ചിന്താഗതിയാണ് മറിയത്തേയും അവയിൽനിന്ന് ഒഴിച്ചുനിർത്താതിരിക്കുന്നതിനുള്ള അഭിപ്രായപ്രകാശനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുള്ളത്. 1854—ൽ ഒൻപതാം പീയൂസ് മാർപാപ്പാ അദ്ധ്യവസാനം ചെയ്ത

(a) S. Th. III 27, 2.

''അമലോദ്ഭവം'' അതിനുമുൻപ്, വിശുദ്ധ ബർണാർദിൻെറ ചിന്താസ്വാധീനത്തിൽപെട്ട് പന്ത്രണ്ടാം–പതിമൂന്നാം നൂററാണ്ടുകളിൽ Peter Lombard, St. Alexander of Hales, St. Bonaventure, St. Albert the Great എന്നീ പ്രസിദ്ധ ദൈവശാസ്ത്രജ്ഞരോടൊപ്പം, ആ കാലഘട്ടങ്ങളിൽ ഒരു വിവാദവിഷയമായിരുന്ന പ്രസ്തുത സത്യത്തിനെതിരായി വിശുദ്ധ തോമസ് അകവീനാസും അഭിപ്രായം പ്രകടിപ്പിച്ചതിൽ അത്ഭുതപ്പെട്ടിട്ട കാര്യമില്ലല്ലൊ.(a) എങ്കിലും അഗാധപണ്ഡിതനും അതേ സമയം അതിമാത്രം വിനീത മനസ്കനുമായിരുന്ന നമ്മുടെ വേദപാരംഗതൻ ''ഏതെങ്കിലും കാര്യങ്ങളെപ്പററി വല്ല അബദ്ധവും ഞാൻ എഴുതിപിടിപ്പിച്ചിട്ടുണ്ടെങ്കിൽ സമസ്തവും പരിശുദ്ധ റോമൻ സഭയുടെ തീരുമാനത്തിനും സുബദ്ധീകരണത്തിനുമായി ഞാൻ സമർപ്പിക്കുന്നു, സഭയോടുള്ള അനുസരണത്തിൽ ജീവിതത്തോടു് ഞാൻ വിടവാങ്ങുന്നു'' എന്നു പറഞ്ഞുകൊണ്ടാണ് ദിവംഗതനായതു്. ഈ ബുദ്ധിരാക്ഷസൻെറ സന്മാതൃക, തിരുസഭയോടൊത്ത് ചിന്തിച്ച് പ്രവത്തിക്കുന്നവരെ പുച്ഛിച്ച് അവഹേളിക്കുന്ന ദാംഭികരും കിഞ്ചിജ്ഞരുമായ അവക്രമികമാനസരെ സൽപഥത്തിലേയ്ക്കു് ആനയിക്കുമെന്നു് പ്രത്യാശിക്കാം.(b)

---

(a) E. Gilson: Spirit of Thomism (1964) Encyclopedic Dictionary of Religion, (1979).

(b) Ludwig Ott. Fundamentals of Catholic Dogma, 1966.

# 13

# മററു ചില ഇസങ്ങൾ

പാശ്ചാത്യ ദൈവവിജ്ഞാനീയത്തിലെ മററു ചില ചിന്താസരണികളായ 'സ്കോട്ടിസം', 'മൊളിനിസം', 'കൊൺഗ്രൂയിസം' എന്നിവയെക്കുറിച്ചാണു് ഇനിയും പ്രതിപാദിക്കുവാനുള്ളതു്.

## സ്കോട്ടിസം

ഫ്രാൻസീസ്കൻ സന്യാസസഭയുടെ ഒരംഗമായിരുന്ന ഡൺസ് സ്കോട്ടസ് (Duns Scotus) (c. 1270-1308) സ്കോട്ട് ലണ്ടനിൽ ഭൂജാതനായി. ഇദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള ദാർശനികവും പ്രത്യേകിച്ച് ദൈവവൈജ്ഞാനികവുമായ സ്കൊളാസ്റ്റിക്ക് ചിന്താപദ്ധതിയാണു് സ്കോട്ടിസം. തിരുസഭ ഈ പണ്ഡിതനെ ഒരു വേദപാരംഗതനായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ഇദ്ദേഹത്തിൻെറ ആഴമേറിയ ചിന്തയുടെ ഫലമായി പ്രസിദ്ധമായിത്തീൎന്ന വൈജ്ഞാനിക സംഭാവനകൾ മൂലം ''കൂർമബുദ്ധിയായ വേദപാരംഗതൻ'' – Subtle Doctor – എന്നു് ഇദ്ദേഹം സാധാരണമായി വിളിക്കപ്പെട്ടുപോരുന്നു. അരിസ്റ്റോട്ടിലിൻെറ തത്ത്വശാസ്ത്രം വ്യാഖ്യാനിച്ചു വികസിപ്പിച്ച് ക്രിസ്തീയ വിശ്വാസത്തോടു രഞ്ജിപ്പിച്ച തത്ത്വശാസ്ത്രമാണു് ഇദ്ദേഹത്തിൻെറയും ദർശനം. സ്കോട്ടസ്, സ്കൊളാസ്റ്റിക്ക് ദർശനത്തിൻെറ തത്ത്വങ്ങൾക്ക് അനുസൃതമായി കത്തോലിക്കാവിശ്വാസത്തിൻെറ ദത്തതത്ത്വങ്ങൾ (data) സ്വീകരിച്ചുകൊണ്ടു് അവയെ ക്രമവൽക്കരിക്കുകയും ആദരിച്ച് സംരക്ഷിക്കുകയും അവയിൽനിന്നു് ദൈവവൈജ്ഞാനിക നിഗമനങ്ങൾ സ്വീ

കരിക്കുകയും ചെയ്യുന്നു. പ്രസ്തുത അനുമാനങ്ങളിൽ ചി ലതു് വിശുദ്ധ തോമസ് അക്വീനാസിനെപ്പോലുള്ള ദൈവശാസ്ത്രജ്ഞന്മാരുടേതിൽനിന്നു് വ്യത്യസ്തമാണെങ്കിലും അവ തിരുസഭയുടെ ആധികാരിക പ്രബോധനങ്ങൾക്കു് ഒട്ടുംതന്നെ വിരുദ്ധമല്ല. ഇദ്ദേഹം തിരുസഭയുടെ അദ്ധ്യാപനാധികാരത്തെ പ്രത്യേകിച്ചു് മാർപാപ്പായുടെ പരമാധികാരത്തെ, വിശ്വാസസിദ്ധാന്തസംരക്ഷണാധികാരത്തെ അതിമാത്രം മതിച്ചു് സ്നേഹിച്ചിരുന്നു.(a) മനുഷ്യബുദ്ധിക്കു് അഗ്രാഹ്യമോ അതിനു വിരുദ്ധമോ ആയി തോന്നിയിരുന്ന രഹസ്യം തിരുസഭയുടെ അദ്ധ്യാപനാധികാരത്തിൻെറ ശക്തിയാൽ ഇദ്ദേഹത്തിനു് ഒരു സുനിശ്ചിത സത്യംതന്നെയായിരുന്നു.(b)

സ്കോട്ടസിൻെറ ദൈവവിജ്ഞാനീയം പ്രധാനമായും വിശുദ്ധ അഗസ്റ്റിൻെറ വൈജ്ഞാനിക പാരമ്പര്യത്തെ ആധാരമാക്കി സ്വീകരിച്ചു് വികസിച്ചിട്ടുള്ളതാണു്. തത്ത്വശാസ്ത്രസംബദ്ധമായ പൂർവ്വഗതതത്ത്വങ്ങളിൽ അരിസ്റ്റോട്ടിലിൻെറ ചിന്താസരണിയും ദൈവവൈജ്ഞാനികമായവയിൽ അഗസ്റ്റീനിയൻ സൈദ്ധാന്തികപ്രവണതയും പ്രകടിപ്പിച്ചിരുന്ന സ്കോട്ടിസം 17-ാം നൂററാണ്ടിലാണു് അതിൻെറ സ്വാധീനശക്തി ഏററവും അധികമായി ശാസ്ത്രീയമണ്ഡലത്തിൽ ചെലുത്തിയിരുന്നതു്. മദ്ധ്യശതകങ്ങളിലെ സുപ്രധാന ദൈവശാസ്ത്രപാഠ്യപുസ്തകമായിരുന്നു പീററർ ലൊംബാർഡിൻെറ (1100–1160) "Four Books of Sentences". ദൈവവിജ്ഞാനീയത്തിൻെറ ഒരു വ്യവസ്ഥവൽകൃതസംഗ്രഹമായ ഈ ഗ്രന്ഥസഞ്ചയത്തിൻെറ — സഭാപിതാക്കന്മാരുടെ, പ്രത്യേകിച്ചു് വിശുദ്ധ അഗസ്റ്റിൻെറ ദൈവശാസ്ത്രപരമായ അഭിപ്രായങ്ങളെ ക്രോഡീകരിച്ചു് രചിച്ച ഈ ഗ്രന്ഥസമാഹാരത്തിൻെറ വ്യാഖ്യാനത്തിലൂടെയാണു് സ്കോട്ടി

(a) Werner "Johannes Duns Scotus", 1881.

(b) Herman Hausheer: "John Duns Scotus" An Encyclopedia of Religion 1945.

സത്തിൻെറ സ്കോളാസ്റ്റിക്ക് ചൈതന്യം കൂടുതൽ പ്രസ്പഷ്ടമാകുന്നതു്. ഇദ്ദേഹത്തിൻെറ മരിയവ്ജ്ഞാനീയം പ്രത്യേകം പ്രശംസാർഹമാണ്. പരിശുദ്ധ കന്യകാമറിയത്തിൻെറ അമലോദ്ഭവത്തിനുള്ള സാദ്ധ്യതപോലും സമ്മതിക്കാതിരുന്ന വിശുദ്ധ തോമസ് അകചീനാസിൻെറ അഭിപ്രായത്തിനെതിരായി, പ്രസ്തുത സത്യം ഒൻപതാം പീയൂസ് മാർപ്പാപ്പാ 1854 ഡിസംബർ 8–ാംനു അദ്ധ്യവസാനം ചെയ്യുന്നതിനു് വളരെ മുൻപുതന്നെ, സ്കോട്ടസ് അതു് സന്യായം സമർത്ഥമായി പഠിപ്പിച്ചിരുന്നു. ഇദ്ദേഹത്തിൻെറ ന്യായങ്ങൾ, ''സാദ്ധ്യമായിരുന്നു, സമുചിതമായിരുന്നു, അതുകൊണ്ടു് നിവർത്തിച്ചു'' എന്നർത്ഥമുള്ള "potuit, decuit, ergo, fecit" എന്നീ ലത്തീൻ പദങ്ങളിൽ സമാഹരിക്കപ്പെടാറുണ്ടു്. ഇവയുടെ അർത്ഥം, മറിയത്തെ ഉത്ഭവപാപത്തിൽനിന്നും ഒഴിവാക്കുന്നതിനു് സർവ്വശക്തനായ ദൈവത്തിനു് 'സാദ്ധ്യമായിരുന്നു', നന്മതന്നെയായ ദൈവം യാതൊരു തിന്മയുടേയും മാലിന്യമേശാത്ത ഒരു സ്ത്രീയിൽനിന്നു് ഉത്ഭവിക്കുക എന്നതു് 'സമുചിതമായിരുന്നു', 'അതുകൊണ്ടു്'' ദൈവം മറിയത്തിൻെറ അമലോദ്ഭവം 'നിവർത്തിച്ചു'' എന്നതാണ്. അമലോത്ഭവയായ മറിയം മനുഷ്യൻെറ രക്ഷയിൽ ദൃഢബദ്ധമായ ഒരു പങ്ക് വഹിക്കുന്നുണ്ടെന്നും ഇദ്ദേഹം സമർത്ഥിച്ചു. ഇദ്ദേഹത്തിൻെറ കാലത്തു് പ്രത്യേകിച്ചു് പാരീസിൽ പ്രസ്തുത സത്യം വിശദീകരിച്ചു പഠിപ്പിച്ച ഏക ദൈവശാസ്ത്രജ്ഞനായിരുന്നു ഡൺസ് സ്കോട്ടസ്.(a)

പ്രധാനമായും ഒരു പ്രായോഗിക ദൈവശാസ്ത്രജ്ഞനായിരുന്ന സ്കോട്ടസ് ബുദ്ധിയേക്കാൾ ഇച്ഛാശക്തിയെ

(a) W. B. Mahoney, John Duns Scotism Encyclopedic Dictionary of Religion, 1979.

B. M. Bonansca, Enc. phil. 7: 344–345, C. Balic & J. A. Weisheipl, New Catholic Encyclopedia 12:1226–29 (1974)

കൂടുതൽ പ്രധാനവും പ്രമുഖവുമായി പരിഗണിച്ചിരുന്നു. ഇച്ഛാശക്തിയുടെ ഈ പ്രാമുഖ്യത്തിന് ഇദ്ദേഹത്തിൻെറ വിജ്ഞാനീയ മണ്ഡലത്തിൽ കേന്ദ്രസ്ഥാനമാണുണ്ടായിരുന്നത്. അത്യന്തമായ പരമസൗഭാഗ്യത്തിൻെറ സാരാംശം ബുദ്ധിയിലൂടെയുള്ള ദൈവദർശനത്തിലാണ് അന്തർഹിതമായിരിക്കുന്നതെന്നു വിശുദ്ധ തോമസ് അഭിപ്രായപ്പെടുന്നു. എന്നാൽ സ്കോട്ടസിൻെറ. വീക്ഷണമനുസരിച്ച് അതു് ദൈവത്തോടുള്ള സ്നേഹത്തിലത്രേ നാം കണ്ടെത്തേണ്ടതു്. കാരണം മനുഷ്യനിലെ കൂടുതൽ വിശിഷ്ടമായ ഇച്ഛാശക്തിയുടെ ഒരു ക്രിയ (act) ആണ് സ്നേഹം. ദൈവസ്നേഹത്തിൽനിന്നു് പ്രസ്തുത സൗഭാഗ്യം ഉത്ഭവിക്കുകയും ചെയ്യുന്നു. ത്രിത്വൈക ദൈവത്തിനു് മനുഷ്യരോടുള്ള സ്നേഹത്തിൻെറ ഏററവും പ്രധാനവും പ്രമുഖവുമായ പ്രകടനമാണ് മനുഷ്യാവതാരം. അതായതു് മനുഷ്യാവതാരത്തിൻെറ പ്രാഥമികമായ പ്രേരകോദ്ദേശ്യം ദൈവത്തിൻെറ സ്നേഹമാണ്. മനുഷ്യനോടുള്ള അവിടുത്തെ അനന്തസ്നേഹം നിമിത്തം മനുഷ്യൻെറ പ്രകൃത്യനുസൃതമായ കൃത്യങ്ങൾക്കു് ലഭ്യമാകുക സമുചിത സുകൃതയോഗ്യത (congruous merit) യാണ് നിത്യസൗഭാഗ്യത്തിനുള്ള മനുഷ്യൻെറ അഗ്രിമനിർണ്ണയത്തിനു് (predestination) ആധാരമായിരിക്കുന്നതു്. മനുഷ്യപരിത്രാണത്തിനുള്ള ആവശ്യത്തിൽനിന്നു് വേർപെട്ട് നിത്യത്വം മുതൽ നിർണ്ണീതമായിരുന്നു മനുഷ്യാവതാരം. ദൈവത്തിൻെറ അതിബൗദ്ധിക സത്ത അവിടുത്തെ അഭിമൂലമായ അനന്തതയിൽ (radical infinity) അതായതു് എല്ലാ പരിപൂർണ്ണതകളും അനന്തമായ അളവിൽ ദൈവം സ്വന്തമാക്കിയിരിക്കുന്നതു് ഏതു ഗുണത്താലാണോ അതിലാണ് സ്നേഹത്തെ സ്കോട്ടിസം ദർശിക്കുന്നതു്. ഈ വൈജ്ഞാനിക വീക്ഷണം തോമിസത്തിൽ

നിന്നു് വ്യത്യസ്തമാണു്. പല തോമിസക്കാരും ദൈവത്തിന്റെ അതിബൗദ്ധികസത്ത, അവിടത്തെ സീമയററ, പരിപൂർണ്ണമായ ബൗദ്ധികതത്വത്തിലാണു് (absolute intellectuality) കാണുന്നതു്. അതിനെ ഇവർ സമ്പൂർണ്ണ ആദ്ധ്യാത്മികതയോ അന്യാദരയുക്തമായ ബൗദ്ധികത്വമോ (Formal Intellectuality) ആയി പരിഗണിക്കുന്നു.

പിതാവിൽനിന്നു് നിത്യോല്പാദനത്തിലൂടെ പുറപ്പെടുന്ന ഒരു വ്യക്തിത്വംമാത്രം ക്രിസ്തുവിൽ ഉള്ളതുപോലെ തന്നിൽ ഒരു പുത്രത്വമേ ഉള്ളു എന്നു തോമിസക്കാർ പറയുമ്പോഠം,പല സ്കോട്ടിസക്കാരും,മനുഷ്യനായ ക്രിസ്തു ഒരേസമയം ദൈവത്തിന്റെ സ്വാഭാവിക പുത്രനും, പ്രസാദവരദാനത്തിന്റെ കാരണത്താൽ അവിടുന്നു ദൈവത്തിന്റെ ദത്തുപുത്രനും കൂടിയാണെന്നു് വാദിക്കുന്നു. ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളുടെ വൈയക്തികമായ ഐക്യത്തെക്കുറിച്ചു് (Hypostatic union) പ്രതിപാദിക്കുമ്പോഠം, സ്വഭാവവും വ്യക്തിയും തമ്മിൽ മാത്രമല്ല സ്വഭാവവും അസ്തിത്വവും തമ്മിലും ഒരു യഥാർത്ഥ (real) വ്യത്യാസം ഉണ്ടെന്നും, സ്വഭാവം ഒരു വ്യക്തിയായിത്തീരുന്നതു്അതു്അസ്തിത്വം സ്വീകരിക്കുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കിയാണെന്നും തോമിസം അഭിപ്രായപ്പെടുന്നു. സ്കോട്ടിസത്തിന്റെ അഭിപ്രായത്തിൽ സ്വഭാവവും വ്യക്തിയും തമ്മിൽ സാധുതമായ അഥവാ പ്രഭാവാത്മകമായ (virtual) ഒരു വ്യതിരേകമേ ഉള്ളു. വ്യക്തി സ്വഭാവത്തോടു് പുതിയ യാഥാത്ഥ്യമൊന്നുംകൂട്ടിച്ചേർക്കുന്നില്ലതന്നെ. ക്രിസ്തുവിന്റെ പ്രസാദവരം ദൈവം പ്രദാനം ചെയ്തിട്ടുള്ളതും തുടർന്നു നൽകിക്കൊണ്ടിരിക്കുന്നതും അവിടത്തെ പരിത്രാണത്തിന്റെ യോഗ്യതകളെ കണ്ടുകൊണ്ടുള്ളതും ആണെന്നുള്ള പൊതുവായ

അദ്ധ്യാപനത്തിൽനിന്നു് വ്യത്യസ്തമായി സ്കോട്ടിസക്കാർ പറയുന്നതു്, ആദിമാതാപിതാക്കളുടെ അധഃപതനം സംഭവിച്ചില്ലായിരുന്നെങ്കിൽ തന്നെയും മനുഷ്യാവതാരം സംഭവിക്കുമായിരുന്നു, മാലാഖാമാർക്കും പറുദീസായിലെ ആദിമാതാപിതാക്കൾക്കും ഉണ്ടായിരുന്ന പ്രസാദവരം ക്രിസ്തുവിൻെറ പ്രസാദവരം തന്നെയാണു്, പക്ഷെ അവിടുന്നു് പരിത്രാതാവു് ആണെന്ന നിലയില്ല സൃഷ്ടിയുടെ ശിരസ്സാകുന്നു എന്ന ന്യായത്താലാണു് അതു് അവിടുന്നു് അവർക്കു നൽകിയതു് എന്നൊക്കെയത്രേ.

ടൊളേഡോയിലെ (Toledo) ഫ്രാൻസീസ്ക്കൻ പൊതുസംഘം 1633–ൽ സ്കോട്ടിസത്തെ പ്രസ്തുത സന്യാസസഭയുടെ ഔദ്യോഗികാദ്ധ്യാപനമായി സ്വീകരിച്ചു.[a] എങ്കിലും 19–ാം നൂററാണ്ടോടുകൂടി സ്കോളാസ്റ്റിസിസത്തോടൊപ്പം സ്കോട്ടിസവും വളരെ തളർന്നുപോയി. അന്നുമുതൽ വിശുദ്ധ തോമസ് അക്വീനാസിൻെറയും വിശുദ്ധ ബൊനെവെന്തുരായുടെയും കൃതികളിലേക്കാണു് കത്തോലിക്ക ദൈവശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധ പ്രത്യേകം തിരിഞ്ഞതു്. എന്നിരുന്നാലും സ്കോട്ടിസവും തോമിസവും റോമൻ കത്തോലിക്കാസിദ്ധാന്തങ്ങളോടു് പൊരുത്തപ്പെട്ടു പോരുന്ന രണ്ടു സ്കോളാസ്റ്റിക്ക് പദ്ധതികളായി ഇന്നും പരിഗണിക്കപ്പെടുന്നു.

---

(a) W. B. Mahoney; Scotism; Encyclopedic Dictionary of Religion, 1979.
B. M. Bonasea, Enc. Phil. 7. 344–345;
C. Balic and J. A. Weisheipl, New Catholic Encyclopedia 12:1226–29 (1974).

## മൊളീനിസം

സ്പെയിൻകാരനും ഈശോസഭാംഗവുമായ ലൂയീസ് മൊളീന (Louis de Molina 1535–1600) യുടെ നേതൃത്വത്തിലുള്ള ദൈവവൈജ്ഞാനിക ചിന്താസരണിയാണ് ''മൊളീനിസം''. ഈ പ്രസ്ഥാനക്കാരുടെ പ്രധാന പ്രതിപാദ്യം പ്രസാദവരമാണ് (Grace). ദൈവത്തിൻെറ പ്രസാദവരവും മനുഷ്യൻെറ സ്വാതന്ത്ര്യമായ ഇച്ഛാശക്തിയും തമ്മിൽ രമ്യപ്പെടുത്തുന്ന ദൈവശാസ്ത്രസിദ്ധാന്തം വിശദീകരിക്കുന്ന മൊളീനായുടെ പ്രസിദ്ധ ഗ്രന്ഥമാണ് "Concordia". 'കൊൺകോ.ർഡിആ' എന്ന ലത്തീൻ പദത്തിൻെറ അൎത്ഥം അനുഷംഗം അഥവാ ചേർച്ച എന്നത്രേ. മനുഷ്യസ്വാതന്ത്ര്യത്തിനു് പ്രതിബന്ധമാകാതെ പ്രസാദവരം നമ്മുടെ ആത്മാവിൽ എങ്ങിനെ ഫലപ്രദമായി പ്രവൎത്തിക്കുന്നു എന്നു് വിശദീകരിച്ചു് തെളിയിക്കുന്നതിനാണ് പ്രധാനമായും മൊളീനിസക്കാർ പ്രയത്നിച്ചിട്ടുള്ളതു്. 'കൊൺകോർഡ!യാ'യിലെ ചില പ്രമേയങ്ങളോടു് വിയോജിച്ചു ഡൊമിനിക്കൻ സഭക്കാരുമായി Banez വാദിച്ചു. ഇങ്ങനെ ഡൊമിനിക്കൻസഭക്കാരും ഈശോസഭക്കാരും തമ്മിൽ ആരംഭിച്ച വാദപ്രതിവാദം ഇന്നോളം അവസാനിച്ചിട്ടില്ല.

ഈ ദൈവശാസ്ത്രപദ്ധതിയുടെ ഒരു വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നതു്. ദൈവപ്രസാദവരം ഫലം ഉല്പാദിപ്പിക്കുന്നതിനു് മനുഷ്യൻെറ ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യമായ സമ്മതി ആവശ്യകമായ ഒരു വ്യവസ്ഥ അഥവാ ഉപാധിയാണ്. എന്നാൽ പ്രസാദവരം മേല്പറഞ്ഞ ഇച്ഛാശക്തിയെ പ്രചോദിപ്പിക്കുകയും പ്രേരി

പ്പിക്കകയും ചെയ്യമ്പോഠം അതിനെ കായികമായോ ധർമാനുസൃതമായോ (physically or morally) ബലാല്ക്കാരമായി നിയന്ത്രിക്കുന്നില്ലതന്നെ. മാനുഷികസ്വാതന്ത്ര്യവും ദൈവികജ്ഞാനവും, അഗ്രിമനിർണ്ണയവും (predestination) അന്തിമതിരസ്കരണവും പ്രസാദവരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള പ്രശ്നവും ഈ 'ഇസ'ത്തിൽ അന്തർഹിതമാണ്.

(1) ഓരോ സൃഷ്ടിയുടേയും പ്രവൃത്തിയിൽ, സ്വാതന്ത്ര്യമായ മാനുഷികകൃത്യത്തിൽപ്പോലും ദൈവം സാർവ്വത്രികവും നിസ്സംഗമവുമായ (general and indifferent) ചലനത്തിലൂടെ സംഗമിച്ച് സഹകരിക്കുന്നു. പ്രസ്തുത ദൈവികചലനം ഒരേ ഫലത്തെ സംബന്ധിച്ചിടത്തോളം സൃഷ്ടിയുടെ മേലല്ല സൃഷ്ടിയോടുക്കൂടിയത്രേ പ്രവർത്തിക്കുന്നതു്. ഇതു് ഏകകാലികമായ (simultaneous) സംയോഗമാണെങ്കിലും ഇതിനെ നമ്മുടെ ഇച്ഛാശക്തിക്കു് അതിനിഷ്ടമുള്ളതുപോലെ ഉപയോഗിക്കാവുന്നതത്രേ. (2) ഇതു കൂടാതെ പ്രകൃത്യതീത കൃത്യങ്ങഠംക്കു് പ്രസാദവരത്തിൻെറ ഒരു പ്രത്യേക സഹകരണവുമുണ്ടു്. ഇതാണു് മുമ്പിടുന്ന പ്രസാദവരം (prevenient grace) എന്നു് വിളിക്കപ്പെടുന്നതു്. ഈ പ്രസാദവരഫലമായി രക്ഷാകരകൃത്യം സംജാതമാകുന്നു. പ്രസ്തുത കൃത്യമാകട്ടെ മനുഷ്യൻെറ ഇച്ഛാശക്തിയിൽനിന്നു് അതിൻെറ ജീവശക്തിയും (vitality) പ്രസാദവരത്തിൽനിന്നു് അതിൻെറ പ്രകൃത്യതീതത്വം (supernaturality) പ്രാപിക്കുന്നു. (3) പ്രാവർത്തിക പ്രസാദവരം (actual grace) ഇച്ഛാശക്തിയുടെ സജീവ കൃത്യത്തിലേയ്ക്കുതന്നെ, അതു് സ്വഭാവാതീതമായിരിക്കുന്നിടത്തോളം, രൂപാന്തരപ്പെടുന്നു. (4) ദൈവത്തിൽ വ്യതിരിക്തമായ ത്രിവിധജ്ഞാനങ്ങഠം ഉണ്ടു്. (a) സംഭാവ്യമായ ഏതൊരു സംഗതിയെക്കുറിച്ചുമുള്ള മുഗ്ദ്ധമായ പ്രജ്ഞയുടെ (simple intelligence) ജ്ഞാനം. (b) ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതും ഉഠംപ്പെടുന്ന ഏതൊരു യഥാർത്ഥ സംഗതിയേ

യും കുറിച്ചുള്ള ദർശനത്തിന്റെ (vision) ജ്ഞാനം. (c) സംഭാവിതമോ സോപാധികമോ (hypothetical or conditional) ആയ ഭാവി വിഷയമായിട്ടുള്ള മദ്ധ്യമ ജ്ഞാനം (middle knowledge). ഇതു് scientia media (ഷിഏൻസിആ മേഡിആ) എന്നാണു് ലത്തീനിൽ വിളിക്കപ്പെടുന്നതു്. ആദ്യത്തെ ദ്വിവിധ ജ്ഞാനങ്ങളും തോമിസക്കാരും സ്വീകരിക്കുന്നുണ്ടു്. മൂന്നാമത്തെ മദ്ധ്യമ ജ്ഞാനം മൊളീനിസകാർക്കുമാത്രം പ്രത്യേകമായിട്ടുള്ള ഒന്നത്രേ ........ മദ്ധ്യമജ്ഞാനത്തിന്റെ പ്രഭാവത്താൽ, ദൈവം ഒരു സംഗതി ഇച്ഛിക്കുന്നതിനു മുൻപുതന്നെ, ഒരു സ്വതന്ത്രമനുഷ്യൻ സംഗതികളുടെ സംഭവ്യമായ ഏതെങ്കിലുമൊരു ക്രമത്തിൽ വർത്തിക്കുമായിരുന്നെങ്കിൽ എന്തു ചെയ്യുമെന്നു്, ദൈവം അവിടുത്തെ സാരാംശത്തിൽ മുൻകൂട്ടി കാണുന്നു. (5) പ്രസ്തുത മദ്ധ്യമജ്ഞാനത്തിലൂടെ, സൃഷ്ടിയുടെ സാദ്ധ്യമായ വിവിധ ക്രമങ്ങൾക്കും പ്രസാദവരത്തോടുള്ള മനുഷ്യന്റെ അന്തിമഫലമായ സഹകരണത്തിനും അനുസൃതമായി, ദൈവം മനുഷ്യന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയെക്കുറിച്ചു് ആരാഞ്ഞു് നിരൂപണം ചെയ്യുന്നു. ഇങ്ങനെ, മനുഷ്യന്റെ യോഗ്യതകളെക്കുറിച്ചുള്ള ദൈവത്തിന്റെ മുൻവീക്ഷണത്തിനു് അധീനമായി (after foreseeing man's merits) അവിടുന്നു് അഗ്രിമനിർണ്ണയം സ്ഥിരീകരിക്കുന്നു. ഭാവിയുടേയും അഗ്രിമനിർണ്ണയത്തിന്റെയും കാര്യത്തിൽ മൊളീനിസം ദൈവത്തിന്റെ ബുദ്ധിശക്തിക്കാണു് കൂടുതൽ പ്രാധാന്യം നൽകുന്നതു്.[a]

ദൈവം ഒരു സ്വതന്ത്രജീവിയെ സൃഷ്ടിക്കുന്നതിനുള്ള കേവലവും അനന്യസംബദ്ധവുമായ തീരുമാനം ചെയ്യുന്നതിനുമുൻപ്, പ്രസ്തുത സ്വതന്ത്രജീവി ഏതെങ്കിലും സാഹചര്യങ്ങളുടെ പ്രത്യേക സംയോജനത്തിൽ ഏതെല്ലാം തിരഞ്ഞെടുപ്പുകൾ അതു് നിർവഹിക്കുമെന്നു് ദൈവം പ്രമാദരഹിതമായി ഏതൊരു ജ്ഞാനത്താൽ അറിയുന്ന

(a) Dictionary of Catholic Theology p. 191-192.

വോ ആ ജ്ഞാനമാണ് മൊളീനിസത്തിലെ മദ്ധ്യമ ജ്ഞാനം എന്നു ചുരുക്കിപ്പറയാം. ദൈവം അസ്തിത്വത്തിന്റെ എല്ലാ സാദ്ധ്യമായ രീതികളും അറിയുന്ന മുഖ്യമായ ബുദ്ധിയുടെ ജ്ഞാനത്തിലും, സ്ഥിതിചെയ്യുന്നതിനു അവിടുന്നു സ്വാതന്ത്ര്യമായി നിശ്ചയിക്കുന്ന സംഗതികൾ അവിടുന്നു അറിയുന്ന ദർശനത്തിന്റെ ജ്ഞാനത്തിലും പങ്കുകൊള്ളുന്നതുകൊണ്ടാണ് പ്രസ്തുത ജ്ഞാനം 'മദ്ധ്യമജ്ഞാനം' എന്നു വിളിക്കപ്പെടുന്നതു്.

മദ്ധ്യമജ്ഞാനസിദ്ധാന്തത്തിൽ മൂന്നു കാര്യങ്ങളാണു് അന്തർഹിതമായിരിക്കുന്നതു്: (1) ഒരു പ്രസാദവരം മനുഷ്യനു് പ്രദാനം ചെയ്യപ്പെട്ടുമെങ്കിൽ അവൻ അതിനു് സമ്മതി നൽകും എന്നതു് വസ്തുനിഷ്ഠമായ ഒരു സത്യമാണു്. (2) സംഭവിക്കുവാനിരിക്കുന്നതിനെക്കുറിച്ചുള്ള ദൈവത്തിന്റെ നിരുപാധികമായ തീരുമാനം അവിടുന്നു ചെയ്യുന്നതിനു മുൻപ് ഈ വസ്തുത അവിടുന്നു് മദ്ധ്യമജ്ഞാനത്തിലൂടെ അറിയുന്നു. (3) പ്രസ്തുത മുൻ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ പ്രസാദവരം നൽകുന്നതിനുള്ള നിരുപാധികവും പരോപകാരതൽപരവുമായ നിർണ്ണയം (decree) ഉണ്ടാകുന്നു. മൂന്നാമതു് പറഞ്ഞ കാര്യം സാധിതമാകുന്നതുവരെ പ്രസാദവരത്തിന്റെ ഫലദായകത്വം ഉണ്ടായിരിക്കയില്ല.[a]

---

(a) A. C. Pegis "Molina and Human Liberty", Jesuit Thinkers of the Renaissance (ed. G. Smith 1939) 75-131. G. Smith, "Freedom in Molina (1966).

## കോൺഗ്രൂയിസം

ഒരു സ്പാനിഷ് ഈശോ സഭാംഗവും "Doctor Eximius" എന്നു് വിളിക്കപ്പെട്ടുപോരുന്ന ഒരു സ്കോളാസ്റ്റിക്ക് ദൈവവൈജ്ഞാനികനുമായ ഫ്രാൻസിസ് സ്വാരെസിൻെറ Francis Suarez (1548–1617) നേതൃത്വത്തിൽ മുളയെടുത്തു് വികസിച്ച പ്രസാദവര സംബദ്ധമായ ഒരു ചിന്താസരണിയാണു് കോൺഗ്രൂയിസം അഥവാ അനുയോഗ്യതാവാദം. ഈ ദൈവശാസ്ത്രപദ്ധതിയുടെ പുരസ്കർത്താവായി വേദപാരംഗതനായ വിശുദ്ധ റോബെർട്ടു് ബെല്ലാർമിനും (St. Robert Bellarmine–1542–1621) പരിഗണിക്കപ്പെടുന്നുണ്ടു്. കോൺഗ്രൂയിസം (Congruous) എന്ന പദത്തിൻെറ തൽഭവമാണു്. Congruous–ൻെറ അർത്ഥമാകട്ടെ അനുയോഗ്യം, അനുരൂപം എന്നൊക്കെയത്രേ. ഏതെങ്കിലും ഒരാത്മാവു് രക്ഷാകരമായ ഒരു കൃത്യം ചെയ്യണമെന്നു് ദൈവം ആഗ്രഹിക്കുമ്പോൾ അതിനു് തൻെറ പ്രസാദവരം നൽകുന്ന പ്രത്യേക സാഹചര്യങ്ങളിൽ ആ പ്രസാദവരം നൽകപ്പെടുന്നെങ്കിൽ അതു് ലഭിക്കുന്ന ആത്മാവ് അതിനു് സമ്മതിക്കുമെന്നു ദൈവം അവിടുത്തെ മദ്ധ്യമജ്ഞാനത്തിലൂടെ (middle knowledge) പ്രമാദരഹിതമായി അറിയുന്നു. മനുഷ്യൻ ഭാവിയിൽ നൽകുവാനിരിക്കുന്ന സമ്മതിയോടു് പ്രസ്തുത പ്രസാദവരം അനുരൂപമായി സംയോജിക്കുന്നതുകൊണ്ടാണു് ഇതു് ''അനുയോഗ്യമായ പ്രസാദവരം''– Congruous grace– എന്നു് വിളിക്കപ്പെടുന്നതു്(a).

---

(a) Donald Attwater: Congruism, A Catholic Dictionary, (1949).

മൊളീനിസത്തിൻെറ മൂലാധാരമായ തത്ത്വങ്ങൾ സ്വീകരിച്ചുകൊണ്ടു് അതിൽനിന്നു് വികസിച്ചിട്ടുള്ള ഈ ദൈവശാസ്ത്രപദ്ധതി കേന്ദ്രീകൃതമായിരിക്കുന്നതു് മാനുഷിക സ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ടിട്ടുള്ള പ്രസാദ വരത്തിൻെറ ഫലദായകത്വസ്വഭാവത്തിലാണു്. തോമിസക്കാർ സാധാരണമായി, മൊളീനിസവും കോൺഗ്രൂയിസവും തമ്മിൽ നിശിതമായ ഒരു വ്യതിരിക്തത ദർശിക്കുന്നുണ്ടു്. എന്നാൽ മൊളീനിസക്കാരുടെ അഭിപ്രായത്തിൽ ഈ രണ്ടു പദ്ധതികളും ചിന്തയിൽ സംഗമിച്ചു് ഏകീഭവിക്കുന്നു, ഇവ തമ്മിലുള്ള പരസ്പരവ്യത്യാസം വെറും വാങ്മയമാണു്. കാരണം പര്യാപ്ത മായ അഥവാ മതിയായ പ്രസാദവരവും (Sufficient grace) ഫലപ്രദമായ പ്രസാദവരവും (efficacious grace) തമ്മിൽ സത്വപരമായ (entitative) വ്യത്യാസമില്ല. ഒരു വ്യക്തിയുടെ സ്വതന്ത്രമായ ഇച്ഛാശക്തി നൽകേണ്ട സമ്മതിയുടെ അഭാവത്തിൽ ഒരു പ്രസാദവരം നിഷ്ഫലമായിത്തീരുന്നു. എന്നാൽ സമ്മതി നൽകുന്ന വേറൊരു വ്യക്തിയിൽ അതേ പ്രസാദവരം ഫലപ്രദമായി ഭവിക്കുന്നു.

മൊളീനായുടെ ഈ പ്രബോധനം സ്വാരെസ് വികസിപ്പിച്ചു് ഇങ്ങനെ സംപൂരിപ്പിക്കുന്നു. പ്രസാദവരത്തിൻെറ ഫലദായകത്വം വ്യക്തിയുടെ മനോവിജ്ഞാനീയമായ സ്ഥിതിഗതികളോടും സമയസ്ഥലസാഹചര്യങ്ങളോടുമുള്ള അതിൻെറ അനുരൂപീകരണത്തെ (adaptation) ആശ്രയിച്ചിരിക്കുന്നു. പ്രസ്തുത അനുരൂപീകരണമാണു് പ്രസാദവരത്തെ ആ വ്യക്തിയ്ക്കു് അനുയോഗ്യമാക്കുന്നതു്. തിരഞ്ഞെടുക്കുന്നതിനുള്ള വ്യക്തിയുടെ സ്വാതന്ത്ര്യത്തെ നിഹനിക്കാതെ, ഫലം തീർച്ചയായി സംസിദ്ധമാക്കത്തക്കവിധം ഈ അനുരൂപണം വ്യക്തിക്കു് തികച്ചും ആനുപാതികമാണുതാനും. അനുയോഗ്യപ്രസാദവരത്തിനു് (Congruous grace) അതിൻെറ സ്വന്തമായ ഒരാന്തരിക ഫലദായകത്വം (efficacy) ഉണ്ടു്. പക്ഷെ അതു് കായികമല്ല (physical) പ്രത്യുത പ്രവൃത്തി

യിലേക്ക് ആകർഷിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ധാർമ്മികം (moral) ആണ്.

പ്രസാദവരം ഫലപ്രദമാകണമെങ്കിൽ അതിന് മനുഷ്യൻെറ സ്വാതന്ത്ര്യമായ സമ്മതി ഉണ്ടായിരിക്കണം എന്ന കാര്യത്തിൽ എല്ലാ കോൺഗ്രൂയിസ്റ്റുകാരും മൊളീനയോടു യോജിക്കുന്നുണ്ട്. പക്ഷെ നിയോഗക്രമത്തിലുള്ള (in the intentional order) കേവലവും അനിയതവുമായ അഗ്രിമനിർണ്ണയത്തെക്കുറിച്ച് (absolute predestination) അതായതു് ദൈവം മുൻകൂട്ടി കാണുന്ന മാനുഷികയോഗ്യതയോട്ട് സംയുക്തമല്ലാത്ത അനന്യസംബന്ധമായ അഗ്രിമനിർണ്ണയത്തെക്കുറിച്ച് പറയുമ്പോൾ സ്വാരെസ് മൊളീനായിൽനിന്നു് അകന്നു് തോമിസത്തെ സമീപിക്കുന്നതായി നമുക്കു് കാണാവുന്നതാണ്. എന്തുകൊണ്ടെന്നാൽ അഗ്രിമമായി നിത്യസൗഭാഗ്യത്തിനു് നിർണ്ണീതരായിട്ടുള്ളവർക്കു് അനുയോഗ്യമായ പ്രസാദവരങ്ങൾ ദൈവം സജ്ജീകരിക്കുന്നു എന്നു് അദ്ദേഹം വാദിക്കുന്നു. 1613–ൽ ഈശോസഭയുടെ ജെനെറാളായിരുന്ന ക്ലോഡ് അക്വവീവ (Claude Aqu–aviva) തൻെറ സഭാംഗങ്ങൾ എല്ലാവരും കോൺഗ്രൂയിസം സ്വീകരിക്കണമെന്നു് ആജ്ഞാപിക്കുകയുണ്ടായി.(a)

ഫലദായകമായ പ്രസാദവരം സ്വീകരിക്കുന്ന മനുഷ്യൻെറ ഇച്ഛാശക്തിയുടെ അവസ്ഥയോടുള്ള അതിൻെറ അനുയോഗ്യതയുടെ രമ്യപ്പെടുത്തലിലാണ് കോൺഗ്രൂയിസം അധിഷ്ഠിതമായിരിക്കുന്നതെന്നു് ചുരുക്കി പറയാം. പ്രസാദവരം ഫലപ്രദമാകുന്നതിനു് മൂന്നു കാര്യങ്ങൾ ആവശ്യകമാണെന്നു് ഈ പദ്ധതിക്കാർ വാദിക്കു

---

(a) Lang, "De gratia (1929) p. 499
Mc Donald, "cougruism"
Pesch "De Gratia" (1926)
Parente "Congruism" Dictionary of Dogmatic Theology 1951.

ന്നു (1) ഒരു പ്രത്യേക പ്രസാദവരം നൽകപ്പെടുമ്പോഴും അതു് സ്വീകരിക്കുന്ന വ്യക്തി അതിനു് സമ്മതി നൽകണം (2) പ്രസ്തുത വ്യക്തി നൽകുവാനിരിക്കുന്ന സമ്മതിയെക്കുറിച്ചുള്ള ദൈവികമായ തീരുമാനത്തിനു മുൻപു തന്നെ അതിനെക്കുറിച്ചു് ദൈവത്തിനു് ജ്ഞാനമുണ്ടു് (3) പ്രസ്തുത പ്രസാദവരം നൽകുന്നതിനു് ദൈവം ഉപകാരമായും അനന്യസംബദ്ധമായും തീരുമാനിക്കുന്നു.

''ഷിയേൻസിആ മേഡിആ'' (scientia media) എന്നു് ലത്തീനിൽ പ്രസിദ്ധമായ മദ്ധ്യമജ്ഞാനത്തിലൂടെ പ്രസാദവരത്തിൻെറ ഫലദായകത്വം വിശദീകരിക്കുവാൻ കോൺഗ്രുയിസക്കാരും മൊളീനിസക്കാരും ശ്രമിക്കുന്നവരാണു്. മനുഷ്യൻെറ ഇച്ഛാശക്തി നൽകുന്ന യഥാർത്ഥമായ സമ്മതിക്കു് മുൻപായിതന്നെ പ്രസ്തുത വ്യക്തി ഒരു സൽപ്രവൃത്തി ചെയ്യുമെന്നു് ദൈവം പ്രമാദരഹിതമായി നിർണ്ണയിക്കുന്നു എന്ന തത്ത്വത്തിലും ഇരുകൂട്ടരും യോജിക്കുന്നുണ്ടു്. എന്നാൽ ഒരു മനുഷ്യൻ പ്രസാദവരം സ്വീകരിക്കുമെന്നുള്ള വ്യവസ്ഥയിലല്ല പ്രസ്തുത മനുഷ്യൻ സൽപ്രവൃത്തി ചെയ്യുമെന്നു് ദൈവം ആദ്യമായിത്തന്നെ നിരുപാധികമായി നിർണ്ണയിക്കുന്നതുകൊണ്ടു് അതു് ചെയ്യുന്നതിനുള്ള ഫലദായക പ്രസാദവരം അവിടുന്നു് നിർണ്ണയിക്കുന്നു എന്നു് കോൺഗ്രുയിസക്കാർ വാദിച്ചുകൊണ്ടു് മൊളീനിസക്കാരിൽനിന്നു് വ്യതിരിക്തമായി പ്രബോധിപ്പിക്കുന്നു.[a]

---

(a) F. L. Sheerin, "Congruism" Encyclopedic Dictionary of Religion (1979) M. Quilliet. D. T. C. 3, 1: 1120–38 (1950)

## സിൻക്രെററിസം

പ്രസാദവരത്തിൻെറ പ്രവർത്തനത്തെക്കുറിച്ച് മേലേ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വിവിധ അഭിപ്രായങ്ങളെല്ലാം അനുരഞ്ജിപ്പിക്കുന്ന ദൈവവൈജ്ഞാനികമായ ഒരു സംയോജന പദ്ധതിയാണിതു്. പാരീസിലെ സോർബോൺ (Sorbone) ദൈവശാസ്ത്ര യൂണിവേഴ്സിററിയിലെ പണ്ഡിതന്മാരായ Nicholas Ysambert (+1642): Isaac Habert (+1668): Honore Tournely(+1729) എന്നിവരും പ്രസിദ്ധ വേദപാരംഗതനായ Alphonsus Ligouri യും (+1787) വികസിപ്പിച്ച ഈ സംയോജകവാദം (syncretism) ഫലദായകപ്രസാദവരത്തെ (efficacious grace) രണ്ടായി തരംതിരിക്കുന്നു. കൂടുതൽ സുകരമായ സൽകൃത്യങ്ങാംക്ക് പ്രത്യേകിച്ച് പ്രാത്ഥനയ്ക്കു് ബാഹ്യമാംവിധം ഫലപ്രദമായ (ab extrinseco efficax) പ്രസാദവരം മതിയായതാണെന്നുള്ള മൊളീനിസത്തിൻെറയും കോൺഗ്രൂയിസത്തിൻെറയും അഭിപ്രായത്തോടു ഇവർ യോജിക്കുന്നുണ്ട്. കൂടുതൽ പ്രയാസകരമായ സുകൃതകൃത്യങ്ങാം നിർവഹിക്കുന്നതിനും, കൂടുതൽ പ്രയാസകരമായ പ്രലോഭനങ്ങളുടെമേൽ വിജയം വരിക്കുന്നതിനും ആന്തരികമാം വിധം ഫലപ്രദമായ (ab intrinseco efficax പ്രസാദവരം ആവശ്യകമാണെന്നുള്ള തോമിസക്കാരുടെയും അഗസ്റ്റീനിസക്കാരുടെയും വാദത്തോടും ഇവർ യോജിക്കുന്നു. ഈ പ്രസാദവരമാകട്ടെ കായികമായിട്ടല്ല പ്രത്യുത ധാർമ്മികമായിട്ടത്രേ, മനുഷ്യൻെറ സ്വതന്ത്രമായ ഇച്ഛാശക്തിയെ മുൻകൂട്ടി നിശ്ചയിക്കുന്നതു്. ബാഹ്യമായ ഫലപ്രദപ്രസാദവരത്തോടു്, പ്രത്യേകിച്ച് പ്രാത്ഥനയുടെ പ്രസാദവരത്തോടു് സഹകരിക്കുന്നവർ

ആന്തരികമാംവിധം ഫലപ്രദമായ പ്രസാദവരം പ്രമാദരഹിതമായ സ്വീകരിക്കുന്നു. കാരണം, ദൈവം പ്രാർത്ഥന കേരംക്കുമെന്നു് അവിടുന്നു് ഉറപ്പു നൽകിയിട്ടുണ്ടു്;

''സിൻക്രെററിക്കു്'' പദ്ധതി അതിൽത്തന്നെ പ്രസാദവരത്തെ സംബന്ധിച്ച വിവിധ പദ്ധതികളിലുള്ള മിക്കവൊറും എല്ലാ വിഷമകരപ്രശ്നങ്ങളും സംയോജിപ്പിക്കുന്നുണ്ടു്. എന്തൊക്കെയായാലും രക്ഷ പ്രാപിക്കുന്നതിൽ പ്രാർത്ഥന സുപ്രധാനമായ ഒരു പങ്കു് വഹിക്കുന്നുണ്ടെന്നുള്ള ചിന്ത തീർച്ചയായും ശരിയാണു്, സുവിദിതമാണു്.(a)

---

(a) Ludwig Ott, Syncretism, Fundamentals of Catholic Dogma (1966).

# 14

# പൗരസ്ത്യദൈവവിജ്ഞാനീയം

പൗരസ്ത്യദൈവവിജ്ഞാനീയം വിവിധ പൗരസ്ത്യ സഭാവിഭാഗങ്ങളിൽ വളർന്നു വികസിച്ചിട്ടുള്ള ദൈവ വിജ്ഞാനീയമാണ്, ഇതു മുൻപ് പറഞ്ഞിട്ടുള്ളതുപോലെ പാശ്ചാത്യദൈവവിജ്ഞാനീയത്തിൽനിന്നു സാരാംശപരമായി, സൈദ്ധാന്തികമായി ഒട്ടുംതന്നെ വ്യത്യസ്തമല്ല. രണ്ടു ദൈവവിജ്ഞാനീയങ്ങളും കത്തോലിക്കാസഭയുടെ ദൈവവിജ്ഞാനീയം തന്നെയാണ്. ചില ആശയങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലുമുള്ള ഊന്നലുകളിലത്രേ ഈ വ്യതിരിക്തത നാം ദർശിക്കുന്നതു്. പൗരസ്ത്യ ചിന്താപാരമ്പര്യം, പ്രത്യേക സാംസ്കാരിക മണ്ഡലങ്ങളിലുള്ള മൂലാധാരങ്ങൾ, സാമൂഹിക പരിതസ്ഥിതികൾ, സാർവ്വത്രികമായി പൗരസ്ത്യമനസ്ഥിതി എന്നിവയാണ് പ്രസ്തുത വ്യതിരിക്ത ദൈവശാസ്ത്രസ്വഭാവത്തിനു വഴി തെളിച്ചിട്ടുള്ളതു്. പൗരസ്ത്യപാരമ്പര്യത്തിൽ ദൈവവിജ്ഞാനീയം വിശ്വാസാനുഭവത്തിന്റെ വ്യാഖ്യാനമാണ്. വിശ്വാസമാകട്ടെ തിരുസഭയുടെ ജീവിതത്തിൽ അംഗങ്ങളെല്ലാവരും അംഗീകൃതമായി പങ്കുകൊള്ളുന്ന ക്രിസ്ത്വനുഭവത്തിലേക്കുള്ള സമ്പൂർണ്ണ സമർപ്പണമാണ്. പ്രസ്തുത ജീവിതം സഭയുടെ ദൈവാരാധനയിൽ പ്രത്യേകം പ്രകടിതമാകുന്നു. അങ്ങനെ പൗരസ്ത്യസഭയിൽ ആരാധനക്രമം ദൈവവിജ്ഞാനീയത്തിന്റെ ഉറവിടവും പ്രതിപാദ്യവിഷയവുമായിത്തീരുന്നു. പൗരസ്ത്യദൈവവിജ്ഞാനീയം, അതിന്റെ പ്രത്യേക ആശയധാരണ, സാങ്കേതികപ്രയോഗങ്ങൾ എന്നിവയിൽ പാശ്ചാത്യദൈവവിജ്ഞാനീയത്തിൽനിന്നു കുറെ വ്യതിരിക്തമാണെങ്കിലും ഈ വ്യതിരേകം രണ്ടിനേയും സംയോജിപ്പിച്ച്

സംപൂരിതമാക്കുകയത്രേ ചെയ്യുന്നതു്. പൗരസ്ത്യദൈവശാസ്ത്രം, ദീർഘകാലം നമ്മുടെ നാട്ടിൽ വിസ്മൃതമായിരുന്ന അതിൻെറ സ്വകീയ സ്വഭാവം, ഇന്നു് പുനരാവിഷ്കരിച്ചു കൊണ്ടിരിക്കുകയാണു്, പ്രത്യേകിച്ച് ലിററർജി സംബദ്ധമായ കാര്യങ്ങളിൽ.

## മൗതികപ്രവണത

പൗരസ്ത്യദൈവവിജ്ഞാനീയത്തിൻെറ ഏററവും പ്രസ്പഷ്ടമായ സ്വഭാവവിശേഷം അതിൻെറ മൗതിക പ്രവണത, അഥവാ മനുഷ്യൻെറ ആദ്ധ്യാത്മിക ജീവിതത്തോടുള്ള ഇതിൻെറ സമഗ്രീകരണം (integration) ആണെന്നു് പറയാം. ത്രിത്വത്തെക്കുറിച്ചുള്ള ഒരുതരം പ്രയോഗദർശിതമായ (experiential) ജ്ഞാനം അഥവാ അനുനിധ്യാനം ഉൾക്കൊള്ളുന്ന ആദ്ധ്യാത്മിക ജീവിതത്തിൻെറ ഏററം ഉന്നതമായ പദവിയായിട്ടാണു് ഗ്രീക്കു സഭാപിതാക്കന്മാർ ദൈവവിജ്ഞാനീയത്തെ അവധാരണം ചെയ്തിട്ടുള്ളതു്, ഇതു് ത്രിത്വത്തോടു് അവഗാഢം സംബദ്ധമായ ഒന്നാണു്. കാരണം ഇതിൻെറ ഉറവിടവും, കേന്ദ്രവും, യുഗാന്താത്മകമായ ലക്ഷ്യവും ത്രിത്വമാണു്, പ്രത്യേകിച്ച് പരിശുദ്ധാത്മാവാണു്. ഈ ദൈവശാസ്ത്രത്തിൽ വിശ്വാസം നിർവ്വഹിക്കുന്ന ജോലിയെക്കുറിച്ച് ഇതു് പ്രമുഖമായി ഊന്നിപറയുന്നതുകൊണ്ടു്, മനുഷ്യബുദ്ധിയേയും തത്ത്വശാസ്ത്രത്തേയും അത്ര ഗാഢമായി, ശങ്കാതീതമായി വിശ്വസിക്കാത്ത ഒരു പ്രവണത ഇതിൽ ദൃശ്യമാകുന്നുണ്ടു്. ഇക്കാരണത്താൽ ഇതു് വിശ്വാസത്തിൽ അതിമാത്രം അധിഷ്ഠിതമായ ആനുഭാവിക (experiential) ദൈവവിജ്ഞാനീയം ആണെന്നും പറയാവുന്നതത്രേ. ഏതാദൃശമായ പൗരസ്ത്യവീക്ഷണമാണു്, ഡയൊനിഷ്യസ് എന്ന മിഥ്യാനാമധാരിയായ പൗരസ്ത്യപണ്ഡിതൻ (Pseudo–Dionysius) മനുഷ്യബുദ്ധിയുടെ പരിമിതികൾ വകവെച്ചുകൊടുക്കുന്നതും, നിഷേധങ്ങളുടേയും അജ്ഞാതവസ്തുതകളുടെയും മാർഗ്ഗത്തിലൂടെ ദൈവത്തേയും ദൈവികകാര്യങ്ങളേയും കുറിച്ചുള്ള ജ്ഞാ

നത്തിലേക്കു് പ്രഗമിക്കുന്ന ഒരു ദൈവശാസ്ത്രരീതി (Apophatic) വികസിപ്പിക്കുവാൻ പ്രേരിതനായിത്തീ ന്നതു്. ([a]) മൗതികമാനത്തിനു് പൗരസ്ത്യദൈവശാസ്ത്ര ത്തിൽ കൂടുതൽ പ്രാധാന്യമുണ്ടെന്നു പണ്ഡിതന്മാർ അഭി പ്രായപ്പെടുന്നതിൻെറ കാരണവും ദൂരെയെങ്ങും ആരാ യേണ്ടതില്ല.

## കുരിശുമരണത്തിനും പുനരുത്ഥാനത്തിനുമുള്ള പ്രാമുഖ്യം.

പൗരസ്ത്യദൈവവിജ്ഞാനീയത്തിലെ ഊന്നലുകാം കൂടുതൽ വ്യക്തമാക്കുവാൻ ശ്രമിക്കുകയാണു്. വിശുദ്ധ ഗ്രന്ഥത്തിൽ പ്രത്യേകം അധിഷ്ഠിതമായ വിചിന്തന ത്തിലൂടെയാണു് മനുഷ്യരക്ഷയെക്കുറിച്ചു് ഈ വിജ്ഞാ നീയം പ്രതിപാദിക്കുന്നതു്. ദൈവപിതാവിൻെറ പരി ത്രാണജോലി അവിടുന്നു് തുടർന്നു പൂർത്തിയാക്കിയതു് ക്രിസ്തുവിൻെറ കുരിശുമരണബലിയിലും പുനരുത്ഥാന ത്തിലുംകൂടിയാണു്. മനുഷ്യപരിത്രാണത്തിൻെറ സാരം ശം, ക്രിസ്തുവിൻെറ മൂർത്തമായ മനുഷ്യത്വത്തിൽ ത്രിത്വ ത്തിലെ മൂന്നാളുകളും സ്വയം ആവിഷ്കരിച്ചുകൊണ്ടു് മാ നുഷിക ദുഷ്ടതയും അജ്ഞതയും നിർമ്മാർജ്ജനം ചെയ്യുന്ന തിൽ സ്ഥിതിചെയ്യുന്നു. ക്രിസ്തീയ ജീവിതത്തിൻെറ സാമൂഹിക സാരാംശം സത്യത്തിൻെറ സ്തംഭവും അടി സ്ഥാനവുമായ തിരുസഭയിലൂടെ (1 തിമോ. 3:15) ആ വിഷ്കൃതമായ സത്യങ്ങളിലുള്ള നമ്മുടെ ദൈവിക വി ശ്വാസം പ്രഖ്യാപിക്കുന്നതിലും അതിനു് സാക്ഷ്യം വ ഹിക്കുന്നതിലുമാണു് അന്തർഹിതമായിരിക്കുന്നതു്. ക്രി സ്തുവിൻെറ ബലിയുടെ യഥാർത്ഥ സ്മാരകമായ അവിടു ത്തെ ശരീരത്തിലും രക്തത്തിലുംകൂടി, തിരുസഭ അവളു ടെ ലിററർജിയിൽ രക്ഷയുടെ വിരുന്നു് നമുക്കു് പ്രദാ

---

(a) J. Fichtner: Eastern Theology. Encyclopedic Dictionary of Religion, 1979.

നം ചെയ്യുന്നു. കുർബാനയും അതിനോട്ട് സംബദ്ധമായ മററു രഹസ്യങ്ങളും യുഗാന്താത്മകമായ ജീവിതത്തിലേക്കു് നമ്മെ പ്രവേശിപ്പിക്കുന്നു.

## പരിശുദ്ധാത്മാവിൽ കേന്ദ്രീകൃതം

പരിശുദ്ധാത്മാവിൽ കേന്ദ്രീകൃതമായ ക്രിസ്തുവിജ്ഞാനീയം (Pneumatic christology) പൗരസ്ത്യദൈവശാസ്ത്രത്തിൻെറ വേറൊരു പ്രത്യേകതയാണു്. എന്താണിതിൻെറ അർത്ഥം? ത്രിത്വത്തിൻെറ ദ്വിതീയ വ്യക്തിയായ പുത്രനിൽനിന്നു്, ക്രിസ്തുവിൽ ആവിഷ്കൃതമായിരിക്കുന്ന ദൈവികത്വത്തിൻെറ പൂർണ്ണതയിൽനിന്നു് പരിശുദ്ധാത്മാവു് ഒരിക്കലും വേർതിരിക്കപ്പെടുവാൻ പാടില്ല. നാം പരിശുദ്ധാത്മാവിൽനിന്നു് പുത്രനിലേക്കും, പുത്രനിൽനിന്നു് പിതാവിലേക്കും ഉയരുന്നു. നമ്മുടെ എല്ലാ ആദ്ധ്യാത്മികാനുഭവങ്ങളിലും ത്രിത്വത്തിലെ മൂന്നു് ആളുകളോടും നമുക്കു് വ്യക്തമായ ബന്ധമുണ്ടു്. പക്ഷേ പരിശുദ്ധാത്മാവാണു് നമ്മുടെ ഉള്ളിലേയും ക്രിസ്തുനാഥൻെറ ആഗമനം വരെയുള്ള മാനവചരിത്രത്തിലേയും പ്രാരംഭപ്രവർത്തകൻ. മനുഷ്യാവതാരത്തിൻെറ സുപ്രധാന ലക്ഷ്യവും സംപൂരണവും പെന്തെക്കുസ്തായാണു്, പരിശുദ്ധാത്മാവിൻെറ ആഗമനമാണു്. ദിവ്യവചനത്തെക്കുറിച്ചുള്ള പ്രണിധാനത്തിനു് അത്യന്താപേക്ഷിതമായ ഉപാധിയും പരിശുദ്ധാത്മാവിൻെറ ദാനമത്രേ.

## മരിയശാസ്ത്രം

''എല്ലാ വെളിച്ചവും കിഴക്കുനിന്നു് ഒഴുകുന്നു'' ''All light flows from the East'' എന്ന ആപ്തവാക്യം പൗരസ്ത്യസഭയിലെ മരിയഭക്തിയുടെ കാര്യത്തിൽ പ്രത്യേകം പ്രസക്തമാണു്.

പൗരസ്ത്യദൈവവിജ്ഞാനീയം മിശിഹായോടുള്ള ബന്ധത്തിലേ മറിയത്തെ ദർശിക്കുന്നുള്ളു. കാരണം മറിയത്തിൻെറ പ്രാധാന്യം ക്രിസ്തുവിൽനിന്നു സംജാതവും

അവിടത്തോട്ട് അവഗാഢം സംയുക്തവുമാണ്. അതു കൊണ്ടത്രേ നമ്മുടെ മാതാവ് തൻെറ മകനെ കരങ്ങളിൽ വഹിക്കുന്നവളായിട്ടല്ലാതെ പൗരസ്ത്യസഭയിലെ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടാത്തതു്. മരിയവിജ്ഞാനീയത്തെക്കുറിച്ച് ഫാ. ഹ്യൂബെർട്ട മനോയർ S. J. പ്രസാധനം ചെയ്തിട്ടുള്ള പഠനങ്ങളുടെ മുഖവുരയിൽ കാർഡിനൽ ബേയ പറയുന്നതുപോലെ അമലോദ്ഭവത്തേയും, സ്വർഗ്ഗാരോഹണത്തേയും കുറിച്ചുള്ള വിശ്വലേഖനങ്ങൾ ഉൾക്കൊള്ളുന്ന പ്രമാണരേഖകളിൽ ഏററവും അധികം പൗരസ്ത്യപിതാക്കന്മാരിലും ഗ്രന്ഥകർത്താക്കളിലുംനിന്നാണ് സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. കാരണം പ്രസ്തുത സിദ്ധാന്തങ്ങളുടെ അദ്ധ്യാവസാനത്തെ ഏററവും ശക്തമായി പിൻതാങ്ങിയിട്ടുള്ളതു് പൗരസ്ത്യദൈവവൈജ്ഞാനിക പാരമ്പര്യമാണ്. ഡിസംബർ 8—ാം നു- ലത്തീൻ സഭയിൽ ചൊല്ലാറുള്ള കാനോനനമസ്കാരത്തിലെ മിക്കവാറും എല്ലാവാക്യങ്ങളും ഗ്രീക്കുകാരും സുറിയാനിക്കാരുമായ പിതാക്കന്മാരുടെ കൃതികളിൽനിന്ന് സ്വീകരിച്ചിട്ടുള്ളവയാണ്. മഹാനായ വി. ബേസിലിൻെറ പ്രസിദ്ധ മരിയഗാനത്തിൽ മാതാവിനെ ''പരിശുദ്ധാലയം,'' ''കന്യകകളുടെ മഹത്വം'' ''പ്രസാദവരസമ്പൂർണ്ണ'' എന്നൊക്കെ വിളിക്കുന്നതു കൂടാതെ മറിയത്തിൽ നിന്ന് ''ദൈവം മാംസം സ്വീകരിച്ചു'' എന്നും പ്രസ്താവിക്കുന്നുണ്ട്. അതുപോലെ തന്നെ വി. ജോൺ ക്രിസൊസ്റ്റോമിൻെറ കുർബാനയിൽ പരിശുദ്ധാത്മാവിൻെറ ആഗമനത്തിനുവേണ്ടിയുള്ള പ്രാത്ഥനയ്ക്കു (Epiclesis) ശേഷം പുരോഹിതൻ ''സർവ്വവിശുദ്ധയും, സർവ്വപ്രശസ്യയും, മഹോന്നതയുമായ നാഥയോട്ട്'' ഉച്ചത്തിൽ പ്രാത്ഥിക്കുകയും വിശ്വാസികൾ ''ദൈവവചനത്തിനു ജന്മം നൽകിയ അമലോദ്ഭവയായ ദൈവമാതാവിനെ'' സ്തുതിക്കുകയും ചെയ്യുന്നു. എഫേസൂസ് സൂനഹദോസിനു ശേഷം ''ദൈവമാതാവ്'' Theotokos എന്നസംജ്ഞാനസൃതമായി മരിയശാസ്ത്രം വികസിച്ചു. എന്നാൽ മറി

യം ദൈവമായ പിതാവിൻെറയും ദൈവമായ പരിശുദ്ധാത്മാവിൻെറയും അമ്മയാണ് എന്ന തെററായ ധാരണ ഒഴിച്ചു നിർത്തുന്നതിനുവേണ്ടി അസന്ദിഗ്ദ്ധത ഉന്നം വച്ചുകൊണ്ട് ''ദൈവത്തിൻെറ അമ്മ'' എന്നതിനു പകരം ''സുതനായ ദൈവത്തിൻെറ അമ്മ' ''വചനമാകുന്ന ദൈവത്തിൻെറ അമ്മ'' എന്നിങ്ങനെയാണ് മറിയത്തെക്കുറിച്ച് പൗരസ്ത്യസുറിയാനി സഭകൾ പറയാറുള്ളത്. എന്നിരുന്നാലും ഇവർക്ക് പ്രത്യേകിച്ച് ഇന്നാട്ടിലെ സുറിയാനി സഭകൾക്ക് മറിയത്തോടു വളരെയധികം ഭക്തിയും ബഹുമാനവും ഉണ്ടെന്നുള്ളത് അനിഷേധ്യമായ ഒരു വസ്തുതയാണ്.

## ലിററർജിയിലുള്ള ഭാഗഭാഗിത്വം

പൗരസ്ത്യസഭയിൽ ലിററർജിക്ക് പ്രത്യേകം പ്രാധാന്യമുണ്ട്. കാരണം നമ്മുടെ പല വിശ്വാസസത്യങ്ങളും ആരാധനക്രമത്തിൽ പ്രതിഫലിക്കുന്നുണ്ട്. പ്രാർത്ഥനയുടെ നിയമം''വിശ്വാസത്തിൻെറ നിയമമാകുന്നു''Lex orandi est lex credendi എന്നാണല്ലൊ ആപ്തവാക്യം. പൗരസ്ത്യസഭയിൽ ആരാധനക്രമം ദൈവവിജ്ഞാനീയത്തിൻെറ ഉറവിടവും പ്രതിപാദ്യവിഷയവുമായിത്തീരുന്നു. പ്രസ്തുത ആരാധനക്രമത്തിൻെറ പരമലക്ഷ്യം അപ്പവും വീഞ്ഞും ഉത്ഥിതനായ ക്രിസ്തുവിൻെറ ശരീരവും രക്തവുമായി സത്താന്തരീകരണം പ്രാപിക്കുന്ന പ്രക്രിയയേക്കാൾ മാനുഷികജീവിതത്തിൻെറ രൂപാന്തരീകരണമാണ്; അതായത് അൾത്താരയിലെ ലിററർജി മനുഷ്യഹൃദയത്തിൻെറ ലിററർജിയായി പരിണമിക്കണം. ഇത് ലോകജനതയെ, ക്രിസ്തുവിൻെറ സജീവ ശരീരമായി കെട്ടിപ്പടുക്കുന്ന പ്രക്രിയയിലേക്ക് നീങ്ങണം. ഇത് മനുഷ്യരാശിയുടെ തിന്മകളെ പ്രത്യേകിച്ച് സാമൂഹികമായവയെ നിർമാർജ്ജനം ചെയ്തുകൊണ്ടാണ് നിർവഹിക്കപ്പെടേണ്ടത്. ലിററർജിയിലുള്ള നമ്മുടെ ത്രിത്വാത്മകമായ ഭാഗഭാഗിത്വം അഥവാ സംയോഗം സുവിശേഷവൽക്കരണത്തിൻെറ സ്വഭാവവും വ്യക്തമാക്കുന്നുണ്ട്. അത്

മനുഷ്യരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിൻെറ ആഹ്വാനത്തിനു് നൽകുന്ന പ്രത്യുത്തരമായിരിക്കണം.

## ചില പ്രാചീനപൗരസ്ത്യ ദൈവവൈജ്ഞാനികർ

പൗരസ്ത്യദൈവവിജ്ഞാനീയത്തിൽ പ്രത്യേക 'ഇസങ്ങൾ' പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും, അവികലമായ കത്തോലിക്ക ദൈവശാസ്ത്രസിദ്ധാന്തങ്ങളെ സമാദരിച്ച് പരിപോഷിപ്പിച്ചിട്ടുള്ള ചില പ്രാചീന പൗരസ്ത്യദൈവശാസ്ത്രപണ്ഡിതന്മാർ നമ്മുടെ സവിശേഷപഠനം അർഹിക്കുന്നവരാണു്. ഇവരിൽ ഏററം പ്രശസ്തനായി പ്രത്യക്ഷപ്പെടുന്നതു് 1920—ാമാണ്ടിൽ ഒക്ടോബർ 5—ാംതീയ പതിനഞ്ചാം ബെനെഡിക്റ്റ് മാർപാപ്പായാൽ തിരുസ്സഭയുടെ ഒരു 'വേദപാരംഗതൻ' (Doctor of the Church) ആയി പ്രഖ്യാപിതനായ വിശുദ്ധ അപ്രേം (St. Ephrem the Syrian) ആണു്.

## A. വിശുദ്ധ എഫ്രേം (St. Ephrem the Syrian) (306—373)

'സീറോമലബാർ' എന്നും കൂടുതൽ സാർത്ഥകമായി 'ഇൻഡോ—കാൽദിയൻ' എന്നും വിളിക്കപ്പെട്ടുപോരുന്ന പൗരസ്ത്യസഭാശാഖയുടെദൈവശാസ്ത്രപാരമ്പര്യത്തിൻെറ ഒരു പ്രാമാണികപ്രതിനിധിയായി പരിഗണിക്കപ്പെട്ടുപോരുന്ന ഇദ്ദേഹത്തെ 'സീറോ—മലങ്കര' സഭാവിഭാഗവും പൗരസ്ത്യദൈവവിജ്ഞാനീയത്തിലെ ഒരാധാരിക പണ്ഡിതനായി പരിഗണിക്കുന്നുണ്ടു്. 'എദേസ്സായുടെ ഡീക്കൻ', 'പരിശുദ്ധാത്മാവിൻെറ വീണ', 'സുറിയാനിക്കാരുടെ സൂര്യൻ' എന്നീ അപരാഭിധാനങ്ങളാൽ സുജ്ഞാതനായ വിശുദ്ധ അപ്രേം മെസൊപ്പൊട്ടാമിയായിലെ നിസിബിസിൽ ഭൂജാതനായി, എദേസ്സായിൽ വച്ചു് ദിവംഗതനായി. പെർഷ്യൻ മതപാഠശാലയുടെ –School of the Persians– 'ഒരു സ്ഥാപകനുമായ'

ഇദ്ദേഹം നിസ്ബിസ്സിലെ പൗരന്മാരുടെ ധാർമ്മികജീവിതം നവീകരിക്കുന്നതിൽ അവിടുത്തെ മെത്രാനായിരുന്ന വിശുദ്ധ യാക്കോബിനെ (St. James) വളരെയധികം സഹായിച്ചിട്ടുണ്ട്. ഈ പണ്ഡിതസിദ്ധൻ അദ്ദേഹത്തോടുകൂടി നിക്യാ സൂനഹദോസിൽ സംബന്ധിച്ചെന്നും ചിലർ പറയുന്നു. ഈ വേദപാരംഗതൻ മനുഷ്യരുടെ അനുദിനജീവിതത്തോട് സംബന്ധവും അനുയോഗ്യവുമായിട്ടത്രേ വിശ്വാസരഹസ്യങ്ങളെക്കുറിച്ച് തൻെറ ദൈവവൈജ്ഞാനികകൃതികളിൽ പ്രതിപാദിച്ചിരിക്കുന്നതു്. യുഗാന്താത്മകമായ ഘട്ടത്തിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കുന്ന ക്രിസ്തുവിൻെറ മാദ്ധ്യസ്ഥസമ്പൂർത്തി തിരുസ്സഭയുടെ കൂദാശകളിലൂടെയാണ് സാധിതമാകുന്നതെന്നു് പ്രബോധിപ്പിക്കുന്ന ഇദ്ദേഹത്തിൻെറ ദൈവവൈജ്ഞാനികവീക്ഷണത്തിൻെറ പ്രത്യേകതകൾ, ക്രിസ്തുവിൻെറ ജീവിതത്തെ ഗാഢമായി അനുകരിക്കുന്നതിലും നമ്മുടെ അനുദിനജീവിതത്തിൽ പ്രകടിതമാകേണ്ട വിശ്വാസത്തിൻെറ കേന്ദ്രസ്വഭാവം ദൃഢീകരിക്കുന്നതിലും ആണ് അന്തർഹിതമായിരിക്കുന്നതെന്നു് പറയാവുന്നതത്രേ.

ഇദ്ദേഹത്തിൻെറ ഗദ്യപദ്യകൃതികളെല്ലാംതന്നെ സുറിയാനിഭാഷയിലാണ് വിരചിതമായിട്ടുള്ളതു്. അവയിൽ പലതും അധികം താമസിയാതെ ഗ്രീക്കു്, ലത്തീൻ അർമീനിയൻ, ഇററാലിയൻ, കോപ്ററിക്, എത്തിയോപ്പിക്ക് എന്നീ ഭാഷകളിലേയ്ക്കു് വിവർത്തനംചെയ്യപ്പെട്ടു. പ്രശസ്ത പൗരസ്ത്യസഭാപണ്ഡിതനും വത്തിക്കാൻ ഗ്രന്ഥാലയത്തിൻെറ പ്രിഫെക്ടുമായിരുന്ന എസ്. ഇ. അസ്സേമാനി (Stephen Evodius Assemani) (1707–1782) പ്രസാധനംചെയ്ത വിശുദ്ധ അപ്രേമിൻെറ കൃതികൾ പ്രസിദ്ധീകൃതമായശേഷം (1743), മറിയത്തിൻെറ പാപരാഹിത്യം, വിശുദ്ധരോടുള്ള വണക്കം, ശുദ്ധീകരസ്ഥലം, പത്രോസിൻെറ പരമാധികാരം കർബാനയിലുള്ള ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യം മുതലായ സിദ്ധാന്തങ്ങളിലുള്ള സുറിയാനിസഭയുടെ സുസ്ഥിരമായ വിശ്വാസത്തിനു് നമ്മുടെ വിശുദ്ധ പണ്ഡിതൻ വഹിക്കുന്ന

സാക്ഷ്യത്തിന്ന് തെളിവായി പല ദൈവശാസ്ത്രജ്ഞന്മാരും ഇദ്ദേഹത്തെ ഉദ്ധരിച്ചിട്ടുണ്ട്.

വിശുദ്ധ അപ്രേം കവിഹൃദയോപേതനായ ഒരു ഗാനരചയിതാവുമായിരുന്നു. സുറിയാനി ആരാധനക്രമത്തെ സമ്പന്നമാക്കിയിട്ടുള്ള ഇദ്ദേഹത്തിന്റെ കവിതാത്മകമായ നിരവധി ഭക്തഗാനങ്ങളാണ് 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരാഭിധാനം ഈ വേദപാരംഗതന്ന് നേടിക്കൊടുത്തത്. പ്രസ്തുത ഭക്തഗാനങ്ങളിൽ പലതും, ക്രിസ്തുവിന്റെ ജനനം, എപിഫനി, പറുദീസ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ളവയാണ്. ചിലത് പാഷണ്ഡികൾക്ക് പ്രത്യേകിച്ച് അജ്ഞേയവാദികൾക്കും സന്ദേഹവാദികൾക്കും എതിരായിട്ടുള്ളവയത്രേ. മററുചിലത് ആനുകാലികസംഭവങ്ങളേയും പരാമർശിക്കുന്നുണ്ട്.

ഇദ്ദേഹത്തിന്റെ ഗദ്യകൃതികളും സുപ്രസിദ്ധങ്ങളാണ്: വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങൾ, ദേവാലയപ്രസംഗങ്ങൾ, പാഷണ്ഡവിരുദ്ധപ്രബന്ധങ്ങൾ എന്നിവയത്രേ അവയിൽ പ്രത്യേകം പഠനാർഹമായവ. ഇദ്ദേഹം എദേസ്സായിലായിരുന്നപ്പോൾ ദൈവശാസ്ത്രപരമായ വിഷയങ്ങളെക്കുറിച്ച് എഴുതുന്നതിനും പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനും പാഷണ്ഡതകളെ ഖണ്ഡിക്കുന്നതിനുമായിട്ടാണ് അധികസമയവും ചിലവഴിച്ചിരുന്നത്. മാർസിയോൺ (Marcion 85–160), ബർദെസനെസ് (Bardesanes 154–222), മാനെസ് അഥവാ മാനിക്കേവൂസ് (Manes or Manichaeus 215–274) എന്നീ പാഷണ്ഡരുടെ അബദ്ധസിദ്ധാന്തങ്ങൾ ഖണ്ഡിച്ചുകൊണ്ട് ഇദ്ദേഹം രചിച്ചിട്ടുള്ള കൃതികൾ അതിമാത്രം ഉപകാരപ്രദമാണ്. ഈ പണ്ഡിതവിശുദ്ധന്റെ ഗദ്യകൃതികളിൽ വലിയ പ്രാധാന്യം അർഹിക്കുന്നത് വിശുദ്ധഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളത്രേ. ഇവയിൽ ഏററവും പ്രശസ്തവും പുതിയനിയമപാഠ്യചരിത്രത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനവുമായത് സുവിശേഷങ്ങളുടെ

വ്യാഖ്യാനമാണു്, പ്രത്യേകിച്ചു് ടാസിയാൻ (Tatian b. 120) 170—ൽ തയ്യാറാക്കിയ 'Diatessaron' ൻെറ വ്യാഖ്യാനമാണു്. നാലു സുവിശേഷങ്ങളിലുമുള്ള സംഭവങ്ങളും പ്രബോധനങ്ങളും കാലാനുക്രമമായി, ആവർത്തനം കൂടാതെ, ടാസിയാൻ എഴുതി ഏകീകരിച്ചിട്ടുള്ള സംഗ്രഹഗ്രന്ഥമത്രേ 'ഡിയാതെസറോൺ'. ഇതിനെ ആധാരമാക്കി നമ്മുടെ വേദപാരംഗതൻ രചിച്ച വ്യാഖ്യാനഗ്രന്ഥത്തിൻെറ പ്രാചീന അർമീനിയൻ വിവർത്തനം മാത്രമേ ഇപ്പോൾ ലഭ്യമാകു. ഈ അർമീനിയൻ വിവർത്തനത്തിൻെറ ലത്തീൻ പരിഭാഷ ഔചെർ (Aucher), മോസിഞ്ചെർ (Mosinger) എന്നീ പണ്ഡിതന്മാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് (Venice 1878).

ഒരു ദൈവവൈജ്ഞാനികൻ എന്ന നിലയിൽ, വിശുദ്ധ അപ്രേം, നിക്യാ സൂനഹദോസിൽ പ്രഖ്യാപിതമായ വിശ്വാസസിദ്ധാന്തങ്ങളോടുള്ള വിശ്വസ്തത (Nicene orthodoxy) പുലർത്തുകയും അവ ന്യായീകരിച്ചു് പരിരക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. വിശുദ്ധഗ്രന്ഥവ്യാഖ്യാതാവു് എന്ന നിലയിൽ അന്തിയോക്കിയൻ സിദ്ധാന്തപദ്ധതിയോടത്രേ (Antiochean School) ഇദ്ദേഹം അനുയോജിക്കുന്നതു്. ഇദ്ദേഹത്തിൻെറ പ്രസംഗങ്ങൾ ക്രിസ്തീയ സിദ്ധാന്തങ്ങളുടെ വിശദീകരണവും പാഷണ്ഡതത്ത്വങ്ങളുടെ ഖണ്ഡനവും ഉൾക്കൊള്ളുന്നവ മാത്രമല്ല പ്രായോഗിക ജീവിതപ്രശ്നങ്ങളെ സ്പർശിച്ചുകൊണ്ടു് സദുപദേശങ്ങൾ നൽകുന്നവയുമാണു്.(a)

---

(a) Ed. C. W. Mitchell, 2 volums (1912-1921). The Prose Refutations of Manes Marcion and Bardaison. Ed. T. J. Lamy "Hymni et Sermones with Latin translation (4 vols. 1882-1902)" Wright 'Syriac Literature" (1894). T. R. Harres "commentary of Ephraem Syrus upon Diatessaron" (1895).

### B. അഫ്രാറെറസ് (Aphraates) (4—ാം ശതാബ്ദം)

ഈ നാമം Aphrahat അഥവാ Pharhadh എന്ന പെഷ്യൻ സംജ്ഞയുടെ ഗ്രീക്ക് രൂപമാണ്. പെർഷ്യൻ യോഗി (Persian Sage) എന്ന് പ്രഖ്യാതനായ ഇദ്ദേഹത്തെ സുറിയാനി പിതാക്കന്മാരിൽവച്ച് ഏററവും പൂർവ്വികനായി ചിലർ പരിഗണിക്കുന്നുണ്ട്. നാലാം ശതാബ്ദത്തിൻെറ മദ്ധ്യഘട്ടത്തിൽ പ്രശസ്തനായിരുന്ന ഒരു സുറിയാനി ദൈവശാസ്ത്രപണ്ഡിതനായ ഇദ്ദേഹം 336—നം 345—നം ഇടയ്ക്ക് 23 പ്രബന്ധങ്ങരം എഴുതുകയുണ്ടായി. ഈ മതപ്രബന്ധങ്ങരം ക്രിസ്തീയ സിദ്ധാന്തങ്ങരം, അനുദിനജീവിതത്തിൽ അവസ്ഥാനുസൃതമായി അവലംബിക്കേണ്ട അഭ്യസനക്രമം എന്നിവയുടെ വിശദീകരണങ്ങരം ഉരംക്കൊള്ളുന്നവയാണ്. ഇവയിൽ ആദ്യത്തെ പത്ത് 337—ലും ബാക്കി പന്ത്രണ്ട് 344—ലും അവസാനത്തേത് 345—ലും എഴുതപ്പെട്ടവയത്രേ. അഫ്രാറെറസിൻെറ ദൈവവിജ്ഞാനീയവീക്ഷണം പ്രതിഫലിപ്പിക്കുന്ന ഈ കൃതികളിൽ ആദ്യത്തെ 22 എണ്ണം വിവക്ഷിതാക്ഷരബന്ധത്തിൽ അതായത് പാദങ്ങളിലെ ആദ്യവസാന അക്ഷരങ്ങളും മററും ചേർത്ത് ഉദ്ദിഷ്ടവാക്കുണ്ടാക്കുന്ന കവിതാരൂപത്തിൽ വിരചിതമായവയാണ്. ഇവ താപസാനുഷ്ഠാനങ്ങളിൽ ശക്തമായി ഊന്നിക്കൊണ്ട് ക്രിസ്തീയവിശ്വാസത്തെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. ഇദ്ദേഹത്തിൻെറ കാലത്ത് സുറിയാനി സഭയിൽ സുവിശേഷങ്ങരം വായിക്കപ്പെട്ടിരുന്ന രൂപഭാവങ്ങളെക്കുറിച്ച് ഇദ്ദേഹത്തിൻെറ പ്രബന്ധങ്ങളിലെ ഉദ്ധരണികരം സാക്ഷ്യംവഹിക്കുന്നുണ്ട്. ഇദ്ദേഹം ''ഡിയാത്തെസരോൺ'' ആണ് പ്രധാനമായി ഉപയോഗിച്ചിരുന്നതെന്ന് പ്രസ്തുത ഉദ്ധരണികരം തെളിയിക്കുന്നുണ്ട് എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

മതപീഡനവും ഭാഷകളുടെ വ്യത്യാസവും മൂലം പെർഷ്യൻ സഭ ഇതര ക്രൈസ്തവ സഭാവിഭാഗങ്ങളിൽ നിന്ന് ഒററപ്പെട്ടു നിന്നിരുന്നതുകൊണ്ടു, നിക്യാ ദൈവ

വിജ്ഞാനീയത്തിൻേറതുപോലുള്ള പാശ്ചാത്യ സ്വാധീനം ഇദ്ദേഹത്തിൻെറ കൃതികളെ അത്ര ബാധിച്ചിട്ടില്ലെന്നു പറയാവുന്നതാണ്.(a)

## C. ജെറൂസലേമിലെ വി. സിറിൽ

## St. Cyril of Jerusalem (315–386)

1882 ജൂലൈ 28–ാം തീയതിയിൽ പതിമൂന്നാം ലിയോ മാർപാപ്പയാൽ വേദപാരംഗതനായി പ്രഖ്യാപിക്കപ്പെട്ട വി. സിറിൽ പാലസ്റ്റീനായിൽനിന്നുള്ള ഏക വേദപാരംഗതനാണ്. ജെറൂസലേമിലെ മെത്രാനായിരുന്ന ഇദ്ദേഹം, ആദ്യകാല പാഷണ്ഡതകളിൽവെച്ചു ഏററവും വിനാശകരമായിരുന്ന ''ആരിയനിസ''ത്തിനെതിരായി സുധീരം പ്രബോധിപ്പിച്ചിരുന്നതുകൊണ്ടു വളരെയധികം സഹിക്കേണ്ടിവന്നു.

ഒന്നാം നിക്യാ(Nicaea)സാർവ്വത്രിക സൂനഹദോസിനാൽ (325) പ്രഖ്യാപിതമായ സിദ്ധാന്തങ്ങൾ, പ്രത്യേകിച്ച് ക്രിസ്തുവിജ്ഞാനീയ തത്ത്വങ്ങൾ എല്ലാം ഇദ്ദേഹം സ്വീകരിക്കുകയും സംരക്ഷിച്ച് പഠിപ്പിക്കുകയും ചെയ്തിരുന്നു. ക്രിസ്തുവിനെ സംബന്ധിച്ച്, സാരാംശത്തിൽ (പിതാവിനോടു്) സമൻ അഥവാ സദൃശൻ എന്നൎത്ഥമുള്ള "Homoiousios" എന്ന ഗ്രീക്ക് സംയുക്ത നാമവിശേഷണത്തിനു പകരം, നിക്യാ സൂനഹദോസ് സ്വീകരിച്ച, സാരാംശത്തിൽ (പിതാവിനോടു,) ഏകൻ എന്നൎത്ഥമുള്ള "Homoousios" എന്ന ഗ്രീക്ക് സംയുക്ത നാമവിശേഷണമാണ് വി. സിറിൽ സ്വീകരിച്ചതു്. അതായ

a) R. B. Eno, Encyclopedic Dictionary of Religion (1979): F. C. Burkitt, "Early Eastern Christianity" (1904); R. H. Connolly Burkitt "Articles on Aphraates and monasticism" in Journal of Theological Studies (1905); Antonelli (1756) W. Wright (1869): J. Parisot (1894); G. Bert (1888) Translations of Aphraates Homilies

തു്, സാരാംശത്തിൽ പിതാവിനോടു സമൻ എന്നു് ക്രിസ്തുവിനെ വിളിക്കുന്നതിനു പകരം, പിതാവിൻെറ ഏകപുത്രൻ, പുത്രനായ ദൈവം, എമ്മാനുവേൽ എന്നൊക്കെയാണു് ഇദ്ദേഹം അവിടുത്തെ വിശേഷിപ്പിച്ചിരുന്നതു്. 381–ലെ ഒന്നാം കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിലും, ജെറൂസലേമിലെ മെത്രാനായിരുന്ന ഇദ്ദേഹം സജീവമായി പങ്കെടുത്തിട്ടുണ്ടു്. ദൈവവൈജ്ഞാനികമായ പ്രതിപാദനത്തിലൂടെ, ലിററർജിക്കു് പ്രത്യേകിച്ചു് കൂദാശകളെ സംബന്ധിച്ച സിദ്ധാന്തങ്ങൾക്കു് കനത്ത സംഭാവനകൾ നൽകിയിട്ടുള്ള ഈ വേദപാരംഗതൻെറ മതപരമായ 24 പ്രബോധനങ്ങൾ "Catecheses", "വേദോപദേശപ്രസംഗങ്ങൾ" എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ടു്. നവാഗതരോടും ഉയിർപ്പുതിരുനാൾ കഴിഞ്ഞു് ജ്ഞാനസ്നാനം സ്വീകരിച്ചവരോടും ഇദ്ദേഹം പറഞ്ഞിട്ടുള്ള പ്രസംഗങ്ങളുടെ ഈ സമാഹാരം ഇദ്ദേഹത്തിൻെറ ഏററവും വിശിഷ്ടമായ ദൈവശാസ്ത്രകൃതിയാണു്. പ്രാചീന ക്രിസ്തുമതത്തിൻെറ വിശ്വാസസത്യങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും ഉത്തമ സാക്ഷ്യമായി പരിഗണിക്കപ്പെടാവുന്ന ഈ ആധാരിക രേഖകൾ ഊന്നിപ്പറയുന്ന സൈദ്ധാന്തിക സത്യങ്ങൾ, ത്രിത്വത്തിലെ ദ്വിതീയ വ്യക്തിയായ പുത്രൻെറ സമ്പൂർണ്ണ ദൈവത്വം, കർബാനയിലുള്ള അവിടുത്തെ യഥാർത്ഥ സാന്നിദ്ധ്യം, കർബാനയുടെ ബലിസ്വഭാവം എന്നിത്യാദി കാര്യങ്ങളാണു്. സാധാരണക്കാർക്കു് അനായാസം ഗ്രഹിക്കത്തക്കവിധത്തിലാണു് ഇവയെല്ലാം ഇദ്ദേഹം അവതരിപ്പിച്ചിരുന്നതു്. പ്രാചീന സഭയിലെ ജ്ഞാനസ്നാനത്തിൻെറ വിശ്വാസപ്രമാണരൂപങ്ങളേയും അനുഷ്ഠാനക്രമങ്ങളേയും കുറിച്ച വേണ്ടത്ര അറിവു് ഇദ്ദേഹത്തിൻെറ മതബോധനപ്രസംഗങ്ങൾ പ്രദാനം ചെയ്യുന്നുണ്ടു്. കർബാനയിലെ അർപ്പിത വസ്തുക്കളിന്മേൽ പരിശുദ്ധാത്മാവു് എഴുന്നെള്ളിവരുന്നതിനുള്ള യാചനാപരമായ പ്രാർത്ഥനയ്ക്കാണു് (Epiklesis) സാരാംശപരിവർത്തനകാര്യത്തിൽ ഇദ്ദേഹം പ്രത്യേക പ്രാധാന്യം നൽകുന്നതു്. വി. സിറിലിൻെറ കാലത്തു് വിശ്വാസികൾ വിശുദ്ധ കർബാന

ഇരു സാദൃശ്യങ്ങളിലും ഉറക്കൊണ്ടിരുന്നു. സാരാംശപ്പരിവർത്തനം പ്രാപിച്ച അപ്പം ഭക്തിപുരസ്സരം ഇടതുകൈയിൽ സ്വീകരിച്ചശേഷം ഭക്ത്യാദരങ്ങളോടുകൂടിത്തന്നെ വലതുകൈകൊണ്ടു എടുത്തു് ഭക്ഷിക്കുന്നതിൽ ഇവരെ ഇദ്ദേഹം ഉപദേശിച്ചിരുന്നു. ''കൈകറ അകത്തിയോ വിരലുകറ അകററിയോ പിടിക്കാതെ ഇടതുകൈ വലതുകരത്തിൻെറ മീതെ വച്ച് ഒരു സിംഹാസനം തയ്യാറാക്കി ഒരു രാജാവിനെയെന്നപോലെ സ്വീകരിക്കുക, ഉള്ളംകൈ കുഴിപോലെ പിടിച്ച മിശിഹായുടെ ശരീരം സ്വീകരിച്ച്, ''ആമ്മേൻ'' എന്നു പറയുക. പരിശുദ്ധ ശരീരം തൊടുമ്പോറ കണ്ണുകറ ഭക്തിനിർഭരമായിരിക്കണം. അനന്തരം ഒരു പൊടിപോലും താഴെ വീഴാതെ ഭക്ഷിക്കുക.'' ([a])

## D വി. ജോൺ ക്രിസോസ്റ്റോം
## St. John Chrysostom – (345–407)

കോൺസ്റ്റാൻറിനോപ്പിളിൻെറ പാത്രിയർക്കീസ്, പൂർവ്വിക പൗരസ്ത്യ ഗ്രന്ഥകർത്താക്കളിൽ വച്ച് ഏററവും അധികം കൃതികറ രചിച്ചിട്ടുള്ള ഒരു ദൈവശാസ്ത്രജ്ഞൻ, പ്രശസ്ത ക്രിസ്തീയ വാഗ്മി എന്നിങ്ങനെ പ്രത്യേകം സ്മരണീയനായ ഈ യവന പിതാവ് അന്തിയോക്കിയായിൽ ഭൂജാതനായി. ഉജ്ജ്വലവും ചിന്താപ്രചോദകവുമായ ഇദ്ദേഹത്തിൻെറ വാഗ്വിലാസംമൂലം ''സുവൎണ്ണ

---

a) Andrew K. Rule : Cyril of Jerusalem, An Encyclopedia of Religion (1945) : Ed. P. Cross. St. Cyril of Jerusalem's Lectures on the Christian sacraments: the Procatechesis and the five Mystagogical catechesis" (1951) ; A Harmack, History of Dogma. Cyril holds the Real presence and makes the change due to the invocation of the Holy spirit upon the offering" Encyclopaedia (Britannica) St. cyril of Jerusalem.

വക്താ'' (golden mouthed) എന്നൎത്ഥമുള്ള ''ക്രിസൊസ്റ്റോം'' എന്ന വിശേഷപദവും ജോൺ എന്ന തൻെറ നാമത്തോടു് ചേൎക്കപ്പെടുകയാണുണ്ടായതു്. തിരുസഭാ പ്രബോധനങ്ങളോടുള്ള വിശ്വസ്തതയെ സംബന്ധിച്ചു്, അന്തിയോക്കിയൻ ദൈവശാസ്ത്രപാഠ്യാലയാംഗങ്ങളുടെ ഗണത്തിൽ ഒരിക്കൽപോലും ചോദ്യം ചെയ്യപ്പെടാതിരുന്നിട്ടുള്ള ഏക പണ്ഡിത വ്യക്തിയാണിദ്ദേഹം. പിതാക്കന്മാരുടെ സുവൎണ്ണയുഗത്തിലെ (c. 350–400) ഒരു മാതൃകയായിട്ടു് ഇദ്ദേഹം പരിഗണിക്കപ്പെട്ടു പോരുന്നു. സ്വകീയമായ ചിന്താസരണിയിലൂടെ ചരിച്ചിരുന്ന ഒരു ദൈവ വൈജ്ഞാനികൻ എന്നതിനേക്കാൾ നിക്യാസുനഹദോസിൻെറ പ്രബോധനങ്ങളോടു് ഗാഢമായി ത്രുപഭാവങ്ങളിൽ യോജിച്ചുകൊണ്ടു് എഴുതുകയും പ്രസംഗിക്കുകയും ചെയ്തിരുന്ന ഒരു മഹാത്മാവായിരുന്നു ഇദ്ദേഹം. സഭാംഗങ്ങളിലോ രാഷ്ട്രീയ ജീവിതത്തിലോ എന്തെങ്കിലും അവക്രമം കണ്ടിരുന്നപ്പോഴൊക്കെ, വി. ക്രിസൊസ്റ്റോം അതിനെതിരായി പ്രസംഗിച്ചിരുന്നു.

ഇദ്ദേഹത്തിൻെറ വിശുദ്ധ ഗ്രന്ഥവ്യാഖ്യാനങ്ങൾ, സഭാ സിദ്ധാന്തങ്ങൾ വിശദീകരിക്കുന്ന മതപ്രസംഗങ്ങൾ സത്യമതസമൎത്ഥന പ്രതിപാദനങ്ങൾ എന്നിവ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ടു്. ഇവ കൂടാതെ ബ്രഹ്മചര്യത്തിലും ആദ്ധ്യാത്മിക യോഗാഭ്യാസത്തിലും പ്രത്യേകം ഊന്നിക്കൊണ്ടു് പൗരോഹിത്യത്തെക്കുറിച്ചും ഇദ്ദേഹം എഴുതിയിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ കൃതികളിൽ വച്ചു് ഏററവും പ്രധാനമായവ വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനത്തോടുകൂടിയ മതപ്രസംഗങ്ങൾ ഉൾക്കൊള്ളുന്നവയാണു്. പ്രസ്തുത വ്യാഖ്യാനത്തിൽ വാച്യാൎത്ഥ പ്രധാനമായ അന്തിയോക്കിയൻ സമീപനമാണു് ദൃശ്യമാകുന്നതു്. ഇതു് രൂപകാൎത്ഥ പ്രധാനമായ അലക്സാൺട്രിയൻ രീതിയിൽ നിന്നു വ്യത്യസ്തമാണുതാനും. വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങളിൽ വച്ചു് ഏററവും പ്രസിദ്ധമായതു് ഉല്പത്തി, സങ്കീൎത്തനങ്ങൾ, മത്തായിയുടെ സുവിശേഷം, റോമാക്കാൎക്കു് പൗലോസ് എഴുതിയ ലേഖനം

എന്നിവയാണ്. രാജ്യഭ്രഷ്ടനായിരുന്നപ്പോൾ ഇദ്ദേഹം എഴുതിയ കത്തുകൾ വിലയുള്ള ചരിത്ര രേഖകളാണ് ഇവയെല്ലാം Migne പ്രസാധനം ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിൻെറ മനോജ്ഞവും ഹൃദയഗ്രാഹിയുമായ വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനങ്ങൾ വിലമതിക്കപ്പെടുന്നുണ്ട്.(a) ഒരു ലിററർജി തന്നെയും വി. ക്രിസൊസ്റ്റോമിൻെറ നാമത്തിൽ വികസിച്ച് പ്രചരിച്ചിട്ടുണ്ട്. ബൈസൻെറയിൻ പാരമ്പര്യത്തിനനുസൃതമായ സഭാ വിഭാഗങ്ങളിൽ സാധാരണ ഉപയോഗിച്ചു പോരുന്ന ഈ ലിററർജി, അന്തിയോക്കിയായിൽ മുളയെടുക്കുകയും പിന്നീട് കോൺസ്റ്റാൻറിനോപ്പിളിലേക്ക് വ്യാപിക്കുകയുമാണുണ്ടായത്. വി. ബേസിലിൻെറ ലിററർജിയുടെ ഒരു പരിവത്തിത രൂപമായ വി. ക്രിസൊസ്റ്റോമിൻെറ ലിററർജിയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും കൂദാശവല്കരണത്തിൻെറ ഒരവശ്യഭാഗമായി പരിശുദ്ധാത്മാവിനോടുള്ള പ്രാത്ഥന – epiklesis – പരിഗണിക്കപ്പെടുന്നുണ്ട്. ഈ ലിററർജി അനുസരിച്ച് സമൂഹബലിയർപ്പണ സമ്പ്രദായം സാധാരണമാണ്.

ഇന്ന് ലഭ്യമാകുന്ന കൃതികളുടെ എണ്ണത്തിൽ വി. അഗസ്റ്റിനോട് കിടപിടിക്കത്തക്ക ഒരു പൂർവ്വിക എഴുത്തുകാരൻ വി. ക്രിസൊസ്റ്റോം മാത്രമാണെന്നത്രേ ചില ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം. 425 മുതൽ ഗ്രീക്കുകാരും ലത്തീൻകാരുമായ ദൈവ വൈജ്ഞാനികർ ഇദ്ദേഹത്തെ ക്രൈസ്തവ ദൈവശാസ്ത്രത്തിലെ ഒരാധികാരിക വ്യക്തിയായി ഉദ്ധരിക്കാറുണ്ട്.

## E മൊപ്സ്വേസ്റ്റിയായുടെ തെയൊദോർ Theodore of Mopsuestia (350–428)

അന്തിയോക്കിയായിൽ ജനിച്ച ഏററവും പ്രസിദ്ധ വിശുദ്ധഗ്രന്ഥ വ്യാഖ്യാതാവും ദൈവശാസ്ത്രജ്ഞനുമായ

---

a) C. Baur, "John Chrysostom and His Time" (tr. M Gonzaga, 2v (1960–1961).

ഇദ്ദേഹം വി. ജോൺ ക്രിസോസ്റ്റോമിൻെറ സഹപാഠിയും സ്നേഹിതനുമായിരുന്നു. 393—ൽ സിലീസിയായിലെ മൊപ്പ്സുഏസ്റ്റിയായുടെ മെത്രാനായി അവരോധിക്കപ്പെട്ട ഈ പണ്ഡിതപിതാവു് അന്തിയോക്കിയൻ ദൈവശാസ്ത്ര പാഠാലയത്തോടു് വളരെയധികം വിശ്വസ്തത പുലർത്തിയിരുന്ന ഒരംഗമായിരുന്നു.

ഇദ്ദേഹത്തിൻെറ ഏററവും പ്രധാനവും ഏററവും അധികം ഉദ്ധരിക്കപ്പെട്ടുന്നതുമായ ദൈവശാസ്ത്രഗ്രന്ഥം ക്രിസ്തുവിൻെറ ''മനുഷ്യാവതാരം'' ആണു്. ഇതിൻെറ സുറിയാനിപാഠ്യം 1905—ൽ കണ്ടെത്തുകയുണ്ടായി. ഇദ്ദേഹത്തിൻെറ ''മതബോധന പ്രസംഗങ്ങരം'' (catechetical Homilies) എന്ന കൃതിയിൽ കത്തോലിക്കസിദ്ധാന്തം, നൈതികശാസ്ത്രം (Ethics), ലിററർജി എന്നിവയെക്കുറിച്ചുള്ള ഈ പൂവ്വ പണ്ഡിതൻെറ പ്രബോധനം നമുക്കു് കണ്ടെത്താവുന്നതാണു്. ഇദ്ദേഹം രചിച്ചിട്ടുള്ള വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങരം പ്രസിദ്ധങ്ങളത്രേ. പഴയതും പുതിയതുമായ നിയമങ്ങളിലെ മിക്കവാറും എല്ലാ പുസ്തകങ്ങളുടെയും വ്യാഖ്യാനങ്ങരം ഇദ്ദേഹം എഴുതിയിട്ടുണ്ടു്. ഇവയിൽ ചെറിയ പ്രവാചകന്മാരുടേയും യോഹന്നാൻെറ സുവിശേഷത്തിൻെറയും വ്യാഖ്യാനങ്ങരം പ്രത്യേകം പഠനാഹ്മാണു്. തെയദോരിൻെറ ബൈബിരം വ്യാഖാനങ്ങരം അർത്ഥവ്യൽപത്തിയുടെയും സാഹിതീയ നിരൂപണത്തിൻെറയും തത്തിങ്ങരം പ്രതിഫലിപ്പിക്കുന്നവയാണു്. അതായതു് രൂപകാത്മകമായ (allegorical) രീതിയിൽനിന്നു് വ്യത്യസ്തമായ വാച്യാത്ഥം ലഭിക്കുന്നതിനു് ഇദ്ദേഹം ശ്രമിക്കുന്നു, അതു് കണ്ടെത്തുമ്പോരം അതിനോടു് ഗാഢമായി ഒട്ടിച്ചേരുകയും ചെയ്യുന്നു. മാത്രമല്ല വിശുദ്ധഗ്രന്ഥ സംഭവങ്ങളെക്കുറിച്ചു് പ്രതിപാദിക്കുമ്പോരം അവ വിരചിതമായ കാലത്തെ ചരിത്ര സാഹചര്യങ്ങരം പ്രത്യേകം പരിഗണിക്കുന്നുമുണ്ടു്. പഴയനിയമ ഗ്രന്ഥത്തെ ആദ്യം ചരിത്രപരമായി വ്യാഖ്യാനിക്കുന്നു. പിന്നീടു് അതിലെ വാക്യങ്ങളെല്ലാം സംഭവിക്കുവാനിരിക്കുന്ന സംഗതികളുടെ നിഴലോ പ്രതിഛായയോ ആയി. (shadow of things to come),

അതായത്ു് ക്രിസ്തുവിൻെറയും അവിടത്തെ സഭയുടെയും ചരിത്രത്തിൽ, പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണു് ഈ വ്യാഖ്യാതാവു് കാണുന്നതു്.

ക്രിസ്തുവിൻെറ പൂർണ്ണ മനുഷ്യത്വം സംരക്ഷിക്കുന്നതിനുള്ള വ്യഗ്രതയിൽ, അവിടത്തെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിൻെറ ചില ആശയങ്ങൾ നെസ്തോറിയനിസത്തിനു് അനുകൂലമായി പ്രകടിതമാകുന്നുണ്ടെന്നു് ചില പണ്ഡിതന്മാർ പരാതിപ്പെട്ടിട്ടുണ്ടു്. പക്ഷെ ''മതബോധനപ്രസംഗങ്ങ''ളുടെ സുറിയാനി പാഠ്യം 1932—ൽ പ്രസിദ്ധീകൃതമായതോടുകൂടി പല ആധുനിക ദൈവശാസ്ത്രജ്ഞന്മാരും ഇദ്ദേഹത്തിൻെറ പൂർണ്ണമായ വിശ്വാസ സിദ്ധാന്ത ശുദ്ധിയേയും അവികലമായ ദൈവവിജ്ഞാനീയ നിഷ്ഠയേയും സമർത്ഥിച്ചു് സ്ഥിരീകരിക്കുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

ഓരിജെനും തൻെറ അനുഗാമികൾക്കും എതിരായി ഇദ്ദേഹം ചില പ്രബന്ധങ്ങൾ രചിക്കുകയുണ്ടായി. പക്ഷെ അവയൊക്കെ ഇന്നു ലഭ്യമല്ലതന്നെ. വിശുദ്ധ ഗ്രന്ഥത്തിലെ ചരിത്രപരവും, പ്രവചനപരവും പ്രബോധനപരവുമായ ഭാഗങ്ങളെ വ്യതിരിക്തമായി പരിഗണിക്കുന്ന ഇദ്ദേഹം ഈ വ്യതിരിക്തതയ്ക്കനുസൃതമായി ദൈവ നിവേശനത്തിനു് (inspiration) വിവിധ പദവികളാണു് നൽകുന്നതു്. വിശുദ്ധ ഗ്രന്ഥങ്ങളുടെ കാനോനികതയെക്കുറിച്ചു് സുധീരവും സുദൃഢവുമായ അഭിപ്രായം പുലർത്തിയിരുന്ന തെയോഡോർ ഈ കാര്യത്തിൽ, പിതാക്കന്മാരുടെ കാലത്തെ ഇതര എഴുത്തുകാരെക്കാളൊക്കെ കൂടുതലായി ആധുനിക ചിന്താചൈതന്യത്തോടു അടുത്തു വർത്തിച്ചിരുന്നുവെന്നു പറയാം.(a)

---

a) Ed. O. Fr. Fritzsche : 'Theodore' – New Testament Commentaries. (Turin 1847). Ed. H. B. Swete : Commentary on the Pauline Epistles (Paris 1853). Mai : Commentary on the Minor Prophets (Berlin 1834). Marius Mercator : Catenae Extracts from the Writings of Theodore, W. Wright : Syriac Literature (London, 1894).

## F കൃതകനാമകനായ ഡയൊനീഷ്യസ്
## Pseudo-Dionysius

അഞ്ചാം നൂററാണ്ടിനും ആറാം നൂററാണ്ടിനും ഇടയ്ക്കു് ജീവിച്ചിരുന്ന ഇദ്ദേഹം, പൗലോസ് ശ്ലീഹാ ആഥെൻസിൽവച്ച് മാനസാന്തരപ്പെടുത്തിയ അറെയോപ്പഗോസുകാരനായ ദിയൊന്നുസിയോസിൻെറ (നടപടി. 17:34) നാമം സ്വീകരിച്ചു. അന്തിയോക്കിൻെറ പാത്രിയർക്കീസായിരുന്ന സെവേരുസ് ആണ് ഇദ്ദേഹത്തെക്കുറിച്ച് ആദ്യമായി (533–ൽ) പ്രസ്താവിച്ചിട്ടുള്ളതു്. പൗരസ്ത്യ നാട്ടിൽ പ്രസിദ്ധമായിരുന്ന ഇദ്ദേഹത്തിൻെറ കൃതികളെ മതപ്രഖ്യാപകനായ മാക്സിമൂസും, വി. ജോൺ ഡമഷീനും ഒരാധാരിക ദൈവശാസ്ത്രജ്ഞൻേറതായി പരിഗണിക്കുന്നുണ്ടു്. 649–ൽ മാർട്ടിൻ ഒന്നാമൻ മാർപാപ്പാ ഇവയുടെ ആധികാരികതയെക്കുറിച്ച് പ്രസ്താവിക്കുകയുണ്ടായി. മാത്രമല്ല ജോൺ സ്കോട്ടസ് എറിജേന (John Scotus Erigena) പ്രസ്തുത കൃതികളെ ലത്തീനിലേക്കു് വിവർത്തനം ചെയ്തിട്ടുമുണ്ടു്. ഈ വിവർത്തനം വ്യാഖ്യാനത്തോടുകൂടിയതാണുതാനും. മദ്ധ്യശതകത്തിലേയും ആധുനിക യുഗത്തിൻെറ ആരംഭഘട്ടത്തിലേയും ദൈവവിജ്ഞാനീയത്തിൽ പ്രത്യേകിച്ച് മൗതികവിജ്ഞാനീയത്തിൻെറ വികസനത്തിൽ സുപ്രധാനമായ ഒരു പങ്ക് വഹിച്ചിട്ടുള്ള ഡയൊനീഷ്യൻ പ്രബന്ധങ്ങളുടെ വിശദവും വിസ്തൃതവുമായ വ്യാഖ്യാനങ്ങൾ, വി. വിക്ടറിൻെറ ഹ്യൂഗ്, മഹാനായ വി. ആർബെർട്ട്, വി. തോമസ് അക്വീനാസ്, കുരിശിൻെറ വി. ജോൺ എന്നിവർ എഴുതിയിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമായ ഒരു വസ്തുതയാണു്.

''ദിവ്യനാമങ്ങൾ (On the Divine Names), മൗതിക ദൈവവിജ്ഞാനീയം'' (Mystical Theology) ''സ്വർഗ്ഗീയ ഹയരാർക്കി'' (On the celestial Hierarchy) ''സഭാത്മക ഹയരാക്കി'' (On the Ecclesiastical Hierarchy) എന്നിവയത്രേ ഡയൊനീ

ഷ്യസിൻെറ കൃതികളിൽവച്ച് ഏററവും പ്രധാനമായവ. കൂടാതെ ചില കത്തുകളും ശ്രദ്ധാർഹമാണ്. അവയിൽ ഒന്ന് പാത്മോസിൽ രാജ്യഭ്രഷ്ടനായി ജീവിച്ചിരുന്ന ദൈവശാസ്ത്രജ്ഞനും, അപ്പസ്തോലനും, സുവിശേഷകനു മായ വി. യോഹന്നാനെയും മറേറത് വി. പൗലോ സിൻെറ ശിഷ്യനായിരുന്ന തീത്തോസിനേയും അനുസ്മ രിച്ച് ഇവരെ അഭിസംബോധനം ചെയ്തുകൊണ്ട് എഴു തിയിട്ടുള്ളവയാണ്. കൂടാതെ ദൈവജ്ഞാനം (knowledge of God), ദൈവികാന്ധകാരം (Divine Darkness), സ്വീകാര്യദ്യോതകവും നിഷേധാത്മകവു മായ ദൈവവിജ്ഞാനീയം (affirmative and negative theology) എന്നിവയും പഠനാർഹമാണ്. കാര ണം ഇവ ഡയൊനീഷ്യസിൻെറ മൗതികതയുടെമേൽ വെളിച്ചം വീശുന്നവയത്രേ.

ദൈവികനാമങ്ങളെക്കുറിച്ചുള്ള കൃതി ഇദ്ദേഹത്തി ൻെറ ഏററവും ആധാരികമായ ദൈവശാസ്ത്രഗ്രന്ഥമാണ്. ഇതിൽ 13 അദ്ധ്യായങ്ങൾ ഉണ്ട്. ആദ്യത്തെ മൂന്നും ദൈവത്തെക്കുറിച്ചു നമുക്കു ജ്ഞാനം ലഭിക്കുന്നതിനുള്ള മാർഗ്ഗമായി വിശുദ്ധഗ്രന്ഥത്തെ ചൂണ്ടിക്കാണിക്കുന്നു. നാ ലുമുതൽ പതിമൂന്നുവരെയുള്ള അദ്ധ്യായങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽ ദൈവത്തിനു നൽകപ്പെട്ടിരിക്കുന്ന നാമ ങ്ങളെക്കുറിച്ചുള്ളവയാണ്. നമ്മുടെ ഇന്ദ്രിയങ്ങളിലും വിഭാവനയിലും നിന്ന് ആവുന്നത്ര വേർപെട്ടുള്ള വിധ ത്തിൽ ദൈവത്തെക്കുറിച്ച് സ്വച്ഛവും, അമിശ്രിതവും, ബൗദ്ധികവും, ആദ്ധ്യാത്മികവുമായ ആശയം നമുക്ക് പ്രദാനം ചെയ്യുന്ന വിധത്തിൽ പ്രസ്തുത നാമങ്ങളെ വി ശദീകരിക്കുന്നു. ഇദ്ദേഹത്തിൻെറ ''മൗതിക ദൈവവി ജ്ഞാനീയം'' എന്ന കൃതി അഞ്ച് അദ്ധ്യായങ്ങളിലൂടെ, ആദ്യം വിശദീകരിച്ചിട്ടുള്ളതിൽനിന്ന് കൂടുതൽ ഉൽകൃ ഷ്ടമായി, ദൈവജ്ഞാനത്തോടുള്ള രഹസ്യവും മൗതിക വുമായ വേറൊരു സമീപനത്തെക്കുറിച്ചാണ് പ്രതിപാ ദിക്കുന്നതു്. പ്രസ്തുത ജ്ഞാനം സ്വയം ആവിഷ്കരിക്കുന്ന ദൈവത്തിൽനിന്നു നേരിട്ടുതന്നെയാണ് നമുക്കു ലഭി

ക്കുന്നതു്. ഈ കൃതിയുടെ അനന്തരഭാഗം ദൈവത്തിന്റെ കേവലവും അനന്യസംബന്ധവുമായ അത്യുന്നത വൈശിഷ്ട്യത്തെക്കുറിച്ചാണു് (absolute transcendence) പ്രതിപാദിക്കുന്നതു്. ''സ്വർഗ്ഗീയ ഹയരാക്കി'' ''സഭാത്മക ഹയരാക്കി'' എന്നിവ പരസ്പരപൂരകങ്ങളായ കൃതികളത്രേ. ഇവ വിശുദ്ധീകരണത്തെ സംബന്ധിച്ചുള്ള ഗ്രന്ഥകർത്താവിന്റെ മൗതികതത്ത്വത്തിനു് പ്രാധാന്യം നൽകുന്നവയാണു്. ഈ വിശുദ്ധീകരണത്തെ ദൈവീകരണം (deification = theosis) എന്നത്രേ ഇദ്ദേഹം വിളിക്കുന്നതു്. ശുദ്ധീകരണം, പ്രകാശനം, പരിപൂർണ്ണത എന്നീ വിവിധ പ്രക്രിയകൾ ഉൾക്കൊള്ളുന്നതാണു് പ്രസ്തുത ദൈവീകരണം അഥവാ ഈശ്വരസായൂജ്യം. ഈ സിദ്ധശ്രേണിയുടെ ഉദ്ദേശ്യം ദൈവവുമായുള്ള ഐക്യം പ്രാപിക്കുക എന്നുള്ളതായതുകൊണ്ടു്, എല്ലാ ജ്ഞാനത്തിന്റെയും പ്രവൃത്തിയുടെയും മാർഗ്ഗനിയന്താവായ ദൈവത്തിൽ നാം സദാ ദൃഷ്ടിപതിച്ചിരിക്കണം.

''സ്വർഗ്ഗീയ ഹയരാക്കി''യിൽ 15 അദ്ധ്യായങ്ങളുണ്ടു്. മാലാഖമാർ മൂന്നു ഹയരാക്കികളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ ഹയരാക്കിക്കും മൂന്നു പദവികൾ വീതം ഉണ്ടു്. എല്ലാ മാലാഖാമാരും മുഖ്യവും, സുഗ്രാഹ്യവും, ഗ്രഹണശക്ത്യോപേതവുമായ ആദ്ധ്യാത്മികജീവികളാണു്. ''സഭാത്മക ഹയരാക്കി''യിലെ ഏഴു് അദ്ധ്യായങ്ങളിലായി ലിററർജിയെക്കുറിച്ചുള്ള ഒരു തരം മൗതികവും പ്രതീകാത്മകവുമായ പ്രതിപാദനമാണു് നാം കാണുന്നതു്. സഭാത്മക ഹയരാക്കി സ്വർഗ്ഗീയഹയരാക്കിയോടു് തുല്യമായി അതിന്റെ കർമ്മങ്ങൾ നിർവ്വഹിക്കുന്നു. ഈ പ്രബന്ധത്തിൽ ഉടനീളം അനുചിന്തനത്തിനു കേന്ദ്രപ്രാധാന്യമത്രേ നൽകപ്പെട്ടിരിക്കുന്നതു്.

ദൈവത്തെക്കുറിച്ചുള്ള എല്ലാ അനുമാനത്തിന്റെയും വിജ്ഞാനത്തിന്റെയും അടിസ്ഥാനം വിശുദ്ധഗ്രന്ഥമാണെന്നു് ഇദ്ദേഹം ഊന്നിപ്പറയുന്നു. ക്രിസ്തുവിന്റെ വ്യക്തിത്വത്തെ സ്പർശിച്ചുകൊണ്ടു് അത്രയൊന്നും പ്രസ്താവി

ക്കുന്നില്ലെങ്കിലും ദൈവിക ഗുണവിശേഷങ്ങൾ, മാലാഖാമാർ, കൂദാശകൾ എന്നിവ ഇദ്ദേഹത്തിൻെറ കൃതികളിൽ പ്രത്യേകം ശ്രദ്ധാർഹമാണ്.[a] ഇദ്ദേഹത്തെ ഏകസ്വഭാവ വാദിയായി (monophysite) ചിലർ ദർശിക്കുന്നുണ്ടെങ്കിലും ഇദ്ദേഹത്തിൻെറ ദൈവവിജ്ഞാനീയം സശ്രദ്ധം പഠിക്കുന്നവർക്ക്, ത്രിത്വത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിൻെറ പ്രബോധനം സുസ്ഥവും വിശ്വസ്തവും അവികലവുമാണെന്ന് ബോദ്ധ്യമാകാതിരിക്കയില്ല. "Despite his lack of emphasis on Christ, and the charge that he was a monophysite, a careful analysis of his theology indicates that he was orthodox in his Trinitarian teaching" (M. R. P. Mcguire. Encyclopedic Dictionary of Religion 1979).

## G. വി. ജോൺ ഡമഷീൻ (St. John Damascene (650–750

ഡമാസ്കസിൻെറ ജോൺ (John of Damascus) എന്നും വിളിക്കപ്പെടാറുള്ള ഈ പണ്ഡിത വിശുദ്ധൻ സിറിയായിലെ ഡമാസ്കസിൽ ജനിച്ചതുകൊണ്ടാണ് ''ഡമഷീൻ'' എന്ന മറുനാമവും ഇദ്ദേഹത്തിനു നൽകപ്പെട്ടിട്ടുള്ളത്. പൗരസ്ത്യ സഭാപിതാക്കന്മാരിൽ ഒടുവിലത്തെ ആളായി പരിഗണിക്കപ്പെടുന്ന ഈ ഉൽകൃഷ്ട ദൈവശാസ്ത്രജ്ഞൻ പതിമൂന്നാം ലിയോ മാർപാപ്പായാൽ 1890 ഓഗസ്റ്റ് 19–ാം തീയതിയിൽ തിരുസഭയുടെ ഒരു വേദപാരംഗതനായി പ്രഖ്യാപിക്കപ്പെട്ടു. ഇദ്ദേഹത്തിൻെറ വാഗ്‌വിലാസം മൂലം ''സുവർണ്ണസരിത്ത്''–Chrysorrhoas = golden stream– എന്നും ഈ മതപ്രസംഗകൻ വിളിക്കപ്പെടാറുണ്ട്. ജെറൂസലേമിലെ പാത്രിയർക്കീസായിരുന്ന ജോൺ പഞ്ചമനാൽ

---

a) T. Campbel, Dionysuis the Pseudo Areopagite, The Ecclesiastical Hierarchy (1955). D. Rutledge. "Cosmic Theology" (1964).

പൗരോഹിത്യത്തിലേക്കു് ഉയർത്തപ്പെട്ട വി. ജോൺ ഗ്രീക്കു്, ലത്തീൻ സഭാവിഭാഗങ്ങളിലെല്ലാം പ്രത്യേകം സമാദരിക്കപ്പെട്ടുന്നുണ്ടെന്നു മാത്രമല്ല പ്രഥമ ക്രിസ്ത്യൻ അരിസ്റ്റോട്ടിലിയനായും പ്രഥമ സ്കോളാസ്റ്റിക്കു് ദൈവശാസ്ത്രജ്ഞനായും പൊതുവെ പരിഗണിക്കപ്പെട്ടുപോരുന്നുണ്ടു്. പ്രതിമാഭജ്ജകർക്കു് (Iconoclasts) എതിരായി, വിശുദ്ധരുടെ പ്രതിമകൾക്കു് നൽകപ്പെടുന്ന വണക്കം ക്രിസ്തീയ സിദ്ധാന്തത്തിന്റെ ന്യായയുക്തമായ ആവിഷ്കരണമാണെന്നു് വാദിച്ചിരുന്നു ഇദ്ദേഹം. പരിശുദ്ധ കന്യകാമറിയത്തോടുള്ള തന്റെ ഉജ്ജ്വലമായ ഭക്തി പല പ്രഭാഷണങ്ങളിലൂടെയും പ്രകടിപ്പിച്ചിട്ടുണ്ടു്. ഗ്രീക്കു് ഭക്തഗാനരചയിതാക്കളിൽ വച്ചു് ഏററവും ഉന്നതമായ സ്ഥാനമാണു് ഇദ്ദേഹം അലംകരിക്കുന്നതു്. ഇദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ദിവ്യകർമ്മാനുഷ്ഠാനങ്ങളെല്ലാം സത്യധർമ്മാനുസൃതമായ ദൈവഭക്തിയുടെ അഭിന്നമായ വിഭാഗമാണു്.

വി. ഡമഷീന്റെ ഏററവും പ്രധാന കൃതി, തന്റെ കാലഘട്ടംവരെയുള്ള ഗ്രീക്കുപിതാക്കന്മാരുടേയും സഭാസൂനഹദോസുകളുടേയും പ്രബോധനങ്ങൾ മുഴുവനും ക്രോഡീകരിച്ചു് 'വിജ്ഞാനത്തിന്റെ നീരുറവ' ഉദ്ഗമനസ്ഥാനം ''The Fountain of knowledge''— എന്ന പൊതുവായ തലക്കെട്ടിൽ മൂന്നു ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ബൃഹത്ഗ്രന്ഥമാണു്. ഇങ്ങനെ വിവിധ പാഠ്യങ്ങളും പ്രബോധനങ്ങളും ശേഖരിച്ചു് സ്വയമേ ആശയത്തിൽ ഒത്തുപോകുന്ന ഒരു ദൈവശാസ്ത്രപദ്ധതി ഇദ്ദേഹം കെട്ടിപ്പടുത്തു. ദൈവത്തെക്കുറിച്ചുള്ള സിദ്ധാന്തം, സൃഷ്ടി, മനുഷ്യരക്ഷ എന്നിത്യാദി വിഷയങ്ങളെ പിതാക്കന്മാരുടെ പ്രബോധനങ്ങളോടു് സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഉദ്ഗ്രഥനമാണു് ഇതുവഴി ഇദ്ദേഹം നിർവഹിച്ചിട്ടുള്ളതു്.

ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗം അരിസ്റ്റോട്ടിലിന്റെ ആന്വീക്ഷികശാസ്ത്രത്തിലുള്ള (Dialectic) ദൈവശാസ്ത്രത്തിന്റെ വിശദീകരണവും സംപ്രയോ

ഗവുമാണ് ഉൾക്കൊള്ളുന്നതു്. പാഷണ്ഡതകളെക്കുറിച്ചുള്ള (of Heresies) രണ്ടാം ഭാഗം എപ്പിഫാനിയൂസിൻെറ ആദ്യകൃതികളുടെ ഒരു പുനരാവിഷ്കരണമാണ്. അദ്ദേഹത്തിനുശേഷം പ്രത്യക്ഷപ്പെട്ടിട്ടുള്ള പാഷണ്ഡതകളെക്കുറിച്ചുള്ള ഒരു വിവരണവും ഈ ഗ്രന്ഥഭാഗം നൽകുന്നുണ്ട്. മൂന്നാം ഭാഗമായ "സത്യധർമ്മാനുസൃതമായ വിശ്വാസത്തിൻെറ കൃത്യമായ വിശദീകരണം" (An accurate Exposition of the Orthodox Faith) ആണ് ഏററവും പ്രധാനമായതു്. കാരണം 4—ാം നൂററാണ്ടുമുതൽ 7—ാം നൂററാണ്ടുവരെയുള്ള പിതാക്കന്മാരുടേയും സൂനഹദോസുകളുടേയും പ്രബോധനങ്ങളിൽ അധിഷ്ഠിതമായ ദൈവവിജ്ഞാനീയത്തിൻെറ ഒരു സമ്പൂർണ്ണ പദ്ധതിതന്നെ ഇതു് ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടു് പ്രാചീന ഗ്രീക്കുസഭയുടെ ദൈവശാസ്ത്രപരമായ ചിന്തയുടെ സമാപ്തഫലം ഇതിൽ അന്തർഹിതമായിട്ടുണ്ടെന്നു പറയാവുന്നതാണ്. പീസായുടെ ബുർഗുൻഡിയോ (Burgundio of Pisa) 12—ാം ശതാബ്ദത്തിൽ ലത്തീനിലേക്കു ചെയ്ത ഇതിൻെറ വിവർത്തനം പീററർ ലൊംബാർഡിനും (1100–1160) വി. തോമസ് അക്വീനാസിനും (1225–1274) സുജ്ഞാതമായിരുന്നു. അങ്ങനെ വി. ജോണിൻെറ പ്രസ്തുത ഗ്രന്ഥം പാശ്ചാത്യ ദൈവവിജ്ഞാനീയത്തെയും സ്വാധീനിച്ചു. ഈ പണ്ഡിതവിശുദ്ധൻെറ വേറൊരു സുപ്രസിദ്ധ കൃതിയാണ് "വിശുദ്ധഗ്രന്ഥവാക്യങ്ങളുടെ ശേഖരണം" ആയ Sacra 'Parallela'. ഇതിൽ ഇതര വിശുദ്ധഗ്രന്ഥ ഉറവിടങ്ങളിലും സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നും സ്വീകരിച്ചിട്ടുള്ള വിശദീകരണങ്ങളും ഉണ്ടെന്നുള്ളതു് ഒരു പ്രത്യേകതയാണ്[a]

---

a) John, Patriarch of Jerusalem. The Life of John Damascene (10th century). J. Langen, A Monograph, (1879). A Harnack, "History of Dogma" see especially vols. iii and iv, on the image worship controversy iv 322 seq.

# 15

# സ്ഥാപകവും നിരൂപകവും

നമ്മുടെ ദൈവവിജ്ഞാനീയം യുക്തിയുടെ പ്രകാശത്താൽ മാത്രം ലബ്ധമാകുന്ന സത്യങ്ങൾ ഉൾക്കൊള്ളുന്ന പ്രകൃത്യനുസൃതമായ ദൈവവിജ്ഞാനീയം (Theodicy) അല്ല, ''വിശ്വാസത്തിൻെറ വിജ്ഞാനീയ''മായ പ്രകൃത്യതീത ദൈവവിജ്ഞാനീയമാണ്. 'ദൈവവിജ്ഞാനീയം' എന്ന സംയുക്തപദംകൊണ്ട് സാധാരണമായി നാം അർത്ഥമാക്കുന്നതും വിശ്വാസത്തിൽ അധിഷ്ഠിതമായ സ്വഭാവാതീത ദൈവവിജ്ഞാനീയമത്രേ. ഇതു് പ്രതിപാദനരീതി അനുസരിച്ച് 'സ്ഥാപകം' (positive) 'നിരൂപകം' (speculative) എന്നിങ്ങനെ വിവേചിക്കപ്പെടാറുണ്ട്.

## A. സ്ഥാപകദൈവവിജ്ഞാനീയം (Positive Theology)

സ്ഥാപകദൈവവിജ്ഞാനീയത്തിൻെറ പ്രഥമവും പ്രധാനവുമായ ജോലി ദൈവം നമുക്കു വെളിപ്പെടുത്തുവാൻ തിരുമനസ്സായിട്ടുള്ള സത്യങ്ങൾ വ്യക്തമായി സമർത്ഥിച്ച് സ്ഥാപിക്കുക എന്നതാണ്. ആവിഷ്കരണത്തിൻെറ രണ്ടു് ഉറവിടങ്ങളായ ദൈവികപാരമ്പര്യവും വിശുദ്ധഗ്രന്ഥവും പരിശോധിച്ചുകൊണ്ടും തിരുസ്സഭയുടെ അദ്ധ്യാപനാധികാരത്തെ ആശ്രയിച്ചുകൊണ്ടും ആവിഷ്കരണത്തിൻെറ ഉള്ളടക്കം അഥവാ ദത്തതത്ത്വങ്ങൾ (data)

കൃത്യമായി ഇതു് നിർവ്വചിക്കുന്നു. ചരിത്രപരവും ഭാഷാശാസ്ത്രപരവുമായ രീതികൾ ഉപയോഗിച്ചുകൊണ്ടു്, ആനുകാലികമായ സൈദ്ധാന്തിക സാഹചര്യവും ദൈവാവിഷ്കരണത്തിലുള്ള അതിൻെറ ഉദ്ഗമനസ്ഥാനങ്ങളും തമ്മിലുള്ള ബന്ധവും ഇതു് വിശദീകരിക്കുന്നു. അക്കാരണത്താൽ ഇതു് വാച്യാർത്ഥവ്യാഖ്യാനവും, ബൈബിളിക ദൈവശാസ്ത്രവും, സൈദ്ധാന്തികശാസ്ത്രവും ഉൾക്കൊള്ളുന്നുണ്ടെന്നു് പറയാവുന്നതാണു്. ക്രിസ്തീയ വിശ്വാസത്തിൻെറ ധാരണയിൽ സംഭവിച്ചിട്ടുള്ള യഥാർത്ഥവും അയഥാർത്ഥവുമായ വികസനവും സ്ഥാപകദൈവശാസ്ത്രം പരിശോധിക്കുന്നുണ്ടു്. ഇതിൻെറ ആത്യന്തികമായ നിയുക്ത കൃത്യം, നിരാപേക്ഷിതവും, അനുഭൂതിമണ്ഡലത്തിനപ്പുറത്തുള്ളതും, വസ്തുനിഷ്ഠവും, മാററമില്ലാത്തതും, നിത്യവും, രക്ഷാകരവും ഏതുസാഹചര്യത്തിലും പ്രസ്താവിക്കപ്പെടാവുന്നതുമായ സത്യം കണ്ടുപിടിച്ചു സ്ഥാപിക്കുക എന്നതത്രേ. വിശ്വാസഭണ്ഡാഗാരത്തിലുള്ള സത്യങ്ങളെ, ഒരേരീതിയിലുള്ള ഗ്രഹണത്തിലും ആശയപ്രകടനത്തിലുംനിന്നു് മറെറാന്നിലേയ്ക്കു കടന്നു്, പ്രമേയരൂപത്തിൽ അവതരിപ്പിക്കുന്നതിനു് ഇതു് ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടു് സ്ഥാപകദൈവവിജ്ഞാനീയം അതിനെ സജീവമാക്കുന്ന നിരൂപകദൈവവിജ്ഞാനീയത്തോടു് അടുത്ത ബന്ധമാണു് പുലർത്തുന്നതു്.[a]

## B. നിരൂപകദൈവവിജ്ഞാനീയം (Speculative Theology)

സ്ഥാപകദൈവവിജ്ഞാനീയം പ്രദാനംചെയ്യുന്ന ആവിഷ്കൃതസത്യങ്ങൾ, അതായതു് അവയുടെ ആത്യ

---

(a) P. B. T. Bilaniuk: Positive Theology. Encyclopedic Dictionary of Religion (1979).

ന്തികമായ കാരണങ്ങളം, സ്വഭാവം, അവ തമ്മി ലുള്ള പരസ്പരബന്ധം, അവയിൽനിന്നു് ലഭ്യമാകുന്ന യൗക്തിക നിഗമനങ്ങളം എന്നിവ ഗ്രഹിക്കുന്നതിനു പ്രയത്നിക്കുന്ന ഒന്നാണു് നിരൂപകദൈവവിജ്ഞാനീയം. മേല്പറഞ്ഞ രീതിയിലാണു് നമ്മുടെ ദൈവവിജ്ഞാനീ യം ഒരു പദ്ധതിയും യഥാൎത്ഥ ശാസ്ത്രവുമായിത്തീരുന്നതു്. മേല്പറഞ്ഞ പരിയത്നം ഫലരഹിതമായി തീരുന്നില്ല. കാരണം വിശ്വാസത്താൽ നിയന്ത്രിതമാകുന്ന യുക്തി ബോധം, ശ്രദ്ധാപൂൎവ്വം, ഭക്തിപുരസ്സരം ചിന്താസ്വാധീ നതയോടുകൂടി അന്വേഷിക്കുന്നെങ്കിൽ അതിനു് ദൈവ ത്തിൻെറ സഹായത്തോടുകൂടി അവിടുത്തെ സംബന്ധി ച്ച രഹസ്യങ്ങളംപോലും ഏറെക്കുറെ ഗ്രഹിക്കുവാൻ സാ ധിക്കുന്നതാണു്. ഒന്നാം വത്തിക്കാൻ സൂനഹദോസ് ഈ കാര്യത്തെക്കുറിച്ചു നമുക്കു് ഉറപ്പു നൽകുന്നുണ്ടു്.

വിശ്വാസത്തേയോ ദൈവാവിഷ്കരണത്തേയോ കുറി ച്ചുള്ള സ്ഥാപകദൈവവിജ്ഞാനീയത്തിൻെറ അന്വേഷ ണഫലമായി കണ്ടെത്തപ്പെട്ടിട്ടുള്ള തത്വങ്ങളെ ഈ ദൈവശാസ്ത്രപ്രതിരൂപം ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതുകൊണ്ടു് ഇവ കൂടുതൽ ഗാഢമായി ഗ്രഹിക്കു ന്നതിനു നമ്മെ ഇതു സഹായിക്കുന്നുണ്ടു്. നിരൂപകവും യുക്തിശാസ്ത്രാനുരൂപവുമായ രീതിയിൽ അനുദിനാനുഭവ ത്തിൻെറ സഹായത്തോടുകൂടി പ്രസ്തുത സിദ്ധാന്തങ്ങളി ലേയ്ക്കു് ഇതു് ബൗദ്ധികമായി കിഴിഞ്ഞുകയറുന്നു.

നിരൂപക ദൈവവിജ്ഞാനീയത്തിനു് അവിഭക്ത മായ, രണ്ടു മൂൎത്ത ഘടകങ്ങളുണ്ടു്. (1) അനുമനനം (2) നി ഗമനം. അനുമനനം (meditation) ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള അഗാധവും, അവിച്ഛി ന്നവും, സൎവ്വതോന്മുഖവുമായ വിചിന്തനമാണു്. നിഗമ

നം (conclusion), ഒരു ദാശ്നികതത്വത്തിൽനിന്നോ വിശ്വാസത്തിന്റെ ഒരു സിദ്ധാന്തത്തിൽനിന്നോ, ഇവ രണ്ടിലുംനിന്നോ കാരണത്തിൽനിന്നു് കാര്യം തെളിയിക്കുന്ന രീതിയിലുള്ള നിർണ്ണീതമായ അനുമാനമാണു്.

സമാനത, അനുരൂപത, സാദൃശ്യം എന്നിവ നിരൂപകദൈവവിജ്ഞാനീയത്തിൽ അതീവം പ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടു്. കാരണം, വിശ്വാസത്തിന്റെ രഹസ്യങ്ങളെ പരസ്പരമായോ, പ്രകൃത്യനുസൃതമായ യാഥാത്ഥ്യത്തിന്റെ ഘടകങ്ങളോടോ തുലനംചെയ്യുമ്പോഠം, ദൈവികാവിഷ്കരണത്തേയോ മനുഷ്യനുള്ള അതിന്റെ രക്ഷാകരപ്രാമുഖ്യത്തേയോ കുറിച്ചു് കൂടുതൽ ഗാഢമായി ഗ്രഹിക്കുന്നതിനു് ഇതു് നമ്മെ സഹായിക്കുന്നുണ്ടു്. നിരൂപക ദൈവശാസ്ത്രം ക്രമവൽകൃതവും വ്യവസ്ഥിതവും ശാസ്ത്രീയവുമായ ഇതര വിജ്ഞാനീയങ്ങളുടെ സഹായത്തോടുകൂടി ആവിഷ്കൃത സത്യങ്ങളെ സംബന്ധിച്ച വിശ്വാസികളുടെ ധാരണയെ ശാസ്ത്രീയമായി വികസിതവും സംയുക്തവുമായ ഒരു തലത്തിലേക്കു് ഉയർത്തുകയും ചെയ്യുന്നു. ഈ ദൈവവിജ്ഞാനീയം ഇതിന്റെ അസ്ഥിവാരമായി സ്ഥാപകദൈവവിജ്ഞാനീയത്തെ ആശ്രയിക്കുന്നുണ്ടു്. രണ്ടും ഒരേ ദൈവവൈജ്ഞാനിക ശാസ്ത്രത്തിന്റെ അവിഭക്ത ഘടകങ്ങളാണു്. നിരൂപക ദൈവവിജ്ഞാനീയം വ്യവസ്ഥവൽകൃതമായ ദൈവശാസ്ത്രത്തിന്റെ (Systematic Theology) മൂലാധാരമായി നിലകൊള്ളുന്നു. സ്കോളാസ്റ്റിക് ദൈവശാസ്ത്രം സ്ഥാപകവും നിരൂപകവുമായ ദൈവശാസ്ത്രങ്ങളുടെ ഒരു സുഭഗ സംയോജനമാണെന്നു പറയാം. ഇതു് ആവിഷ്കൃതസത്യങ്ങഠം ഏവയെന്നു സമത്ഥിക്കുക മാത്രമല്ല തത്വശാസ്ത്രത്തിന്റെയും തത്വങ്ങളുടെ സഹായത്തോടുകൂടി പ്രസ്തുത സത്യങ്ങഠം കൂടുതൽ പൂർണ്ണമായി ഗ്രഹിക്ക

ന്നതിനും ഗ്രഹിപ്പിക്കുന്നതിനും പരിശ്രമിക്കുകയും ചെയ്യുന്നു. കൂടാതെ മതവിരോധികളുടെ വിദണ്ഡാവാദങ്ങൾ ഖണ്ഡിച്ച് സത്യങ്ങളെ സമാദരിച്ച് അവികലമായി സംരക്ഷിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ സ്കോളാസ്റ്റിക് പദ്ധതി കത്തോലിക്ക സഭാശത്രുക്കളുടെ ഭത്സനത്തിന് ഇരയായിത്തീന്നെങ്കിലും മാർപാപ്പാമാർ ഇന്നോളം ഇതിനെ പ്രോത്സാഹിപ്പിക്കുകയത്രേ ചെയ്തിട്ടുള്ളത്. പതിനൊന്നാംപീയൂസ് മാർപാപ്പാ 'Deus scientiarum Dominus' എന്ന തൻെറ ആപ്പസ്തോലിക പ്രബോധനത്തിൽ (1931) പവിത്ര ദൈവവിജ്ഞാനീയം സ്ഥാപക രീതിയിലും സ്കോളാസ്റ്റിക് രീതിയിലും പ്രതിപാദിക്കപ്പെടണമെന്നാണ്. 'is to be presented according to the positive as well as to the scholastic method' പറയുന്നതു് നിരൂപകപ്രതിപാദനം 'വി. തോമസ് അക്വീനാസിൻെറ തത്ത്വങ്ങൾക്കും അദ്ധ്യാപനത്തിനും അനുസൃതമായിട്ടേ പുരോഗമിക്കാവൂ, 'according to the principles and teaching of St. Thomas Aquinas' (Articles 29) എന്നും പ്രസ്താവിക്കുന്നുണ്ട്.(a)

(a) G. F. Van Ackeren, New Catholic Encyclopedia 14:39-49.

# 16

# ദൈവവിജ്ഞാനീയ ശാഖകൾ

കത്തോലിക്ക ക്രൈസ്തവ ദൈവവിജ്ഞാനീയം അതിൻെറ ഉള്ളടക്കത്തിൻെറ സ്വഭാവത്തിനനുസൃതമായി സൈദ്ധാന്തികം (Dogmatic), ധാർമ്മികം (Moral), സുകൃതയോഗാഭ്യാസപരം (Ascetical), മൗതികം (Mystical) അജപാലനാത്മകം (Pastoral) മതപ്രഘോഷണപരം (Kerygmatic) ബൈബിളികം, പ്രത്യാശബദ്ധം സാമൂഹികം എന്നിങ്ങനെ വിഭാഗിക്കപ്പെടാറുണ്ട്. ഈ സുപ്രധാന ദൈവശാസ്ത്ര ശാഖകളുടെ അദ്ധ്യയനമാണ് നമ്മുടെ വൈദികകലാലയങ്ങളിൽ വിദ്യാർത്ഥികൾ സാമാന്യമായി നടത്തിപ്പോരുന്നത്. അതുകൊണ്ട് ഇവയെക്കുറിച്ചുള്ള പ്രദിപാദനം സന്ദർഭോചിതവും, ആവശ്യകവും ഉപകാരപ്രദവുമായിരിക്കുമല്ലൊ.

## സൈദ്ധാന്തിക ദൈവവിജ്ഞാനീയം
(Dogmatic Theology)

ഇതു കത്തോലിക്ക ക്രിസ്തീയ സിദ്ധാന്തത്തിൻെറ വിജ്ഞാനീയമാണ്. ദൈവത്തിൽനിന്നു് പുറപ്പെടുന്ന സത്യങ്ങളെ, വിശുദ്ധ ഗ്രന്ഥത്തേയും പാരമ്പര്യത്തേയും ആധാരമാക്കി തിരുസഭയുടെ അദ്ധ്യാപനത്തിനനുസൃതമായി സ്വീകരിക്കുകയും, അവയ്ക്കെതിരായി ഉന്നയിക്കപ്പെടുന്ന എതിർ ന്യായങ്ങൾക്കും വൈഷമ്യങ്ങൾക്കും പ്രത്യുത്തരം നല്കുകയും ചെയ്തുകൊണ്ട് അവ എത്രമാത്രം നമ്മുടെ ബൗദ്ധികജ്ഞാനത്തോട് യോജിക്കുന്നുവെന്നു്

വിശദമാക്കുകയും ചെയ്യുന്ന ദൈവവിജ്ഞാനീയ ശാഖയാണിതു്. ഇതു് വ്യവസ്ഥവൽകൃത ദൈവവിജ്ഞാനീയം (Systematic Theology) എന്നും വിളിക്കപ്പെടാറുണ്ടു്. കാരണം ഇതു് ആവിഷ്കൃത സത്യത്തിൻെറ സംഗ്രഹസ്ഥാനം (depository) കത്തോലിക്കാ സഭയാണെന്നു് സമർത്ഥിച്ചു തെളിയിക്കുകയും, വിശ്വാസവും മനുഷ്യ യുക്തിയും, മതവും തത്ത്വശാസ്ത്രവും തമ്മിലുള്ള ബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ടു് വിശ്വാസസത്യങ്ങളെക്കുറിച്ചു് വ്യവസ്ഥവൽകൃതമായി പ്രതിപാദിക്കുകയും ചെയ്യുന്നു. തിരുസഭയുടെ സിദ്ധാന്തങ്ങൾ മുഴുവനും, ഓരോ വിശ്വാസ സത്യത്തേയും മററുള്ളവയോടു് ബന്ധപ്പെടുത്തി പരിഗണിച്ചുകൊണ്ടു്, സ്വാഭാവിക സാദൃശ്യങ്ങൾവഴി ഇവയെ വിശദീകരിക്കുകയും, ഇവയെല്ലാം വെറും മാനുഷിക ബുദ്ധിയ്ക്കു് തെളിയിക്കുവാൻ സാദ്ധ്യമല്ലെങ്കിലും ഇവ അതിനു വിരുദ്ധമല്ലെന്നു്, അതിനോടു് യോജിക്കുന്നുണ്ടെന്നു് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. എല്ലാററിലും ഉപരിയായി വിശ്വാസ സത്യങ്ങളിൽനിന്നു് ദൈവശാസ്ത്രപരമായ പരിണതികൾ അഥവാ അനുമാനങ്ങൾ ഈ ദൈവശാസ്ത്രശാഖ സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. അതായതു് തത്ത്വശാസ്ത്രത്തെ മതത്തോടു് പ്രായോഗികമായി ബന്ധിച്ചുകൊണ്ടു്, തത്ത്വശാസ്ത്രമൊ ആവിഷ്കരണമോ ഭാഗികമായി നൽകുന്ന പൂർവ്വ പക്ഷങ്ങളിൽനിന്നു് അവികലമായ നിഗമനങ്ങൾ സ്വീകരിക്കുന്നുണ്ടു്. സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തിൻെറ ആദ്യ ഭാഗമാണു് മൗലിക ദൈവവിജ്ഞാനീയം (Fundamental Theology).

**സിദ്ധാന്തം:** എന്താണീ സിദ്ധാന്തം? Dogma എന്ന ആംഗ്ലേയ പദത്തിൻെറ വിവർത്തനമായിട്ടാണു് "സിദ്ധാന്തം" ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. "ഡോഗ്മാ"യുടെ മൂല–ഗ്രീക്കുപദത്തിൻെറ അർത്ഥം, അധികൃതശാസനം, സൂഷ്മമായ പ്രമാണം, പര്യാലോചനയ്ക്കുശേഷം തീർച്ചപ്പെടുത്തുന്ന സത്യം എന്നൊക്കെയാണു്, നമ്മുടെ ദൈവവിജ്ഞാനീയത്തിൽ ഇതു് ദൈവാ

വിഷ്കരണത്തിൻെറ ഒരു പ്രമാണമായി നാം വിശ്വസിക്കേണ്ടതിന് തിരുസഭ നിർദ്ദേശിക്കുന്ന ഒരു സത്യമാണ്, സിദ്ധാന്തത്തിൻെറ ഉള്ളടക്കം ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും, അക്കാരണത്താൽ നാം വിശ്വസിക്കേണ്ടതുമായ ഒരു സത്യമാണ്. പലരും ഇതു് വിശ്വസിക്കുന്നതുകൊണ്ടല്ല ഇതു് സത്യമായി നാം സ്വീകരിക്കുന്നതു്, പ്രത്യുത ഇതു് ദൈവാവിഷ്കൃതമായതുകൊണ്ടത്രേ. അതായതു് തിരുസഭയുടെ സൈദ്ധാന്തിക തത്ത്വങ്ങൾ സത്യമായിരിക്കുന്നതു് അവ വെളിപ്പെടുത്തുന്ന ദിവ്യബുദ്ധിയുടെ ആധികാരികതയിൽ അവ അധിഷ്ഠിതമായിരിക്കുന്നതുകൊണ്ടത്രേ. ദൈവമായ ക്രിസ്തു തൻെറ സഭയ്ക്കു് വെളിപ്പെടുത്തിയ സത്യങ്ങൾ വിശുദ്ധ ഗ്രന്ഥത്തിലും പാരമ്പര്യത്തിലുമാണ് അന്തർഹിതമായിരിക്കുന്നതു്. ഇവയെല്ലാം ക്രിസ്ത്യാനികൾ സ്വീകരിച്ച് പ്രസ്തുത സത്യങ്ങളെ ഇവർ സിദ്ധാന്തങ്ങൾ എന്നു് വിളിച്ചിരുന്നു. തിരുസഭയുടെ സിദ്ധാന്തങ്ങൾ ദൈവിക സത്യത്തിൻെറ ബൗദ്ധിക ഗ്രഹണവും വാചികമായ അവതരണവുമായതുകൊണ്ടു് ഇവയ്ക്കു് സത്യത്തിൻെറ സ്വഭാവ വിശേഷണമായ മാററമില്ലായ്മ അഥവാ അഭേദ്യത ഉണ്ടു്. ഈ അർത്ഥത്തിലാണ് അന്തിയോക്യായുടെ വി. ഇഗ്നേഷ്യസിൻെറ (d. c 107) "doctrines of the Lord and the Apostles"-ലും, വി. ബേസിലിൻെറ (330–379) "the dogma of Christ's divinity" യിലും, വി. ക്രിസൊസ്റ്റോമിൻെറ (345–407) "the dogma of the Church"-ലും, ലേരിൻസിലെ വി. വിൻസെൻറിൻെറ (d. c. 440) "the ancient dogmas of heavenly philosophy" യിലും സിദ്ധാന്തം എന്ന പദം ഉപയോഗിച്ചിട്ടുള്ളതു്. എന്നാൽ സിദ്ധാന്തത്തിന് ആവിഷ്കൃത സത്യം എന്ന അർത്ഥം വ്യാപകമായി പ്രബലപ്പെട്ടതു് ജെറൂസലേമിലെ വി. സിറിലിൻെറയും (315–386) നീസായിലെ വി. ഗ്രഗരിയുടേയും (332–398) കൃതികളിൽ കൂടിയാണെന്നു പറയാം. എങ്കിലും നൈതിക വർത്തനത്തിൻെറ പൂർവ്വപക്ഷത്തിൽനിന്നു് (premise) വ്യതിരിക്തമായ ഒരു കത്തോലിക്ക വിശ്വാ

സസത്യമായി ''സിദ്ധാന്തം'' പരിഗണിക്കപ്പെട്ടു തുടങ്ങിയതു് 17–ാം ശതാബ്ദം മുതലാണെന്നത്രേ പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു്.

ക്രിസ്തുവിൽനിന്നു് അപ്പസ്തോലന്മാക്കും അപ്പസ്തോലന്മാരിൽനിന്നു് തിരുസഭയ്ക്കും ലഭിച്ചിട്ടുള്ളതും അവരം വിശ്വാസികളുടെ സ്വീകരണത്തിനായി സമപ്പിക്കുന്നതുമായ സിദ്ധാന്തങ്ങളുടെ സ്വഭാവത്തിൽനിന്നു് പുതിയ സിദ്ധാന്തങ്ങരം സൃഷ്ടിക്കുന്നതിനുള്ള അധികാരമോ അവകാശമോ തിരുസഭയ്ക്കു് ഇല്ലെന്നുള്ള സംഗതി അനായാസം നമുക്കു് മനസ്സിലാക്കാമല്ലൊ. അവളുടെ ജോലി ഒരിക്കൽ ലഭിച്ചിട്ടുള്ള വിശ്വാസത്തിൻെറ സംരക്ഷണത്തിനുവേണ്ടി പോരാടുക, വിശ്വാസത്തിൻെറ പവിത്രമായ ഭണ്ഡാഗാരത്തോടു എന്തെങ്കിലും കൂട്ടിച്ചേക്കുകയോ അതിൽനിന്നു് എന്തെങ്കിലും എടുത്തുകളയുകയോ ചെയ്യാതെ അതിനെ പുരുഷാന്തരങ്ങളിലേക്കു് കൈമാറുക എന്നതാണു്. അതേസമയംതന്നെ, തിരുസഭയ്ക്കു് ദൈവവചനത്തിൽ അവ്യക്തമായോ അപൂണ്ണമായോ അന്തർഹിതമായിരിക്കുന്ന സിദ്ധാന്തങ്ങരം പൂണ്ണമായി പ്രസ്താവിക്കുകയോ വിശ്വസിക്കുന്നതിനു് അസന്ദിഗ്ദ്ധമായി ആജ്ഞാപിക്കുകയോ ചെയ്യാവുന്നതാണു്. ഇതിൽ കാർഡിനൽ ന്യൂമൻ പ്രതിപാദിച്ചിട്ടുള്ള ''സൈദ്ധാന്തികതത്ത്വവികസനം'' – Development of dogma or doctrine എന്ന പ്രതിഭാസത്തിൻെറ ആശയങ്ങളാണു് നാം കാണുന്നതു്.

സിദ്ധാന്തത്തിനു് രണ്ടു ഘടകങ്ങളുണ്ടു് 1) ഇതു് വി. ഗ്രന്ഥത്തിലോ പാരമ്പര്യത്തിലോകൂടി ദൈവം ഖണ്ഡിതമായി വെളിപ്പെടുത്തിയിട്ടുള്ള ഒരു സത്യമായിരിക്കണം. ഈ വെളിപ്പെടുത്തൽ ''ക്രിസ്തുവിൻെറ ദൈവത്വം'' പോലെ സ്പഷ്ടമായോ (explicitly), ''മറിയത്തിൻെറ സ്വഗ്ഗാരോപണം'' പോലെ വിവക്ഷിതമായോ (implicitly) സംഭവിക്കാവുന്നതാണു്. 2) ഇതു് ഒരാവിഷ്കൃത സത്യമായി തിരുസഭയാൽ പരസ്യമാ

യി പ്രഖ്യാപിക്കപ്പെടണം. ഈ കാര്യം മാർപാപ്പായുടെ അദ്ധ്യവസാനത്തിലൂടെയോ, സാർവ്വത്രിക സൂനഹദോസി ൻെറ പ്രഖ്യാപനത്തിലൂടെയോ, അല്ലെങ്കിൽ തിരുസഭ യുടെ സാധാരണവും സാർവ്വത്രികവുമായ അദ്ധ്യാപന ത്തിലൂടെയോ നിർവഹിക്കപ്പെടാവുന്നതാണ്. തിരുസ ഭയിൽ വിശ്വാസസിദ്ധാന്തങ്ങൾ സുജ്ഞാതമായിത്തീരു ന്ന രീതിയെക്കുറിച്ച് പറയുന്നിടത്തു രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകുന്ന വ്യാഖ്യാനം ശ്രദ്ധേയമാണ്. ''മെത്രാന്മാരിൽ ഓരോരുത്തർക്കും അപ്രമാദിത്വവരം ഇ ല്ലെങ്കിലും അവർക്ക് ക്രിസ്തുവിൻെറ പഠനം പ്രമാദരഹി തമായി പ്രഖ്യാപിക്കാം. ലോകത്തിൻെറ നാനാഭാഗ ങ്ങളിലായി ചിതറി വർത്തിക്കുകയാണെന്നിരുന്നാലും തമ്മിൽതമ്മിലും പത്രോസിൻെറ പിൻഗാമിയോടുമുള്ള ഐക്യം നിലനിർത്തുന്നിടത്തോളം കാലം വിശ്വാസവും ധാർമ്മികതയും സംബന്ധിച്ച് അവർ ആധികാരികമാ യി എന്തെങ്കിലും പഠിപ്പിക്കുമ്പോഴും, നിർണ്ണായകമായി എന്തെങ്കിലും ഐക്യകണ്ഠേന അവതരിപ്പിക്കുമ്പോഴും ക്രിസ്തുവിൻെറ സിദ്ധാന്തം അബദ്ധരഹിതമായിട്ടാണ് അവർ പ്രഘോഷിക്കുന്നത്.'' (തിരുസഭ n. 25). സാ ധാരണവും സാർവ്വത്രികവുമായ ഈ അദ്ധ്യാപനം മെത്രാ ന്മാർ പ്രസിദ്ധീകരിക്കുന്ന മതബോധനഗ്രന്ഥങ്ങളിൽ അനായാസം കണ്ടെത്താവുന്നതാണ്.

പ്രസ്പഷ്ടമായും ഖണ്ഡിതമായും ആവിഷ്കൃതമാകാ തെതന്നെ, ഉദാഹരണമായി ഒരാളുടെ വിശുദ്ധപദപ്ര ഖ്യാപനം നടക്കുമ്പോൾ അദ്ധ്യവസാനം സംഭവിക്കുന്നു ണ്ട്. ഒരദ്ധ്യവസാനത്തിൻെറ ഉള്ളടക്കം ആവിഷ്കര ണത്തോട് സംബദ്ധവും അദ്ധ്യവസാനം ചെയ്യുന്നതിനു ള്ള തിരുസഭയുടെ അധികാരം ദൈവികമായി ആവി ഷ്കൃതവുമായിരുന്നാൽ മതി.

ഒരു സിദ്ധാന്തം അതിൻെറ നിഷ്കൃഷ്ടാർത്ഥത്തിൽ, ദൈവികവും കത്തോലിക്കവും എന്ന് വിവേചിക്ക

പ്പെടാവുന്ന വിശ്വാസത്തിൻെറ (Divine and Catholic faith) വിഷയമാണ്. ഇതിൽ ദൈവികവിശ്വാസമുണ്ട് കാരണം ഒരു സിദ്ധാന്തം വിശ്വസിക്കുമ്പോഠം, വഞ്ചകനോ വഞ്ചിതനോ അല്ലാത്ത ദൈവത്തിൻെറ വചനമാണ് വിശ്വസിക്കുന്ന വ്യക്തിയുടെ പ്രവത്തനഹേതു (motive). ഇതിൽ കത്തോലിക്ക വിശ്വാസവും ഉഠംപ്പെടുന്നുണ്ട്. കാരണം ദൈവം വെളിപ്പെടുത്തിയിട്ടുള്ളത് പ്രമാദരഹിതമായി പഠിപ്പിക്കുന്നതിനുള്ള കത്തോലിക്ക സഭയുടെ അധികാരം വിശ്വാസി സ്വീകരിക്കുന്നു. അദ്ധ്യവസാനം ചെയ്യപ്പെട്ടിട്ടുള്ള സിദ്ധാന്തങ്ങളുടെ സാങ്കേതികഭാഷ അഥവാ സംജ്ഞാപ്രയോഗം (terminology) വിശ്വാസത്തിൻെറ രഹസ്യങ്ങളിലേക്ക് തിരുസഭയ്ക്ക് ലഭിക്കുന്ന പുതിയതും കൂടുതൽ അവഗാഢവുമായ ഉഠംക്കാഴ്ചയോടൊപ്പം പരിഷ്കരിക്കപ്പെടാവുന്നതും കൂടുതൽ നന്നാക്കപ്പെടാവുന്നതുമാണ്. പക്ഷേ ഈ പുതിയ സാങ്കേതിക ഭാഷാപ്രയോഗം തിരുസഭയുടെ അദ്ധ്യാപനാധികാരം അംഗീകരിക്കുമ്പോഠം മാത്രമേ സാധുവായിത്തീരുകയുള്ളു. വിശ്വാസ പ്രകടനരൂപങ്ങളിലുള്ള ഏതാദൃശ വ്യതിയാനങ്ങഠം, തിരുസഭയെ സജീവമാക്കിക്കൊണ്ടിരിക്കുന്ന ദൈവാരൂപിയുടെ പ്രവത്തനഫലമായി സംഭവിക്കുന്ന പ്രാമാണികവും വിശ്വാസ്യവുമായ സൈദ്ധാന്തികവികസനത്തെ പ്രതിഫലിപ്പിക്കുകയത്രേ ചെയ്യുന്നതു്.

പ്രതിപാദ്യമായ നമ്മുടെ ദൈവവിജ്ഞാനീയ ശാഖയിലൂടെ തിരുസഭ നിർദ്ദേശിക്കുന്ന ഏതെങ്കിലും സിദ്ധാന്തത്തിനു് സമ്മതി നൽകാതിരിക്കാൻ യാതൊരു ക്രിസ്ത്യാനിക്കും സ്വാതന്ത്ര്യമില്ല. അങ്ങിനെ സമ്മതിക്കാത്ത വ്യക്തി തൻെറ വിശ്വാസത്തെ നശിപ്പിക്കുകയത്രേ ചെയ്യുന്നതു്. തിരുസഭയുടെ അദ്ധ്യാപനം മുഴുവനും സ്വീകരിക്കുക എന്നതു് അടിസ്ഥാനപരമായ പ്രാധാന്യമുള്ള ഒരു കാര്യമാണ്. ഒരു കത്തോലിക്കൻ തിരുസഭയുടെ എല്ലാ അദ്ധ്യവസാനങ്ങളും വ്യക്തമായും അഗാധമായും ഗ്രഹിച്ചിരിക്കണമെന്നില്ല. പക്ഷെ അവയിൽ ഏതെങ്കിലും ഒന്നിൻെറ സത്യത്തെ അറിവോടും മന:സമ്മതി

യോടുംകൂടി (knowingly and willingly) പ്രതിഷേധിക്കുകയോ അതിനെക്കുറിച്ച് സംശയിക്കുകയോ ചെയ്യുന്നയാാം ഒരു യഥാൎത്ഥ കത്തോലിക്കനായിരിക്കുകയില്ല.(a)

## കത്തോലിക്ക സത്യങ്ങൾ (Catholic Truths)

ആവിഷ്കൃത സിദ്ധാന്തങ്ങൾ മാത്രമല്ല മററു ചില സത്യങ്ങളും നമ്മുടെ സ്വീകരണത്തിനായി തിരുസഭ സമൎപ്പിക്കുന്നുണ്ട്. ഇവയാണ് കത്തോലിക്ക സത്യങ്ങൾ (Catholic Truths) അഥവാ 'സഭാ പ്രബോധനങ്ങൾ'' (Ecclesiastical Teachings) എന്നു വിളിക്കപ്പെടുന്നതു്. തിരുസഭയുടെ സൈദ്ധാന്തികാധികാരം ആവിഷ്കരണാദ്ധ്യാപനത്തിന്റെ പരിണതഫലമായ മററു സത്യങ്ങളേയും വസ്തുതകളേയും അനുഷംഗമായി (secondarily) സ്പൎശിക്കുന്നുണ്ട്. ഇവ നേരിട്ട് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളവയല്ലെങ്കിലും ആവിഷ്കൃത സത്യങ്ങളോട് ആന്തരികമായി സംബദ്ധമായവയത്രേ. ഇവ നിഷേധിക്കുന്നതു് ആവിഷ്കൃത സത്യങ്ങൾതന്നെ നിഷേധിക്കുന്നതിനു് തുല്യമായിരിക്കും. ഏതാദൃശ്യ സത്യങ്ങളാണ് ''കത്തോലിക്ക സത്യങ്ങൾ'' അഥവാ ''സഭാ പ്രബോധനങ്ങൾ''. ഇവ മുൻപ് പറഞ്ഞിട്ടുള്ള ആവിഷ്കൃത ദിവ്യസിദ്ധാന്തങ്ങളിൽ നിന്നു് വ്യതിരിക്തമാണ്. ഇത്തരം കത്തോലിക്ക സത്യങ്ങളിൽ ഉൾപ്പെടുന്നവയാണ് (1) ദൈവ വൈജ്ഞാനിക നിഗമനങ്ങൾ (2) സൈദ്ധാന്തിക വസ്തുതങ്ങൾ (3) യുക്തിബോധത്തിന്റെ സത്യങ്ങൾ എന്നിവ.

## 1 ദൈവ വൈജ്ഞാനിക നിഗമനങ്ങൾ (Theological Conclusions)

രണ്ടു പൂൎവ്വ പക്ഷങ്ങളിൽ നിന്നു് (premises) അതായതു്, നേരിട്ടു ആവിഷ്കൃതമായ ഒരു സത്യത്തിൽ

---

a) Newman : "Development", ch. vii sect. 1, §5

നിന്നും പ്രകൃത്യനുസൃതമായ യുക്തി ബോധം കൊണ്ടു് (reason) ഗ്രഹിക്കുന്ന ഒരു സത്യത്തിൽ നിന്നും ലഭിക്കുന്ന മതസത്യങ്ങളാണു് ദൈവ വൈജ്ഞാനിക നിഗമനങ്ങൾ. ഇവയ്ക്കു് ആധാരമായിരിക്കുന്ന ഒരു ഘടകം ആവിഷ്കൃത സത്യമായിരിക്കുന്നതു കൊണ്ടു് പ്രസ്തുത നിഗമനങ്ങൾ നേരിട്ടല്ലാതെ മാധ്യമികമായി മാത്രമേ ആവിഷ്കൃതങ്ങളായി പരിഗണിക്കപ്പെടുന്നുള്ളു (a).

## 2 സൈദ്ധാന്തിക വസ്തുതകൾ (Dogmatic Facts)

ഇവ ആവിഷ്കൃതമല്ലെങ്കിലും ആന്തരികമായി ആവിഷ്കൃത സത്യത്തോടു് ബന്ധപ്പെട്ടിരിക്കുന്ന ചാരിത്രിക വസ്തുതകളാണു്. പ്രസ്തുത ബന്ധം മൂലം ഇവയും സത്യമായി നാം സ്വീകരിക്കുന്നു. ഈ വസ്തുതകൾ നാം സ്വീകരിക്കുന്നില്ലെങ്കിൽ ആവിഷ്കൃത സത്യങ്ങൾ തന്നെ സ്വീകരിക്കുന്നതിനോ, വിശദീകരിക്കുന്നതിനോ ആദരിച്ചു് സംരക്ഷിക്കുന്നതിനോ സാദ്ധ്യമല്ലാതെ വരും. ഉദാഹരണങ്ങളായി, വി. പത്രോസ് റോമായിൽ തൻെറ പരമാധിപാസ്ഥാനം സ്ഥാപിച്ചു, രണ്ടാം ജോൺ പോൾ മാർപാപ്പാ വി. പത്രോസിൻെറ ന്യായപ്രകാരമുള്ള അനുഗാമിയാണു്, മാർപാപ്പാമാരാൽ വിശുദ്ധരെന്നു് നാമകരണം ചെയ്യപ്പെടുന്നവർ യഥാർത്ഥത്തിൽ സ്വർഗ്ഗത്തിലാണു്, ട്രെൻെറു് സാർവ്വത്രിക സൂനഹദോസ് ന്യായപൂർവ്വം സമ്മേളിച്ചതാണു് എന്നിത്യാദി കാര്യങ്ങൾ ചൂണ്ടിക്കാണിക്കാവുന്നതത്രേ. (b)

## 3) യുക്തിബോധത്തിൻെറ സത്യങ്ങൾ (Truths of Reason)

ആവിഷ്കൃത സത്യങ്ങളോടു് ആന്തരികമായി ബന്ധപ്പെട്ടിരിക്കുന്ന തത്ത്വശാസ്ത്രപരമായ സത്യങ്ങളാണിവ. വിശ്വാസ പ്രകരണങ്ങളുടെ പൂർവ്വഭാവനകളായ

(a) Ludwig Ott, "Fundamentals of Catholic Dogma"
(b) Franzelin, "De Divina Trad" p. 121.

(presuppositions), ഇന്ദ്രീയാതീതജ്ഞാനം, ദൈവാസ്തിത്വം തെളിയിക്കുന്നതിനുള്ള സാദ്ധ്യത, ആത്മാവിൻെറ ആദ്ധ്യാത്മികത, ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യം, സിദ്ധാന്തങ്ങളുടെ പ്രഖ്യാപനത്തിനു് സഹായകമായ ദാൎശനികാശയങ്ങളായ, സത്ത, സത്താപരിവൎത്തനം, എന്നിവയെല്ലാം മേല്പറഞ്ഞ സത്യങ്ങളുടെ ഗണത്തിൽ പെടുന്നവയത്രേ. വിശ്വാസപൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടി, ഏതെങ്കിലും സിദ്ധാന്തത്തെ നേരിട്ടോ മററു വിധത്തിലോ അപകടത്തിലാക്കുന്ന ദാൎശനിക പ്രബോധനങ്ങളെ നിഷിദ്ധമായി പ്രസ്താവിക്കുന്നതിനുള്ള അവകാശവും കടമയും തിരുസഭയ്ക്കുണ്ടെന്നു് ഒന്നാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നുണ്ടു്. (a)

എന്നാൽ ''ദൈവ വൈജ്ഞാനികാഭിപ്രായങ്ങൾ'' (Theological opinions) മേൽപറഞ്ഞവയിൽ നിന്നു് വ്യത്യസ്തമാണു്. ഇവ ആവിഷ്കരണത്തിലൂടെ വ്യക്തമായി സമൎത്ഥിക്കപ്പെടുകയോ തിരുസഭയുടെ അധ്യാപനാധികാരത്താൽ പ്രമാണീകരിക്കപ്പെടുകയോ ചെയ്തിട്ടുള്ളവയല്ല. ഇവ വിശ്വാസത്തേയോ ധാർമ്മികതയേയോ സംബന്ധിച്ച സിദ്ധാന്തങ്ങളുടെ വീക്ഷിത വശങ്ങളെ കുറിച്ചുള്ള സ്വാതന്ത്രമായ അഭിപ്രായങ്ങളാണു്. ഇവയുടെ മൂല്യം ആവിഷ്കൃത സിദ്ധാന്തത്തോടുള്ള സഭയുടെ വീക്ഷണത്തിനനുകൂലമായി ഉന്നയിക്കപ്പെടുന്ന ന്യായങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ഏതെങ്കിലും ഒരു ദൈവവൈജ്ഞാനികാഭിപ്രായത്തിനു് അനുകൂലമായി തിരുസഭയുടെ അദ്ധ്യാപനാധികാരം പ്രഖ്യാപിക്കുമ്പോൾ അതിനു് വിരുദ്ധമായ സ്വാതന്ത്ര്യാഭിപ്രായത്തിനു് സ്ഥാനമില്ലാതാകുന്നു. പന്ത്രണ്ടാം പീയൂസ് മാർപാപ്പാ Humani Generis'' എന്ന തൻെറ വിശ്വലേഖനത്തിൽ (1950) പ്രസ്താവിക്കുന്നതുപോലെ ''ദീർഘകാലം തക്കവിഷയമായിരുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു് മാർപാപ്പാമാർ തങ്ങളുടെ പ്രമാണരേഖകളിൽ മന:പൂൎവ്വമാ

---

a) D. 1798.

യി ഒരു വിധി പ്രസ്താവിക്കുമ്പോഴും ഇതു് മാർപാപ്പാമാരുടെ ഉദ്ദേശ്യത്തിനും ഇച്ഛയ്ക്കും അനുസൃതമായി, ദൈവശാസ്ത്രജ്ഞന്മാരുടെ സ്വാതന്ത്ര്യമായ ചർച്ചയ്ക്കു് പിന്നീട് ഒരിക്കലും വിഷയമായിക്കൂടാ''. (a)

## മൗലിക ദൈവവിജ്ഞാനീയം (Fundamental Theology)

സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തിൻെറ ആദ്യഭാഗമാണു് മൗലിക ദൈവവിജ്ഞാനീയം. കത്തോലിക്കാ ക്രൈസ്തവ ദൈവശാസ്ത്രത്തിലെ വിവിധ സിദ്ധാന്തങ്ങളുടെ വിശദീകരണത്തിനുമുൻപു് അവയുടെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ചു് ഇതു് പ്രതിപാദിക്കുന്നു. ചരിത്രം, സയൻസ്, തത്ത്വശാസ്ത്രം എന്നീ വിവിധ മാർഗ്ഗങ്ങളിലൂടെ ക്രിസ്തീയ വിശ്വാസത്തിൻെറ യുക്തിയുക്തത ന്യായീകരിച്ചു് സമാദരിക്കുന്ന ദൈവശാസ്ത്രഭാഗമാണിതു്. ഇതിൻെറ ലക്ഷ്യം വിശ്വാസത്തിലൂടെ മനുഷ്യൻ ദൈവത്തിനു് നൽകേണ്ട പ്രത്യുത്തരത്തിനുള്ള സജ്ജീകരണമത്രേ. ദൈവം സ്വയം ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും പ്രസ്തുതാവിഷ്കരണത്തിൽ അന്തർഹിതമായ തത്ത്വങ്ങൾ സംരക്ഷിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുംവേണ്ടി ദൈവമായ ക്രിസ്തു ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രസ്തുതസഭയാണു് റോമായിൽ കേന്ദ്രീകൃതമായ പരമാധികാരത്തോടുകൂടിയ ക്രൈസ്തവമതമെന്നും മൗലിക ദൈവശാസ്ത്രം ചരിത്രഗ്രന്ഥങ്ങളായ സുവിശേഷങ്ങളിൽനിന്നു് യുക്തിപൂർവ്വം തെളിയിച്ചു് സമർത്ഥിക്കുന്നു.

മൗലിക ദൈവവിജ്ഞാനീയം ''Apologetics'' എന്നും വിളിക്കപ്പെടാറുണ്ടു്. പ്രതിവാദത്തിലൂടെയുള്ള സത്യസംരക്ഷണത്തെ പ്രദ്യോതിപ്പിക്കുന്ന ''apologia'' എന്ന ഗ്രീക്കു് പദത്തിൽനിന്നാണു് ''Apologetics'' ഉദ്ഭവിച്ചിട്ടുള്ളതു്. എന്നാൽ അബദ്ധം സമ്മതിച്ചുകൊണ്ടുള്ള ക്ഷമായാചനം എന്നും 'അപ്പൊളൊജിയാ'ക്കു് അർത്ഥമുള്ളതുകൊണ്ടു്, തെററായ ധാരണ ഉണ്ടാകാതിരിക്കുന്നതിനു

---

a) D. 3013.

വേണ്ടി, ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ''മൗലിക ദൈവവിജ്ഞാനീയം'' എന്ന സംയുക്തപദമാണ് സാമാന്യമായി സ്വീകരിച്ചുപോരുന്നതു്. ഇതിൽ യാതൊരു ക്ഷമായാചനവുമില്ല. പ്രത്യുത ക്രിസ്തുമതത്തിൻെറ പ്രത്യേകിച്ച് കത്തോലിക്കാ ക്രിസ്തുമതത്തിൻെറ യുക്തിസംഗത നിഷേധിക്കുന്നവരുടെ എതിർന്യായങ്ങൾക്ക് പ്രത്യുത്തരം നൽകികൊണ്ടുള്ള തത്ത്വസമർത്ഥനമാണ് ഈ ദൈവശാസ്ത്രവിഭാഗത്തിനുള്ളതു്. ഇതു് ദൈവശാസ്ത്രത്തിൻെറ മൗലികഭാഗമായി പരിഗണിക്കപ്പെടുന്നതിനുള്ള കാരണം ഇതു് വിശ്വാസത്തിൻെറ വെളിച്ചത്തിലേക്ക് വഴി തെളിക്കുന്ന ദൈവികാവിഷ്കരണത്തിൻെറ ഉള്ളടക്കം സ്വീകരിക്കുന്നതിനു് സന്മനസ്സുള്ള മനുഷ്യരെ സജ്ജമാക്കുന്നു എന്നതാണു്.

മൗലിക ദൈവവിജ്ഞാനീയത്തിനു് ദാർശനികവും ചരിത്രപരവുമായ രണ്ടു ഘടകങ്ങൾ ഉണ്ടു്. വ്യക്തിത്വമുള്ള ദൈവത്തിൻെറ അസ്തിത്വം, ആവിഷ്കൃതമതത്തിൻെറ ആവശ്യകത, മനുഷ്യശക്തിസ്സുതീതമായ അത്ഭുതങ്ങളിലൂടെയുള്ള സത്യമതത്തിൻെറ നിർണ്ണയം എന്നിവ അതിൻെറ തത്ത്വശാസ്ത്രഘടകത്തിൽ ഉൾപ്പെടുന്നു. സുവിശേഷങ്ങളുടെ ചരിത്രപരമായ മൂല്യം, ക്രിസ്തുവിൻെറ ദൈവികപ്രാതിനിധ്യം, സംഘടിതസഭയുടെ സ്ഥാപനം, പ്രസ്തുത സംഘടിതസഭ കത്തോലിക്ക ക്രിസ്തുമതമാണെന്നുള്ള സമർത്ഥനം എന്നിവ അതിൻെറ ചരിത്രപരമായ ഘടകം ഉൾക്കൊള്ളുന്നു. ഇവയെല്ലാം മൗലികദൈവവിജ്ഞാനീയം യുക്തിയുടെ വെളിച്ചത്തിലാണു് പ്രതിപാദിക്കുന്നതു്. അങ്ങനെ ദിവ്യദാനമായ വിശ്വാസം ലഭിക്കുന്നതിനും അതിലൂടെ എല്ലാ ദൈവ ക സിദ്ധാന്തങ്ങളും ഗ്രഹിക്കുന്നതിനുംവേണ്ടി മനുഷ്യനെ ഇതു് സജ്ജമാക്കുന്നു. അതുകൊണ്ടത്രേ ''ശരിയായ യുക്തി വിശ്വാസത്തിൻെറ അസ്തിവാരങ്ങളെ വ്യക്തമായി പ്രദർശിപ്പിക്കുന്നു'' എന്നു് ഒന്നാം വത്തിക്കാൻ സൂനഹദോസ് പ്രസ്താവിക്കുന്നതു്.(a)

(a) Vatican I. sess. 3. ch, 4, DB, 1799.

മൗലിക ദൈവവിജ്ഞാനീയത്തിൻെറ ഉള്ളടക്കം താഴെ കൊടുത്തിരിക്കുന്നതുപോലെ സംഗ്രഹിക്കാവുന്നതാണു്. മനുഷ്യാത്മാവിൻെറ ആദ്ധ്യാത്മികത, അമർത്ത്യത, ദൈവത്തോടുള്ള മനുഷ്യൻെറ പ്രകൃത്യനുസൃതമായ ബന്ധത്തിൻെറ (natural religion) അപര്യാപ്തത, പ്രകൃത്യതീതമായ ആവിഷ്കരണത്തിൻെറയും മതത്തിൻെറയും ആവശ്യകത, യഥാൎത്ഥ ആവിഷ്കരണത്തിൻെറ തെളിവുകളായ അത്ഭുതങ്ങൾ, പ്രവചനപൂൎത്തീകരണങ്ങൾ എന്നിവയെക്കുറിച്ചു് ആമുഖമായി പ്രതിപാദിച്ചശേഷം ക്രിസ്തീയ മൗലിക ദൈവവിജ്ഞാനീയം സുവിശേഷങ്ങളുടെ ചരിത്രപരമായ മൂല്യത്തിലേക്കു് പ്രവേശിക്കുന്നു. സുവിശേഷങ്ങൾ ക്രിസ്ത്വബ്ദം ഒന്നാം ശതാബ്ദത്തിൽ തന്നെ അവയുടെ കർത്താക്കളായി അറിയപ്പെടുന്നവരാൽതന്നെ എഴുതപ്പെട്ടിട്ടുള്ള, നിർമ്മലവും, വാസ്തവികവും യഥാൎത്ഥവുമായ ചരിത്രരേഖകളാണു്. ഇവയിൽ പ്രത്യക്ഷപ്പെടുന്ന ക്രിസ്തു ഒരു യഥാർത്ഥ ചരിത്രവ്യക്തിയാണു്. ദൈവമായ അവിടുന്നു് മനുഷ്യൻെറ ആത്മരക്ഷയ്ക്കു് സഹായകവും ആവശ്യകവുമായ പല പ്രബോധനങ്ങളും നൽകി. അവിടുത്തെ ദൈവത്വം പ്രവചനങ്ങളുടെ പൂർത്തീകരണത്തിലും അത്ഭുതങ്ങളിലും പ്രത്യേകിച്ചു് തൻെറ പുനരുത്ഥാനത്തിലും കൂടി അവിടുന്നു തെളിയിച്ചു. അങ്ങനെ തൻെറ പ്രബോധനങ്ങളുടെ ദൈവികത്വം ബോദ്ധ്യപ്പെടുത്തിയ ക്രിസ്തു പകരം പാറയായ പത്രോസിൻെറ പരമാധികാരത്തിനു വിധേയമായി, ലോകാവസാനം വരെ നിലനില്ക്കുന്ന ഒരു യഥാൎത്ഥ സമുദായത്തിൻെറ അഥവാ സഭയുടെ രൂപത്തിൽ തൻെറ പ്രകൃത്യതീത മതം സ്ഥാപിച്ചു. പത്രോസിൻെറ പരമാധികാരം റോമ കേന്ദ്രമായുള്ള ക്രിസ്തീയ സഭയിൽ മാത്രമേ ഉള്ളു. പ്രസ്തുത സ്ഥാപനത്തിൻെറ പ്രത്യേക ലക്ഷണങ്ങളും ഈ സഭയിൽമാത്രമേ ദൃശ്യമാകുന്നുള്ളു. ഇതാണു് ക്രിസ്തുവിൻെറ അദ്ധ്യാപനം തുടർന്നുപോകുന്ന ഏക ക്രിസ്തീയ സഭ.

## സൈദ്ധാന്തിക ദൈവവിജ്ഞാനീയം (തുടർച്ച)

കത്തോലിക്ക ക്രൈസ്തവ ദൈവവിജ്ഞാനീയത്തിന്റെ അടിസ്ഥാനപരമായ ഒരാമുഖമായി പരിഗണിക്കപ്പെടുന്ന ''മൗലിക ദൈവവിജ്ഞാനീയത്തിലെ തത്ത്വങ്ങളെക്കുറിച്ചുള്ള പ്രതിപാദനത്തിനുശേഷം, വിശ്വാസത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് വിവിധ ക്രിസ്റ്റീയ സിദ്ധാന്തങ്ങളെ ഗാഢമായ പഠനത്തിന് വിഷയമാക്കുന്ന നമ്മുടെ സൈദ്ധാന്തിക ദൈവവിജ്ഞാനീയം പുരോഗമിക്കുന്നു. ദൈവമായ ക്രിസ്തു ആവിഷ്കരിച്ചിട്ടുള്ളതും നാം ആവതും വിശ്വസിക്കേണ്ടതുമായ താത്ത്വിക സത്യങ്ങൾ (theoretical truths) ഈ ദൈവശാസ്ത്രശാഖയിൽ പ്രതിപാദിക്കപ്പെടുന്നതുകൊണ്ടാണ് ഇതു് ''വിശ്വസിക്കേണ്ട കാര്യങ്ങളുടെ ശാസ്ത്രം'' (Science of things to be believed) എന്നു വിളിക്കപ്പെടുന്നതു്–ധാർമ്മിക ''ദൈവശാസ്ത്രം'' (Moral Theology) ആകട്ടെ പ്രവർത്തിക്കേണ്ട കാര്യങ്ങളുടെ ശാസ്ത്രമാണ്– (Science of things to be done) വിശുദ്ധ ഗ്രന്ഥത്തിലും, അപ്പസ്തോലന്മാരിൽനിന്നു മുളയെടുത്ത് വളർന്നിട്ടുള്ള പാരമ്പര്യത്തിലും അന്തർഹിതമായ ആവിഷ്കൃത സൈദ്ധാന്തിക സത്യങ്ങളെ തിരുസഭയുടെ അദ്ധ്യാപനാധികാരത്തിനു വിധേയമായി ഈ ദൈവശാസ്ത്ര ശാഖ നമുക്ക് വ്യാഖ്യാനിച്ചുതരുന്നു. പ്രസ്തുത സിദ്ധാന്തങ്ങളെല്ലാം സുപ്രധാനമാണെങ്കിലും വിസ്തരഭയത്താൽ അവയിൽ ചിലതുമാത്രമേ താഴെ കുറിച്ചിട്ടുള്ളു.

**ഉള്ളടക്കം** ദൈവത്തിന്റെ അസ്തിത്വം പ്രകൃത്യനുസൃതമായ മൗക്തികജ്ഞാനത്തിന്റെ മാത്രമല്ല പ്രകൃത്യതീതമായ വിശ്വാസത്തിന്റെയും വിഷയമാണ് എന്നു തെളിയിച്ച ശേഷം വിസ്തൃതമായും പാഷണ്ഡതകൾക്കെതിരായും പ്രതിപാദിക്കപ്പെടുന്ന ചില വിഷയങ്ങളും പ്രമേയങ്ങളുമാണ് താഴെ ഉദ്ധൃതമായിരിക്കുന്നതു്.
1) ദൈവത്തിന്റെസ്വഭാവം (nature), ഇഹലോകത്തിൽ വിശ്വാസത്തിലൂടെ ദൈവിക ഉണ്മയെക്കുറിച്ച് ലഭ്യമാ

കുന്ന പ്രകൃത്യതീതജ്ഞാനം, ദൈവിക ഉണ്മയുടെ ഗുണ വിശേഷങ്ങൾ, ദൈവിക ജീവൻെറ ഗുണവിശേഷങ്ങൾ, 2) ത്രിതൈക ദൈവത്തെക്കുറിച്ചുള്ള സിദ്ധാന്തം— ത്രിത്വത്തിൻെറ അസ്തിത്വത്തിനു് വിശുദ്ധഗ്രന്ഥത്തിലും പാരമ്പര്യത്തിലുംനിന്നു ലഭിക്കുന്ന തെളിവ്, ത്രിത്വത്തിലുള്ള രണ്ടാളുകളുടെ പുറപ്പാടിനെയും അവർ തമ്മിലുള്ള പരസ്പര ബന്ധത്തേയും കുറിച്ചുള്ള വിശദീകരണം. 3) സ്രഷ്ടാവായ ദൈവം — വിശ്വത്തിൻെറ ആരംഭവും അതിൻെറ പരിപാലനയും—വിശ്വാസത്തിൻെറ വെളിച്ചത്തിലുള്ള "വിശ്വപരിണാമ" വാദം—മനുഷ്യനെക്കുറിച്ചുള്ള ആവിഷ്കൃത സിദ്ധാന്തം—മാലാഖീയ ക്രൈസ്തവ വിജ്ഞാനീയത്തെ (Christian Angelogy)ക്കുറിച്ചുള്ള ആവിഷ്കരണം 4) ക്രിസ്തുവിജ്ഞാനീയം (Christo-logy) പരിത്രാതാവായ ദൈവത്തിൻെറ വ്യക്തിത്വം— ക്രിസ്തുവിൻെറ യഥാർത്ഥ ദൈവത്വം— അവിടുത്തെ യഥാർത്ഥ മനുഷ്യത്വം— ക്രിസ്തുവിൻെറ ഏക വ്യക്തിത്വത്തിലുള്ള ഈ രണ്ടു സ്വഭാവങ്ങളുടെയും സംയോജനം— വൈയക്തികമായ ഐക്യം (Hypostatic Union)— ക്രിസ്തുവിലുള്ള മാനുഷിക സ്വഭാവത്തിൻെറ ഗുണവിശേഷങ്ങളും പ്രത്യേകതകളും (Soteriology) പരിത്രാതാവായ അവിടുത്തെ പ്രവർത്തനം— അദ്ധ്യാപനപരവും, അജപാലനാത്മകവും, പുരോഹിതപരവുമായ കൃത്യങ്ങൾ അഗ്രിമനിശ്ചയം (predestination) പരിത്രാണ പ്രവർത്തനത്തിൻെറ സമാപ്തിയായ അവിടുത്തെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും. 5) മരിയവിജ്ഞാനീയം (mari-ology) പരിത്രാതാവിൻെറ മാതാവ്—മറിയത്തിൻെറ ദൈവമാതൃത്വം— തൻെറ പ്രത്യേക വരങ്ങളായ, അമലോത്ഭവം, എല്ലാ ദുർമ്മോഹങ്ങളിലും വൈയക്തിക പാപങ്ങളിലും നിന്നുള്ള വിമുക്തി, ശാശ്വതമായ കന്യാത്വം, സ്വർഗ്ഗാരോപണം മുതലായവ. 6) വിശുദ്ധീകരിക്കുന്ന ദൈവത്തെ സംബന്ധിച്ച സിദ്ധാന്തം— പ്രസാദവരം— അതിൻെറ വിഭജനം,— a) പ്രവർത്തക പ്രസാദവരം— (Actual grace) അതിൻെറ സ്വഭാവം— ആവശ്യകത— പൂർവ്വഗതവും (antecedent) അനുവർത്തകവുമായ (Consequent)

പ്രസാദവരങ്ങൾ— പ്രസാദവരവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം— b) സതത (അനുശീലിത) പ്രസാദവരം (Habitual grace)— നീതികരണത്തിന്റെ അഥവാ ശുദ്ധീകരണത്തിന്റെ പ്രക്രിയ— പ്രസാദവരാവസ്ഥയുടെ ഗുണലക്ഷണങ്ങൾ —പ്രകൃത്യതീത യോഗ്യതയുടെ യാഥാർത്ഥ്യവും അതു് സമ്പാദിക്കുന്നതിനുള്ള വ്യവസ്ഥകളും.

7) തിരുസ്സഭ Ecclesiology (തിരുസഭാശാസ്ത്രം) അതിന്റെ സ്ഥാപനവും ലക്ഷ്യവും— സഭയുടെ ഭരണഘടന— പത്രോസിന്റെ പരമാധികാരം— മാർപാപ്പായുടെ പരമാധിപത്യവും അപ്രമാദിത്വവും— സത്യസഭയുടെ പ്രത്യേക ലക്ഷണങ്ങൾ— സഭയിലെ അംഗത്വത്തിനുള്ള ആവശ്യകത. —സ്വർഗ്ഗവാസികളായ വിശുദ്ധരും ശുദ്ധീകരാത്മാക്കളുമായുള്ള നമ്മുടെ സംസർഗ്ഗം— തിരുസഭയ്ക്കു പുറമെ രക്ഷയുണ്ടോ?

8) കൂദാശകൾ— a) അവയുടെ സ്വഭാവം— കൗദാശികചിഹ്നത്തിന്റെ ഘടകഭാഗങ്ങൾ—കൂദാശകളുടെ ഫലദായകത്വവും ഉത്തരഫലങ്ങളും— ക്രിസ്തു സ്ഥാപിച്ച ഏഴു കൂദാശകളുടെ ആവശ്യം—

b) ഓരോ കൂദാശയുടേയും കൗദാശികസ്വഭാവം, അതിന്റെ ബാഹ്യചിഹ്നം, ഫലങ്ങൾ, ആവശ്യകത, കാർമ്മികൻ, സ്വീകർത്താവ് എന്നീ ഘടകങ്ങളെക്കുറിച്ചുള്ള വിശദമായ താത്ത്വിക പ്രതിപാദനം— കുർബാനയ്ക്കു് പ്രത്യേകിച്ചുള്ള കൂദാശയുടേയും ബലിയുടേയും സ്വഭാവം — സത്താപരിവർത്തനം (Transubstantiation) യഥാർത്ഥ സാന്നിദ്ധ്യം മുതലായവ സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണു്.

9) പൂർത്തീകാരനായ ദൈവത്തെ (God the Consummator) ക്കുറിച്ചുള്ള സിദ്ധാന്തം — അന്തിമകാര്യങ്ങളുടെ വിജ്ഞാനീയം (Escathology) — മരണം, വൈയക്തികവിധി, സ്വർഗ്ഗം, നരകം, ശുദ്ധീകരസ്ഥലം —

ക്രിസ്തുവിൻെറ ദ്വിതീയാഗമനം—മൃതരുടെ പുനരുത്ഥാനം സാർവ്വത്രികവിധി – ലോകാവസാനം മുതലായവ ഈ ദൈവശാസ്ത്രശാഖയുടെ അവസാനഭാഗത്തു് പ്രതിപാദിക്കപ്പെടുന്നു.

പത്തൊൻപതാം ശതാബ്ദത്തിൻെറ അവസാനഘട്ടത്തോടുകൂടി യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടു് നമ്മുടെ സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തെ ബാധിക്കുവാൻ തുടങ്ങിയ യുക്തിവാദത്തിനും ആധുനികതാവാദത്തിനും എതിരായി, Kleutgen (d. 1883) Franzelin (d. 1886) Palmieri (d. 1909) എന്നീ ദൈവവൈജ്ഞാനികരും മററു പണ്ഡിതന്മാരും സ്കോളാസ്റ്റിസിസത്തിൻെറ തത്ത്വങ്ങളും സംവിധാനവും പുതിയ പാഠപദ്ധതിയിൽ പുനഃസ്ഥാപിക്കുന്നതിനു് യത്നിക്കുക മാത്രമല്ല ആധുനിക സൈദ്ധാന്തിക പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടുപിടിക്കുന്നതിൽ അവയെ പ്രയോഗിക്കുകയും ചെയ്തു. ഇവരുടെ ലക്ഷ്യത്തെ പതിമൂന്നാം ലിയോ മാർപാപ്പാ പ്രശംസിക്കുകയും വി. തോമസ് അകവീനാസിൻെറ സംവിധാനം അനുഗമിക്കുന്നതിനു് ഉദ്ബോധിപ്പിക്കുകയും ചെയ്തു. രണ്ടാം വത്തിക്കാൻ സൂനഹദോസും പ്രസ്തുത ഉദ്ബോധനം ആവർത്തിച്ചിട്ടുമുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്.

നമ്മുടെ സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തിലെ സത്യങ്ങളെ ''പുതിയ ദൈവശാസ്ത്ര''ത്തിൻെറ പേരിൽ ചോദ്യംചെയ്യുകയോ അവയ്ക്കു് വികലമായ വ്യാഖ്യാനങ്ങൾ നൽകുകയോ ചെയ്യുന്ന മാർഗ്ഗഭ്രഷ്ടരായ പണ്ഡിതമന്യരെ അവഗണിച്ചുകൊണ്ടും തിരുസഭയുടെ അദ്ധ്യാപനാധികാരത്തിൻെറ പ്രബോധനങ്ങൾക്കു് അനുസൃതമായിട്ടുമാണു് ഈ ദൈവവിജ്ഞാനീയ പഠനത്തിൽ നാം പുരോഗമിക്കേണ്ടതു്.

# 17

# ധാർമ്മിക ദൈവവിജ്ഞാനീയം

## (Moral Theology)

മാനുഷിക പ്രവൃത്തികളെ ദൈവത്തോടു ബന്ധപ്പെടുത്തികൊണ്ടു് അവയുടെ ധാർമ്മികതയെക്കുറിച്ചു് പ്രതിപാദിക്കുന്ന ദൈവവിജ്ഞാനീയ ശാഖയാണിതു്. നാം വിശ്വസിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രമാണു് സൈദ്ധാന്തിക ദൈവവിജ്ഞാനീയമെങ്കിൽ, നാം അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രമാണു് (Science of things to be done) ധാർമ്മിക ദൈവവിജ്ഞാനീയം. ''ധാർമ്മിക നിയമങ്ങളുടെ അടിസ്ഥാനത്തിലും, മനുഷ്യന്റെ ആത്യന്തിക ലക്ഷ്യത്തെ മുൻനിർത്തിയും അവന്റെ സ്വാതന്ത്ര്യവും വിവേകപൂർണ്ണവും ആലോചനാപൂർവ്വകവുമായ പ്രവൃത്തികളുടെ ഗുണദോഷങ്ങളെക്കുറിച്ചു് വിധിത്തീർപ്പുകല്പിക്കുന്ന ദൈവശാസ്ത്രശാഖയാണിതു്. തന്മൂലം മാനുഷികപ്രവൃത്തികൾ, അന്തഃകരണം, നിയമങ്ങൾ, പാപങ്ങൾ, സുകൃതങ്ങൾ, എന്നിവയെല്ലാം ഇതു് ചർച്ചചെയ്യുന്നു''. ഈ വിജ്ഞാനീയത്തിന്റെ തത്ത്വങ്ങൾ സ്ഥാപിക്കുന്നതിലും പ്രയോഗിക്കുന്നതിലും വെറും യുക്തിബോധം മാത്രമല്ല വിശ്വാസത്തിന്റെ പ്രകാശവും ഇതു് ഉപയോഗിക്കുന്നു.

ഇതു് ദൈവത്തിന്റെ ആവിഷ്കൃത മനസ്സിനു് അനുസൃതമായി നയിക്കേണ്ട ജീവിതത്തെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമായതുകൊണ്ടു് നമ്മോടു് സംസാരിക്കുന്ന ദൈവത്തോടു് നമ്മുടെ ജീവിതപ്രശ്നം മുഴുവനും ഇതു് സംബന്ധിപ്പിക്കുന്നു, ദൈവത്തോടു ബന്ധമുള്ള മാനുഷിക പ്രവൃത്തികളുടെ തത്ത്വങ്ങളെല്ലാം ഉൾക്കൊള്ളുന്നു.

ധാർമ്മികത മതത്തിൽനിന്നു് സ്വതന്ത്രമല്ല. മതത്തോടു് ബന്ധപ്പെടാതെ ധാർമ്മിക നിയമങ്ങളുടെ അനുസരണം അസാദ്ധ്യമാണെന്നത്രേ തിരുസഭ പഠിപ്പിക്കുന്നതു്. ധാർമ്മികതയുടെ കർത്തവ്യോന്മുഖമായ സ്വഭാവം ദൈവത്തിന്റെ തിരുവിഷ്ടത്തിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. മതമാകട്ടെ ദൈവത്തോടുള്ള മനുഷ്യന്റെ അവികലമായ ബന്ധവുമാണു്. മാത്രമല്ല ഉദ്ഭവപാപം മൂലം, ധാർമ്മിക നിയമങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ വീക്ഷണം അസ്പഷ്ടമാണു്. മാത്രമല്ല അവന്റെ ദുർമ്മോഹങ്ങളുടെമേലുള്ള നിയന്ത്രണം നഷ്ടീഭവിക്കുകയും ചെയ്തിരിക്കുന്നതു മൂലം മതാത്മകമായ ദൈവസഹായം കൂടാതെ ധാർമ്മികനിയമം അനുസരിച്ചു് ജീവിക്കുവാൻ അവനു് സാദ്ധ്യമല്ലാതായിതീർന്നിരിക്കുകയുമാണു്. ക്രിസ്തുമതപ്രബോധനങ്ങളിൽനിന്നു് വിമുക്തമായ നമ്മുടെ ധാർമ്മികതയ്ക്കു് യാതൊരു ബാദ്ധ്യസ്ഥശക്തിയുമില്ലതന്നെ.

ദൈവവിജ്ഞാനീയത്തിന്റെ ഒരു ശാഖ എന്ന നിലയിൽ ഇതു് ആവിഷ്കരണത്തിലും വിശ്വാസനിവേശിതമായ യുക്തിബോധത്തിലും തിരുസഭയുടെ പാരമ്പര്യത്തിലും ഇതിന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നു. രാഷ്ട്രീയവും സഭാത്മകവുമായ ന്യായാസന മാതൃകകളിൽനിന്നു് ധാർമ്മിക ദൈവശാസ്ത്രം ഇതിന്റെ ചില രൂപാകൃതികൾ സ്വീകരിക്കുന്നുണ്ടെങ്കിലും, ഇതു് ദൈവത്തിൽനിന്നും ദൈവത്തിനുവേണ്ടിയും ആയതുകൊണ്ടു് ദൈവത്തിലും ദൈവികകാര്യങ്ങളിലും ഏകാഗ്രമായ ശ്രദ്ധ ചെലുത്തിക്കൊണ്ടാണിരിക്കുന്നതു്. ഈ ദൈവശാസ്ത്രം എല്ലാ ധാർമ്മിക കർത്തവ്യങ്ങളുടെയും വിജ്ഞാനീയമായതുകൊണ്ടു് ഇതിൽ ദൈവപ്രമാണങ്ങളുടേയും തിരുസഭാകല്പനകളുടെയും ഗിരിപ്രഭാഷണ തത്ത്വങ്ങളുടേയും മാത്രമല്ല ന്യായ്യമായ ഏതൊരധികാരത്തിന്റെയും അവികലാദേശങ്ങളുടേയും പ്രതിപാദനം ഉൾക്കൊള്ളുന്നുണ്ടു്. ചുരുക്കത്തിൽ ദൈവത്തോടും, സഹോദരങ്ങളോടും നമ്മോടുതന്നെയുമുള്ള എല്ലാ കടമകളേയും കുറിച്ചു ഇതു് ചർച്ചചെയ്യുന്നു. ഇതു് ദൈവികാവിഷ്കരണത്തിന്റെ

സൈദ്ധാന്തികവികസനത്തോടു് ബന്ധപ്പെട്ടിരിക്കുന്നതു കൊണ്ടു്, ധാർമ്മിക കാര്യങ്ങളെക്കുറിച്ചുള്ള അന്തിമവിധി, ഒരു വ്യക്തിയുടെ പ്രത്യേക പരിതോവസ്ഥയോടുള്ള അവൻെറ സമീകരണത്തിനനുസൃതമായ മന:സാക്ഷിയുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു എന്നതു് അതിപ്രധാനമായ ഒരു സംഗതിയാണു്. പ്രസ്തുത മനസ്സാക്ഷി വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്കു് അനുസൃതമായി രൂപവൽകൃതവും പ്രായോഗികമായി സുനിശ്ചിതവുമായ ((practically certain) ഒന്നായിരിക്കണം.

**ഉള്ളടക്കം:** നമ്മുടെ പ്രകൃത്യതീതമായ അന്തിമലക്ഷ്യം പ്രാപിക്കത്തക്കവിധം യുക്തിബോധത്താലും വിശ്വാസത്താലും നിയന്ത്രിക്കപ്പെടേണ്ട മാനുഷിക വർത്തനത്തിൻെറ കൃത്യനിർവഹണത്തേയും അതിൻെറ ലംഘനംമൂലം ഉളവാകുന്ന പാപത്തേയും കുറിച്ചു് പ്രതിപാദിക്കുന്ന നമ്മുടെ ധാർമ്മിക ദൈവവിജ്ഞാനീയത്തിൻെറ ഉള്ളടക്കം ഇങ്ങനെ സമാഹരിക്കാവുന്നതാണു്.
i) പ്രാഥമിക തത്ത്വങ്ങൾ ii) ദൈവകല്പനകൾ iii) തിരുസഭയുടെ കല്പനകൾ iv കൂദാശകളുടെ പരികർമ്മവും സ്വീകരണവും v) കൗദാശികങ്ങൾ—ദണ്ഡവിമോചനങ്ങൾ,

I (a) **മാനുഷികപ്രവൃത്തികൾ**—നമ്മുടെ പ്രകൃത്യതീതലക്ഷ്യം പ്രാപിക്കുന്നതിനു് ആവശ്യകമായ മാനുഷികപ്രവൃത്തികൾക്കു് (human acts) അവശ്യം ഉണ്ടായിരിക്കേണ്ട അറിവും ഇച്ഛാശക്തിയുടെ സ്വതന്ത്രമായ സമ്മതിയും ധാർമ്മിക നന്മയും—മാനുഷികപ്രവൃത്തികളുടെ ധാർമ്മികസ്വഭാവത്തെ ഹനിക്കുന്ന പ്രതിബന്ധങ്ങൾ—
(b) **നിയമങ്ങൾ**—ധാർമ്മികതയുടെ പരമ മാനദണ്ഡമായ ദൈവത്തിൻെറ നിത്യനിയമം—നിയമത്തിൻെറ അനുഷ്ഠാനത്തെ ബാധിക്കുന്ന പൂർവ്വസമ്പ്രദായം (custom) അനുശാസനം (precept) പ്രത്യേകാവകാശം(privilege)
(c) **മനസ്സാക്ഷി**—അതിൻെറ അർത്ഥവും വിഭജനവും—സുനിശ്ചിതമനസ്സാക്ഷിയെ സദാ അനുസരിക്കേണ്ട കടമ—

പ്രായോഗികമായി സുനിശ്ചിതമായ മനസ്സാക്ഷിയുടെ രൂപവൽക്കരണം. (d) **പാപം**—ദൈവികഭാവമുള്ള കല്പനയുടെ ഉത്തരവാദിത്വത്തോടുകൂടിയ ലംഘനം—പൂർണ്ണമായ കാര്യബോധവും പൂർണ്ണമായ മനസ്സമ്മതിയും ഉൾക്കൊള്ളുന്ന മൗലികമായ തെരഞ്ഞെടുപ്പ് (Fundamental option) — മാരകപാപവും ലഘുവായ പാപവും തമ്മിലുള്ള വ്യത്യാസം – ആന്തരികപാപം – ഏഴ് മൗലിക ദുർഗ്ഗുണങ്ങൾ.

II. (a) **കല്പനകൾ** (commandments)– വിശ്വാസം, പ്രത്യാശ, സ്നേഹം, എന്നീ ദൈവികസുകൃതങ്ങളുടെയും വിവേകം, നീതി, മിതത്വം, സ്ഥൈര്യം എന്നീ മൗലികസുകൃതങ്ങളുടേയും അഭ്യസനത്തോട് സംബദ്ധമായ കല്പനകൾ. (b) **പത്തു ദൈവകല്പനകൾ**–ഇവയിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തോടും മറേറഴെണ്ണം നമ്മുടെ സഹോദരങ്ങളോടും ഉള്ള നമ്മുടെ ബന്ധങ്ങളെ നിയന്ത്രിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഓരോ കല്പനയും ആജ്ഞാപിക്കുകയും നിരോധിക്കുകയും ചെയ്യുന്ന സംഗതികൾ. (1) കടമകൾ— ദൈവാരാധന, പ്രാർത്ഥന, കാനോനനമസ്കാരം. നിരോധിതങ്ങൾ—അന്ധവിശ്വാസം, വിഗ്രഹാരാധന, ദൈവദൂഷണം. (2) വ്രതങ്ങൾ–ശപഥങ്ങൾ. (3) വിശുദ്ധ ദിനാചരണം. (4) ഭാര്യാഭർത്താക്കന്മാർ, സന്താനങ്ങൾ എന്നിവരുടെ കടമകൾ, പൗരന് രാഷ്ട്രത്തോടുള്ള കർത്തവ്യങ്ങൾ. (5) സ്വന്ത ജീവനും മററുള്ളവരുടെ ജീവനും സംരക്ഷിക്കാനുള്ള കടമകൾ, ഭ്രൂണഹത്യ, ടെസ്റ്റ്ട്യൂബ് ശിശുക്കളുടെ ജീവഹാനി, ഇടർച്ച, യുദ്ധത്തിൻെറ ന്യായവും അന്യായ്യവുമായ വശങ്ങൾ. (6) ശുദ്ധതയ്ക്കെതിരായ പാപങ്ങൾ, പൂർത്തീകൃതമായ അശുദ്ധ പാപങ്ങൾ, ടെസ്റ്റ്ട്യൂബ് ശിശുക്കളുടെ ഉല്പാദനം, പൂർത്തീകൃതമല്ലാത്ത അശുദ്ധപാപങ്ങൾ, ശാലീനതയ്ക്കെതിരായ പാപങ്ങൾ, ശുദ്ധതയ്ക്കെതിരായ ചിന്തകൾ,ആന്തരികപാപങ്ങൾ. (7) ഉടമസ്ഥത(ownership)–അർത്ഥം, വിഭജനം, വിഷയം, ഉടമസ്ഥൻെറ അവകാശ

ങ്ങൾ, ഉടമ്പടികൾ, അന്യായപ്പലിശ, കൈക്കൂലി, മോഷണം, നഷ്ടപരിഹാരം, അന്യസമ്പത്തു് സമ്പാദിക്കുന്നതിനുള്ള അന്യായ്യമായ ആഗ്രഹങ്ങൾ, അമിതമായ ധനമോഹം. (8) സത്യസന്ധതയ്ക്കെതിരായ പാപങ്ങൾ— നുണപറയൽ, രഹസ്യങ്ങളുടെ വെളിപ്പെടുത്തൽ, അപവാദം, അടിസ്ഥാനരഹിതമായ പരദൂഷണം, രഹസ്യം പാലിക്കൽ, തെററിനുള്ള പരിഹാരം.

(c) **തിരുസ്സഭയുടെ കല്പനകൾ**—നിയമനിർമ്മാണാധികാരത്തിൻെറ ഉറവിടം—നിയമകർത്താക്കൾ—പൗരസ്ത്യവും പാശ്ചാത്യവുമായ കാനൻനിയമങ്ങൾ അനുസരിക്കുവാൻ അതാതു സഭാവിഭാഗത്തിൽപ്പെട്ടവർക്കുള്ള കടമ— (1) ഞായറാഴ്ചകളുടേയും മററു കടമുള്ള തിരുനാളുകളുടേയും വിശുദ്ധമായ ആചരണം—കുർബാനയിൽ സംബന്ധിക്കണം— (പൗരസ്ത്യർക്കു് ഞായറാഴ്ച കുർബാനയിൽ സംബന്ധിക്കുവാൻ സൗകര്യമില്ലെങ്കിൽ തലേദിവസം സായാഹ്നത്തിൽ അതിൽ പങ്കെടുത്താലും മതി) ഇൻഡ്യയിൽ കടമുള്ള തിരുനാളുകൾ ക്രിസ്മസ്, സ്വർഗ്ഗാരോപണം എന്നിവയാണു്. സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാളും കടമുള്ള ദിവസമാണു്. (2) മാംസവജ്ജനവും ഉപവാസവും ഇവയെ സംബന്ധിച്ചു് മെത്രാന്മാരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ട കടമ—ഇപ്പോഴത്തെ നിർദ്ദേശമനുസരിച്ചു് 14 വയസ്സു് പൂത്തിയായിട്ടുള്ളവർക്കു് മാംസവജ്ജനം പാലിക്കുന്നതിനും 21 വയസ്സു് പൂത്തിയാകുന്നതുമുതൽ 60 വയസ്സു് തുടങ്ങുന്നതുവരെ പ്രായമുള്ളവർക്കു് ഉപവസിക്കുന്നതിനുമുള്ള കടമ. മാംസവർജ്ജനവും ഉപവാസവും സംബന്ധിച്ചുള്ള ലത്തീൻ സഭയുടെയും പൗരസ്ത്യസഭകളുടെയും പ്രത്യേക നിയമങ്ങൾ. (3) മാരകപാപമുണ്ടെങ്കിൽ ആണ്ടുവട്ടത്തിൽ ഒരിക്കലെങ്കിലും നല്ല കുമ്പസാരം കഴിക്കുന്നതിനും പെസഹാക്കാലത്തെങ്കിലും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും ഉള്ള കടമ. (4) തിരുസ്സഭയുടേയും രൂപതയുടേയും ഇടവകയുടേയും സാമ്പത്തികഭാരം കുറയ്ക്കുന്നതിനു് തങ്ങളാൽ കഴിവുള്ള പങ്കു് വഹി

ക്കവാൻ നാലാം കല്പന അനുശാസിക്കുന്നു. (5) വിവാഹം ഒരു കൂദാശമാത്രമല്ല ഉടമ്പടിയുംകൂടി ആയതുകൊണ്ട് അതിനെസംബന്ധിച്ച തിരുസ്സഭയുടെ നിയമങ്ങൾ അനുസരിക്കുന്നതിനുമുള്ള കടമ—അതിൻെറ സാധുതയ്ക്കും നൈയാമികതയ്ക്കുമുള്ള വ്യവസ്ഥകൾ—അതിനെ അസാധുവാക്കുന്നതോ നിരോധിക്കുന്നതോ ആയ തടസ്സങ്ങൾ—അന്യമതസ്ഥരുമായി നടത്തുന്ന വിവാഹങ്ങൾ—ഗ്രന്ഥങ്ങളുടെ രചന സംബന്ധിച്ച നിയമങ്ങൾ—അവയുടെ പരിശോധനയും നിരോധനവും—വൈദികർ, സന്യാസികൾ, അല്മായർ എന്നീ ജീവിതാന്തസ്സുകാരുടെ കടമകളും അവകാശങ്ങളും—സഭാധികാരം നൽകുന്ന ശിക്ഷകൾ.

**III. കൂദാശകൾ** (Sacraments) പ്രസാദവരം പ്രദാനം ചെയ്യുന്നതിന് ക്രിസ്തു സ്ഥാപിച്ച ബാഹ്യാടയാളങ്ങളായ കൂദാശകളുടെ ഫലദായകത്വം — അവയുടെ കാർമ്മികൻ — അവയുടെ പരികർമ്മത്തിന് ആവശ്യകമായ സംഗതികൾ — കാർമ്മികൻെറ കടമകളും അധികാരാവകാശങ്ങളും — അവ സ്വീകരിക്കുന്നവർക്കുണ്ടായിരിക്കേണ്ട അനുയോഗ്യതകൾ:—

(1) **മാമ്മോദീസ**:— നമ്മെ ദൈവപുത്രരും സ്വർഗ്ഗാവകാശികളും ആക്കുന്ന പ്രസാദവരം ആദ്യമായി നമുക്ക് നൽകുന്ന കൂദാശയുടെ കർമ്മസാധനവും (matter) കർമ്മസ്വരൂപവും (form) — സോപാധികമായ മാമ്മോദീസ—മാമ്മോദീസായുടെ കാർമ്മികൻ (minister), സ്വീകർത്താവ് (ricipient) — രഹസ്യ മാമ്മോദീസായുടെ കാർമ്മികൻ അകത്തോലിക്കനോ അക്രൈസ്തവനോ ആകാം—ജ്ഞാന മാതാപിതാക്കൾക്ക് (sponsors) ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ — സീറോ മലങ്കര റീത്തിലെ കർമ്മ—സ്വരൂപം അന്തിയോക്കിയൻ റീത്തിലേതാണ്. ലത്തീൻ, സീറോ മലബാർ റീത്തുകളിലേതിൽനിന്ന് അല്പം വ്യത്യസ്തമാണ്. (2) **സ്ഥൈര്യലേപനം**:— പരിശുദ്ധാത്മാവിനെ അവിടുത്തെ എല്ലാ ദാനങ്ങളോടുംകൂടി നമു

ക്കു് പ്രദാനം ചെയ്തു നമ്മെ ഉത്തമ ക്രൈസ്തവരും ക്രിസ്തുവിൻെറ പടയാളികളുമാക്കിത്തീർക്കുന്ന ഈ കൂദാശയുടെ കർമ്മസാധനവും കർമ്മസ്വരൂപവും—ലത്തീൻ റീത്തിലെ സാധാരണ കാർമ്മികൻ മെത്രാൻ — പൗരസ്ത്യ റീത്തിൽ സാധാരണ കാർമ്മികൻ പുരോഹിതൻ — സ്വീകർത്താവു് — അതിൻെറ ഫലങ്ങൾ. മലങ്കരറീത്തിൽ മാമ്മോദീസായും സൈഥര്യലേപനവും ഒരുമിച്ചു് നൽകുന്നു. (3) **വിശുദ്ധ കുർബാന**:— ഒരേസമയം കൂദാശയും ബലിയുമായ വിശുദ്ധ കുർബാനയിൽ ക്രിസ്തുവിൻെറ ശരീരവും രക്തവും, ആത്മാവും, ദൈവത്വവും അടങ്ങിയിരിക്കുകയും ചെയ്യുന്നു. ഇതിൻെറ കർമ്മസാധനവും കർമ്മസ്വരൂപവും — വിശുദ്ധ കുർബാനയുടെ അർപ്പകൻ പുരോഹിതപട്ടം സ്വീകരിച്ചിട്ടുള്ള ഒരു പുരുഷനായിരിക്കണം — കുർബാന സ്വീകരിക്കുന്ന ആളിനു് ഉണ്ടായിരിക്കേണ്ട അനുയോഗ്യതകൾ — പൗരസ്ത്യ റീത്തിലെ കുർബാനയിൽ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയുടെ (Epiclesis) പ്രാധാന്യം — ദിവ്യബലിവഴി നമുക്കു് ലഭിക്കാവുന്ന ഫലങ്ങൾ — വിശുദ്ധ കുർബാന ഒരു സാദൃശ്യത്തിൽ സ്വീകരിച്ചാലും മതി. കാരണം ഓരോ സാദൃശ്യത്തിലും ക്രിസ്തു പൂർണ്ണമായി സ്ഥിതിചെയ്യുന്നു. — പൗരസ്ത്യ റീത്തിൽ (മലങ്കര) സാധാരണമായി ഇരു സാദൃശ്യങ്ങളിലും വി. കുർബാന നൽകുന്നുണ്ടു് — വി. കുർബാന എല്ലാ സജീവ വ്യക്തികൾക്കും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കും വേണ്ടി സമർപ്പിക്കാവുന്നതാണു്. — കുർബാനപ്പണം സ്വീകരിക്കുന്നതിൻെറ ന്യായ്യത — കുർബാന സമർപ്പിക്കുന്നതിനു് പുരോഹിതനും അതു് സ്വീകരിക്കുന്നതിനു് വിശ്വാസിക്കുമുള്ള കടമ. (4) **കുമ്പസാരം**— മാമ്മോദീസാ സ്വീകരിച്ചശേഷം ചെയ്തിട്ടുള്ള പാപങ്ങളുടെ മോചനത്തിനായി ക്രിസ്തു സ്ഥാപിച്ച ഈ കൂദാശയുടെ ആവശ്യകമായ കർമ്മസാധനം — സ്വതന്ത്രവും മതിയായതുമായ കർമ്മസാധനം — സംസക്തമായ (proximate) സാധനം — കർമ്മസ്വരൂപം — കുമ്പസാരത്തിൻെറ ഫലങ്ങൾ — ആവശ്യകത — ഫലപ്രദമായി സ്വീകരിക്കുന്നതിനു് സ്വീകർത്താവിനു് നിർവഹിക്കു

വാനുള്ളവ, മനസ്താപം, പാപപോച്ചാരണം — പ്രായശ്ചിത്തം — കാർമ്മികനുണ്ടായിരിക്കേണ്ട അധികാരം — കുമ്പസാരരഹസ്യം പാലിക്കുക എന്നതു് കാർമ്മികൻെറ കടമകളിൽ ഏററവും പ്രമുഖമായ ഒന്നാണു് — അദ്ദേഹത്തിൻെറ ഇതര കടമകഠം— (5) **രോഗീലേപനം:**— മരണാപകടത്തിലോ ഗൗരവമായ രോഗത്തിലോ ഉഠംപ്പെട്ടമ്പോഠം ആത്മാവിനു് ശക്തിയും ചിലപ്പോഠം ശരീരത്തിനു സുഖവും നൽകുന്ന ഈ കൂദാശയുടെ കാർമ്മികൻ നിർവഹിക്കേണ്ട കാര്യങ്ങഠം — ഇതു് സ്വീകരിക്കുന്നതിനുള്ള കടമ — സ്വീകർത്താവിനുണ്ടായിരിക്കേണ്ട അനുയോഗ്യതകഠം — ഈ കൂദാശയുടെ ഫലങ്ങഠം. (6) **തിരുപ്പട്ടം:**— ദിവ്യബലി അപ്പിക്കുന്നതിനും പാപം വിമോചിക്കുന്നതിനും സുവിശേഷം പ്രസംഗിക്കുന്നതിനും മററു തിരുക്കർമ്മങ്ങഠം അനുഷ്ഠിക്കുന്നതിനും മററുമായി അധികാരവും പ്രസാദവരവും പ്രദാനം ചെയ്യുന്ന ഈ കൂദാശയുടെ കാർമ്മികനുണ്ടായിരിക്കേണ്ട പ്രത്യേക ദൈവവിളി — വിവിധ പദവികഠം—ചെറിയ പട്ടം — സബ് ഡീക്കൺ പട്ടം, ഡീക്കൺ പട്ടം, പുരോഹിത പട്ടം മെത്രാൻ പട്ടം എന്നിവയുടെ കർമ്മസാധനം — കർമ്മികൻ — പട്ടത്തിൻെറ സാധുവും നൈയ്യാമികവുമായ സ്വീകരണത്തിനുണ്ടാകാവുന്ന പ്രതിബന്ധങ്ങഠം മുതലായവ. ഈ കൂദാശയുടെ ഫലങ്ങഠം—പുരോഹിതൻെറ കഴിവുകളും ചുമതലകളും — പൗരസ്ത്യ സഭാവിഭാഗങ്ങളിൽ വിവാഹിതർക്കും പുരോഹിതപട്ടം സ്വീകരിക്കാവുന്നതാണു്. ഡീക്കൺപട്ടത്തിനു മുൻപു് വിവാഹം കഴിച്ചിരിക്കണം എന്നേയുള്ളു. അവിവാഹിതരായ പുരോഹിതന്മാർ ''റമ്പാന്മാർ'' എന്നു് വിളിക്കപ്പെടുന്നു. ഇവരിൽനിന്നാണു് മെത്രാന്മാർ അഭിഷിക്തരാകുന്നതു്. നമ്മുടെ സീറോ മലബാർ റീത്തിൽ ലത്തീൻ ക്രമമനുസരിച്ചു് പുരോഹിതർ എല്ലാവരും അവിവാഹിതരാണു്. സീറോ മലങ്കര റീത്തിലും, പുനരൈക്യത്തോടുകൂടി ഈ രീതിയാണു് സ്വീകരിച്ചു പോരുന്നതു്. (7) **വിവാഹം:**— ജ്ഞാനസ്നാനം സ്വീകരിച്ച പുരുഷനേയും സ്ത്രീയേയും മരണത്തോളം വേർപിരിയാത്തവിധത്തിൽ യോജിപ്പിക്കുന്നതും കുടുംബ

ജീവിതത്തിൻെറ ചുമതലകഠം നിർവഹിക്കുവാൻ അനു ഗ്രഹങ്ങഠം നൽകുന്നതുമായ ഈ കൂദാശയുടെ കാമ്മികർ വധൂവരന്മാരും കമ്മസാധനം വിവാഹ ഉടമ്പടിയുമാണ്. കമ്മസ്വരൂപം, വധൂവരന്മാക്ക് പരസ്പര സമ്മതമുണ്ടെന്നു കാണിക്കുന്ന ''മനസ്സാകുന്നു'' എന്ന വാക്കാണ്—സാധു വും അസാധുവുമായ വിവാഹം—രഹസ്യവും പരസ്യവു മായ വിവാഹങ്ങഠം—നിയമാനുസൃതമായ വിവാഹത്തി നുള്ള വ്യവസ്ഥകഠം—വിവിധ പ്രതിബന്ധങ്ങഠം—അവ യിൽനിന്നുള്ള മോചനം—വിവാഹസമ്മതത്തെ സംബ ന്ധിച്ച അജ്ഞതയും അബദ്ധവും—ഇതു് യോഗ്യതാപൂ ർവ്വം സ്വീകരിക്കുന്നതിനു ആവശ്യകമായ സംഗതികഠം കൃത്രിമ സന്താനനിയന്ത്രണം— ഭ്രൂണഹത്യ—ടെസ്റ്റ്ട്യൂബ് ശിശുവിൻെറ ഉല്പാദനം—വിവാഹമോചനം—ദാമ്പത്യാ നുഷ്ഠാനത്തിലെ ഗതിവിഗതികഠം—അസാധുവായ വി വാഹത്തെ സാധുവാക്കിത്തീക്കുന്നതിനുള്ള മാഗ്ഗങ്ങഠം—അകത്തോലിക്കരോടോ അക്രൈസ്തവരോടോ ബന്ധ പ്പെട്ടു നടത്തുന്ന വിവാഹങ്ങഠം.

**IV കൂദാശികങ്ങഠം** (Sacramentals). ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങഠം നമുക്കു് ലഭ്യ മാകുന്നതിനുവേണ്ടി തിരുസഭ ഉപയോഗിക്കുന്ന സാധ നങ്ങളും കമ്മങ്ങളുമാണിവ. ഉദാഹരണമായി, മെത്രാ ന്മാരോ പുരോഹിതന്മാരോ നൽകുന്ന ആശീർവ്വാദം ഭൂതോ ച്ചാടനം, ആശീർവ്വദിക്കപ്പെട്ട വസ്തുക്കഠം മുതലായവ—കൂദാശികങ്ങളുടെ മൂല്യവും ഉപയോഗവും ഫലപ്രദമാ കുന്നതിനുള്ള വ്യവസ്ഥകഠം.

**V ദണ്ഡവിമോചനങ്ങഠം** (Indulgences) പാപ ത്തിൻെറ തിന്മയിൽനിന്നുള്ള വിമുക്തിക്കുശേഷം അതി

ന്ന അവശേഷിക്കുന്ന കാലിക ശിക്ഷയിൽനിന്നു തിരുസഭ നൽകുന്ന വിമോചനമായ ഇതു് പൂർണ്ണമോ അപൂർണ്ണമോ ആകാം—ഇതു് പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ—ചില പ്രത്യേക ദണ്ഡവിമോചനങ്ങൾ.

## ആധുനിക ധാർമ്മിക ദൈവവിജ്ഞാനീയം

ആധുനിക ധാർമ്മിക ദൈവവിജ്ഞാനീയം, സാമ്പത്തികവും, ആരോഗ്യപരവും, ക്രൈസ്തവസഭൈക്യപരവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള സമകാലീന ചിന്തകളും തിരുസഭയുടെ ആധികാരിക പ്രബോധനങ്ങൾക്കനുസൃതമായി അവതരിപ്പിക്കുന്നുണ്ടു്. ഇവയെല്ലാം മനുഷ്യന്റെ ധാർമ്മികതയെ സംബന്ധിക്കുന്ന കാര്യങ്ങളാണു്. സാമ്പത്തിക പ്രശ്നപരിഹാരത്തിൽ പാലിക്കപ്പെടേണ്ട നീതി – സ്വകാര്യ ഉടമാവകാശം – മുതലാളികളുടെയും തൊഴിലാളികളുടേയും കടമകളും അവകാശങ്ങളും, ജീവനക്കൂലി—ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കുന്നതിനു് സമ്പന്നരാഷ്ട്രങ്ങൾക്കുള്ള കടമ—തൊഴിലാളി സംഘടനകൾ എന്നിത്യാദികാര്യങ്ങൾ സാമൂഹിക നീതിയെക്കുറിച്ചുള്ള ധാർമ്മിക പ്രതിപാദനത്തിൽ ഉൾപ്പെടുന്നുണ്ടു്. പതിമൂന്നാം ലിയോ മാർപാപ്പായുടെ ''Rerum novarum'' (1891) പതിനൊന്നാം പീയൂസ് മാർപാപ്പായുടെ "Qudragesimo Anno" (1931) എന്നീ വിശ്വലേഖനങ്ങൾ, മുതലാളികളുടേയും തൊഴിലാളികളുടേയും പരസ്പര അവകാശങ്ങളേയും കർത്തവ്യങ്ങളേയുംകുറിച്ചുള്ള പ്രതിപാദനത്തിലും, ഇരുപത്തിമൂന്നാം ജോൺ മാർപാപ്പായുടെ ''Mater et magistra'' (1961), ''Pacem in Terris'' (1963) ആറാം പോൾ മാർപാപ്പായുടെ ''Populorum Progressio'' (1967) എന്നീ വിശ്വലേഖനങ്ങൾ, രാഷ്ട്രാന്തരബന്ധങ്ങളെക്കുറിച്ചുള്ള തത്ത്വ

സ്ഥാപനത്തിലും ആധുനിക ധാർമ്മിക ദൈവശാസ്ത്രം ആധാരിക രേഖകളായി സ്വീകരിക്കുന്നുണ്ട്. മാത്രമല്ല വൈദ്യശാസ്ത്രത്തിന്റെ പുരോഗമനത്തോടുകൂടി ചില ഔഷധങ്ങളുടെ ഉപയോഗത്തിന്റെയും ഹൃദയം മാററി സ്ഥാപിക്കലോടുകൂടി സംഭവിക്കുന്ന മരണത്തിന്റെയും ധാർമ്മികവശങ്ങളും ഇന്ന് പ്രതിപാദ്യമാകുന്നുണ്ട്. VI–ാം പോൾ മാർപാപ്പായുടെ "Humanae Vitae" (1968) എന്ന വിശ്വലേഖനം കൃത്രിമജനന നിയന്ത്രണത്തിനെതിരായി നടത്തുന്ന പ്രബോധനവും, വിശ്വാസസിദ്ധാന്ത കോൺഗ്രിഗേഷൻ 1987 മാർച്ച് 16–ാംനു മനുഷ്യജീവന്റെ ഉദ്ഭവവും സന്താനോല്പാദനത്തിന്റെ മഹനീയതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് പരീക്ഷണ നാളിക ശിശുവിന്റെ (test tube baby) ഉല്പാദനത്തിനെതിരായി (in vitro fertilisation) നൽകുന്ന ഉദ്ബോധനവും ആധുനിക ധാർമ്മിക ദൈവശാസ്ത്രത്തെ കൂടുതൽ വികസിതവും സമ്പന്നവുമാക്കിത്തീർത്തിട്ടുണ്ട്.

# 18

# സുകൃതയോഗാഭ്യാസ ദൈവവിജ്ഞാനീയം

## (Ascetical Theology)

ജിതേന്ദ്രിയൻ, പരിവ്രാജൻ, സർവ്വസംഗപരിത്യാഗി, സന്ന്യാസി എന്നൊക്കെ അർത്ഥമുള്ള 'ascetic'' എന്ന ആംഗ്ലേയപദം ക്രിസ്തീയ വിവക്ഷയോടുകൂടിയാണ് നാം ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് ക്രിസ്തീയ തത്ത്വങ്ങൾക്കനുസൃതമായ ഉന്നത സുകൃതജീവിതം നയിക്കുന്ന ദൈവഭക്തൻെറ അഭ്യസനദൈവശാസ്ത്രമാണു് നമ്മുടെ പ്രതിപാദ്യം. ഈ ദൈവവിജ്ഞാനീയശാഖയെ ''ആദ്ധ്യാത്മിക ജീവിതദൈവശാസ്ത്രം'' എന്നു ചിലർ വിളിക്കാറുണ്ടു്. ഈ സുകൃത യോഗാഭ്യാസം ദൈവസ്നേഹത്താൽ പ്രേരിതമായതുകൊണ്ടു്, ദൈവമായ ക്രിസ്തുവിനെ പ്രതിയുള്ളതാണു്. ഇതു് സുകൃതാഭ്യസനത്തിലൂടെ വിശുദ്ധിയിലുള്ള നമ്മുടെ വളർച്ചയെയും പരിപൂർണ്ണതാപ്രാപ്തിയേയും സഹായിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നു. സാധാരണ ആദ്ധ്യാത്മികമാനത്തിനു് ഉപരിയായ നന്മയ്ക്കുവേണ്ടിയുള്ള ആഗ്രഹത്തോടുകൂടി സ്വമനസ്സാലെ നിർവഹിക്കുന്ന എല്ലാ രൂപങ്ങളിലുമുള്ള ആത്മദമനങ്ങളും ഇതു് ഉൾക്കൊള്ളുന്നുണ്ടു്. അതുകൊണ്ടു് സാരവത്തായി നിത്യരക്ഷയ്ക്കു് അത്യന്താപേക്ഷിതമായ കർത്തവ്യങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്ന'' ധാർമ്മിക ദൈവവിജ്ഞാനീയത്തിൽനിന്നു് ഈ ദൈവശാസ്ത്രശാഖ വ്യതിരിക്തമാണെന്നു് ഗ്രഹിക്കാമല്ലോ. ഇതു് ശാരീരിക തപസ്സായി മാത്രം പരിഗണിക്കപ്പെടുന്നതു് ശരിയല്ല. ആന്തരിക യത്നത്തിലൂടെ മനസ്സു്, ഹൃദയം, ഇച്ഛാശക്തി

എന്നിവയോട്ട് പ്രയുക്തമായ ഒരാന്തരികാഭ്യാസവും ഇതിൽ അന്തർഹിതമാണ്. രക്ഷപ്രാപിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി, ഇതിൻെറ കുറച്ച ഭാഗമെങ്കിലും സാധാരണ ക്രിസ്ത്യാനിക്കും ബാധകമാണ്. കാരണം പാപത്തിലേക്ക് നമ്മെ നയിക്കുന്ന നമ്മുടെ രാഗങ്ങളെ ശരിയായ യുക്തിബോധത്തിനും ദൈവനിയമത്തിനും അനുസൃതമായി നിയന്ത്രിക്കുന്ന ശാരീരികമായ ആശാനിഗ്രഹവും തപസ്സും എല്ലാവർക്കും ആവശ്യകമാണല്ലോ.

പരിത്യാഗോപേതകമായ സുകൃതയോഗാഭ്യസനം ക്രിസ്തീയ ജീവിതത്തിൻെറ ഒരു അവിഭാജ്യഘടകമാണ്. കന്യാത്വം, ദാരിദ്ര്യം, അനുസരണം, ഉപവാസം, സഹനം എന്നിവ പ്രത്യക്ഷപ്പെടുത്തിയ ക്രിസ്തുവിൻെറ ജീവിതത്താലും അവിടുത്തെ അദ്ധ്യാപനത്താലും ഈ സംഗതി അംഗീകൃതമായി കാണാവുന്നതത്രേ. ഈ സന്യാസയോഗം, മനസ്സിൻെറയോ ശരീരത്തിൻെറയോ ക്ലേശം അഥവാ അസ്വാസ്ഥ്യം അതിൽതന്നെ ഒരു ലക്ഷ്യമല്ല, പ്രത്യുത വ്യക്തിപരമായ വിശുദ്ധീകരണത്തിനും, ആത്മാവിൻെറ സ്വാതന്ത്ര്യത്തിനും ദൈവൈക്യത്തിനുമുള്ള ഒരു മാർഗ്ഗമാണ്. എന്നാൽ അഭ്യസനത്തിനുവേണ്ടിമാത്രമുള്ള തപസ്സോ, പരിത്യാഗത്തിനുവേണ്ടി മാത്രമുള്ള പരിത്യാഗമോ നമുക്ക് സ്വീകാര്യമല്ലാത്ത ഗ്ണോസ്റ്റിസിസത്തിലേക്കോ, പേഗനിസത്തിലേക്കോ വഴി തെളിക്കുന്നതാണ്.(a)

സുകൃത യോഗാഭ്യാസം (1) വെറുമൊരു ആത്മശിക്ഷണമല്ല, ഒരനുഗ്രഹവും ദൈവത്തിൻെറ സ്വാതന്ത്രദാനവുമാണ്. (2) ഇതിനു്, പാപകരമായ പ്രവണതകളിൽനിന്നു് നമ്മെ പിന്തിരിപ്പിക്കുന്ന ഒരു നിഷേധാത്മക ഘടകവും ദൈവത്തിലേക്കും അയൽക്കാരനിലേയ്ക്കും നമ്മെ തിരിപ്പിക്കുന്ന ഒരു ഭാവാത്മകഘടകവുമുണ്ട്. ഇവയിൽ ഭാ

---

(a) Di vine, A manual of Ascetical Theology, London (1902)

വാത്മകമായതിനാണ് കൂടുതൽ പ്രാധാന്യമുള്ളതു്. (3) ഭൂത കാലത്തു് ചില താപസശാസ്ത്രജ്ഞന്മാർ, ദ്വൈതമായ നരവിജ്ഞാനീയത്തിൽ അതായതു്, മനസ്സ് അഥവാ ദേഹി നല്ലതാണെന്നും പഞ്ചഭൂതാത്മകത്വവും അഥവാ ശരീരവും ചീത്തയാണെന്നുമുള്ള ധാരണയിൽ ഊന്നിനിന്നിരുന്നു. എന്നാൽ ആധുനിക ദൈവവിജ്ഞാനീയമാകട്ടെ ദേഹിയുടേയും ദേഹത്തിൻെറയും സാരാംശപരമായ ഐക്യത്തെ ഉറപ്പിച്ചു് പ്രഖ്യാപിക്കുന്നു. (4) ക്രിസ്തീയ സന്യാസശാസ്ത്രം ക്രിസ്തുകേന്ദ്രിതമാണു്. ഇതു് ക്രിസ്തീയമാകുന്നതു്, ക്രിസ്തുവിൻെറ കുരിശിൽ പ്രത്യക്ഷീകൃതമാകുന്ന മാനുഷികാപരാധത്തെക്കുറിച്ചുള്ള ബോധ്യത്തിൽ ഇതു് ആരംഭിച്ചു് അഭ്യസിക്കുമ്പോഴം മാത്രമാണു്. അങ്ങനെ എല്ലാ സുകൃതയോഗാഭ്യാസവും ക്രിസ്തുവിൻേറതിലുള്ള ഒരു ഭാഗഭാഗിത്വമായിത്തീരുന്നു. (5)വിശ്വാസം സുകൃതയോഗാഭ്യാസത്തിൻെറ പ്രഥമ കൃത്യമാണു്. കാരണം ഇതു് സ്വന്തമായ ബൗദ്ധിക പ്രവർത്തനത്തിൻെറ പരിണതഫലമല്ല പ്രത്യുത ദൈവത്തിൽനിന്നു് പുറപ്പെടുന്ന വചനത്തിൻെറ വൈയക്തിക സ്വീകരണമാണു്. വിശ്വാസമാകട്ടെ സ്വന്തമായുള്ളതെല്ലാം ദൈവത്തിനും അവിടുത്തെ അഭീഷ്ടത്തിനും നമ്മെത്തന്നെ അധീനമാക്കുന്ന ഒരു പ്രക്രിയയാണു്. (6) ദൈവം വീണ്ടും പ്രത്യക്ഷപ്പെടുവാനിരിക്കുന്ന സമയത്തെ, രക്ഷ അന്തിമമായി സാക്ഷാൽക്കരിക്കപ്പെടുവാനിരിക്കുന്ന കാലത്തെ ഉററുനോക്കി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു തീർത്ഥാടക സമൂഹമാണു് തിരുസഭ. അതുകൊണ്ടു് ഈ ദൈവശാസ്ത്രശാഖയുടെ ഒരു പ്രധാനഘടകമാണു് ഒരു ക്രിസ്ത്യാനിയുടെ യുഗാന്താത്മകമായ പ്രത്യാശ. (7) ദൈവസ്നേഹത്തോടു മാത്രമല്ല തിരുസഭയിലുള്ള സേവനത്തോടും സംബദ്ധമാണീ ദൈവശാസ്ത്രം. സമൂഹത്തിൻെറ ആവശ്യങ്ങളെക്കുറിച്ചുള്ള ബോധമില്ലാതെ അവയെ പരിഗണിക്കാതെ ക്രിസ്തീയ ജീവിതത്തിൻെറ സാമൂഹിക സ്വഭാവം അവഗണിച്ചുകൊണ്ടു് ഒരുവൻെറ വ്യക്തിപരിപൂർണ്ണതമാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള സന്ന്യാസശാസ്ത്രം ക്രിസ്തീയമായിരിക്കയില്ല. എന്നാൽ ബാഹ്യമായ പ്രവൎത്തന

നങ്ങളിൽനിന്നു് ഒഴിഞ്ഞു് ലോകത്തിൻെറ സർവ്വതോന്മുഖമായ ഗുണത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രാർത്ഥനയിലും പരിത്യാഗത്തിലും ഉദ്യുക്തരായി ജീവിക്കുന്നവരും യഥാർത്ഥമായ സുകൃതയോഗം അഭ്യസിക്കുന്നവരാണു്. (8) ഇതു് അതിരുകടന്നുപോകാതിരിക്കുന്നതിനുവേണ്ടി ഉപകാരപ്രദമായ അവികല ശാസ്ത്രങ്ങളോടു് പ്രത്യേകിച്ചു് മനഃശ്ശാസ്ത്രത്തോടു് ബന്ധം പുലർത്തിക്കൊണ്ടിരിക്കണം.(a) ഇതു് ക്രിസ്തീയതത്വത്തിൻെറ സാരാംശം നിലനിർത്തുന്നതിനു് അവശ്യം ആവശ്യകമായ നിയമനിർബന്ധത്തിനു് അപ്പുറത്തു് ദൈവരാജ്യത്തിൻെറ സാന്നിദ്ധ്യത്തിനു് നൽകുന്ന ഒരു പ്രത്യുത്തരമാണു്. (10) ധാർമ്മിക വിശുദ്ധിയുടെ വികസനത്തിൽ പരിത്യാഗപ്രവൃത്തികൾ ഒരു സുപ്രധാന ഭാഗം വഹിക്കുന്നതുകൊണ്ടും ക്രിസ്തീയപൂർണ്ണതയിലേക്കുള്ള മാർഗ്ഗത്തിനു് വിവിധ പദവികൾ ഉള്ളതുകൊണ്ടും, സുകൃതയോഗാഭ്യാസത്തിനും വിവിധ തലങ്ങളുണ്ടു്. വി.തോമസ് അക്വീനാസിൻെറ കാലംമുതൽ ശുദ്ധീകരം (purgative), പ്രകാശകം (illuminative) സംയോജകം (unitive) എന്നിങ്ങനെ ദൈവത്തോടുള്ള ബന്ധത്തിൽ മൂന്നു പദവികൾ അഥവാ മാർഗ്ഗങ്ങൾ സുപ്രസിദ്ധങ്ങളാണു്. ശുദ്ധീകരപദവി ഗൗരവമായ എല്ലാ പാപങ്ങളിൽനിന്നുമുള്ള ശുദ്ധീകരണം ഊന്നിപ്പറയുന്നു. പ്രകാശകപദവി ക്രിസ്തീയ സുകൃതത്തിൻെറ ഭാവാത്മകമായ അഭ്യസനത്തിലേക്കു് ആത്മാവിനെ നയിക്കുന്നു. സംയോജകപദവി—ചിലപ്പോൾ ഇതു് മൗതിക ദൈവവിജ്ഞാനീയമായിട്ടും പ്രതിപാദിക്കപ്പെടാറുണ്ടു് — ദൈവത്തോടുള്ള സതതവും അനുശീലിതവും (habitual) ഗാഢവുമായ ഐക്യം ഉന്നം വെയ്ക്കുന്നു.(b)

---

(a) Th. Aq. st. 2a 2ae, 24. 9; 183. 4

(b) K. Rahner Theology of Spiritual Life. (1967); J. Lindworsky, Psychology of Asceticism(1931), Christian Asceticism and Modern Man (tr. W. Mitchell et al· (1955)

## പൗരസ്ത്യ സുകൃതയോഗാഭ്യാസം

പൗരസ്ത്യ ദൈവ വിജ്ഞാനീയത്തിൽ പ്രസ്പഷ്ടമാമായി കാണുന്ന സുകൃത യോഗാഭ്യാസപരമായ ആദ്ധ്യാത്മികതയുടെ പ്രത്യേകതകളും നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ. വിശുദ്ധ ഗ്രന്ഥത്തിലും ആരാധനക്രമത്തിലും ഊന്നിക്കൊണ്ടു് ആദ്ധ്യാത്മിക ജീവിതം ഏററവും ഗാഢമായി നയിക്കുക എന്നതാണു പൗരസ്ത്യ യോഗാഭ്യാസ ദൈവ വിജ്ഞാനീയത്തിൻെറ (Ascetical Theology) അടിസ്ഥാനപരമായ പ്രത്യേകത. പ്ലേറേറായുടെ ദർശനത്തിനനുസൃതമായി, ശരീരവും ആത്മാവും, പദാർത്ഥവും ചൈതന്യവും, ലൗകികവും പവിത്രവും പ്രകൃത്യനുസൃതവും പ്രകൃത്യതീതവും തമ്മിലുള്ള ദ്വിവിഭാഗീകരണത്തിനു് (dichotomy) അത്ര പ്രാധാന്യം പൗരസ്ത്യ ആദ്ധ്യാത്മിക വിജ്ഞാനീയം നൽകാറില്ല. നിത്യവും സുസ്ഥിരവുമായതിൽ കേന്ദ്രീകൃതമായ പൗരസ്ത്യ സുറിയാനി പാരമ്പര്യം, പരിമിതവും, ഭൗതികവും പരിവർത്തനീയവുമായതിനെല്ലാം വിരുദ്ധമാണെന്നു് ഒരർത്ഥത്തിൽ പറയാവുന്നതാണു്. ത്രിത്വത്തിലെ മൂന്നാളുകളുടേയും സ്നേഹത്തിലൂടെയുള്ള സാന്നിദ്ധ്യം സാധിതമാകുന്നതിലത്രേ പുണ്യപൂർണ്ണതയുടെ പാരമ്യം സ്ഥിതി ചെയ്യുന്നതു്. ഒരു സന്യാസ ശാസ്ത്രജ്ഞനായിരുന്ന പോൻറസിലെ എവഗാരിയൂസ് (Evagarius of Pontus - 346–399) ഓരിജെൻെറ ചിന്താഗതിയ്ക്കനുസൃതമായി പ്രതിപാദിച്ചിട്ടുള്ള സന്യാസ വിജ്ഞാനീയത്തിലെ ബോധജ്ഞാനവാദത്തിനെതിരായി (intellectualism) മനുഷ്യബുദ്ധിക്കു്, പൂർണ്ണമായും സമ്പാദിക്കുവാൻ സാദ്ധ്യമല്ലാത്തതും, ദൈവിക യാഥാർത്ഥ്യത്തെ പ്രാപിക്കാവുന്നതുമായ സ്നേഹത്തിൻെറ പരമപ്രാധാന്യമാണു് പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതത്തിൽ തെളിഞ്ഞു കാണുന്നതു്. ക്രിസ്തുവിൽ സംഭവിച്ചതു് ഏതൊരു മനുഷ്യ വ്യക്തിയിലും സംഭവിക്കേണ്ടതിൻെറ മാതൃകയും ആരംഭവുമാണു്. ഉപവി (charity) ദൈവത്തോടുള്ള സ്നേഹത്തിൻെറ പര

മാനന്ദ പാരവശ്യത്തിൽ വികസിച്ച് മററുള്ളവരുടെ ഗുണത്തെ പ്രതിയുള്ള ഫലപ്രദമായ പ്രവൎത്തനത്തിലേക്കു് നമ്മെ നയിക്കുന്നു. പ്രാൎത്ഥന, പ്രണിധാനം, അനുചിന്തനം എന്നിവ സൃഷ്ടികളിൽ നിന്നു് സ്രഷ്ടാവിലേക്കും, സ്രഷ്ടാവിൽ നിന്നു് നമ്മിലോരോരുത്തരിലേക്കും, അനുദിന ജീവിതത്തിൽ സാക്ഷാൽകൃതമാകേണ്ട മാനുഷിക രക്ഷയിലേക്കും നമ്മെ നയിക്കുന്ന നിരന്തരമായ ഒരു പ്രക്രിയയാണു്. അതുകൊണ്ടു് ബ്രഹ്മചര്യം ലോകത്തിൽ നിന്നുള്ള വ്യക്തിപരമായ ഒരൊളിച്ചോട്ടമല്ല ദൈവ സ്നേഹത്തിനു വിധേയമായ ഒരു പ്രതിഭാസമത്രേ.

സന്യാസ ജീവിതത്തെക്കുറിച്ചുള്ള പൌരസ്ത്യ കാഴ്ചപ്പാടനുസരിച്ച്, പരമയാഥാൎത്ഥ്യമായ ദൈവത്തിലുള്ള സ്വയം സമൎപ്പണം, നിരന്തരമായ ഹൃദയ സംരക്ഷണം, ഏകാത്മകമായ മൌനം, ക്രിസ്തുവിലൂടെയുള്ള സംപൂൎണ്ണ ദൈവ സംസൎഗ്ഗം എന്നിവ സുപ്രധാന ഘടകങ്ങളാണു്. ദൈവത്തിൻെറ മനുഷ്യരായിരിക്കുക എന്നതിൽ ഊന്നിക്കൊണ്ടുള്ള ആദ്ധ്യാത്മികത, മനുഷ്യരെ, സ്വകാര്യ ഭക്താഭ്യാസങ്ങളിൽ മാത്രം ഒതുക്കി നിൎത്താതെ ലോകത്തെ മുഴുവനും ദൈവ രാജ്യത്തിലേക്കു് ആനയിക്കുന്നതിനു് ഉതകുന്നതുമായിരിക്കണം.

**ദൈവസ്തുതവിജ്ഞാനീയത്തിലെ പ്രതിപാദിതങ്ങൾ.** — I പ്രകൃത്യനുസൃത മനുഷ്യനും പ്രകൃത്യതീത മനുഷ്യനും തമ്മിലുള്ള വ്യത്യാസം — II ക്രിസ്തീയ ജീവിതത്തിൻെറ സ്വഭാവവും അവയവഘടനയും — സ്ഥിരപ്രസാദവരം — പ്രവൎത്തകപ്രസാദവരം — ക്രിസ്തീയജീവിതത്തിൽ ക്രിസ്തുവിൻെറ സ്ഥാനം — അതിലുള്ള പരി. കന്യകാമറിയത്തിൻെറ പങ്കു് — മനുഷ്യൻെറ പങ്കു്, ദുരാശ, ലോകം, പിശാചു് എന്നീ ആത്മീയ ശത്രുക്കൾക്കെതിരായ അവൻെറ സമരം — പുണ്യയോഗ്യതയുടെ വൎദ്ധനവുവഴിയായി ഉണ്ടാകുന്ന ആദ്ധ്യാത്മികാഭിവൃദ്ധി — കൌദാശിക പ്രസാദവരം — കുമ്പസാരം കുൎബ്ബാന എന്നീ കൂദാശകൾക്കു് ക്രിസ്തീയ ജീവിതത്തിലുള്ള പ്രത്യേക പ്രാധാന്യം. III ക്രിസ്തീയ പരിപൂൎണ്ണത — ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അന്തൎഹി

ത്തമായ അതിൻെറ സാരാംശം — പരിത്യാഗത്തിൻെറ ആവശ്യകത — പുണ്യപൂർണ്ണതയുടെ വിവിധ പദവികൾ. IV പുണ്യപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നതിനു് എല്ലാ ക്രിസ്ത്യാനികൾക്കും പൊതുവായ കടമ — വ്രതങ്ങളുടെ അനുഷ്ഠാനത്തിലും സഭാനിയമങ്ങളുടെ അനുസരണത്തിലുംകൂടി അതിനായി കൂടുതലായിട്ടു പരിയത്നിക്കുന്നതിനു സന്യാസികൾക്കുള്ള കടമ — V പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള പ്രാഥമിക മാർഗ്ഗങ്ങൾ — ദൈവത്തേയും നമ്മേയും കുറിച്ചുള്ള ജ്ഞാനസമ്പാദനം — നമ്മുടെ പ്രധാന ദുർഗ്ഗുണത്തെ കീഴടക്കാനുതകുന്ന പ്രത്യേക ആത്മശോധന — ദൈവതിരുമനസ്സിനോടു നമ്മുടെ വിധേയത്വം — പ്രാർത്ഥന — നമ്മുടെ പ്രവർത്തനങ്ങളെയെല്ലാം പ്രാർത്ഥനയാക്കുന്നവിധം — സുകൃതാഭ്യാസങ്ങൾ മുതലായവ — പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുള്ള ബാഹ്യമാർഗ്ഗങ്ങൾ — ആദ്ധ്യാത്മിക നേതൃത്വവും നിയന്ത്രണവും — സാമൂഹ്യബന്ധങ്ങളുടെ വിശുദ്ധീകരണം — കുടുംബജീവിതത്തിൻെറ വിശുദ്ധീകരണം — മാനുഷികമായ മൈത്രീബന്ധത്തിൻെറ വിശുദ്ധീകരണം.

## പുണ്യപൂർണ്ണതയുടെ പദവികൾ അഥവാ മാർഗ്ഗങ്ങൾ

a. **ശുദ്ധീകരണപദവി** — ആരംഭകർ നിർവഹിക്കേണ്ട കാര്യങ്ങൾ — വാചിക പ്രാർത്ഥന — ധ്യാനം — പ്രായശ്ചിത്തനിർവഹണം — ശാരീരികവും ആന്തരികവുമായ ഇന്ദ്രിയങ്ങളുടെ നിഗ്രഹം — വികാരങ്ങൾ, ബുദ്ധി, ഇച്ഛാശക്തി എന്നിവയുടെ നിയന്ത്രണം, പ്രധാന ദുർഗ്ഗുണങ്ങൾക്കെതിരായ പോരാട്ടം — പ്രത്യേകിച്ച് അഹംകാരത്തിനും ജഡികാസക്തിക്കും എതിരായ സമരം — പ്രലോഭനങ്ങൾ — പ്രധാന പ്രലോഭനങ്ങൾ — അവയുടെ മനഃശാസ്ത്രപരമായ വശവും അവയോട്ടു് അനുവർത്തിക്കേണ്ട നയവും — സംശയ പ്രകൃതിയുടെ നിയന്ത്രണം.

b. **പ്രകാശനപദവി** — പ്രകരണപ്രധാനമായ പ്രാർത്ഥന — അനുചിന്തനം — വിശ്വാസം, പ്രത്യാശ, സ്നേഹം

എന്നീ ദൈവിക (Theological) സുകൃതങ്ങളുടെ സ്വഭാവവും അവയുടെ വിശുദ്ധീകരണശക്തിയും, അവയുടെ അഭ്യസനം — വിവേകം, നീതി, മിതത്വം, സ്ഥൈര്യം എന്നീ ധാർമ്മിക (moral or cardinal) സുകൃതങ്ങളുടെ വൈശിഷ്ട്യവും ആവശ്യകതയും — ഇവയോടെല്ലാം പ്രകാരാന്തരേണ സംബന്ധമായ എളിമ, ഉദാരത, ചാരിത്രശുദ്ധി, ശാന്തത, മിതാശനം, പരോപകാരതല്പരത, ശുശ്രൂഷ്ണാന്തി എന്നിത്യാദി സുകൃതങ്ങളുടെ അഭ്യസനം — മന്ദജീവിതത്തിനുള്ള പ്രതിവിധി.

C. ദൈവൈക്യപദവി — പ്രവർത്തനപരമായ ഐക്യപദവി— ബോധജ്ഞാനം, പ്രജ്ഞ, ഗുണദോഷവിവേചനം ആത്മധീരത, കാര്യബോധം, ഭക്തി, ദൈവഭയം എന്നീ പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ, അവയുടെ പരിശീലനമാർഗ്ഗങ്ങൾ — പരിശുദ്ധാത്മാവിൻെറ ഫലങ്ങളും ഭാഗ്യങ്ങളും, സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, ക്ഷമ, വിനയം, വിശ്വാസം, നന്മ, മധുരശീലം, കരുണ, ഇന്ദ്രിയനിഗ്രഹം, കന്യാത്വം എന്നിങ്ങനെ പ. ആത്മാവിൻെറ ഫലങ്ങൾ പന്ത്രണ്ടുണ്ട്. ഭാഗ്യങ്ങളാകട്ടെ ആത്മനായുള്ള ദാരിദ്ര്യം, ശാന്തത, അനുതാപം നീതിക്കായുള്ള വിശപ്പും ദാഹവും, കരുണ, ഹൃദയശുദ്ധത, സഹനം, സമാധാനം എന്നിവയാണ്. ഭാഗ്യങ്ങൾ എട്ടുമാത്രമേ ഉള്ളു എന്നു വിചാരിക്കേണ്ടതില്ല. ലഘുപ്രാർത്ഥനയും അതിൻെറ പ്രയോജനവും — (നിവേശിതധ്യാനം — അതിൻെറ വിവിധഘട്ടങ്ങൾ — ശാന്തമായ പ്രാർത്ഥന — ക്ലേശങ്ങളുടെ പ്രയോജനം — മധുരമായ ശാന്തത— ഈ ഘട്ടത്തിൽ വർത്തിക്കേണ്ട വിധം — ദൈവവുമായുള്ള പരിപൂർണ്ണ ഐക്യം — രൂപാന്തരം സാധിക്കുന്ന അവിഭക്ത ഐക്യം അഥവാ ആദ്ധ്യാത്മിക വിവാഹം.)

ദൈവൈക്യം വരെയുള്ള മൂന്നു പദവികളും വ്യതിരിക്തമാണെങ്കിലും, മരണം വരെ ഒരു വ്യക്തിയിൽ ഇവ മൂന്നിൻെറയും പ്രത്യേകതകൾ ഇടകലൎന്ന് അനുഭവവേദ്യമാകാവുന്നതാണ്.

# 19

# മൗതിക ദൈവവിജ്ഞാനീയം
## (Mystical Theology)

ഈ ദൈവശാസ്ത്ര ശാഖയെ സുകൃതയോഗാഭ്യാസ ദൈവവിജ്ഞാനീയത്തിൻെറ അവസാന ഭാഗമായി ചില പണ്ഡിതന്മാർ പരിഗണിക്കുന്നുണ്ടെങ്കിലും പല ആധുനിക സുകൃതശാസ്ത്രജ്ഞരും ''മൗതികം'' എന്ന പ്രത്യേക നാമവിശേഷണം നൽകിക്കൊണ്ട് ഒരു പ്രത്യേക ശാഖയായിട്ടാണ് ഇതിനെക്കുറിച്ച് പ്രതിപാദിക്കാറുള്ളത്. കാരണം ദൈവവുമായുള്ള ഐക്യത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിലെ ഏററവും ഉന്നതവും അനന്യസാധാരണവുമായ ഈ പദവിയിൽ അനുഭവവേദ്യമാകുന്ന ദൈവത്തിൻെറ രഹസ്യപ്രവർത്തനം അവിടുത്തെ ദിവ്യാനുഗ്രഹങ്ങൾ സ്വീകരിക്കുന്ന വ്യക്തിക്കുമാത്രം സുജ്ഞാതവും മററുള്ളവർക്ക് അജ്ഞാതവുമത്രേ. പ്രസ്തുത മൗതിക പ്രവണതകൾ പൗരസ്ത്യ ആദ്ധ്യാത്മിക ദൈവവിജ്ഞാനീയത്തിൽ പ്രത്യേകം പ്രകടിതമാകുന്നുണ്ട്.

''മൗതികത'' mysticism– രഹസ്യകാര്യങ്ങളുമായിസംബദ്ധമായത് എന്ന അർത്ഥമുള്ള ''മൂസ്തിക്കോസ്'' എന്ന ഗ്രീക്ക് പദത്തിൽനിന്നുള്ള തദ്ഭവമാണ്. ക്രിസ്തീയ അർത്ഥത്തിൽ മൗതികത ഭക്തിതീക്ഷ്ണതയുള്ള ഒരാത്മാവിനു് ദൈവത്തോടുള്ള അവഗാഢമായ രഹസ്യ സമ്പർക്കമാണ്. മൗതികം എന്ന നാമവിശേഷത്തിൻെറ അർത്ഥം തന്നെ അഗ്രാഹ്യം, ഗുപ്തം, ഗൂഢാർത്ഥകം എന്നൊക്കെയാണ്, ''മിസ്റ്റിസിസം'', ഒരു വലിയ യാഥാർത്ഥ്യമായ ആത്മാവിൽ ഏററവും വലിയ യാഥാർത്ഥ്യമായ ദൈവവുമായുള്ള ഗാഢസംഗമത്തിലൂടെ അവിടുത്തെ സാ

ന്നിദ്ധ്യത്തെക്കുറിച്ച് ഒരു ഭക്തവ്യക്തിക്കു് സംസിദ്ധമായ അനുഭവജന്യമായ പ്രയോഗദർശിതമായ (experi-mental) ജ്ഞാനമാണു്. യുക്തിയോ വിശ്വാസമോ വഴിയായി സമ്പാദിക്കുന്നതിനേക്കാരം ഉപരിയായി ലഭിക്കുന്ന ദൈവാനുഭവാത്മകമായ ജ്ഞാനമാണിതു്. അപ്രത്തകമോ നിശ്ചേതനമോ (passive) ആയ അനുചിന്തനത്തിലൂടെ ദൈവവുമായി സാധിക്കുന്ന മൗതികമായ ഐക്യത്തിൻെറ ഈ പദവിയിൽ ദർശനം, പാരവശ്യം എന്നിത്യാദി മനഃശരീരസംബന്ധമായ ചില അസാധാരണ പ്രതിഭാസങ്ങരം പ്രത്യക്ഷപ്പെട്ടെന്നുവരും. എന്നാൽ ഈ അത്യുന്നമായ ആദ്ധ്യാത്മികാവസ്ഥ ഏതാദൃശമായ അത്ഭുതാനുഭവങ്ങരം ആവശ്യം ഉരംക്കൊള്ളണമെന്നില്ല. മദ്ധ്യശതകങ്ങരംവരെയുള്ള മൗതിക യോഗികരംക്കു് ഇത്തരം അനുഭവങ്ങരം വളരെ ദുർലഭമായിട്ടേ ഉണ്ടായിട്ടുള്ളു.

ജ്ഞാനത്തിലും സ്നേഹത്തിലുംകൂടി ദൈവത്തോടു നേരിട്ടുണ്ടാകുന്ന സംസർഗ്ഗമാണു് നിവേശിതമായ അനുചിന്തനം (infused contemplation) എന്നും ഇതുതന്നെയാണു് മൗതികാനുഭവമെന്നും (J. Gerson Butler, A. Paulain) മുതലായ ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. (a) (J. V. Bainv l, A. A. Ribert, A. Tanquery) എന്നീ പണ്ഡിതന്മാർ മൗതികാനുഭവത്തെ നിവേശിതാനുചിന്തനത്തിൽമാത്രം ഒതുക്കിനിർത്താതെ ബുദ്ധിയുടേയും ഇച്ഛാശക്തിയുടേയും പ്രവർത്തനത്തെ ഊന്നിപ്പറയുന്നു. (b) J. G. Arintero, Garrigow-Lagrange, A. Royo മുതലായ ആധുനിക ഡൊമിനിക്കൻ പണ്ഡിതന്മാരാകട്ടെ മൗതികാനുഭവത്തിൻെറ ഘടകാംശം ആത്മാവിലുള്ള പരിശുദ്ധാത്മപ്രവൃത്തിയുടെ പ്രവർത്തനമാണെന്നും പ്രസ്തുത പ്രവർത്തനത്തെക്കുറിച്ചു് അതിനു്

---

a) E. C. Butler, Western mysticism (1922) ; A. F. Paulain, grace of Interior prayer (1950)

b) A. Tanquery, The Spiritual Life (1930)

ബോദ്ധ്യമുണ്ടെന്നും വാദിക്കുന്നു.[c] Jacques Maritain നെപ്പോലുള്ള മററുചില ആധുനിക ദൈവവൈജ്ഞാനികർ മൗതികാനുഭവവും നിവേശിതാനുചിന്തനവും തമ്മിൽ ഒരു വ്യതിരേകം കാണുന്നു. മാത്രമല്ല ധ്യാനനിരതമോ കർമ്മോദ്യുക്തരോ ആയ ജീവിതം നയിക്കുന്ന മൗതിക യോഗികളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ തമ്മിലും വിവേചിക്കുന്നുണ്ട്. [d].

സുകൃതജീവിതത്തിൻെറ ഒരു പ്രധാനഘടകമായ മാനസികപ്രാത്ഥനയുടെ കൂടുതൽ ഉന്നതമായ പദവികളേയും രൂപങ്ങളേയും വിശുദ്ധരുടെ ജീവിതത്തിലെ അസാധാരണമായ പ്രതിഭാസങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന മൗതിക ദൈവവിജ്ഞാനീയം, ആദ്യകാലത്ത് ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ച ശാസ്ത്രം മുഴവനും ഉൾക്കൊള്ളുന്നതായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ പില്ക്കാലത്ത് അതു് നിവേശിതമായ അനുചിന്തനത്തോടും ((infused contemplation) ആദ്ധ്യാത്മിക ജീവിതത്തിൻെറ അസാധാരണാനുഗ്രഹങ്ങളോടു മാത്രം സംബദ്ധമായ കാര്യങ്ങളെക്കുറിച്ചുള്ള പ്രതിപാദനമായി തീർന്നു. ചുരുക്കിപറഞ്ഞാൽ, മൗതികാവസ്ഥയേയും അതിൻെറ പ്രചലനങ്ങളേയുംകുറിച്ച് ഏകചിന്താനുസൃതമായ ഒരഭിപ്രായം ദൈവശാസ്ത്രജ്ഞന്മാർക്കില്ല. ഒരു ഗണം പണ്ഡിതന്മാർ പറയുന്നതു് മൗതികാവസ്ഥ ജ്ഞാനസ്നാനത്തിൽ നമുക്കു് ലഭിക്കുന്ന പ്രസാദവര ജീവൻെറ സാധാരണ വികസനത്തിൽ അന്തർഹിതമാണെന്നത്രേ. മറേറഗണത്തിൽ പെട്ടവർ, മൗതികജീവിതം ദൈവത്തിൻെറ സൗജന്യദാനമായ പ്രസാദവരത്തോടു് അനുരൂപമായ അസാധാരണ ജീവിതമാണെന്നും അക്കാരണത്താൽ ഇതു് തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചിലർക്കു

---

c) J. G. Arintero, Mystical Evolution in the Development and vitality of the Church (1949): R. Garrigow-Lagrange; "Three Ages of the Interior Life" (1948)

d) J. Maritain; Degrees of Knowledge (1959).

മാത്രം നൽകപ്പെടുന്ന ഒന്നാണെന്നുമത്രേ അഭിപ്രായപ്പെടുന്നത്.

മനുഷ്യനും ദൈവവുമായുള്ള തീക്ഷ്ണവും പരസ്പരവുമായ മൗതിക ഐക്യം അന്തർജ്ഞാനോപലബ്ധവും (intuitive) അനുഭവാധീനവും (passive) മുഗ്ദ്ധവുമാണ് (simple). മൗതിക ഐക്യത്തിൻെറ പാരമ്പരിക വിഭജനം ആവിലായിലെ വി. ത്രേസ്യായുടെ ആന്തരിക ഹർമ്യം (Interior bastle) എന്ന കൃതിയിൽ കാണുന്ന വിവരണത്തെ പ്രധാനമായും ആധാരമാക്കിയുള്ളതാണ്. (a) കൃത്യമായി പറഞ്ഞാൽ ഇതിൽ നാലു പദവികളുണ്ട്. (1) അപൂർണ്ണമായ മൗതികഐക്യം (Incomplete mystical union) (2)ഐക്യത്തിൻെറ പ്രാത്ഥന (prayer of union) (3) ഭക്തപാരവശ്യപരമായ ഐക്യം (Ecstatic union) (4)രൂപപരിണാമാത്മകമായ ഐക്യം (Transforming union) ചില പണ്ഡിതന്മാർ നിരാകരിക്കുന്ന ആദ്യപദവിയിൽ ഇതര വിചാരങ്ങൾ ഉണ്ടാകാവുന്ന ഒരുതരം ആദ്ധ്യാത്മിക സ്വസ്ഥത അഥവാ നിശ്ചലതയാണുള്ളത്. ഐക്യത്തിൻെറ പ്രാത്ഥനയിൽ ആത്മാവ് പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കപ്പെടുന്ന, അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ച് അതിന് ബോധമുണ്ട്. ഈ ഘട്ടത്തിൽ ഇതരവിചാരങ്ങൾ ഉണ്ടാവില്ല. ഭക്തിപാരവശ്യത്തിൻെറ ഫലമായി ദൈവമൊഴിച്ച് മററുള്ള എല്ലാ ഐന്ദ്രിക ബന്ധങ്ങളിൽനിന്നും ആത്മാവ് വിച്ഛേദിക്കപ്പെടുന്നു. സ്വേച്ഛാനുസൃതമായ ശാരീരിക ചലനം തന്നെയും അസാദ്ധ്യമായിത്തീരുന്നു. എന്നാൽ ചിലപ്പോൾ ശാരീരികമായ അത്ഭുത പ്രതിഭാസങ്ങൾ സംഭവിക്കാറുണ്ട്. മൗതിക വിവാഹം (mystical marriage) എന്നും വിളിക്കപ്പെടാറുള്ള രൂപപരിണാമാത്മകമായ ഐക്യത്തിൻെറ പ്രാത്ഥനയിൽ നമ്മുടെ മനസ്സും ഇച്ഛാശക്തിയും ദൈവിക ജീവനിലേക്ക് മുഴുവനായും ലയിച്ചുപോകുന്നു. ഈ അന്തിമ ഐക്യം സ്ഥിരവും, ബോധപൂർവ്വവും അനുഭവവേദ്യവുമായതത്രേ.

---

a) St. Teresa of Avila, 'Interior castle ed. (1946)

## പ്രത്യേക മൗതിക പ്രതിഭാസങ്ങൾ
## (Mystical Phenomena)

പ്രത്യേക മൗതിക പ്രതിഭാസങ്ങൾ സുകൃതയോഗാത്മകജീവിതത്തിൻെറ സാത്തിക ഘടകങ്ങളല്ല. കാരണം മററുള്ളവരുടെ പ്രത്യേക ശ്രദ്ധ ആകർഷിക്കുകയോ അവരെ അദ്ഭുതപ്പെടുത്തുകയോ ചെയ്യുന്ന ഈ സിദ്ധികൾ കൂടാതെ തന്നെ ഒരു വ്യക്തിയ്ക്കു് ക്രിസ്തീയ പൂൎണ്ണതയുടെ അത്യുച്ചിയിൽ ചെന്നെത്താവുന്നതാണു്. സുകൃതജീവിതത്തിൻെറ ബഹിർ പ്രാന്തങ്ങളെ മാത്രം സ്പർശിക്കുന്നവയെങ്കിലും മൗതിക ജീവിതത്തോടു് സംബദ്ധമായ പ്രസ്തുത പ്രതിഭാസങ്ങളെ മൂന്നായി വിഭാഗിക്കാവുന്നതാണു്. (1) വിശുദ്ധീകര പ്രസാദവരത്തിൻെറ പരിണത ഫലങ്ങൾ അഥവാ അതിനോടു് ചേൎന്നിരിക്കുന്ന സഹജ പ്രതിഭാസങ്ങൾ. (2) നമ്മുടെ പ്രയോജനത്തിനുവേണ്ടി നൽകപ്പെടുന്ന അദ്ഭുതങ്ങൾ. (3) അപൂൎവ്വമായ വെറും അത്യദ്ഭുതസിദ്ധികൾ.

(1) സഹജബദ്ധമായ മൗതിക പ്രതിഭാസങ്ങൾ (concomitant mystical phenomena) നിഷ്കൃഷ്ടാൎത്ഥത്തിൽ ഇവ കായിക പ്രതിഭാസങ്ങളല്ല, ബാഹ്യമായ നിരീക്ഷണത്തിനു് വിധേയമല്ല പ്രത്യുത ആന്തരിക സ്ഥിതിവിശേഷമാണു്. ദൈവശാസ്ത്രജ്ഞന്മാർ ഇവയെ പരിശുദ്ധാത്മാവിൻെറ ഫലങ്ങളായ, ഉപവിയുടെ ഫലങ്ങളായ സന്തോഷം, സമാധാനം, ദീനാനുകമ്പ എന്നിങ്ങനെ പരിഗണിക്കുന്നു. (a). ദൈവിക കാര്യങ്ങളോടു് സംബദ്ധമായ അനുഭവജ്ഞാനത്തിലേക്കുള്ള ഉൾക്കാഴ്ച, ഇന്ദ്രിയങ്ങളുടെ ശുദ്ധീകരണം, ദൈവസാന്നിദ്ധ്യത്തെക്കുറിച്ചുള്ള നിരന്തരമായ ബോദ്ധ്യം, ചൈതന്യത്തിൻെറ നിഷ്ക്രിയമായ അഥവാ അനുഭാവാധീനമായ ശുദ്ധീകരണം, സ്വാൎത്ഥനിഗ്രഹം, വീരോചിത സുകൃതം, ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണത, എന്നിവയെല്ലാം ആവിലായിലെ വി. ത്രേസ്യായും (Interior

---

(a) The Aquinas 1 a 2 ae, 28–30.

bastle 4–7) കുരിശിൻെറ വി. യോഹന്നാനും (Dark Night) വി. ഫ്രാൻസീസ് സേയിൽസും (Love of God, 6–7) അവരുടെ മേലേ ഉദ്ധരിച്ചിരിക്കുന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഈ ഗണത്തിൽ വി. തോമസ് അക്വീനാസ്, ജൈവഘടനയെ അതിമാത്രം ബാധിക്കുന്ന ഭക്തിപാരവശ്യംപോലുള്ള ഫലങ്ങളും ഉൾപ്പെടുത്തുന്നുണ്ട്. ([a])

(2) **അത്ഭുതങ്ങൾ** (Miracles) പൊതുനന്മയ്ക്കുവേണ്ടി ദൈവവചനത്തിൻെറ പ്രേഷിതത്വം വളർത്തുന്നതിനു് ചിലക്ക് നൽകപ്പെടുന്ന പ്രത്യേക വരങ്ങളെക്കുറിച്ചും അവയെ എല്ലാം ഉല്ലംഘിക്കുന്ന സ്നേഹത്തെക്കുറിച്ചും പ്രസ്താവിക്കുന്നുണ്ട് ([b]). ഈ ഗണത്തിൽ അത്ഭുതത്തിൻെറയും, രോഗശാന്തിയുടേയും, പ്രവചനത്തിൻെറയും, അന്യഭാഷയുടേയും വരങ്ങൾ ഉൾപ്പെടുന്നുണ്ട്. സൗജന്യമായി ലഭിക്കുന്ന പ്രസ്തുത ദാനങ്ങൾ ദൈവജനത്തിൻെറ പ്രയോജനത്തിനു വേണ്ടിയാണു് നൽകപ്പെടുന്നതു്. വിശ്വാസത്തെ സഹായിച്ചുവളർത്തുന്നതിനുവേണ്ടിയാണു് പ്രത്യേകം അത്ഭുതങ്ങൾ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ([c])

(3) **വിസ്മയകരമായ അപൂർവ്വ കഴിവുകൾ** (Prodigies)

മററുള്ളവക്ക് ദൃശ്യമല്ലാത്ത സംഗതികളുടെ ദർശനം, മററൊരാളുടെ ഹൃദയരഹസ്യം പറയുക, പ്രതിഷ്ഠിതമായ വിശുദ്ധ വസ്തുക്കൾ തിരിച്ചറിയുക, ശരീരത്തിൽ സ്നേഹത്തിൻെറ അതിശക്തമായ ഊഷ്മളത അനുഭവപ്പെടുക, പഞ്ചക്ഷതങ്ങൾ, രക്തവിയർപ്പ്, ഒരേ സമയത്തു് രണ്ടു സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുക, അന്തരീക്ഷത്തിൽ പൊങ്ങി നില്ക്കുക, അഗ്നി ബാധിക്കാതിരിക്കുക, ഭക്ഷണം കഴിക്കാതെ ജീവിക്കുക, ശരീരത്തിൽനിന്നു് സുഗന്ധം പ്രസരിക്കുക എന്നിത്യാദിയാണു് പ്രസ്തുത അപൂർവ്വ സി

---

(a) Th. Aq. St. 2a 2ae, 175
(b) St. Paul I Cor. 12:7–11; 13:1–13
(c) A. Thurston, The Physical Phenomena of mysticism (1952)

ദ്ധികരം. ഈ മൗതിക പ്രതിഭാസങ്ങളെല്ലാം പൂൎണ്ണമായും സ്വഭാവാതീതമായ പ്രസാദവരജീവിതത്തോടു് ഏകീകരിക്കുവാൻ സാദ്ധ്യമല്ല. ഇവ എങ്ങനെയൊക്കെ സംഭവിച്ചാലും ഇവ ശാരീരികമോ മനശ്ശാസ്ത്രവിഷയകമോ ആയ വസതു്തകളായി പരിഗണിക്കപ്പെടാവുന്നതാണു്. (d)

## ഉള്ളടക്കം

നിവേശിതധ്യാനം മുതലാണു് മൗതികത ആരംഭിക്കുന്നതെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതുകൊണ്ടാണു്അതുമുതൽ മൗതിക ദൈവവിജ്ഞാനീയത്തിന്റെ പ്രതിപാദ്യമായി ഇവിടെ ചേൎത്തിരിക്കുന്നതു്. — നിവേശിതധ്യാനത്തിൽ ദൈവത്തിന്റെ പ്രവർത്തനം, ആത്മാവിന്റെ പങ്കു്— നിവേശിതാനുചിന്തനത്തിന്റെ പ്രയോജനങ്ങളും അതിനുള്ള ആഹ്വാനത്തിന്റെ ലക്ഷണങ്ങളും — ശാന്തതയുടെ പ്രാൎത്ഥനയുടെ ഘടകങ്ങൾ — ഇന്ദ്രിയങ്ങളുടെ രാത്രിയും പ്രലോഭനങ്ങളും — അപ്രവർത്തകമായ അനുചിന്തനം— ആത്മികശക്തികളുടെ നിദ്ര.— സമ്പൂൎണ്ണമായ ഐക്യത്തിന്റെ പ്രാൎത്ഥന, —പാരവശ്യപരമായ ഐക്യം, രൂപാന്തരീകരണം സാധിക്കുന്ന ഐക്യം അഥവാ ആദ്ധ്യാത്മിക വിവാഹം. — അസാധാരണമായ മൗതിക പ്രതിഭാസങ്ങൾ — ദൈവിക പ്രതിഭാസങ്ങൾ, രഹസ്യാവിഷ്കരണങ്ങൾ., പഞ്ചക്ഷതങ്ങൾ മുതലായ മാനസികവും ശാരീരികവുമായ പ്രതിഭാസങ്ങൾ — പൈശാചിക വ്യാപാരങ്ങൾ — അസാധാരണമായ അനുഭവങ്ങളെ വീക്ഷിക്കേണ്ട വിധം — അവിശ്വാസ്യമായ മൗതികത — ആദ്ധ്യാത്മിക നേതൃത്വത്തിന്റെ ആവശ്യകതയും പ്രയോജനവും.

---

(d) F. Von Hugel, Mystical Element in Religion (1927). J. Dally, Christian Mysticism and the Natural World (1950). A. Ple. et. al, Mystery and Mysticism (1956). R. Omez, Psychical Phenomena (1959), A. Wiesinger, Occult Phenomena in the Light of Theology (1957).

# 20

# അജപാലക ദൈവവിജ്ഞാനീയം

## (Pastoral Theology)

അജപാലകൻ (Shepherd) എന്ന അർത്ഥത്തിൽ ലത്തീനിലും ഇംഗ്ലീഷിലും ഉപയോഗിച്ചു പോരുന്ന "pastor" എന്ന നാമത്തിൻെറ വിശേഷണരൂപമാണ് 'pastoral'. വ്യാപകമായ അർത്ഥത്തിൽ എല്ലാമനുഷ്യരും, നിഷ്കൃഷ്ടാർത്ഥത്തിൽ തിരുസഭാസന്താനങ്ങളായ എല്ലാവിശ്വാസികളും ദൈവത്തിൻെറ അജഗണത്തിൽ പെട്ടവരാണ്. പ്രസ്തുതാത്മാക്കളുടെ പരിപാലന കർത്തവ്യം നിർവഹിക്കുന്ന പുരോഹിതനോ പുരോഹിതന്മാരുടെ അധിപനായ മെത്രാനോ, മെത്രാപ്പോലീത്തായോ, പാത്രിയർക്കീസോ ഇവരെല്ലാവരുടേയും പരമാദ്ധ്യക്ഷനായ മാർപാപ്പായോ ക്രിസ്തീയാർത്ഥത്തിൽ അജപാലകനാണ്. ഇവരിൽ മാർപാപ്പാ സഭയാകുന്ന അജഗണം മുഴുവൻേറയും പരമാധികാരിയായ ദൃശ്യപാലകനാണ്. പുതിയ ദൈവജനമാകുന്ന അജഗണത്തിൻെറ മുഴുവനും സ്രഷ്ടാവും പരിത്രാതാവുമായ ക്രിസ്തുനാഥനത്രേ ഇവക്കെല്ലാവർക്കും ഉപരിയായി വർത്തിക്കുന്ന പ്രഥമനും ഏററവും പ്രധാനനുമായ പാലകനും മാതൃകയും. ക്രിസ്തുവിൻെറ മാതൃകക്കും പ്രബോധനങ്ങൾക്കും അനുസൃതമായി, മാർപാപ്പായോടൊത്ത് വിശ്വാസികളുടെ സമൂഹത്തെ പഠിപ്പിക്കുകയും, വിശുദ്ധീകരിക്കുകയും ഭരിക്കുകയും ചെയ്യുന്ന പുരോഹിത ശ്രേഷ്ഠന്മാർക്കു അധീനരായി പ്രസ്തുത ജോലികളിൽ അവരെ സഹായിക്കുന്ന വൈദികരുടെ കർത്തവ്യങ്ങളെക്കുറിച്ചാണ് അജപാലക

ദൈവവിജ്ഞാനീയം പ്രത്യേകം പ്രതിപാദിക്കുന്നതു്. മുഖ്യപ്രവാചകനും, പുരോഹിതനും രാജാവുമായ ക്രിസ്തുവിൻെറ ആത്മരക്ഷാസംബന്ധമായ ജോലി ഒരു വൈദികൻ യഥോചിതം നിർവഹിക്കുന്നതിനു് ആവശ്യകമായ നിയമങ്ങളും, രീതികളും ഈ ദൈവശാസ്ത്രശാഖ വിവരിക്കുന്നു.

ക്രിസ്തീയ തത്ത്വങ്ങളുടേയും അവയോടു് അനുബന്ധമായ അനുഭവങ്ങളുടേയും വെളിച്ചത്തിൽ മതാചാര്യൻ എന്ന നിലയിലുള്ള ഒരു ദൈവജനപാലകൻെറ അഥവാ ശുശ്രൂഷകൻെറ ഉദ്യോഗം വിശ്വസ്തമായി നിർവഹിക്കുന്നതിനു് അവശ്യകവും സഹായകവുമായ നിർദ്ദേശങ്ങൾ നൽകുന്ന ഈ ദൈവവിജ്ഞാനീയം സൈദ്ധാന്തികം, ധാർമ്മികം, സുകൃതയോഗാഭ്യാസപരം എന്നീ ദൈവവിജ്ഞാനീയങ്ങളിലും കാനൻ നിയമങ്ങളിലും അധിഷ്ഠിതമാണു്. എന്നാൽ ഈ ഉറവിടങ്ങളിൽ നിന്നുമാത്രമല്ല, പ്രായോഗിക തലത്തിൽ, മാർപാപ്പാമാരുടെ ഔദ്യോഗിക ലിഖിതങ്ങളിലും സാർവ്വത്രിക സൂനഹദോസുകൾ, റോമൻ കോൺഗ്രിഗേഷനുകൾ, പ്രവിശ്യാസമിതികൾ, രൂപതാ സൂനഹദോസുകൾ എന്നിവയുടെ പ്രമാണരേഖകളിലും മെത്രാൻെറ ആധികാരിക പ്രഖ്യാപനങ്ങളിലുംനിന്നു് ഇതു് അജപാലക നിർദ്ദേശങ്ങൾ സ്വീകരിക്കുന്നുണ്ടു്.

ഈ ദൈവശാസ്ത്രശാഖ പുതിയതായി തോന്നാമെങ്കിലും ഇതു് യഥാർത്ഥത്തിൽ ക്രിസ്തുമതത്തോളംതന്നെ പഴക്കമുള്ളതാണു്. ഇതിൻെറ മൗലിക തത്ത്വങ്ങൾ ക്രിസ്തുനാഥൻതന്നെ തൻെറ ശിഷ്യരെ പഠിപ്പിച്ചിട്ടുള്ളതത്രേ.[a] വി. പൗലോസ് തിമോത്തേയോസിനും തിത്തോസിനും എഴുതിയ ലേഖനങ്ങളിലും അജപാലന സംബന്ധമായ സംഗതികളെക്കുറിച്ചു് പ്രതിപാദിക്കുന്നുണ്ടു്. സഭാപിതാക്കന്മാരായ വി സിപ്രിയാൻ, വി.

---

(a) മത്താ. X, 6-42, മർക്കോ. VI, 8-13. ലൂക്കാ IX, 3-6; X, 4-12. XII, 22-34.

ഗ്രഗരി നസ്യാൻസൻ, വി. അംബ്രോസ് വി. ജോൺ ക്രിസോസ്റ്റോം, മഹാനായ വി. ഗ്രഗരി എന്നിവരും ഈ വിഷയത്തെ ആധാരമാക്കി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. വി. ഗ്രഗറിയുടെ ''അജപാലകനിയമം'' Regula Pastoralis ആത്മാക്കളുടെ പരിപാലനത്തേയും നിയന്ത്രണത്തേയും കുറിച്ച് വിരചിതമായ ഏററവും വിശിഷ്ടകൃതിയാണ്. പ്രസ്തുതഗ്രന്ഥം മദ്ധ്യശതകങ്ങളിൽ സാർവ്വത്രികമായ ഉപയോഗത്തിലായിരുന്നു. വി. അൽഫോൻസ് ലിഗോരിയുടെ അപ്പസ്തോലിക മനുഷ്യൻ Homo Apostolicus എന്ന കൃതിയും പ്രത്യേകം പഠനാർഹമാണ്.

അജപാലക ദൈവശാസ്ത്രം തിരുസഭയിൽ സദാ പ്രയുക്തമായിരുന്നെങ്കിലും അടുത്ത നൂററാണ്ടുകളിലാണ് ഇതു് ഒരു പ്രത്യേക ദൈവവിജ്ഞാനശാഖയായി പരിഗണിക്കപ്പെട്ടു തുടങ്ങിയതു്. മാർട്ടിൻ ലൂഥറിൻെറ മതവിപ്ലവത്തിനു തൊട്ടുമുൻപും അതോടുകൂടിയും, പുരോഹിതപരമായ അച്ചടക്കവ്യവസ്ഥിതി വേദനാജനകമാംവിധം പരിത്യക്തമായിത്തീർന്നു. ത്രെന്തോസ് സൂനഹദോസിൻെറ സത്വരലക്ഷ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു് വൈദികവൃന്ദത്തിൻെറ ധാർമ്മികവും അജപാലനാത്മകവുമായ പരിഷ്ക്കരണമായിരുന്നു.

അക്കാലംമുതലാണ് അജപാലനദൈവശാസ്ത്രം ഒരു പ്രത്യേക ശാഖയായി വികസിച്ചതെന്നു പറയാം. പ്രോട്ടസ്റ്റൻറു് വിപ്ലവവിരുദ്ധ പ്രസ്ഥാനം, വൈദികരുടെ ജീവിതവിശുദ്ധി, ബൗദ്ധികവും ആദ്ധ്യാത്മികവുമായ രൂപവല്ക്കരണം, സുവിശേഷപ്രഘോഷണത്തിലൂടെ നിർവ്വഹിക്കേണ്ട ജോലിയ്ക്കായുള്ള ഇവരുടെ ആത്മസമർപ്പണം, ക്രൈസ്തവജീവിതവിശുദ്ധീകരണമാർഗ്ഗങ്ങളായ കൂദാശകളുടെ ക്രമാനുസൃതമായ അനുഷ്ഠാനം, ഇടവകയിലെ, കുടുംബസന്ദർശനം എന്നിവയിൽ ഊന്നിക്കൊണ്ടു് നടപ്പിലാക്കിയ അജപാലനപരിഷ്കരണത്തിൻെറ പ്രോത്സാഹകരായി വി. വിൻസെൻറു് ഡി പോളും, വി. ഫ്രാൻസീസ് സേയിൽസും, വി. ചാൾസ് ബൊറോമ്യോയും

പരിഗണിക്കപ്പെടുന്നുണ്ട്. വൈദികരുടെ ആധുനികമായ അജപാലകപരിശീലനത്തിൽ, പരിതോവസ്ഥകളെക്കുറിച്ചുള്ള ബോധാത്മകതയും, സാമൂഹികശാസ്ത്രങ്ങളിൽ പ്രത്യേകിച്ച് മനഃശാസ്ത്രത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വികസനവും, ചികിത്സാസമ്പ്രദായങ്ങളെക്കുറിച്ചുള്ള (pastoral medicine) ഉപകാരപ്രദമായ ജ്ഞാനവും നമ്മുടെ ചില ദൈവശാസ്ത്രപടുക്കരം ഊന്നിപ്പറയുന്നുണ്ട്.(a)

ഒരു പുരോഹിതൻെറ ത്രിവിധ ഔദ്യോഗിക കത്തവ്യങ്ങരം അജപാലകദൈവവിജ്ഞാനീയത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. അദ്ധ്യാപകൻ അഥവാ പ്രവാചകൻ എന്ന നിലയിൽ അദ്ദേഹം തൻെറ അജഗണത്തോട് ദൈവവചനം പ്രസംഗിക്കണം. പാപസങ്കീത്തനം, ദിവ്യകാരുണ്യം, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണത്തിനു് ബാലികാബാലന്മാരെ സജ്ജീകരിക്കുന്നതിനു് സഹായകമായ മതബോധനം നൽകണം. വിശുദ്ധീകരണപ്രവത്തകൻ എന്ന നിലയിൽ ലിററർജിയുടെ കേന്ദ്രമായ ദിവ്യബലിയപ്പ്ണവും മററു കൂദാശകളുടെ പരികമ്മവും ഭക്തിപൂവ്വം നിവ്വഹിക്കണം. ഇതിനു് ആവശ്യകമായ സൈദ്ധാന്തികവും ധാമ്മികവുമായ ദൈവശാസ്ത്രങ്ങളും കാനൻനിയമങ്ങളും നന്നായി പഠിച്ചിരിക്കണം. മതത്തോടും ധാമ്മികതയോടും ശാരീരികാവസ്ഥയ്ക്കു് ഗാഢബന്ധമുള്ളതുകൊണ്ടു് അജപാലക ഔഷധങ്ങളെക്കുറിച്ചുള്ള ജ്ഞാനവും അദ്ദേഹം സമ്പാദിക്കുന്നതു് തൻെറ ഔദ്യോഗിക കൃത്യനിവ്വഹണത്തിനു വളരെ സഹായകവും ഒരത്ഥത്തിൽ ആവശ്യകവുമത്രേ. മേല്പറഞ്ഞ കാര്യങ്ങരംകൂടാതെ രോഗികളെയും മരണാസന്നരേയും സന്ദശിച്ച് സഹായിക്കേണ്ടവിധം, കൂദാശാനുകരണങ്ങളുടെ അനുഷ്ഠാനം, ദൈവാലയസംഗീതം, പ്രദക്ഷിണങ്ങരം, വിശുദ്ധരുടെ തിരുശ്ശേഷിപ്പുകരം ഭക്തിപൂവ്വം ഉപയോഗിക്കേണ്ട രീതി എന്നിത്യാദി സംഗതികളും നമ്മുടെ ദൈവവിജ്ഞാനീയത്തിലുണ്ടു്. ഒരു ഭരണ

(a) M. Pfier, Pastoral Theology (1966)

കത്താവുമാണ് പുരോഹിതൻ. പ്രസ്തുത ഉദ്യോഗത്തോട് ബന്ധപ്പെട്ടവയാണ് ഇടവകയുടെ സംഘടിത രൂപവൽക്കരണം, അതിന്ന് ആവശ്യകമായ കുടുംബസന്ദർശനം, ദൈവാലയത്തിൻെറയും ഇതര പ്രാത്ഥനാലയങ്ങളുടേയും നിമ്മാണം, സംരക്ഷണം, ഇടവകയിലെ വിദ്യാലയങ്ങളുടേയും ഇതര ഭക്തസംഘടനകളുടേയും നടത്തിപ്പ്, സാമൂഹികപ്രവത്തനം, പ്രേഷിതസംഘങ്ങളുടെ നിയന്ത്രണം, സഭാവശ്യങ്ങൾക്കായുള്ള ധനശേഖരം, വിവിധ രേഖകളുടെ സംരക്ഷണം എന്നീ കാര്യങ്ങൾ. ഇവയെല്ലാററിനെക്കുറിച്ചും അജപാലകദൈവശാസ്ത്രം പ്രതിപാദിക്കുന്നുണ്ട്.(a)

ഇടവകയുടെ ഭരണകാര്യത്തിൽ പൗരസ്ത്യസഭകളിൽ ഒരു പ്രത്യേകതയുണ്ട്. അതു് അല്മായക്കും ഭാഗഭാഗിത്വമുള്ള പള്ളിയോഗങ്ങൾക്കുള്ള പ്രാധാന്യതയാണ്. പാശ്ചാത്യസഭകളിലെ ഭരണരീതി മദ്ധ്യകാല ഫ്യൂഡൽ സമ്പ്രദായമനുസരിച്ചുള്ളതാണ്. എന്നാൽ നമ്മുടെ നാട്ടിലേതുപോലുള്ള പൗരസ്ത്യ ഇടവകകളിൽ മേൽപ്പറഞ്ഞ യോഗങ്ങൾ ഭരണപരമായ പല കാര്യങ്ങളും നിശ്ചയിച്ചിരുന്നു. ഒരാളെ തക്ക കാരണത്താൽ സഭാഭ്രഷ്ടനാക്കുന്നതിനുപോലും പ്രസ്തുത യോഗങ്ങൾക്ക് അധികാരമുണ്ടായിരുന്നു എന്നത്രേ സഭാചരിത്രകാരന്മാർ പറയുന്നത്. ലിററർജിക്ക് വലിയ പ്രാധാന്യം നൽകുന്ന പൗരസ്ത്യ ഇടവകകളിൽ അല്മായരും വൈദികരോടൊത്തു് സമൂഹമായി യാമപ്രാത്ഥനകൾ നടത്തുന്നുണ്ട്.

മററു കാര്യങ്ങളിലെല്ലാം എല്ലാ കത്തോലിക്ക സഭാവിഭാഗങ്ങൾക്കും പൊതുവായ വിഷയങ്ങളാണ് അജപാലക ദൈവവിജ്ഞാനീയത്തിൽ പ്രതിപാദിക്കപ്പെട്ട

---

(a) 6 Malley and Walsh, Essays in Pastoral Medicine N. Y. (1907). Laurent, tr. Dolphin, The Busy Pastor's Guide (1924). Schulze, Manual of Pastoral Theology. Frassinetti, "Parish Priest's Manual. Keating, The Priest, His charactor and work".

ന്നതു്. ഇവയെല്ലാം രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ''തിരുസഭ'', ''വൈദികർ'', ''ലിററർജി'' എന്നീ പ്രമാണരേഖകളിൽ പ്രത്യേകിച്ച് നമുക്കു് കണ്ടെത്താവുന്നതാണു്. പ്രസ്തുത ആധികാരികവും ഏററവും ആധുനികവുമായ ഔദ്യോഗികരേഖകളിൽ നിന്നുള്ള ദുർലഭം ചില ഉദ്ധരണികൾ മാത്രമാണു് താഴെ ചേർത്തിരിക്കുന്നതു്. ''സഭ ഒരു അജഗണമാണു്. ക്രിസ്തുവത്രേ ഇതിലേയ്ക്കുള്ള ഏകവും അപരിത്യാജ്യവുമായ വാതിൽ (യോഹ. x, 1–10) .... നല്ല ഇടയനും ഇടയന്മാരിൽ അഗ്രഗണ്യനുമാണു് ക്രിസ്തു (യോഹ. x, 11) (I പത്രോ. v,4) (a). ''അജപാലകരുടേയും വിശ്വാസികളുടേയും മേൽ മാർപാപ്പായ്ക്കുള്ള പരമാധികാരം അന്യൂനവും അഭംഗുരവുമായി നിലനില്ക്കുന്നു'' (b). ''ദൈവികസത്യങ്ങളുടെ പ്രബോധകനും, ദൈവാരാധനയിലെ പുരോഹിതനും ഭരണാധികാരിയുമെന്ന നിലയിൽ അജഗണത്തിന്റെ ഇടയനായ മെത്രാൻ .... സമൂഹത്തെ സേവിക്കാനായി വൈദികരേയും ഡീക്കൺമാരേയും സഹപ്രവർത്തകരായി സ്വീകരിച്ചു'' (c). ''വൈദികർ അഭിഷിക്തരായിരിക്കുന്നതു് സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളെ പരിപാലിക്കാനും പുതിയ ഉടമ്പടിയിലെ യഥാർത്ഥ പുരോഹിതരെന്നനിലയിൽ ദൈവാരാധന നടത്താനുമാണു്'' (d). ''അരൂപിയിൽ തങ്ങളുടെ അജഗണത്തിനു് മാതൃകയായി (I പത്രോ. v, 3) ഏകമായ ദൈവജനം മുഴുവനും വിശേഷവിധിയായി അർത്ഥവത്താക്കിയിരിക്കുന്ന ദൈവസഭ എന്ന നാമം തങ്ങളുടെ പ്രാദേശികസഭയ്ക്കു് സാർത്ഥകമാകത്തക്കവണ്ണം വൈദികർ അതിനെ നയിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം (I കൊറി. I, 2: II കൊറി 1, 1). ''അധികാര പദവിയുടെ താഴ്ന്ന നിലയിലുള്ളവരാണു് ഡീക്കൻമാർ പൗരോഹിത്യത്തിനുവേണ്ടിയല്ല, ദൈവശുശ്രൂഷയ്ക്കുവേണ്ടിയാണു് അവരിൽ കൈവെപ്പ് നടത്തിയിട്ടുള്ളതു്'' (e). ''പുരോഹിതന്മാർ തങ്ങളെ

---

(a) തിരുസഭ. n. 6. (b) Ibid n. 22. (c) Ibid n. 20 (d) Ibid n. 28. (e) Ibid n. 29.

ഏല്പിച്ചിരിക്കുന്ന അപ്പസ്തോലികദൗത്യത്തിന്റെ പൂർത്തീകരണത്തിൽ മെത്രാന്മാരുടെ സഹപ്രവർത്തകരായിത്തീരുന്നു'' (f). പുണ്യപൂർണ്ണത സമ്പാദിക്കാനുള്ള സവിശേഷമായ ബാദ്ധ്യത വൈദികർക്കുണ്ട്, തിരുപ്പട്ടസ്വീകരണം വഴി പ്രത്യേകവിധത്തിൽ അവർ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നു'' (g). ദൈവവചനം പരികർമ്മം ചെയ്യേണ്ട വൈദികർ തങ്ങൾ മററുള്ളവരെ പഠിപ്പിക്കുവാൻ കടപ്പെട്ടുന്ന ദൈവവചനം അനുദിനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം'' (a). വിശുദ്ധ വസ്തുക്കളുടെ പരികർമ്മികളെന്ന നിലയിൽ പ്രധാനമായി കുർബ്ബാനയെന്ന ബലിയിൽ ക്രിസ്തുവിനെ വൈദികർ പ്രത്യേകവിധം പ്രതിനിധാനം ചെയ്യുന്നു. വിശുദ്ധ ബലിയുടെ അർപ്പണത്തിലൂടെയാണ് വൈദികർ തങ്ങളുടെ സുപ്രധാന ധർമ്മം നിർവഹിക്കുന്നതു്'' (b). ''ദൈവജനത്തെ ഭരിക്കുകയും പാലിക്കുകയും ചെയ്യുന്ന വൈദികർ നല്ല ഇടയന്റെ സ്നേഹത്താൽ ഉജ്ജ്വലിച്ച് സ്വജനങ്ങൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കാൻ സന്നദ്ധരായിരിക്കണം'' (c). ''ഭൗതികവസ്തുക്കൾ കർത്താവിന്റെ ഉപദേശങ്ങൾക്കും സഭയുടെ നിർദ്ദേശങ്ങൾക്കും അനുരൂപമായ കാര്യങ്ങൾക്കുവേണ്ടി മാത്രമേ ഉപയോഗിക്കാവൂ. .... പള്ളിവസ്തുക്കൾ കഴിവതും പരിചയസമ്പന്നരായ അല്മായരുടെ സഹായത്തോടെവേണം കൈകാര്യം ചെയ്യാൻ'' (d). ''അവർ സഭയുടെ അദ്ധ്യാപനാധികാരം, വിശേഷിച്ചും സൂനഹദോസുകളും റോമാ മാർപാപ്പാമാരും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള രേഖകൾ നന്നായി അറിഞ്ഞിരിക്കണം. ഉത്തമരും അംഗീകൃതരുമായ ദൈവശാസ്ത്രജ്ഞന്മാരുടെ ആശയങ്ങൾ അവക്ക് അജ്ഞാതമാകരുതു്'' (e). ''തന്റെ പുത്രനെ നല്കാൻ തക്കവണ്ണം അത്രയധികം ദൈവം സ്നേഹിച്ച അതേ ലോകത്തെ തന്നെയാണ്, സ്നേഹിക്കാനും സേവിക്കാനുമായി അജപാലകരെ ഇന്നേല്പിച്ചിരിക്കുന്നതു്'' (f).

---

(f) വൈദികർ n. 2. (g) Ibid n. 12.
(a) വൈദികർ n. 13. (b) Ibid n. 13. (c) Ibid n. 13.
(d) Ibid n. 17. (e) Ibid n. 19. (f) Ibid n. 22.

# 21

# മതപ്രബോധക ദൈവവിജ്ഞാനീയം
## (Kerygmatic Theology)

സദാചാരപ്രസംഗം, ധർമ്മോപദേശം, പ്രഖ്യാപനം എന്നൊക്കെ അർത്ഥമുള്ള ഒരു ഗ്രീക്കു പദമാണു ''Kerygma''. ഇതിൻെറ വിശേഷണപദം സ്വീകരിച്ചിട്ടുള്ള നമ്മുടെ ഈ ദൈവ വിജ്ഞാനീയ ശാഖ മതപ്രസംഗത്തിൻെറ രൂപത്തിലുള്ള സുവിശേഷ പ്രഘോഷണത്തെക്കുറിച്ചു് പ്രതിപാദിക്കുന്നു. വിശുദ്ധ ഗ്രന്ഥവ്യാഖ്യാനം, ലിററർജി, ജീവിതാനുഭവം എന്നിവയിലൂടെ രക്ഷണീയ ചരിത്രത്തോടു് ബന്ധപ്പെട്ടുള്ള വിശ്വാസ സത്യങ്ങൾ ആപ്പസ്തോലിക കാലം മുതൽ പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന രീതിയിൽ നടത്തിപ്പോരുന്ന പ്രസംഗപ്രസ്ഥാനത്തിൻെറ വിവിധ വശങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുന്ന പ്രത്യേക ദൈവശാസ്ത്രഭാഗമാണിതു്. ആദ്യകാലത്തു് ഈ പ്രാസംഗിക ദൈവിജ്ഞാനീയം, വ്യവഹാരികമാത്രമോ വിദ്വൽ പരിഷത്ു് സംബദ്ധമോ (academic) ആയ ദൈവശാസ്ത്രത്തിൽ നിന്നു് വ്യതിരിക്തമായിട്ടാണു് പരിഗണിക്കപ്പെട്ടിരുന്നതു്. എന്നാൽ പിന്നീടു് ഇതു താത്ത്വികം മാത്രമല്ല ക്രിസ്തീയമായ തീരുമാനത്തിലേക്കും തദനുസൃതമായ ജീവിതത്തിലേക്കും മനുഷ്യരെ നയിക്കുന്ന ഒരു പ്രായോഗിക ദൈവശാസ്ത്രമായി എല്ലാ പ്രസിദ്ധ പണ്ഡിതന്മാരാലും അംഗീകരിക്കപ്പെടുകയാണുണ്ടായതു്. ദൈവത്തിൻെറ രക്ഷാകര വചനത്തിലും പ്രവൃത്തികളിലും അധിഷ്ഠിതമായിരിക്കുന്നതുകൊണ്ടു്, മതപ്രാസംഗിക ദൈവ ശാസ്ത്രം

ഒരു യഥാർത്ഥ ദൈവശാസ്ത്രത്തിന് ആവശ്യകമായ അദ്ധ്യാപന വിദ്യയോടും സംബന്ധമാണ്, ദൈവവിജ്ഞാനീയത്തിൻെറ ശാസ്ത്രീയ സ്വഭാവത്തിന് അനുസൃതമായ വ്യവസ്ഥവൽക്കരണം ഇതിന് കത്തോലിക്ക ചിന്തയിൽ നൽകപ്പെട്ട എന്നേയുള്ളൂ, ഇതിനു ക്രിസ്തു കേന്ദ്രിതമായ പ്രാസംഗിക ഭാവങ്ങരം അവശ്യം ഉണ്ടായിരിക്കണം. കാരണം ക്രിസ്തുവിൻെറ ജീവിതത്തേയും പ്രവത്തനങ്ങളെയും അവിടന്ന് സ്ഥാപിച്ച സഭയേയും ചുററിപ്പററിയാണ് ഇതു രൂപവൽകൃതമായിരിക്കുന്നതു്.

### പൗരസ്ത്യ മതപ്രബോധക ദൈവവിജ്ഞാനീയം

പാശ്ചാത്യമായതിൽ നിന്നു് സാരാംശപരമായി വ്യത്യസ്തമല്ല. എന്നാൽ ഇതു് പ്രായോഗിക ക്രൈസ്തവ ജീവിത യാഥാർത്ഥ്യങ്ങളുടെ സാന്ദർഭികവും സമുചിതവുമായ വ്യാഖ്യാനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ദൈവാലയത്തിലെ പ്രസംഗങ്ങരം പ്രത്യേകിച്ചും ദൈവാരാധനാകർമ്മങ്ങരം വ്യാഖ്യാനിച്ച് സഭാസമൂഹത്തെ അതിൽ സജീവമായി സംബന്ധിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണെന്നു പറയാം. കാരണം ലിററർജിയിലുള്ള യഥാർത്ഥ ഭാഗഭാഗിത്വമാണ് സഭാജീവിതത്തിൻെറ സുപ്രധാന ഘടകമായി പൗരസ്ത്യർ മനസ്സിലാക്കുന്നതു്. പൗരസ്ത്യ സഭാപിതാക്കന്മാരുടെ മതബോധന (Catechetical) പ്രസംഗങ്ങരം ഈ വസ്തുത സുവിശദമാക്കുന്ന ഉദാഹരണങ്ങളാണ്. മൊപ്പ്സ്വേസ്റ്റിയുടെ മെത്രാനായിരുന്ന തെയഡോറിൻെറ മതാദ്ധ്യാപന പ്രസംഗങ്ങരം സുപ്രസിദ്ധങ്ങളാണല്ലൊ. പൗരസ്ത്യ സഭയിൽ ഏതാദൃശ പ്രസംഗങ്ങരം പലപ്പോഴും വളരെ ദീർഘമായിരുന്നു. വി. ക്രിസൊസ്തോമിൻെറ മതപ്രഭാഷണങ്ങരം ചിലപ്പോരം രണ്ടു മണിക്കൂറോളം നീണ്ടുനിന്നിരുന്നു. പാശ്ചാത്യ സഭയിലെ അംബ്രോസ്, അഗസ്റ്റിൻ, ലീയോ, മഹാനായ ഗ്രഗറി എന്നിവരെപ്പോലെ, സഭാപിതാക്കന്മാരുടെ കാലത്തു് പൗരസ്ത്യ സഭയിൽ ക്രിസൊസ്തോം, ന്യസാൻസൂസിൻെറ ഗ്രഗറി, നീസ്സായുടെ ഗ്രഗറി ബേ

സിൽ എന്നിവർ സുപ്രസിദ്ധ മതപ്രസംഗകരായിരുന്നു.

മനുഷ്യരാശി മുഴുവനും പ്രത്യേകിച്ച് ക്രൈസ്തവജനം, ദൈവത്തേയും അവിടുത്തെ ആവിഷ്കരണത്തേയും ക്രിസ്തുവിലൂടെ അറിഞ്ഞു സ്നേഹിക്കുന്നതിനും സുകൃത സമ്പന്നമായ ഒരു ജീവിതം നയിക്കുന്നതിനും അവരെ സഹായിച്ച് ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടിയ ഈ മതപ്രസംഗ പ്രസ്ഥാനം നമ്മുടെ തിരുനാഥൻ തന്നെയാണ് ആരംഭിച്ചതു്. ഇതു് തുടർന്നു നിർവ്വഹിക്കുന്നതിനു് അവിടുന്നു് തൻെറ അപ്പസ്തോലന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ''ഈശോ ഗലീലിയായാ മുഴുവനും ചുററി സഞ്ചരിച്ച് സിനഗോഗുകളിൽ പഠിപ്പിക്കുകയും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും .... ചെയ്തു. (മത്താ. 4, 23). ''നിങ്ങൾ ലോകമെങ്ങും പോയി സർവ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16, 15). ''എല്ലാ വിജാതീയരും കേൾക്കത്തക്കവിധം വചനം പൂർണ്ണമായി പ്രഖ്യാപിക്കുന്നതിനു വേണ്ട ശക്തി അവിടുന്നു് (എൻെറ നാഥൻ) എനിക്കു നൽകി'' (II തിമോത്തി. 4, 17). പുതിയ ഉടമ്പടിയിൽ മതപ്രസംഗം സുവിശേഷപ്രഘോഷണത്തിനു് സമമാണ്. ഇതു് പ്രാസംഗികൻെറ പ്രമാണ്യത്തിലല്ല ദൈവത്തിൻെറ സന്ദേശവാഹകൻ എന്ന നിലയിൽ പ്രഖ്യാപിക്കപ്പെടുന്ന ക്രിസ്തുസന്ദേശമാണ്.(a) ക്രിസ്തുവിൻെറ മാതൃകയും ആജ്ഞയും അനുസരിച്ച് അപ്പസ്തോലന്മാർ മതപ്രചരണ പ്രസംഗം വികസിപ്പിച്ചു. അപ്പസ്തോലന്മാർ ഇതിനെ തങ്ങളുടെ ഒരു പ്രത്യേക കർത്തവ്യമായിട്ടാണ് പരിഗണിച്ചിരുന്നതു്. വി. പൗലോസിൻെറ വാക്കുകൾ ഈ വസ്തുത സുവ്യക്തമാക്കുന്നുണ്ട്. ''മിശിഹായുടെ സുവിശേഷപ്രഘോഷണത്തിനു് പ്രതിബന്ധമൊന്നും ഉണ്ടാകാതിരിക്കുന്നതിനു് എല്ലാം ഞങ്ങൾ സഹിക്കുകയാണ്

---

a) C. H. Dodd, Apostolic Preaching and its Developments (1937)

ചെയ്തതു്.... ഞാൻ സുവിശേഷം പ്രസംഗിക്കുന്നുവെ ങ്കിൽ എനിക്കതിൽ അഹങ്കരിക്കാനൊന്നുമില്ല: എൻെറ കടമയാണതു്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെ ങ്കിൽ എൻെറ സ്ഥിതി എത്ര ദയനീയം!'' (1 കൊറി. 9; 12:16) ''ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിൻെറ വച നംതന്നെ നിൻെറ അധരങ്ങളിലും ഹൃദയത്തിലുമുണ്ടു് .... ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരുവനിൽ എങ്ങനെ വിശ്വ സിക്കും ? ആരെങ്കിലും പ്രസംഗിക്കാനില്ലാതെ എങ്ങനെ കേൾക്കും ? അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും? ''സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര യോ സുന്ദരങ്ങൾ'' എന്നാണല്ലൊ എഴുതപ്പെട്ടിരിക്കുന്ന തു്.'' (റോമ. 10; 8:14–15) ഇതു് സഭയുടെ ആരംഭദശ യിൽ ദൈവാലയ ശുശ്രൂഷയുടെ ഒരു ഭാഗം തന്നെയാ യിരുന്നു. ''ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളി''ലെ ആദ്യ അദ്ധ്യായങ്ങളിൽ കാണുന്ന മതപ്രസംഗങ്ങൾ, ക്രിസ്തുമത ത്തിൻെറ ആരംഭകാലത്തു് പ്രഖ്യാപിതമായ ദിവ്യസ ന്ദേശത്തിൻെറ ആധാരിക വസ്തുതകളായ, ക്രിസ്തുവിൻെറ ജനനം, പീഡാസഹനം, മരണം, പുനരുത്ഥാനം, സ്വ ർഗ്ഗാരോഹണം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള സാധാ രണ പ്രഭാഷണങ്ങളായിരുന്നു(b) എന്നതു് പ്രത്യേ കം സ്മരണീയമത്രേ. എന്നാൽ പിന്നീടു് ഗ്രീക്കു കാരും റോമാക്കാരുമായ ആലങ്കാരിക വാഗ്മികളു ടെ രീതിയാൽ ഉത്തേജിതരായ ക്രിസൊസ്റ്റോമിൻേറ യും അഗസ്റ്റിൻെറയും ദൈവാലയപ്രസംഗങ്ങൾ പൂർവ്വാ ധികം പ്രചോദകവും പ്രസിദ്ധവുമായിത്തീർന്നു. അടുത്ത ചില നൂററാണ്ടുകളിൽ മതപ്രസംഗപ്രസ്ഥാനത്തിനു് കുറെ മങ്ങൽ ഏല്ക്കേണ്ടിവന്നു. എന്നാൽ പ്രോട്ടസ്റ്റൻറ് മതവിപ്ലവ വിരുദ്ധസംരംഭം സന്യാസികളുടെ പരിശ്ര മഫലമായി ശക്തിപ്രാപിച്ചു് പ്രചരിച്ചതോടെ 17–ാം ശതാബ്ദത്തിൽ, പ്രത്യേകിച്ചു് പാശ്ചാത്യദേശങ്ങളിൽ

b) J. A. Jungman, Good News Yesterday and Today (1962).

ഈ പ്രസംഗപ്രസ്ഥാനം തിരുസഭയുടെ ധാർമ്മികസമരത്തിലെ ഒരു സുശക്തമായ ആയുധമായി തീർന്നു.

ആപ്പസ്തോലിക കാലത്തിനുശേഷം മതപ്രസംഗം മെത്രാൻെറ ഔദ്യോഗിക ജോലിയുടെ ഒരു പ്രധാന ഭാഗമായിട്ടാണ് സഭാപിതാക്കന്മാർ ഇതിനെക്കുറിച്ച് പ്രസ്താവിക്കുന്നതു്. ആഫ്രിക്കായിൽ വി. അഗസ്റ്റിൻെറ കാലംവരെ പുരോഹിതന്മാർ സാധാരണമായി മതപ്രസംഗം നടത്തിയിരുന്നില്ല. ("Vita Possid" 5, PL, XXXII. 37). എന്നാൽ ഓരിജെൻ വെറുമൊരു അല്മായനായിരുന്നപ്പോരം പലസ്റ്റീനായിൽ ഏതാദൃശ പ്രസംഗം നടത്തിയിട്ടുണ്ട്. (Eseub "H. E." VI : 19) ആഫ്രിക്കായിൽ പോലും വൈദികരുടെ അഭ്യർത്ഥനയനുസരിച്ച് അല്മായർ മെത്രാൻെറ അനുവാദത്തോടുകൂടി മതപ്രസംഗം ചെയ്തിരുന്നുവെന്നു ചില ചരിത്ര പണ്ഡിതന്മാർ പറയുന്നുണ്ട് (c. 98 Concil, Carthag IV, anno 398). അഞ്ചാം നൂററാണ്ടിനുശേഷം എല്ലാ ഞായറാഴ്ചകളിലും തിരുനാരം ദിവസങ്ങളിലും വൈദികർ പ്രസംഗിക്കുക ഒരു പതിവായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ ''ഉല്പത്തി'' വിഭാഗത്തെ ആസ്പദിച്ചുള്ള വി. ക്രിസൊസ്റ്റോമിൻെറ ധർമ്മോപദേശങ്ങരം (homilies) നോൻപുകാലത്തു് എല്ലാ ദിവസവും ദൈവാലയത്തിൽ പ്രസംഗം നടന്നിരുന്നുവെന്നുള്ളതിനു് വേണ്ടുവോളം തെളിവു് നൽകുന്നുണ്ടു്.

1917 ജൂൺ 15—ാംനു- ബെനെഡിക്ട് പതിനഞ്ചാമൻ മാർപാപ്പാ പ്രസിദ്ധീകരിച്ച ''ഹുമാനി ജേനെരിസ് റെഡെംപ്സിയോനെ'' എന്ന വിശ്വലേഖനം മതാത്മക പ്രഭാഷണത്തെക്കുറിച്ചുള്ള ഒരു സുപ്രധാന രേഖയാണു്. അതിൽ ഇങ്ങനെ അദ്ദേഹം പ്രസ്താവിക്കുന്നു ''ക്രിസ്തുമതം നമ്മെ പഠിപ്പിക്കുന്ന വിജ്ഞാനത്തിൻെറ പ്രഘോഷണമാണു്. നിത്യരക്ഷയുടെ ജോലി തുടർന്നുകൊണ്ടുപോകുന്നതിനു് ദൈവം വിനിയോഗിക്കുന്ന മാർഗ്ഗം. ഇതു് ന്യായമായ കാരണത്താൽ ഏററവും ശ്രേഷ്ഠവും ഉദാത്തവുമായ ഒരു കാര്യമായി പരിഗണിക്കപ്പെടേണ്ട

തത്രേ.'' ഈ വിശ്വലേഖനത്തിനു വളരെ മുൻപുതന്നെ ത്രെന്തോസ് സൂനഹദോസ് (1545–1563) ദൈവവചന പ്രേഷിതത്വത്തിന് ആവശ്യകവും സഹായകവുമായ ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്[a]. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നതുപോലെ ത്രെന്തോസ് സൂനഹദോസും പ്രസ്താവിക്കുന്നത് മതപ്രസംഗം ചെയ്യുക എന്നതു് മെത്രാന്മാരുടെ മുഖ്യമായ ഔദ്യോഗിക ജോലിയാണെന്നത്രേ. ട്രെൻറ് കൗൺസിലിൻെറ പ്രഖ്യാപന വിശദീകരണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണ്. മെത്രാന്മാർ മാത്രമല്ല ഇടവകവൈദികരും ആത്മാക്കളുടെ സംരക്ഷണ ജോലിയുള്ള എല്ലാവരും നേരിട്ടോ ന്യായ്യമായ പ്രതിബന്ധമുണ്ടെങ്കിൽ വേറെ അംഗീകൃതരായ വ്യക്തികൾ വഴിയോ കുറഞ്ഞപക്ഷം എല്ലാ ഞായറാഴ്ചകളിലും ആഘോഷപൂർവ്വമായ തിരുനാളുകളിലും പ്രസംഗിക്കേണ്ടതാണ്. കൂടാതെ ആഗമനത്തിൻെറയും വലിയ നോയ്മ്പിൻെറയും ഘട്ടങ്ങളിൽ ഒരാഴ്ചയിൽ മൂന്നു പ്രാവശ്യമെങ്കിലും പ്രസംഗം നടത്തുന്നതിന് മെത്രാൻ ഏർപ്പാടു ചെയ്യണം. സന്യാസികൾ വിശ്വാസികൾക്കു് പ്രവേശനമുള്ള തങ്ങളുടെ ദൈവാലയങ്ങളിൽ പോലും പ്രസംഗിക്കുന്നതിനു മുൻപായി ശ്രേഷ്ഠന്മാരുടെ അംഗീകാരവും മെത്രാൻെറ ആശീർവ്വാദവും വാങ്ങിച്ചിരിക്കേണ്ടതാണ്. മററു ദൈവാലയങ്ങളിൽ പ്രസംഗിക്കുന്നതിന് അദ്ദേഹത്തിൻെറ പ്രത്യേക അനുവാദം ആവശ്യകമാണ്. അസൗകര്യമില്ലെങ്കിൽ, വിശ്വാസികൾ തങ്ങളുടെ സ്വന്തം ഇടവകദൈവാലയത്തിൽവച്ച് ദൈവവചനം ശ്രവിക്കുന്നതിനുള്ള അവരുടെ കടമയെക്കുറിച്ച് മെത്രാൻ അവരെ പ്രബോധിപ്പിക്കേണ്ടതാണ്; പ്രസ്തുത പ്രസംഗങ്ങൾ ദീർഘമാകരുതെന്നുമാത്രമല്ല ലളിതവും പ്രായോഗികവുമായിരിക്കണം.

ഈ വിഷയത്തെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രമാണരേഖകളിൽ കാണുന്ന

a) Sess. V· De Reform; Sess XXIV. De Reform Cap. IV·

ചില വാക്യങ്ങളെങ്കിലും ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ''സ്വർഗ്ഗത്തിലും ഭൂമിയിലും സമസ്താധികാരങ്ങളും സിദ്ധിച്ചിരിക്കുന്ന കർത്താവിൽനിന്നു് എല്ലാ ജനപദങ്ങളേയും പഠിപ്പിക്കാനും, വിശ്വാസം, മാമ്മോദീസാ, പ്രമാണങ്ങളുടെ അനുഷ്ഠാനം എന്നിവവഴി രക്ഷ നേടേണ്ടതിനു് (മത്താ.28:18; മർക്കോ. 16:15--16 നട. 26:17) എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാനുമുള്ള ദൗത്യം ശ്ലീഹന്മാരുടെ പിൻഗാമികരം എന്ന നിലയിൽ മെത്രാന്മാർ സ്വീകരിച്ചിരിക്കുന്നു'' (തിരുസഭ n. 24). ''തങ്ങളുടെ പ്രബോധന ധർമ്മനിർവ്വഹണത്തിനു് മെത്രാന്മാർ ക്രിസ്തുവിൻെറ സുവിശേഷം മനുഷ്യരോടു് പ്രസംഗിക്കണം. അതാണു് അവരുടെ മുഖ്യ കർത്തവ്യങ്ങളിൽ ഏററവും ഉൽകൃഷ്ടമായ ദൗത്യം'' (മെത്രാന്മാർ n. 12). ''ക്രൈസ്തവ സിദ്ധാന്ത പ്രചാരണത്തിനു് ഇന്നു് നിലവിലുള്ള വിവിധ മാർഗ്ഗങ്ങരം പ്രയോജനപ്പെടുത്താൻ അവർ അശ്രാന്തപരിശ്രമം ചെയ്യണം. അവയിൽ പ്രസംഗവും മതബോധനവുമാണു് പ്രഥമസ്ഥാനം അർഹിക്കുന്നതു്. (മെത്രാന്മാർ n. 13) ''എല്ലാ രൂപതാ വൈദികരും സന്ന്യാസവൈദികരും--മെത്രാൻെറ വിവേകമതികളായ സഹപ്രവർത്തകരായി ഭവിക്കുന്നു.'' (ibid n. 28) ''ഇടവക വികാരിമാരാകട്ടെ, പ്രത്യേകവിധത്തിൽ മെത്രാന്മാരുടെ സഹപ്രവർത്തകരാണു്'' (ibid n. 30) ''ഇടവകവികാരിമാരുടെ പ്രബോധകദൗത്യനിർവ്വഹണത്തിൽ എല്ലാ വിശ്വാസികളോടും ദൈവവചനം പ്രസംഗിക്കുവാൻ അവർക്കു കടമയുണ്ടു് (ibid n. 30)'' സുവിശേഷപ്രഘോഷണത്തിൽനിന്നു് ഉടലെടുക്കുന്ന അവരുടെ ശുശ്രൂഷ അതിൻെറ ശക്തിയും ഓജസ്സും ആർജ്ജിക്കുന്നതു് ക്രിസ്തുവിൻെറ ബലിയിൽനിന്നു തന്നെയാണു്'' (വൈദികർ n. 2) ''രക്ഷാകരമായ വചനംവഴി അവിശ്വാസികളിൽ അവർ വിശ്വാസദീപം കൊളുത്തുകയും വിശ്വാസികളിൽ അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു.'' ''സുവിശേഷപ്രസംഗം നടത്തുക അത്ര സുഗമമല്ല. അതു് ശ്രോതാക്കളുടെ ഹൃദയങ്ങളിലേക്കു് ചുഴിഞ്ഞിറങ്ങാൻ സുവിശേഷത്തിലെ ശാശ്വതമൂല്യങ്ങരം മനുഷ്യ

രുടെ ജീവിതസാഹചര്യങ്ങൾക്കനുസൃതമായി വിശദീകരിച്ചുകൊടുക്കണം. അതു് അസ്പഷ്ടവും സങ്കീർണ്ണവുമാകരുതു്.'' ''ക്രിസ്തീയ സമൂഹത്തിൽ, പ്രത്യേകിച്ചു് തങ്ങൾ പങ്കുകൊള്ളുന്ന തിരുക്കർമ്മങ്ങളെക്കുറിച്ചു് പൂർണ്ണമായ ജ്ഞാനമോ വിശ്വാസമോ ഇല്ലാത്തവർക്കുവേണ്ടി വചനം പ്രസംഗിക്കേണ്ടതു് കൂദാശകളുടെ പരികർമ്മത്തിനുപോലും ആവശ്യകമാണു്. കാരണം വിശ്വാസത്തിൻെറ കൂദാശകളാണവ. വചനത്തിൽനിന്നു തന്നെയാണു് വിശ്വാസം ഉദ്ഭൂതവും പരിപുഷ്ടവുമാകുന്നതു്. പ്രത്യേകിച്ചു് ദിവ്യബലിയിലെ വചനതിരുക്കർമ്മങ്ങളിൽ സാർത്ഥകമാണതു്'' (വൈദികർ n. 4).

ഒരു മതപ്രസംഗകനു് പൗരോഹിത്യത്തിലേക്കുള്ള ദൈവാഹ്വാനം ഉണ്ടായിരിക്കണം. എല്ലാ ക്രിസ്തീയ സുകൃതങ്ങളെക്കുറിച്ചും പ്രസംഗിക്കാനുള്ളതുകൊണ്ടു് അദ്ദേഹം സുകൃതസമ്പന്നമായ മാതൃകാജീവിതം നയിക്കണം. എല്ലാററിനും ദൈവസഹായം ആവശ്യകമായതുകൊണ്ടു അദ്ദേഹം പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരിക്കണം, മാത്രമല്ല പ്രസംഗകൻ പവിത്രവിജ്ഞാനീയങ്ങളിൽ വേണ്ടത്ര പരിജ്ഞാനം സമ്പാദിക്കുകയും ഓരോ പ്രസംഗവും നന്നായി സജ്ജീകരിക്കുകയും വേണം. പ്രസംഗം പ്രായോഗികമായിരിക്കണം വെറും താത്ത്വികമാകാതെ യഥാർത്ഥ സംഭവങ്ങൾ, സ്വാനുഭവങ്ങൾ എന്നിവകൊണ്ടു് സജീവമായിരിക്കുകയും വേണം.

22

# മററു ചില ദൈവവിജ്ഞാനീയ വീക്ഷണങ്ങൾ

മുന്നദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളവയാണ് നമ്മുടെ ദൈവവിജ്ഞാനീയത്തിൻെറ പ്രധാന ശാഖകൾ. എന്നിരുന്നാലും ക്രിസ്തീയ പ്രബോധനത്തിലെ ഏതെങ്കിലും വിഷയത്തോട് പ്രകാരാന്തരേണ സംബദ്ധമായ കാര്യങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ വീക്ഷണവും ദൈവവിജ്ഞാനീയം എന്ന് വിളിക്കപ്പെടാറുണ്ട്. പ്രസ്തുത ദൈവശാസ്ത്ര പ്രതിപാദനങ്ങളുടെ ഗണത്തിൽ ആധുനികകാലത്ത് പ്രത്യേകം ശ്രദ്ധാർഹമായി തീർന്നിട്ടുള്ളവയാണ്, ബൈബിളിക ദൈവവിജ്ഞാനീയം, പ്രത്യാശയുടെ ദൈവവിജ്ഞാനീയം, സാമൂഹിക ദൈവവിജ്ഞാനീയം മുതലായവ.

## A ബൈബിളിക ദൈവവിജ്ഞാനീയം (Biblical Theology)

വിശുദ്ധഗ്രന്ഥത്തിലെ വാച്യാർത്ഥങ്ങളുടെ വ്യാഖ്യാനത്തിലൂടെ പരിചിന്താത്മകമായ ദൈവവിജ്ഞാനീയത്തിലുംനിന്ന് വ്യതിരിക്തമായ ഒരു ദൈവശാസ്ത്ര പഠനമാണിതു്. ഇതിൽ വിശുദ്ധഗ്രന്ഥ സംബദ്ധമായ വിഷയങ്ങളുടെ തരംതിരിവുകൾ, ചാരിത്രിക സാഹചര്യങ്ങൾ, മുഖ്യപ്രമേയങ്ങൾ എന്നിവയ്ക്കനുസൃതമായി ബൈബിളിൽ അന്തർഹിതമായ ആവിഷ്ക്കരണം ഗ്രഹിക്കുന്നതിനും ക്രമവൽക്കരിക്കുന്നതിനും സഹായകമായ പ്രതിപാദനമാണുള്ളതു്. ബൈബിളിക ദൈവശാസ്ത്രത്തിൻെറ

നിയുക്തയത്നം ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള സത്യങ്ങളോട് ബന്ധപ്പെട്ടുള്ള സംഭവങ്ങളെ അവയുടെ ഐഹലൗകിക സ്വഭാവത്തിലും അവയ്ക്കു സാക്ഷികളായി വർത്തിച്ചിട്ടുള്ളവരുടെ മാനസിക കാഴ്ചപ്പാടിലും പരിശോധിക്കുക എന്നതാണ്. ഇത് ദൈവികാവിഷ്കരണത്തിന്റെ സുഗ്രാഹ്യമായ പ്രതിരൂപത്തിൽ പ്രസ്തുത സംഭവങ്ങളേയും വീക്ഷണങ്ങളേയും വിവേചിച്ചറിയുന്നതിനു വേണ്ടിയത്രേ. എല്ലാ ക്രൈസ്തവ ദൈവവിജ്ഞാനീയവും ബൈബിളികമാണ്, കാരണം അത് ആവിഷ്കൃത വചനം ശ്രദ്ധാപൂർവ്വം പരിഗണിച്ച് പഠിക്കുന്നുണ്ട്. അനന്തര പരിചിന്തനവും സിദ്ധാന്തീകരണവും സഭയുടെ പാരമ്പര്യവുമെല്ലാം ബൈബിളിലേക്ക് തിരിഞ്ഞു നോക്കുകയും അതിൽനിന്ന് രൂപവൽകൃതമാകുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് വിശുദ്ധഗ്രന്ഥസംബദ്ധമായ ദൈവ വിജ്ഞാനീയം, വാച്യാർത്ഥ വ്യാഖ്യാനത്തിനും സൈദ്ധാന്തിക ദൈവവിജ്ഞാനീയത്തിനും മദ്ധ്യേ വർത്തിക്കുന്ന ഒരു ശാസ്ത്രമത്രേ. രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നതുപോലെ തിരുസഭയുടെ അദ്ധ്യാപനാധികാരം ദൈവത്തിന്റെ വചനത്തിന് സേവനം ചെയ്യുന്നു, അത് ശ്രദ്ധിക്കുന്നു, അത് പരിരക്ഷിക്കുന്നു, അത് വിശ്വസ്തമായി വിശദീകരിക്കുന്നു. ''സഭയുടെ ഈ അദ്ധ്യാപനാധികാരം ദൈവികവചനത്തിന് ഉപരിയല്ല, പ്രത്യുത അതിനെ സേവിക്കുകയാണ്. ഏല്പിക്കപ്പെട്ടിരിക്കുന്നതു മാത്രമേ സഭ പഠിപ്പിക്കുന്നുള്ളു. ദൈവിക കല്പനയാലും പരിശുദ്ധാത്മാവിന്റെ സഹായത്താലും അവരം ഭക്തിപൂർവ്വം വചനം ശ്രവിച്ച് പവിത്രമായി സംരക്ഷിക്കുകയും വിശ്വസ്തതയോടെ വിശദീകരിക്കുകയും ചെയ്യുന്നു'' (ദൈവാവിഷ്ക്കരണം n. 10) ([a]).

---

a) T. Maertens, Biblical Themes (2 v, 1964): Dogmatic vs. Biblical Theology (ed. H. Vorgrimler, 1964).

## B. പ്രത്യാശയുടെ ദൈവവിജ്ഞാനീയം (Theology of Hope)

മനുഷ്യരുടെ വേദനകളും യാതനകളും പൂർവ്വാധികം വർദ്ധിച്ചിരിക്കുന്ന ആധുനികകാലത്തു് അവർ നിരാശയുടെ പടുകുഴിയിൽ നിപതിക്കാതെ പുരോഗമിക്കുന്നതിനു് അവരെ പ്രത്യേകം സഹായിക്കുന്ന ഒന്നാണു് പ്രത്യാശയുടെ അഥവാ ശരണത്തിൻെറ ദൈവവിജ്ഞാനീയം. ഇതിനു സാരാംശപരമായ പുതുമയൊന്നുമില്ലെങ്കിലും ആനുകാലികമായ പ്രസക്തിയുണ്ടെന്നു സമ്മതിച്ചേതീരൂ. ഈ പ്രത്യയശാസ്ത്രത്തിനു് ചിലർ നൽകിയ അതിശയോക്തിപരമായ വ്യാഖ്യാനംമൂലം, ആദിമാതാപിതാക്കളുടെ അധ:പതനത്തോടെ സംഭവിച്ച അവക്രമഫലമായി മനുഷ്യരാശി അനുഭവിക്കുന്ന ദുഃഖദുരിതങ്ങളുടെ അനപേക്ഷണീയതയെക്കുറിച്ചുള്ള ബോധവും, ഉത്തരവാദിത്വമുള്ള പാപത്തിനു് ദൈവം നിശ്ചയിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള രക്ഷാകരമായ ഭയവും മന്ദീഭവിക്കുവാൻ ഇടയായി. എന്നാൽ J. Moltmann, W. Pannenberg, J. Metz എന്നീ പണ്ഡിതന്മാരുടെ പ്രയത്നഫലമായി പ്രത്യാശയുടെ ദൈവശാസ്ത്രം പുനർജീവനം പ്രാപിച്ചു.

എന്താണു് പ്രത്യാശ അഥവാ ശരണം: ദൈവം തന്നെ നമ്മുടെ ആത്മാവിൽ ചിന്തുന്നതും, അവിടുത്തോടു് നേരിട്ടു സംബന്ധവുമായ ''ദൈവിക സുകൃതങ്ങളിൽ'' രണ്ടാമത്തേതായ ഈ പുണ്യം, സർവ്വശക്തനും അനന്തദയാലുവും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമായ ദൈവം നമ്മുടെ നാഥനും പരിത്രാതാവുമായ മിശിഹായുടെ സുകൃത ഫലങ്ങൾവഴി നമ്മുടെ പാപങ്ങൾക്കു് വിമോചനവും, അവിടുത്തെ പ്രസാദവരത്തിൻെറ സഹായവും നിത്യായുസ്സും നമുക്കു് നൽകുമെന്നു് പ്രത്യാശിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന സുകൃതമാണിതു്. പൂർണ്ണമായി സാക്ഷാൽകൃതമാകുവാനിരിക്കുന്ന ദൈവത്തിൻെറ ഭരണത്തേയും പരിപാലനയേയും കുറിച്ചുള്ള മനോവിശ്വാസത്തോടും പ്രതീക്ഷയോടുംകൂടി തന്നിലേക്കു് തിരിയു

ന്നതിനു് ഇതു് നമ്മെ പ്രേരിപ്പിക്കുന്നു. ഇതു് മററു ദൈവിക സുകൃതങ്ങളായ വിശ്വാസത്തോടും സ്നേഹത്തോടും ഗാഢമായി സംബദ്ധമാണു്. ''നമ്മുടെ പിതാവായ ദൈവത്തിൻെറ മുമ്പാകെ നിങ്ങളുടെ വിശ്വാസത്തിൻെറ പ്രവൃത്തിയും സ്നേഹത്തിൻെറ പ്രയത്നവും നമ്മുടെ കർത്താവായ ഈശോമിശിഹായിലുള്ള നിങ്ങളുടെ ദൃഢമായ പ്രത്യാശയും ഞങ്ങഠം അനുസ്മരിക്കുന്നു'' (1 തെസലോ. 1, 3) സ്കോളാസ്റ്റിക്കു് ദൈവവിജ്ഞാനീയമനുസരിച്ചു്, പ്രത്യാശയുടെ പ്രഥമവും പ്രധാനവുമായ വിഷയം ദൈവം തന്നെയാണു്. പ്രത്യാശ ആത്യന്തികമായി അന്വേഷിക്കുന്നതു് ദൈവാഭിമുഖദർശനമാണു്, ദൈവം തന്നിൽതന്നെ ആയിരിക്കുന്നതുപോലെ അവിടുത്തെക്കുറിച്ചുള്ള പൂർണ്ണമായ ജ്ഞാനവും ദൈവസ്നേഹവുമാണു്. ''ഈ പ്രത്യാശയിലാണു് നാം രക്ഷപ്രാപിക്കുന്നതു്. കണ്ടുകഴിഞ്ഞാൽ പിന്നെ പ്രത്യാശ പ്രത്യാശയല്ല, താൻ കാണുന്നതിനെ ഒരുവൻ എന്തിനു് പ്രത്യാശിക്കണം? എന്നാൽ കാണാത്തതിനെയാണു് നാം പ്രത്യാശിക്കുന്നതെങ്കിൽ അതിനുവേണ്ടി നാം സ്ഥിരതയോടെ കാത്തിരിക്കും.'' (റോമ. 8. 24–25) മാത്രമല്ല പ്രത്യാശ, ദൈവത്തിലേക്കുള്ള മനുഷ്യൻെറ പ്രയാണത്തിൽ അവനെ സഹായിക്കുന്ന പ്രകൃത്യനുസൃതമായ കഴിവുകഠം, പ്രസാദവരം, കൂദാശകഠം എന്നിവയിലേക്കെല്ലാം തിരിയുന്നുമുണ്ടു്. ഇവ കൂടാതെ ദൈവത്തെ പ്രാപിക്കുവാൻ നമുക്കു് സാദ്ധ്യമല്ലല്ലോ. നാം പ്രത്യാശിക്കുന്നതു് ദൈവത്തിൻെറ സ്നേഹവും ശക്തിയും കരുണയും മൂലമായതുകൊണ്ടു ദൈവംതന്നെയാണു് പ്രത്യാശയുടെ മുഖ്യനിമിത്തോദ്ദേശ്യം.(a)

ക്രിസ്തുവാണു് നമ്മുടെ പ്രത്യാശയുടെ അസ്തിവാരം· പുനരുജ്ജീവനം പ്രാപിച്ച നമ്മുടെ ഈ ദൈവവിജ്ഞാനീയവീക്ഷണം ക്രിസ്തുമതത്തിൻെറ യുഗാന്താത്മകമായ യാഥാത്ഥ്യത്തിൽ ഊന്നികൊണ്ടു നമ്മുടെ ക്രിസ്തീയ ശര

(a) St. Thomas Aquinas, De spe. S T 2a 2ae, 17-23.

ണത്തെ പുനഃപ്രവർത്തനസന്നദ്ധമാക്കുന്നുണ്ട് ഒരു ക്രിസ്ത്യാനിക്ക് പ്രത്യാശയിലൂടെ തൻെറ താല്ക്കാലിക സഹനവും പാപംപോലും നിരാകരിക്കുവാൻ സാധിക്കുന്നുവെന്നുള്ളത് ഒരു പ്രത്യേകതയാണ്. നാം പാപത്തെക്കുറിച്ച് മനസ്തപിച്ച് ദൈവമായ ക്രിസ്തുവിലേക്ക് തിരിയുമ്പോഴാം അത് അപ്രത്യക്ഷമാകുന്നു. എന്നാൽ ദൈവം തന്നോടു ക്ഷമിക്കുമെന്നു വിചാരിച്ചു സുധീരം പാപം ചെയ്യുന്ന ഒരാൾ അവിടുത്തെ വിശുദ്ധിക്കു വിരുദ്ധമായി പ്രതീക്ഷിക്കുന്നതുകൊണ്ട് അതിശരണമെന്ന പാപത്തിൽ നിപതിക്കുന്നു. അതുപോലെതന്നെ നാം ദാരിദ്ര്യത്തിലും രോഗത്തിലും നിസ്സഹായതയിലും, ക്ലേശിക്കേണ്ടിവന്നാലും ശരി അതെല്ലാം, മനുഷ്യസഹജമായ വേദനകളും യാതനകളും സഹിച്ച അവിടുന്ന് നമുക്ക് പ്രയോജനകരമാം വിധം പരിവർത്തനം ചെയ്യുമെന്ന് നാം ശരണപ്പെടുന്നു. നമ്മുടെ ജീവിതം മുഴുവൻ പ്രത്യാശയോടുകൂടെ അവിടുത്തെ തൃക്കരങ്ങളിൽ സമർപ്പിച്ചാൽ മതി. നാം ഐഹികജീവിതത്തിൽ വച്ചുതന്നെ ഹൃദയസമാധാനവും ദൈവരാജ്യത്തിനുവേണ്ടി യുദ്ധംചെയ്ത് ഒടുവിൽ നിത്യാനന്ദവും അനുഭവിക്കും.

പ്രസ്തുത പ്രത്യാശയുടെ ആധാരം ഈശോയിൽ പ്രത്യേകിച്ച് പീഡാസഹനത്തിനും മരണത്തിനും ശേഷമുള്ള അവിടുത്തെ പുനരുത്ഥാനത്തിൽ ആവിഷ്കൃതനായിരിക്കുന്ന ദൈവംതന്നെയാണ്. ഈശോയുടെ പീഡാനുഭവും ഉയിർപ്പും അവയിൽ മനുഷ്യനുള്ള പങ്കും ലോകത്തെ, അതായിരിക്കുന്നതുപോലെ, അത്ഥത്തോടും ഭാവിവീക്ഷണത്തോടുംകൂടി മനസ്സിലാക്കുന്നതിനു് നമ്മെ സഹായിക്കുന്നുണ്ട്.(b)

(b) J. Moltman, Theology of Hope (1967)

## C. സാമൂഹികദൈവവിജ്ഞാനീയം (Social Theology)

ക്രിസ്തീയജീവിതത്തിന്റെ സാമൂഹികസ്വഭാവത്തെക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്ന ദൈവശാസ്ത്രശാഖയാണിതു്. ഒരു മനുഷ്യന്റെ, പ്രത്യേകിച്ച് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിനു് ദൈവാഭിമുഖവും മാനവസമൂഹാഭിമുഖവുമായ രണ്ടു മാനങ്ങളുണ്ടു്, കാരണം സ്വർഗ്ഗീയവും ഭൗമികവുമായ രണ്ടു രാജ്യങ്ങളുടെയും പൗരത്വമുള്ളവനാണവൻ. ദൈവാരാധന മാത്രമല്ല സ്നേഹോപേതമായ സാമൂഹികകർത്തവ്യങ്ങളും നാം നിർവ്വഹിക്കണം. ദൈവം നമ്മുടെ പിതാവും മററുമനുഷ്യരെല്ലാം നമ്മുടെ സഹോദരങ്ങളുമത്രേ. ഓരോ വ്യക്തിയും മാനവസമൂഹത്തിന്റെ അംഗമായതുകൊണ്ടു് വ്യക്തിക്കു് സമൂഹത്തോടും, സമൂഹത്തിനു് വ്യക്തിയോടും ചില കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്. പ്രസ്തുത കർത്തവ്യങ്ങളെക്കുറിച്ചുള്ള പഠനം എന്ന നിലയിൽ ഈ ദൈവശാസ്ത്രം ഇന്നു് പ്രത്യേകം ശ്രദ്ധാർഹമായിത്തീർന്നിരിക്കുകയാണു്. ഇതിന്റെ ആധാരിക തത്ത്വങ്ങളെല്ലാം ക്രിസ്തുവിന്റെ പ്രബോധനങ്ങളിലും ഇവ പ്രചരിപ്പിച്ച ശിഷ്യന്മാരുടെ വാക്കുകളിലും നമുക്കു് കണ്ടെത്താൻ സാധിക്കുന്നവയത്രേ. സാമൂഹികസുസ്ഥിതിക്കു് ആവശ്യകമായ സ്നേഹം (യോഹ. 15:12–13), (മത്താ. 25:31–46), (റോമ. 15:2). നീതി (മത്താ. 5:20; 3:15), (യോഹ. 16:8–10), ('ഹെബ്രാ. 12:11), (റോമ. 1:17). സത്യസന്ധത (മത്താ. 5:37), (യാക്കോ. 3:14) എന്നിവയെക്കുറിച്ച് ക്രിസ്തുവും അവിടുത്തെ ശിഷ്യന്മാരും ശക്തിയുക്തമായി പ്രസ്താവിക്കുന്നുണ്ടല്ലൊ. എല്ലാവരേയും പ്രത്യേകിച്ച് ദരിദ്രരെ സംരക്ഷിച്ചുകൊണ്ടു് നാം സാമൂഹികകർത്തവ്യങ്ങൾ നിർവ്വഹിക്കണം. ''ദരിദ്രരെ നിരസിക്കരുതു്. എല്ലാകാര്യങ്ങളിലും അവരെ പങ്കുകാരാക്കുക'' എന്നാണു് ആദിമസഭയുടെ പ്രബോധനങ്ങൾ ഉൾക്കൊള്ളുന്ന 'ദിദാക്കെ' (Didache) പറയുന്നതു്. പൗരസ്ത്യസഭാപിതാക്കന്മാരുടെ വാക്കുകളും ഉദ്ധാര്യമാണു്. ''ഞാൻ ദൃഢമായി പറയുന്നു:

അധികം സമ്പാദിച്ചിരിക്കുന്ന സ്വത്തു് നിങ്ങളുടേതും നിങ്ങളുടെ അയല്ക്കാരൻേറതുമാണു് (വി. ക്രിസോസ്റ്റോം). ''ആദ്യമേ കൈവശമാക്കാൻ അവസരം ലഭിച്ചതുകൊണ്ടുമാത്രം തൻെറ അധീനത്തിലുള്ള സ്വത്തെല്ലാം ഒരാറം ഇഷ്ടംപോലെ വ്യയംചെയ്യുക നീതിയല്ല. ഓരോരുത്തനും ആവശ്യത്തിനനുസൃതമായി മാത്രം സമ്പത്തു് ആജ്ജിച്ചിരുന്നെങ്കിൽ ദാരിദ്ര്യം ഇല്ലാതാക്കുവാൻ അനായാസം സാധിക്കുമായിരുന്നു'' (വി. ബേസിൽ). രാഷ്ട്രാധികാരവും ദൈവത്തിൽനിന്നായതുകൊണ്ടു് (യോഹ. 19:10–11) ന്യായ്യമായ എല്ലാ നിയമങ്ങളും നാം അനുസരിക്കണമെന്നും ക്രിസ്തു വ്യക്തമായി പഠിപ്പിക്കുന്നുണ്ടു്. ''സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും കൊടുക്കുക'' (മത്താ. 22:21; 17:27). എന്നാൽ രാഷ്ട്രാധികാരം തിരുസ്സഭയുടെ പ്രബോധനങ്ങാംക്കോ സഭാസന്താനങ്ങളുടെ ന്യായമായ അവകാശങ്ങാംക്കോ വിരുദ്ധമായി പ്രവത്തിക്കുമ്പോറം അതിനെ എതിക്കേണ്ടതും നമ്മുടെ സാമൂഹികകത്തവ്യമാണു് (ലൂക്കാ 13:31–33). പക്ഷെ സാവ്വത്രികക്ഷേമത്തിനു് ഉപകരിക്കത്തക്കവിധത്തിലുള്ള സമ്പത്തിൻെറ വിതരണം സാധിതമാകത്തക്ക നിയമങ്ങാം നിമ്മിക്കുക ചൂഷകരെ നിയന്ത്രിക്കുക, വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉന്നമനത്തിനു വേണ്ടി പ്രവത്തിക്കുക എന്നീ കാര്യങ്ങാം നിവ്വഹിക്കുന്നതിൽ രാഷ്ട്രത്തോടു് ആവുന്നത്ര എല്ലാവരും സഹകരിക്കേണ്ടതാണു്.

ഈ ദൈവശാസ്ത്രശാഖ മദ്ധ്യയുഗത്തിനുശേഷം പ്രത്യേകിച്ചു് ആധുനികയുഗത്തിൻെറ ആരംഭത്തോടുകൂടി ശക്തിപ്രാപിച്ചു് അതിരുകടന്ന വ്യക്തിമാഹാത്മ്യപ്രധാനമായ പാശ്ചാത്യചിന്തയുടെ പ്രത്യാഘാതമായിട്ടാണു് പ്രാദുർഭവിച്ചതെന്നു പറയാം. ഇതു് സഭാവിജ്ഞാനീയത്തിൻെറ (Ecclesiology) ഒരു ഭാഗംതന്നെയാണു്. ക്രിസ്തീയ സിദ്ധാന്തത്തിൻേറയും ജീവിതത്തിൻേറയും സാമൂഹികവശങ്ങളെക്കുറിച്ചുള്ള പഠനം എന്ന നിലയിൽ ഇതു് മാനവസമൂഹത്തിൻെറ പ്രത്യേകിച്ചു് പുതിയ

ദൈവജനത്തിൻെറ പ്രകൃത്യനുസൃതവും പ്രകൃത്യതീതവു മായ ഒരു ശാസ്ത്രമായി ഇന്നു വികസിച്ചിരിക്കുകയാണ്.[a] എല്ലാ ആധുനിക മാർപാപ്പാമാരും സാമൂഹികദൈവശാസ്ത്രത്തിൻെറ തത്വങ്ങൾ വിശദീകരിച്ചുകൊണ്ടു് വിശ്വലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടു്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രസിദ്ധപ്പെടുത്തിയ ഏററവും ദീർഘമായ പ്രമാണരേഖയാണ് 'സഭ ആധുനികലോകത്തിൽ' എന്നതു്. ഈ ആധികാരികപ്രബന്ധം സാമൂഹികദൈവവിജ്ഞാനീയത്തിൻെറ സുപ്രധാനതത്വങ്ങളെല്ലാം വിശദീകരിച്ചുകൊണ്ടു് മാനവസമൂഹത്തിനു് വലിയ 'ആനന്ദവും പ്രത്യാശയും,(Gaudium et spes) പ്രദാനംചെയ്യുന്നുണ്ടു്. അവയിൽനിന്നുള്ള ചില ഉദ്ധരണികളാണ് താഴെ കൊടുത്തിരിക്കുന്നതു്.

''മനുഷ്യൻെറ മതാത്മക ജീവിതത്തിലും പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന സാമൂഹികവും സാംസ്കാരികവുമായ പരിവർത്തനങ്ങൾ നമ്മുടെ ചർച്ചാവിഷയമാക്കാവുന്നതാണ്'' (n. 4). ''മനുഷ്യൻ അവൻെറ ഏററവും ആന്തരമായ പ്രകൃതിയിൽ ഒരു സാമൂഹിക ജീവിയാണ്. മററുള്ളവരുമായി സമ്പർക്കത്തിലേർപ്പെടാതെ ജീവിക്കുവാനോ കഴിവുകൾ വദ്ധിപ്പിക്കുവാനോ മനുഷ്യൻ പ്രാപ്തനല്ല'' (n. 12). ''മനുഷ്യൻെറ സാമൂഹികജീവിതത്തെപ്പററിയുള്ള ക്രിസ്തീയപഠനങ്ങൾ സഭയുടെ ആധുനികവും ആധികാരികവുമായ പ്രബോധനങ്ങളിലൂടെ ധാരാളമായി വെളിപ്പെടുത്തിയിട്ടുണ്ടു്'' (n. 23). ''ദൈവത്തിൻെറ തിരുവിഷ്ടം മനുഷ്യരെല്ലാം ഒരേ കുടുംബാംഗങ്ങളേപ്പോലെ സാഹോദര്യത്തിൻെറ പാവനചൈതന്യത്തിൽ ജീവിക്കണമെന്നതാണ്'' (n. 24). ''മനുഷ്യവ്യക്തിയുടെ വികാസവും മനുഷ്യസമൂഹത്തിൻെറ പുരോഗതിയും പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്ന

---

(a) E. G Kaiser, "Theology and the social science" (1958); H. de Lubac, "Catholicism"(tr. L. C. sheppard, 1958)

തന്നെ വസ്തുതയാണല്ലോ മനുഷ്യൻെറ സാമൂഹികസ്വഭാവം വ്യക്തമാക്കുന്നതു്'' (n. 25). ''സാമൂഹ്യ വ്യവസ്ഥിതി .... സത്യത്തിൽ അധിഷ്ഠിതമായിരിക്കണം. നീതിയിൽ വേണം അതു് കെട്ടിപ്പടുക്കാൻ. സ്നേഹമായിരിക്കണം അതിനു ജീവൻ പകന്നുകൊടുക്കേണ്ടതു്'' (n. 26). ''പാവപ്പെട്ട ലാസറിനെ തിരിഞ്ഞുനോക്കാതിരുന്ന ധനികനാകരുതു് നമ്മുടെ മാതൃക'' (n. 27). ''മനുഷ്യൻെറ മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഏതൊരു വിവേചനവും .... തികച്ചും പരിവജ്ജ്യവും ദൈവത്തിൻെറ ഉദ്ദേശ്യങ്ങൾക്ക് വിരുദ്ധവുമാണെന്ന നിലയിൽ വേരോടെ പിഴുതുകളയേണ്ടതത്രേ'' (n. 29). ''ഓരോ വ്യക്തിയും തൻെറ ശക്തിയ്ക്കനുസൃതമായി മററുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു് പൊതുനന്മയെ ലക്ഷ്യമാക്കി പ്രവത്തിക്കുകയും മനുഷ്യരുടെ ജീവിതം മെച്ചപ്പെടുത്താനായി നിലകൊള്ളുന്ന പൊതുവോ, സ്വകാര്യമോ ആയ എല്ലാ സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമാണു് നീതിയുടേയും സ്നേഹത്തിൻേറയും കടമകൾ നിവ്വഹിക്കപ്പെടുകയുള്ളു .... വിവിധമണ്ഡലങ്ങളിലുള്ള സാമൂഹിക നിയമങ്ങളേയും നിർദ്ദേശങ്ങളേയും പലരും നിസ്സാരമായി കരുതുന്നു. ന്യായാനുസൃതമായ നികുതികളിൽ നിന്നും ചതിയും വഞ്ചനയും വഴി ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്നവരും വിരളമല്ല .... സാമൂഹ്യവശങ്ങളെ പുരസ്കരിച്ചുള്ള നിയമങ്ങൾ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതു് ആധുനിക മനുഷ്യൻെറ പ്രധാനപ്പെട്ട ചുമതലയായും പാവനമായ കത്തവ്യമായും പരിഗണിച്ച് ഓരോരുത്തരും ആദരിക്കട്ടെ'' (n. 30). ''ക്രിസ്തുവിനാൽ നവീകരിക്കപ്പെടുകയും ദൈവകുടുംബമായി രൂപാന്തരപ്പെടുകയും ചെയ്യേണ്ട മനുഷ്യസമുദായത്തിൻെറ ആത്മാവും പുളിമാവുമായി സഭ നിലകൊള്ളുന്നു'' (n. 40). ''ഇന്നത്തെ സാമൂഹിക പ്രവത്തനത്തിൽ നന്മയായിട്ടുള്ളതെല്ലാം സഭ അറിഞ്ഞു് അംഗീകരിക്കുന്നുണ്ടു്, പ്രത്യേകിച്ച് ഐക്യത്തിനുവേണ്ടിയുള്ള മുന്നേററം സാമൂഹ്യവൽക്കരണത്തിലേക്കുള്ള പ്രയാണം, നാഗരികവും സാമ്പത്തി

കവുമായ സൗഹൃദത്തിലേക്കുള്ള പ്രവേശം എന്നിവ....... സാമൂഹികവും ബാഹ്യവും യഥാൎത്ഥവുമായ ഐക്യം ഹൃദയത്തിൻേറയും മനസ്സിൻേറയും ഐക്യത്തിൽനിന്നാണ് ഉറവെടുക്കുന്നതെന്ന് സഭ ലോകത്തിനു് കാണിച്ചുകൊടുക്കുന്നു'' (n 42). ''ഇരു നഗരങ്ങളിലെ പൗരന്മാരെന്ന നിലയിൽ ഇഹലോക ജീവിതത്തിലെ കടമകൾ അനുസ്യൂതം പാലിക്കുകയും സുവിശേഷാരൂപിക്കനുസൃതമായി പ്രവൎത്തിക്കുകയും ചെയ്യുവാൻ സഭ ക്രൈസ്തവരോട് ആഹ്വാനം ചെയ്യുന്നു'' (n. 43). ''വിവാഹവും കുടുംബവും, മനുഷ്യസംസ്കാരം, സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ ജീവിതം, ജനപദങ്ങൾ തമ്മിലുള്ള ബന്ധവും സമാധാനവും, ഇവയിൽ ഓരോന്നിലും ക്രിസ്തുവിൻെറ പ്രകാശവും പ്രബോധനങ്ങളും വെളിച്ചം വീശട്ടെ'' (n. 46). ''വ്യക്തികളുടെ അവകാശത്തിനും ഓരോ രാജ്യത്തിനുമുള്ള പ്രത്യേക സ്വഭാവത്തിനും കോട്ടമൊന്നും വരാത്തവിധത്തിൽ സാമ്പത്തികമായി ഇന്നു് നിലവിലുള്ളതും വളൎന്നുകൊണ്ടിരിക്കുന്നതുമായ ഭീമമായ അസമത്വം ആവുന്നത്ര വേഗം ദൂരീകരിക്കണം'' (n. 67). ''തൊഴിലാളികൾക്കു് സ്വതന്ത്രമായി സംഘടിക്കാനുള്ള അവകാശം മനുഷ്യൻെറ മൗലികാവകാശങ്ങളിൽപ്പെടുന്നു'' (n. 68). ''എല്ലാ വ്യക്തികളും ഗവണ്മെൻറുകളും അവരവരുടെ കഴിവനുസരിച്ച് തങ്ങൾക്കുള്ളവ മററുള്ളവൎക്കു് കൊടുക്കട്ടെ. പ്രത്യേകിച്ച് ദരിദ്രരായ വ്യക്തികളേയും രാഷ്ട്രങ്ങളേയും സ്വന്തം കാലിൽ നില്ക്കാനും അഭിവൃദ്ധിപ്പെടാനും പൎയ്യാപ്തമാംവിധം സഹായിക്കേണ്ടതാണു്'' (n. 69). ''ജനങ്ങളുടെയിടയിലും ജനപ്രതിനിധിസഭകളിലും ധാൎമ്മികക്രമത്തിൻെറ പരിധിക്കുള്ളിലായിരിക്കണം രാഷ്ട്രീയാധികാരം കൈകാര്യം ചെയ്യപ്പെടേണ്ടതു്'' (n. 74). ''പൊതുക്ഷേമത്തെ ത്വരിതപ്പെടുത്തുന്നവിധം തങ്ങളുടെ സ്വതന്ത്രമായ സമ്മതിദാനം വിനിയോഗിക്കുവാൻ തങ്ങൾക്കുള്ള അവകാശത്തേയും ഉത്തരവാദിത്വത്തേയും പററി എല്ലാ പൗരന്മാരും ബോധവാന്മാരായിരിക്കട്ടെ......... പൗരന്മാർ വിധേയ മനസ്ഥിതിയോടുകൂടിയതും വിശാലവുമായ സ്വരാജ്യഭക്തി കൈ

വളത്തേണ്ടതാണു്'' ..... അനീതിപരമായ ഏതൊരു സംരംഭത്തേയും, ഏകാധിപത്യത്തേയും, വ്യക്തികളോ രാഷ്ട്രീയപാർട്ടികളോ കൈയ്യടക്കിയിരിക്കുന്ന കുത്തകമേധാവിത്വത്തേയും അസഹിഷ്ണുതാപ്രവത്തനങ്ങളേയും ചെറുക്കുകതന്നെവേണം'' (n. 75). ''സഭയ്ക്കും രാഷ്ട്രത്തിനും താന്താങ്ങളുടെ പ്രവത്തനമണ്ഡലങ്ങളിൽ സ്വയംശാസനാധികാരമുണ്ടു്; അവ സ്വതന്ത്രങ്ങളുമാണു് ... സ്ഥലകാലപരിതോവസ്ഥകൾ കണക്കിലെടുത്തുകൊണ്ടു് സഭയും രാഷ്ട്രവും തമ്മിലുള്ള ആശാസ്യമായ സഹകരണം പരിപുഷ്ടമാകുന്ന തോതനുസരിച്ചാണു് എല്ലാവരുടേയും ക്ഷേമത്തിനായുള്ള സേവനങ്ങൾ ഫലമണിയും'' (n. 76). ''സാവ്വദേശീയമായ സമ്മതത്തോടെ യുദ്ധം പരിപൂൎണ്ണമായും നിയമവിരുദ്ധമാക്കാൻ പര്യാപ്തമായ ഒരു കാലത്തിനുവേണ്ടിയുള്ള പ്രയത്നത്തിൽ നമ്മുടെ ശക്തി മുഴുവൻ ഉപയോഗിക്കേണ്ടതു് നമ്മുടെ വ്യക്തമായ ധമ്മമാണു്'' (n. 82), ''സമാധാനം സ്ഥാപിക്കുവാൻ സവ്വപ്രധാനമായി വേണ്ടതു് മനുഷ്യർ തമ്മിലുള്ള ഭിന്നിപ്പിന്റെ പ്രത്യേകിച്ചു് യുദ്ധത്തെ മാടിവിളിക്കുന്ന അനീതിയുടെ കാരണങ്ങളെ നിർമ്മൂലമാക്കുകയാണു്'' (n. 83). ''രൂപതാദ്ധ്യക്ഷന്മാരുടെ വാക്കുകളും മാതൃകയുമനുസരിച്ചു് ആധുനികയുഗത്തിലെ കഷ്ടാരിഷ്ടതകളെ കഴിയുന്നിടത്തോളം ലഘൂകരിക്കുക എന്നതു് ദൈവജനം മുഴുവന്റേയും കടമയാണു് .... കത്തോലിക്കരുടെ ഈദൃശ പ്രവർത്തനങ്ങൾ സൗകര്യപ്രദമെന്നു തോന്നുന്ന സ്ഥലങ്ങളിൽ മററു ക്രൈസ്തവ സഹോദരങ്ങളോടു് യോജിച്ചു് നടത്തണം'' (n. 88). ''അങ്ങനെ മാനവകുടുംബത്തെ ശുശ്രൂഷിക്കുവാൻ സഹോദരതുല്യം നമുക്കു് പരിശ്രമിക്കാം.'' ''നിങ്ങൾക്കു് പരസ്പരം സ്നേഹമുണ്ടെങ്കിൽ, അതുകൊണ്ടു് നിങ്ങൾ എന്റെ ശിഷ്യരാകുന്നു എന്നു് എല്ലാവരും അറിയും'' (യോഹ. 13: 35) എന്ന കത്താവിന്റെ വാക്കുകൾ ഓത്തുകൊണ്ടു് കൂടുതൽ ഔദാര്യത്തോടും കാര്യക്ഷമതയോടുംകൂടി ആധുനിക മനുഷ്യനെ ശുശ്രൂഷിക്കുന്നതിനേക്കാൾ കൂടുതലായി താല്പര്യപൂവ്വം മറെറാന്നും അന്വേഷിക്കാനില്ല'' (n. 93).

# 23

# ദൈവവിജ്ഞാനീയവും പ്രാത്ഥനയും

ഈ പുസ്തകത്തിൻെറ ഉപസംഹാരമായി പറയാനുള്ളതു ഇത്രമാത്രമാണ്. ദൈവവിജ്ഞാനീയത്തിൻെറ അദ്ധ്യയനവും അദ്ധ്യാപനവും പ്രാത്ഥനോപേതകമായിരിക്കണം, കാരണം ദൈവവിജ്ഞാനീയവും പ്രാത്ഥനയും തമ്മിൽ അവഗാഢം സംബദ്ധമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധത്തെ ആധാരമാക്കിയുള്ള തത്വങ്ങളുടേയും നിയമങ്ങളുടേയും പ്രതിപാദനമത്രേ ദൈവവിജ്ഞാനീയം ഉൾക്കൊള്ളുന്നതു്. പ്രസ്തുത ദൈവമനുഷ്യബന്ധം പൂർത്തീകരിക്കപ്പെടുന്നതു് പ്രസാദവരത്തിലൂടെയുള്ള ഐക്യത്തിലാണ്. ഈ ഐക്യം നഷ്ടീഭവിക്കുമ്പോൾ വീണ്ടും അതു നാം സമ്പാദിക്കുന്നതും സുകൃതസമ്പന്നമായ ജീവിതംകൊണ്ടു് പരിപുഷ്ടമാക്കുന്നതും പ്രാത്ഥനവഴിയായിട്ടത്രേ. ഇതിൽനിന്നു് പ്രാത്ഥനയ്ക്കുള്ള ദൈവവൈജ്ഞാനികമായ പ്രാധാന്യം സുവിദിതമാകുന്നുണ്ടല്ലോ.

ആദ്ധ്യാത്മികമായ മാനുഷിക യത്നത്തിൻെറ രണ്ടു മണ്ഡലങ്ങളാണ് ദൈവവിജ്ഞാനീയവും പ്രാത്ഥനയും. ഇവ രണ്ടും തമ്മിലുള്ള പ്രത്യേക ബന്ധങ്ങൾ ഗ്രഹിക്കുന്നതിനു ശ്രമിക്കുമ്പോൾ നമ്മോടു് അഭിമുഖീഭവിക്കുന്ന വിഷമപ്രശ്നങ്ങൾ രണ്ടു വസ്തുതകളിൽനിന്നാണ പൊന്തിവരുന്നതു്. 1) ദൈവവിജ്ഞാനീയം ഒരു ശാസ്ത്രം എന്ന നിലയിൽ ക്രിസ്തീയ സത്യങ്ങളുടേയും നിയമങ്ങളുടേയും നിരൂപണാത്മകമായ ഒരു പഠനമാണ്. 2) പ്രാത്ഥനയാകട്ടെ ദൈവത്തിലേക്കു് നമ്മുടെ മനോഹൃദയങ്ങളെ ഉയർത്തിക്കൊണ്ടു് അവിടുത്തോടു ഐക്യപ്പെട്ടു

ന്നതിനുവേണ്ടിയുള്ള അന്വേഷണമത്രേ. എന്നാൽ ഈ രണ്ടു യത്നങ്ങളും വിശ്വാസത്തിൽനിന്നു് പുറപ്പെടുന്ന ഫലങ്ങളാണു്, പരസ്പരം സഹായകവുമാണു്.

പ്രാചീനസഭയിൽ, ഗ്രഹിക്കുന്നതിനുവേണ്ടി എന്നതിനേക്കാൾ പ്രാർത്ഥിക്കുന്നതിനുവേണ്ടിയുള്ള ഒരു സമ്പ്രദായമായിട്ടാണു് ദൈവവിജ്ഞാനീയം പരിഗണിക്കപ്പെട്ടിരുന്നതു്. അതായതു് യേശുക്രിസ്തുവിൽ ആവിഷ്കൃതമായ രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനാത്മകമായ വീക്ഷണമോ, പരിശുദ്ധാത്മാവിൽ പിതാവിനു നൽകപ്പെടുന്ന കൃതജ്ഞതാനിർഭരമായ സ്തുതിയോ, ദൈവാഭിനിവേശത്താൽ പ്രേരിതമായി ദൈവത്തോടു് ദൈവത്തെക്കുറിച്ചു് നടത്തപ്പെടുന്ന സംഭാഷണമോ ആയിരുന്നു ദൈവശാസ്ത്രം. പ്രാർത്ഥനയിലൂടെ അനുഭവവേദ്യമാകുന്ന സത്യങ്ങൾക്കുള്ള സാക്ഷ്യംവഹിക്കലാണു് ദൈവവചനപ്രഘോഷണം. ഏതാദൃശമായ ആശയമായിരുന്നു സഭാപിതാക്കന്മാർക്കും, പൗരസ്ത്യസഭയിലേതുപോലെ, 13–ാം ശതാബ്ദംവരെ പാശ്ചാത്യസന്യാസപാരമ്പര്യത്തിലും ദൈവവിജ്ഞാനീയത്തെക്കുറിച്ചുണ്ടായിരുന്നതു്. ദൈവത്തെ നാം അറിയുന്നതു് സ്നേഹത്താലാണെന്നും, സ്നേഹിക്കുക എന്നതു് വിജ്ഞാനോപേതമായ ഒരു കർമ്മവിശേഷമാണെന്നും പറയപ്പെട്ടിരുന്നതനുസരിച്ചു് വിജ്ഞാനം സ്നേഹമായി അന്നു് പരിഗണിക്കപ്പെട്ടിരുന്നതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ലല്ലൊ.

പന്ത്രണ്ടാം ശതാബ്ദത്തിൽ, പ്രസിദ്ധ ദാർശനികനും ദൈവശാസ്ത്രജ്ഞനുമായിരുന്ന പീററർ അബെലാർഡു് (1079–1142) ആണു് ദൈവവിജ്ഞാനീയപഠനത്തിൽ കൂടുതൽ ബൗദ്ധികവും താർക്കികവുമായ ഊന്നൽകൊടുത്തു തുടങ്ങിയതു്. ദൈവശാസ്ത്രം അക്കാലംമുതൽ വിജ്ഞാനകേന്ദ്രങ്ങളിൽ പലപ്പോഴും ചർച്ചയ്ക്കും തർക്കത്തിനും വിധേയമായിരുന്നു. പതിമൂന്നാം നൂററാണ്ടിൽ വി. തോമസ് അക്വീനാസും (1225–1274) വി. ബൊനെവെന്തൂരായും (1221–1274) ആണു്, ദൈവവിജ്ഞാനീയത്തിൽ പ്രാർത്ഥനയും ബൗദ്ധിക പര്യവേക്ഷണവും തമ്മിൽ ഒരു സമതുലിതാവസ്ഥ പുലർത്തിയതു്. പക്ഷേ

പില്ക്കാല സ്കൊളാസ്റ്റിസിസത്തിൽ ഇവ രണ്ടും വേർതിരിക്കപ്പെട്ടു. ആധുനിക പ്രവണതയാകട്ടെ പവിത്ര സിദ്ധാന്ത പഠനത്തെ ആദ്ധ്യാത്മിക ജീവിതവുമായി സംയോജിപ്പിക്കുന്ന ഒന്നത്രേ.

വാസ്തവത്തിൽ ദൈവത്തെക്കുറിച്ചുള്ള എല്ലാ ബൗദ്ധികാന്വേഷണത്തിന്റെയും ഉത്ഭവം സ്നേഹത്താൽ ചൈതന്യമുള്ളതായി തീർന്നിട്ടുള്ള വിശ്വാസമാണ്. ദൈവവിജ്ഞാനീയം വിശ്വാസത്തിന്റെ വിജ്ഞാനീയവുമത്രേ. സ്നേഹിക്കപ്പെടുന്ന ആളിനെക്കുറിച്ച് കൂടുതൽ ഗാഢമായ ജ്ഞാനം സമ്പാദിക്കുന്നതിനുള്ള ആഗ്രഹം ജനിപ്പിക്കുന്നതും ഏതാദൃശവിശ്വാസമാണല്ലൊ. അങ്ങനെ വിശ്വാസം ഒരു ശാസ്ത്രമായ ദൈവവിജ്ഞാനീയത്തിനു് പ്രചോദനം നൽകുന്നു. നിരൂപണ മാർഗ്ഗങ്ങളിലൂടെ നടത്തപ്പെടുന്ന ചാരിത്രിക ഗവേഷണവും വിചിന്തനവും ഇതിനു് സഹായകമാകുന്നുണ്ട്. ഇങ്ങനെ ദൃഢീകൃതമായ വിജ്ഞാനം പ്രാർത്ഥനാതലത്തിലേക്കു് ദൈവവിജ്ഞാനീയത്തെ ഉയർത്തുന്നു. അതായതു് സംതൃപ്തമായ മനസ്സമ്മതി, വിസ്മയകരമായ അഭിനന്ദനം, സന്തോഷാവഹമായ കൃതജ്ഞതാ പ്രകടനം, സമുദിതമായ സ്തുതി, തീക്ഷ്ണമായ അഭ്യർത്ഥന മുതലായ എല്ലാ പ്രാർത്ഥനാഭാവങ്ങളും ദൈവത്തിനു് സ്വയം സമർപ്പിക്കുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്നു.

ഇന്നു്, ദൈവരഹസ്യത്തെക്കുറിച്ചുള്ള സരസവും ഉന്മേഷപൂർവ്വവുമായ വിജ്ഞാനത്തിന്റെ ഫലമായിരിരിക്കേണ്ട വൈദികരുടെ അജപാലന പ്രവർത്തനത്തിനുള്ള ഉത്തമമായ ഒരു സജ്ജീകരണമായിട്ടാണു് ദൈവശാസ്ത്രപഠനം പരിഗണിക്കപ്പെട്ടുപോരുന്നതു്. അങ്ങനെ ദൈവശാസ്ത്രപഠനവും പ്രേഷിതത്വവും പ്രാർത്ഥനയ്ക്കു് ഉപകരിക്കുന്നതായിത്തീരുന്നു. ഇതാണു് തിരുസഭയുടെ അന്തിമമായ ഉദ്ദേശ്യം. ഇതു് അവളുടെ ലിററർജിയിൽ ഏററവും വിശിഷ്ടമായി പ്രകടിതമാകുകയും ചെയ്യുന്നുണ്ടു്.(a)

---

a) J. Leclercq, Theology and Prayer (1963)

# ശുദ്ധിപത്രം

| അബദ്ധം | പുറം | വരി | സുബദ്ധം |
|---|---|---|---|
| സുപ്രധാനമായ | iv | 16 | സുപ്രധാനരായ |
| പ്രധാനമായ | 18 | 19 | പ്രധാനനായ |
| ശാസ്ത്രപി | 45 | 9 | ശാസ്ത്രപര |
| ലക്ഷ്യത്തര | 45 | 10 | ലക്ഷ്യത്തി |
| നിന്നത്രേ | 47 | 20 | അത്രേ |
| nationalism | 64 | 12 | rationalism |
| അനുജനായി | 67 | 30 | അനുജനായ |
| ആദിവസ്ഥ | 76 | 26 | ആദിമാവസ്ഥ |
| interioners | 78 | 4 | interiorness |
| വിശുദ്ധ | 81 | 19 | വിശ്വ |
| Angelci | 86 | 17 | Angelici |
| വിശുദ്ധ | 87 | 1 | വിശ്വ |
| സേവകയായി | 88 | 9 | സേവികയായി |
| primary | 88 | 24 | primacy |
| സാർവ്വത്രികമായി | 109 | 12 | സാർവ്വത്രികമായ |
| വീക്ഷണമാണ് | 110 | 27 | വീക്ഷണം മൂലമാണ് |
| പ്രഗമിക്കുന്ന | 111 | 1 | പ്രഗമിക്കുന്നതുമായ |
| പൊന്തെക്കുസ്താ | 112 | 19 | പെന്തെക്കുസ്താ |
| സ്വർഗ്ഗാരോഹണ | 113 | 8 | സ്വർഗ്ഗാരോപണ |
| Trinitarians | 130 | 12 | Trinitarian |
| മൗക്തിക | 150 | 26 | യൗക്തിക |
| Angelogy | 151 | 12 | Angelology |
| പ്രവത്തന | 151 | 32 | പ്രവത്തക |
| gravis | 151 | 33 | grace |
| പ്രകാശം | 168 | 17 | പ്രകാശകം |
| കമ്മോദ്യക്തം | 175 | 5 | കമ്മോദ്യക്തമോ |
| bastle | 176 | 8 | Castle |
| bastle | 178 | 1 | Castle |
| അപ്പസ്തോലിക | 182 | 9 | ആപ്പസ്തോലിക |
| പേതകമായി | 206 | 3 | പേതമായി. |

# ദനഹാ സർവീസസ്

* സഭാസേവനാത്ഥമുള്ള ഒരു കൂട്ടായ്മ.

* സഭാജീവിതം ക്രമപ്പെടുത്തുന്നതിനും പോഷിപ്പിക്കുന്നതിനും സഹായിക്കുകയാണിതിൻെറ ലക്ഷ്യം.

* 'മാർതോമ്മാ മാർഗ്ഗം' ഇതിനു പ്രചോദനവും മാർഗ്ഗദർശകവുമായി നിലകൊള്ളുന്നു.

* സഭാനിർദ്ദേശങ്ങളോടു വിശ്വസ്തത പുലത്തിക്കൊണ്ടു സഭാമാതാവിനെ സ്നേഹിക്കുകയും സ്നേഹിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുകയാണ് ഇതിൻെറ ജീവിതശൈലി.

* മാർതോമ്മാ ക്രിസ്ത്യാനികളുടെ സഭാജീവിതത്തോടു ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങളിലായിരിക്കും 'ദനഹാ സർവീസസ്' മുഖ്യമായും ശ്രദ്ധിക്കുക.

റവ. ഡോ. ആൻറണി കമുകുംപള്ളിൽ (മാനേജർ)
റവ. ഡോ. വിൽസൺ ഊക്കൻ
റവ. ഡോ. കുര്യാക്കോസ് ഏലിയാ വടക്കേത്തു് സി. എം. ഐ.
റവ. ഡോ. വർഗ്ഗീസ് പാത്തികുളങ്ങര സി. എം. ഐ. (കോ—ഓർഡിനേററർ)

വിദ്യാനഗർ, മാങ്ങാനം
കോട്ടയം—686018

Indic Digital Archive Foundation
gpura.org

1280.08
HIL